# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കായംകുളം മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

2021-2022




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-എ.എൽ.പി/ജി.എ.8-414/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 11/04/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
കായംകുളം മുനിസിപ്പാലിറ്റി

സർ,

വിഷയം : കായംകുളം മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കായംകുളം മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2.സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
3.ഡയറക്ടർ, നഗരകാര്യ വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
4.റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കൊല്ലം
5.കാര്യാലയപ്രതി

നമ്പർ: കെ.എസ്.എ-എ.എൽ.പി/ജി.എ.8-414/2023 തീയ്യതി: 11/04/2023

## ആലപ്പുഴ ജില്ലയിലെ കായംകുളം മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ കായംകുളം മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2022 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 48 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഹരികുമാർ.ജി | സീനിയർ ഡപ്യൂട്ടി ഡയറക്ടർ | 08-02-2023 | 21-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 08-02-2023 | 21-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സജിതാ ദാസ്, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)
ശ്രീ.ഫമിൻ എസ്.എം., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.രാജി എസ്., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ഉണ്ണികൃഷ്ണൻ സി., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ഷിബു എ.പി., സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. പി.ശശികല | ചെയർപേഴ്സൺ | 01-04-2021 | 31-03-2022 |
| ശ്രീ.ധീരജ് മാത്യൂ.ജെ.ജെ | സെക്രട്ടറി | 01-04-2021 | 13-01-2022 |
| ശ്രീമതി.ഗിരിജാ കുമാരി.എ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 13-01-2022 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ഷൈലജ സി.കെ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2021 | 12-07-2021 |
| ശ്രീമതി.സുജിത രവി | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 12-07-2021 | 31-03-2022 |
| ശ്രീ.വിപിൻ.എസ് | അസിസ്റ്റന്റ് എൻജിനീയർ | 01-04-2021 | 22-12-2021 |
| ശ്രീമതി.ജിഷി.ആർ | അസിസ്റ്റന്റ് എൻജിനീയർ | 22-12-2021 | 31-03-2022 |
| ഡോ.മനോജ് | മെഡിക്കൽ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.ഒ.ജെ ഉഷ | എ.ഡി.എ | 01-04-2021 | 31-03-2022 |
| ഡോ.സുൽഫിക്കർ | സീനിയർ വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി.മോനി ഫിലിപ്പ് | സി.ഡി.പി.ഒ | 01-04-2021 | 31-03-2022 |
| ശ്രീ.ഉണ്ണികൃഷ്ണൻ | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.പ്രിയ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.ബിന്ദു എസ്.നായർ | പ്രോജക്റ്റ് ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ.വിജയചന്ദ്രൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2021 | 31-03-2022 |
| ഡോ.പി.മാഗിൻ | മെഡിക്കൽ ഓഫീസർ,ആയുർവേദം | 01-04-2021 | 31-03-2022 |
| ശ്രീ.സജി | പ്രിൻസിപ്പാൾ, ഗവ.ബോയ്സ് എച്ച്.എസ്.എസ്., കായംകുളം | 01-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക കണക്കുകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമപദ്ധതികൾ | 1-7 |
| 9 | ക്യാഷ് പരിശോധന | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണ സംവിധാനം | 1-9 |
| 11 | പൗരാവകാശരേഖ പ്രസിദ്ധീകരിച്ചിട്ടില്ല | 1-10 |
| 12 | അവസ്ഥാരേഖ – നഗരസഭയുടെ അവസ്ഥ വിശദമാക്കുന്നില്ല | 1-11 |
| 13 | ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് - 16 ലക്ഷം രൂപ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള കറന്റ് അക്കൗണ്ടിൽ നിലനിൽക്കുന്നു | 1-12 |
| 14 | ഡിമാൻഡ് ഡ്രാഫ്റ്റുകൾ യഥാസമയം പണമാക്കി മാറ്റിയില്ല | 1-13 |
| 15 | അനധികൃത നിർമ്മാണങ്ങൾക്ക് മേൽ നടപടികൾ ശുഷ്കം - ചട്ടലംഘനങ്ങൾ വ്യാപകം, നികുതി ഈടാക്കപ്പെടുന്നില്ല | 1-14 |
| 16 | വസ്തുനികുതി- എല്ലാ ഉപയോഗക്രമങ്ങൾക്കുമുള്ള അടിസ്ഥാന വസ്തുനികുതി നിരക്കിൽ നഗരസഭ തീരുമാനമെടുത്തില്ല | 1-15 |
| 17 | സഞ്ചയ ഡേറ്റാ ബേസ് നിലവിലും അപൂർണ്ണം | 1-15-1 |
| 18 | കെട്ടിടങ്ങളുടെ ഘടനപരമായ മാറ്റം-തറവിസ്തൃതിയിൽ വരുത്തുന്നമാറ്റങ്ങൾ -സഞ്ചയവിവരങ്ങൾ അപൂർണ്ണം - പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തുന്നില്ല | 1-16 |
| 19 | വലിയ വാണിജ്യസ്ഥാപനങ്ങളുടെ വസ്തുനികുതി- സ്പെഷ്യൽ ഡ്രൈവ് നടത്തി വസ്തുനികുതി പരിഷ്കരണം പുനപരിശോധിക്കണം | 1-16-1 |
| 20 | വസ്തുനികുതി - കേന്ദ്രീകൃത ശീതീകരണ സംവിധാനം ഏർപ്പെടുത്തിയ വിവരം കെട്ടിടഉടമകൾ നഗരസഭയെ അറിയിക്കുന്നില്ല- സ്പെഷ്യൽ ഡ്രൈവ് നടത്തി നികുതി ചോർച്ച കണ്ടെത്തണം | 1-17 |
| 21 | പാർക്കിംഗ് ഏരിയ എന്ന നിലക്ക് പൂർത്തീകരണ സാക്ഷ്യപത്രത്തിൽ ഉൾപ്പെടുത്തിയ ഭാഗത്ത് സൂപ്പർ മാർക്കറ്റ് പ്രവർത്തിക്കുന്നു-നടപടികളുടെ പുരോഗതി ഓഡിറ്റ് വകുപ്പിനെ അറിയിക്കണം | 1-18 |

| | | |
|---|---|---|
| 22 | മൊബൈൽ ടവറുകളെ വസ്തുനികുതി ചുമത്തുന്നതിൽ വീഴ്ച | 1-19 |
| 23 | ജീവനക്കാരുടെ തൊഴിൽ നികുതി പൂർണ്ണമായും ഈടാക്കിയില്ല | 1-20 |
| 24 | തൊഴിൽ നികുതി- നിരവധി സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കുവാൻ അവശേഷിക്കുന്നു | 1-20-1 |
| 25 | പുതിയതായി ആരംഭിക്കുന്ന സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരെ തൊഴിൽ നികുതി ചുമത്തുന്നില്ല | 1-20-2 |
| 26 | ആധാരം എഴുത്തുകാർക്ക് തൊഴിൽ നികുതി ചുമത്തുന്നില്ല | 1-20-3 |
| 27 | സ്വകാര്യമാർക്കറ്റുകളുടെ പ്രവർത്തനം സംബന്ധിച്ച് | 1-21 |
| 28 | അനധികൃതമായി പ്രവർത്തിയ്ക്കുന്ന ടാക്സി സ്റ്റാൻഡുകളും-സ്വകാര്യ വണ്ടിതാവളങ്ങളും | 1-22 |
| 29 | സസ്യമാർക്കറ്റ് കെട്ടിടം- ബാദ്ധ്യതയ്ക്ക് ശമനമില്ല, നിർമ്മാണത്തിലും ആസൂത്രണത്തിലും ജാഗ്രതാ രാഹിത്യം, നയതീരുമാനങ്ങളിൽ കാലവിളംബവും പാളിച്ചകളും | 1-23 |
| 30 | ലൈസൻസ് -അപാകതകൾ | 1-24 |
| 31 | ലൈസൻസെടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിയ്ക്കുന്നു | 1-25 |
| 32 | പദ്ധതി നിർവ്വഹണത്തിൽ അനവധാനത – വിഭാവനം ചെയ്യുന്ന പ്രോജക്ടുകളിൽ ഏറിയ കുറും നടപ്പാക്കാതെ പോകുന്നു, പദ്ധതിപ്പണം നഷ്ടം | 1-26 |
| 33 | ARTCO ലഭ്യമാക്കിയ വിൽചെയറുകളും സ്റ്റ്രെച്ചറുകളും ഗുണമേന്മ ഇല്ലാത്തതിനാൽ ഉപയോഗരഹിതമായി- നഗരസഭ ഫണ്ടിന്റെ ചെലവ് പാഴ്ചെലവായി | 1-27 |
| 34 | ആർട്ട്കോയിൽ നിന്നും ഗുണമേന്മ ഇല്ലാത്ത, നിശ്ചിത നിലവാരമില്ലാത്ത എയർപോർട്ട് ചെയർ വാങ്ങി-നഗരസഭ ഫണ്ടിന് 3,99,902/-രൂപയുടെ നഷ്ടം | 1-28 |
| 35 | സി.സി.ടി.വി നിരീക്ഷണക്യാമറകളുടെ വിന്യാസം- ബിൽ പ്രകാരമുള്ള മുഴുവൻ ക്യാമറകളുടെയും വിന്യാസം ഉറപ്പാക്കാനായില്ല- 1,44,444/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-29 |
| 36 | ചെലവ് രേഖകളില്ല - 30,16,176/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-30 |
| 37 | ഭവനപുനരുദ്ധാരണ പ്രോജക്ടുകൾ - നടത്തിപ്പിൽ മൗലികാവകാശ ലംഘനം, പക്ഷപാതപരമായി പണം വിതരണം ചെയ്തു | 1-31 |
| 38 | ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ - വാങ്ങൽ നടപടിക്രമത്തിൽ അപാകം, ചരക്ക് സേവന നികുതി കുറവ് ചെയ്തില്ല | 1-32 |
| 39 | മാലിന്യ സംസ്കരണപദ്ധതി നിലവിലും പൂർത്തീകരിച്ചില്ല - ശുചിത്വ മിഷൻ അക്കൗണ്ടിൽ 3.39 കോടിയുടെ നിക്ഷേപം | 1-33 |
| 40 | കൌൺസിൽ ഹാൾ നവീകരണം -62.21 ലക്ഷം ചെലവഴിച്ചു - | 1-34 |

| | | |
|---|---|---|
| | നാളിതുവരെയും ഹാൾ ഉപയോഗിച്ചിട്ടില്ല | |
| 41 | മരാമത്ത് പ്രവർത്തികളുടെ നിർവ്വഹണം - പൊതു അപാകതകൾ | 1-35 |
| 42 | ചാലപ്പള്ളി പാലം നിർമ്മാണം - അപ്രോച്ച് റോഡ് നിർമ്മാണം നിലവിലും പൂർത്തീകരിച്ചില്ല | 1-36 |
| 43 | ടേക്ക് എ ബ്രേക്ക് - ടെർമിനൽ ബസ്സ്റ്റാന്റിൽ ടോയ്‌ലറ്റ് നിർമ്മാണം, 342/21-22 - പ്രവൃത്തി പൂർത്തീകരിക്കും മുൻപ് റിറ്റെൻഷൻ തിരികെ നൽകി | 1-37 |
| 44 | വേമ്പനാട് കോയിക്കൽ റോഡ് കോൺക്രീറ്റിംഗ് - കൗൺസിലിന്റെ അനുമതിയില്ലാതെ സെക്യൂരിറ്റി തിരികെ നൽകി | 1-38 |
| 45 | കൊച്ചുവീട്ടിൽ ഈഞ്ചക്കൽ ഓട, കവറിംഗ് സ്ലാബ് വാർഡ് 39 - നിർമ്മാണം പാതിവഴിയിൽ | 1-39 |
| 46 | നഗരസഭ സ്കൂളുകൾക്ക് സൌണ്ട് സിസ്റ്റം വാങ്ങി നൽകൽ -വിതരണരേഖകളില്ല- ചെലവ് തടസ്സപ്പെടുത്തുന്നു | 1-40 |
| 47 | വാട്ടർ കിയോസ്ക് - ആവശ്യകത കണക്കാക്കാതെയുള്ള വാങ്ങലുകൾ - ഒരെണ്ണം നിലവിലും സ്ഥാപിച്ചിട്ടില്ല | 1-41 |
| 48 | വിവിധ വികസന പദ്ധതികൾക്കായുള്ള സ്ഥലമെടുപ്പ് - 3.5 കോടി രൂപ ജില്ലാ കളക്ടറുടെ റ്റി.എസ്സ്.ബി അക്കൗണ്ടിൽ നിക്ഷേപമായി നിലനിൽക്കുന്നു | 1-42 |
| 49 | പൈപ്പ്ലൈൻ നീട്ടൽ- 87.36 ലക്ഷം ചെലവഴിച്ചു -വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-43 |
| 50 | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല | 1-44 |
| 51 | തെരുവ് വിളക്കുകൾ-മീറ്ററിംഗ് ഏർപ്പെടുത്തിയിട്ടില്ല- ഉയർന്ന വൈദ്യുതി ഉപഭോഗമുള്ള തെരുവ് വിളക്കുകളുടെ നിരക്കിൽ വൈദ്യുതിബിൽ ഒടുക്കേണ്ടി വരുന്നു | 1-45 |
| 52 | ശുചീകരണ പ്രവർത്തികൾ - ചെലവ് രേഖകൾ ഹാജരാക്കിയില്ല | 1-46 |
| 53 | കോവിഡ് 19-പ്രതിരോധപ്രവർത്തനങ്ങൾ -91,500/-രൂപയുടെ ചെലവ് രേഖകൾ ഹാജരാക്കിയില്ല | 1-47 |
| 54 | പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കുന്നില്ല – 1,14,81,704/-രൂപ തനതുഫണ്ടിന് അധികബാധ്യത | 1-48 |
| 55 | സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ/ കുടുംബ പെൻഷൻ ലഭിക്കുന്നവർ അനർഹമായി സാമൂഹ്യസുരക്ഷാ പെൻഷൻ കൈപ്പറ്റി | 1-49 |
| 56 | ആയുർവ്വേദ മരുന്നുകൾ ലഭ്യമായില്ല | 1-50 |
| 57 | പ്രൊക്യൂർമെന്റ് കമ്മറ്റി കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല | 1-51 |
| 58 | വർക്കിങ്ങ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല | 1-52 |
| 59 | 4,72,052/-രൂപയുടെ മുൻകൂർ ക്രമീകരിച്ചില്ല | 1-53 |

| | | |
|---|---|---|
| 60 | വക്കീൽ ഫീസ് നൽകിയത് - ആദായനികുതി ഈടാക്കിയില്ല. | 1-54 |
| 61 | വെള്ളക്കരം കുടിശ്ശിക 8.20 കോടി - നഗരസഭയുടെ ബാധ്യതകൾ വർദ്ധിക്കുന്നു | 1-55 |
| 62 | ഗാർഹിക കുടിവെള്ള കണക്ഷൻ - ചെലവ് രേഖകൾ ഹാജരാക്കിയില്ല | 1-56 |
| 63 | വാഹനപരിപാലനം കാര്യക്ഷമമല്ല | 1-57 |
| 64 | ഉപയോഗയോഗ്യമല്ലാത്ത വാഹനങ്ങൾ ലേലം ചെയ്തിട്ടില്ല | 1-58 |
| 65 | എസ് എസ് എ വിഹിതം -വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-59 |
| 66 | ഇൻവെർട്ടർ വാങ്ങൽ അപാകതകൾ സംബന്ധിച്ച് | 1-60 |
| 67 | കെൽട്രോൺ വഴി നടപ്പിലാക്കുന്നതിന് അംഗീകാരം വാങ്ങിയ ശേഷം ഓപ്പൺ ടെണ്ടർ മുഖാന്തിരം പ്രോജക്ട് നടപ്പിലാക്കി | 1-61 |
| 68 | KMSCL ൽ നിന്നും ലാബ് ഉപകരണങ്ങൾ പൂർണ്ണമായും ലഭിച്ചില്ല-അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-62 |
| 69 | ഹരിതകർമ്മസേനയുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തേണ്ടതാണ് | 1-63 |
| 70 | കോവിഡ് 19 -വാങ്ങിയ വസ്തുക്കളിൽ പുനരുപയോഗിക്കാവുന്ന വസ്തുക്കളുടെ ഡേറ്റാ തയ്യാറാക്കണം | 1-64 |
| 71 | അങ്കണവാടികൾ - ഭൗതിക സൗകര്യങ്ങളുടെ അപര്യാപ്തത രൂക്ഷം | 1-65 |
| 72 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി - ഒരവലോകനം | 1-66 |
| 73 | ഫർണിച്ചർ വാങ്ങൽ-വിതരണത്തിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല-ചെലവ് തടസ്സപ്പെടുത്തുന്നു | 1-67 |
| 74 | ഓഡിറ്റ് റിക്കവറി തുക ട്രഷറിയിൽ ഒടുക്കിയില്ല | 1-68 |
| 75 | ലൈബ്രറി സെസ് ഒടുക്കുന്നതിൽ വീഴ്ച | 1-69 |
| | ഭാഗം **2** | |
| 1 | താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ സൂപ്രണ്ട് പ്രോജക്ട് നിർവ്വഹണത്തിന്റെ ഭാഗമായി ഡി.ഡിയായി സ്വീകരിച്ച ഇ.എം.ഡി തുക നിലവിലും ബാങ്കിൽ നിക്ഷേപിച്ചില്ല | 2-1 |
| | ഭാഗം **3** | |
| 1 | ARTCO ലഭ്യമാക്കിയ വിൽചെയറുകളും സ്റ്റെച്ചറുകളും ഗുണമേന്മ ഇല്ലാത്തതിനാൽ ഉപയോഗരഹിതമായി- നഗരസഭ ഫണ്ടിന്റെ ചെലവ് പാഴ്ചെലവായി | 3-1 |
| 2 | ആർട്ട്കോയിൽ നിന്നും ഗുണമേന്മ ഇല്ലാത്ത, നിശ്ചിത നിലവാരമില്ലാത്ത എയർപോർട്ട് ചെയർ വാങ്ങി-നഗരസഭ ഫണ്ടിന് 3,99,902 രൂപയുടെ നഷ്ടം | 3-2 |
| 3 | മൂല്യനിർണ്ണയത്തിൽ അധികമായി ധനസഹായം അനുവദിച്ചു | 3-3 |
| | ഭാഗം **4** | |

| | | |
|---|---|---|
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് 26.03.21 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 63,96,78,615 | 56,42,67,424 |
| ഇൻകം ആന്റ് എക്സ്പന്റീച്ചർ പത്രിക പ്രകാരം | 39,08,19,477 | 36,97,23,964 |

## 1-2 വാർഷിക ധനകാര്യപത്രിക

2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രിക 30.07.22 ന എയിംസിൽ ലഭ്യമാക്കി.

### 1-2-1 വാർഷിക കണക്കുകൾ

1) തൊഴിൽ നികുതി-ട്രേഡേഴ്സിന്റെയും സ്ഥാപനങ്ങളുടെയും പ്രൊഫഷണൽസിന്റെയും തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം നിരവധി സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി കുടിശ്ശികയുണ്ട്. എന്നാൽ വാർഷിക കണക്കുകളിലെ B-15 പട്ടികയിലിത് ഉൾപ്പെടുന്നില്ല. ആകെ ഡിമാൻഡ് പരിഗണിക്കാതെയാണ് വാർഷിക കണക്കുകളിൽ ഡിമാൻഡ് ഉൾപ്പെടുത്തിയിരിക്കുന്നത്.

2) സഞ്ചയ ഡേറ്റാ ബേസ് പൂർണ്ണമോ കൃത്യമോ അല്ല. അസസ്സ്മെന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നുണ്ട്. എന്നാൽ ഡിമാൻഡ് രജിസ്റ്ററോ, കുടിശ്ശിക ഡിമാൻഡ് രജിസ്റ്ററോ ഇല്ല. ഈ സാഹചര്യത്തിൽ നഗരസഭ വസ്തുനികുതി ഡിമാൻഡ് ആയി വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തുന്ന തുകയുടെ കൃത്യത നിർണ്ണയിക്കാനാവില്ല. വാർഷിക കണക്കുകളിൽ വസ്തുനികുതി തൻവർഷ ഡിമാൻഡ് ആയി 3,86,00,000 രൂപയും (I-1 പട്ടിക) വസ്തുനികുതി തൻവർഷ കുടിശ്ശികയായി 1,85,72,884 രൂപയുമാണ് ഉൾപ്പെടുന്നത്. ഈ തുകകളുടെ കൃത്യത പരിശോധിച്ചുറപ്പാക്കുന്നതിനുതകുന്ന രജിസ്റ്ററുകൾ സ്ഥാപനം സൂക്ഷിച്ചിട്ടില്ല. സഞ്ചയ ഡേറ്റാബേസ് വിവരങ്ങൾ പൂർണ്ണവുമല്ല. കൃത്യത ഇല്ലാത്ത തുക വാർഷികകണക്കുകളിൽ ഉൾപ്പെടുത്തുന്നത് സർക്കാരിൽ നിന്നുള്ള വിടവ് നികത്തൽ പോലെയുള്ള സഹായങ്ങളെ പോലും ബാധിക്കുവാൻ സാധ്യതയുണ്ട്.

3) ഭവന നിർമ്മാണത്തിനായി എടുക്കുന്ന ലോണിന് പ്രീപെയിഡ് എക്സ്പെൻസ് എന്ന നിലയിൽ ആസ്തി ഭാഗത്ത് തുക ഉൾപ്പെടുത്തിയില്ല.

4) മുൻകൂറുകൾ പേയ്മെന്റ് എന്ന നിലക്കാണ് സാംഖ്യയിൽ ബുക്ക് ചെയ്തിരിക്കുന്നത്. ആയതിനാൽ നിർവ്വഹണം നടത്താതെ നിർവ്വഹണ ഏജൻസികളുടെ പക്കൽ തുടരുന്ന തുകയുടെ കൃത്യത വാർഷിക കണക്കുകളിൽ നിന്നും മനസിലാക്കാനാവുന്നില്ല

5) വിവിധ ഗ്രാന്റുകളുടെ ചെലവ് തുകകൾ വാർഷികകണക്കുകളിലും എ.സി.ആറിലും വ്യത്യാസപ്പെടുന്നു. വ്യാത്യാസത്തിന്റെ കാരണം വിശദീകരിക്കപ്പെട്ടില്ല

6) വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ പ്രോജക്ട് നിർവ്വഹണത്തിന്റെ ഭാഗമായി സ്വീകരിക്കുന്ന സെക്യൂരിറ്റി ഡെപ്പോസിറ്റ്, ഇ.എം.ഡി എന്നിവ നഗരസഭയുടെ കണക്കുകളിൽ ഉൾപ്പെടുന്നില്ല. താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി സൂപ്രണ്ട് നിർവ്വഹണം നടത്തിയ പ്രോജക്ടുകളിൽ സ്വീകരിച്ച ഇ.എം.ഡി തുകകൾ (ഡിമാൻഡ് ഡ്രാഫ്റ്റ്) പണമാക്കി മാറ്റാതെ നിലവിലും തുടരുന്നുണ്ട്. മരാമത്ത് വിഭാഗവും വർഷങ്ങൾ പഴക്കമുള്ള ഡിമാൻഡ് ഡ്രാഫ്റ്റുകൾ പണമാക്കി മാറ്റാതെ കൈവശം വച്ചിട്ടുണ്ട്.

7) സർക്കാരിലേക്ക്, അല്ലെങ്കിൽ മറ്റ് ഏജൻസികൾക്ക് നൽകുവാനുള്ളത് എന്ന നിലയിൽ B-9പത്രികയിലുൾപ്പെടുന്ന പല തുകകളുടെയും കൃത്യത വ്യക്തമാക്കുന്ന രജിസ്റ്ററുകൾ സ്ഥാപനം സൂക്ഷിച്ചിട്ടില്ല. ലെഡ്ജർ ബുക്കുകളിലെ രേഖപ്പെടുത്തലുകൾ അപൂർണ്ണമായതിനാൽ ഇവ യഥാർത്ഥത്തിൽ ഒടുക്കുവാനുള്ള തുകയാണോയെന്ന് പരിശോധിച്ചുറപ്പാക്കാനായില്ല.

8) B-14 എന്ന പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന Store സംബന്ധിക്കുന്ന വിവരങ്ങൾ ലഭ്യമാക്കിയില്ല.

9) വിവിധ നിർവ്വഹണ ഏജൻസികൾക്ക് പ്രവൃത്തി നിർവ്വഹണത്തിനായി മുൻകൂറുകൾ നൽകുന്നുണ്ട്. എന്നാൽ ഈ തുകകൾ പേയ്മെന്റ് എന്ന നിലക്കാണ് വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തുന്നത്. ആയതിനാൽ നിർവ്വഹിക്കുവാൻ അവശേഷിക്കുന്ന പ്രവൃത്തികൾ നിരീക്ഷിക്കാനാകാത്ത സാഹചര്യമുണ്ട്. ഈ റിപ്പോർട്ടിന്റെ ഖണ്ഡിക നം.1-43, 1-44 എന്നിവ പ്രകാരം കേരള വാട്ടർ അതോറിറ്റി, കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ് എന്നീ സ്ഥാപനങ്ങൾക്ക് മുൻകൂർ

ആയി പണം നൽകിയിട്ടുണ്ട്. തൻവർഷം വിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്ത ഈ തുകകൾ വാർഷിക കണക്കുകളിലെ B-18(Loans Advances & Deposits)പട്ടികയിൽ ഉൾപ്പെടുന്നില്ല. മുൻവർഷങ്ങളിൽ നൽകിയ മുൻകൂറുകളുടെ വിവരങ്ങളും മേൽപറഞ്ഞ പട്ടികയിൽ ഉൾപ്പെടുന്നില്ല. മറ്റ് നിർവ്വഹണ ഏജൻസികളുടെ പക്കൽ മുടങ്ങിക്കിടക്കുന്ന പണം സംബന്ധിക്കുന്ന വിശദമായ റിപ്പോർട്ട് തയ്യാറാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

10) 320200102, 320200106 എന്നീ ഹെഡുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള (B4 പട്ടിക)വികസനഫണ്ട്(SCP)വികസനഫണ്ട്(സ്പെഷ്യൽ ഗ്രാന്റ്) എന്നിവയുടെ നിലവിലെ സ്ഥിതി സംബന്ധിക്കുന്ന വിവരങ്ങൾ പരിശോധനക്ക് ഹാജരാക്കിയില്ല.

11) GO(Rt)2(1)/2022/ധന ഉത്തരവ് പ്രകാരം അനുവദിക്കപ്പെട്ട ആറാം ധനകാര്യകമ്മീഷൻ ശുപാർശ പ്രകാരം അനുവദിക്കപ്പെട്ട തുകകൾ(വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്)എന്നിവ എ.സി.ആറിൽ ഉൾപ്പെടുന്നില്ല.

12) PMAY/ലൈഫ് പദ്ധതിക്കായി നഗരസഭ എടുത്തിട്ടുള്ള ലോണിന്റെ തിരിച്ചടവിനായി ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകകൾ കൃത്യമായി വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയില്ല(ഖണ്ഡിക 4-4 കാണുക).

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 10,78,19,762 |
| വരവ് | 33,85,01,344 |
| ആകെ | 44,63,21,106 |
| ചെലവ് | 30,68,31,149 |
| നീക്കിയിരിപ്പ് | 13,94,89,957 |
| വരവിനങ്ങളിലെ നഷ്ടം | 10,000 |
| ചെലവിനങ്ങളിലെ നഷ്ടം/ നിരാകരിച്ച തുക | 8,14,386 |
| തടസ്സപ്പെടുത്തിയ തുക | 1,66,95,195 |

## 1-4 ഗ്രാന്റ് വിനിയോഗം

| ക്രമ നമ്പർ | ഫണ്ടിനം | സർക്കാർ ഉത്തരവ് പ്രകാരമുള്ള അലോട്ട്മെന്റ് | സോഴ്സ് ഡിഡക്ഷൻ | ചെലവ് | സോഴ്സ് ഡിഡക്ഷൻ ഉൾപ്പെടെയുള്ള ചെലവ് | ലാപ്സായ തുക | ബാങ്ക്/ട്രഷറി അക്കൌണ്ടിൽ തുടരുന്ന തുക |
|---|---|---|---|---|---|---|---|
| 1 | വികസന ഫണ്ട്-പൊതുവിഭാഗം | 5,22,13,000 | 64,85,133 | 4,57,07,584 | 5,21,92,717 | 20,283 | - |
| 2 | വികസന ഫണ്ട്-എസ്.സി.പി | 1,60,79,000 | 53,333 | 1,44,28,306 | 1,44,81,639 | 15,97,361 | - |
| | വികസന ഫണ്ട്-ടി.എസ്.പി | 44,600 | 0 | 0 | 0 | 44,600 | - |
| 3 | സംരക്ഷണ ഗ്രാന്റ്-നോൺ റോഡ് | 2,62,53,031 | 0 | 2,10,03,807 | 2,10,03,807 | 52,49,224 | - |

| ക്രമ നമ്പർ | ഫണ്ടിനം | സർക്കാർ ഉത്തരവ് പ്രകാരമുള്ള അലോട്ട്മെന്റ് | സോഴ്സ് ഡിഡക്ഷൻ | ചെലവ് | സോഴ്സ് ഡിഡക്ഷൻ ഉൾപ്പെടെയുള്ള ചെലവ് | ലാപ്സായ തുക | ബാങ്ക്/ട്രഷറി അക്കൌണ്ടിൽ തുടരുന്ന തുക |
|---|---|---|---|---|---|---|---|
| | | | | | | | |
| 4 | സംരക്ഷണ ഗ്രാന്റ്-റോഡ് | 2,84,25,000 | 0 | 1,35,20,632 | 1,35,20,632 | 1,49,04,368 | - |
| 5 | ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ടൈഡ് | 7,33,20,257 | 0 | 183,73,656 | 1,83,73,656 | 2,68,15,649 | 2,81,30,952 |
| 6 | ധനകാര്യ കമ്മീഷൻ ഗ്രാന്റ്-അൺടൈഡ് | 3,28,67,160 | 0 | 1,41,88,157 | 1,41,88,157 | 1,12,55,832 | 74,23,171 |

എന്നാൽ വാർഷിക കണക്കുകളിലെ റസീറ്റ് ആൻഡ് പേയ്മെന്റ് അക്കൌണ്ടിലെ ചെലവുകൾ പ്രകാരം താഴെ പറയുന്ന ഫണ്ടിനങ്ങളിലെ ചെലവുകൾ വ്യത്യാസപ്പെടുന്നു. വ്യത്യാസത്തിന്റെ കാരണം വിശദീകരിക്കപ്പെട്ടില്ല.

| ഫണ്ടിനം | വാർഷിക കണക്കുകളിലെ RP-6പ്രകാരമുള്ള ചെലവ് |
|---|---|
| വികസന ഫണ്ട്-എസ്.സി.പി | 1,43,33,306 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ടൈഡ് | 1,19,52,311 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-അൺടൈഡ് | 47,38,544 |
| സംരക്ഷണ ഗ്രാന്റ്-റോഡ് | 1,19,52,311 |
| സംരക്ഷണ ഗ്രാന്റ്-നോൺ റോഡ് | 2,07,88,922 |

## 1-5 പദ്ധതി അവലോകനം

2021-22 ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | നടപ്പാക്കിയത്-ശതമാനം |
|---|---|---|---|---|---|---|
| 327 | 29,22,90,911 | 143 | 13,02,61,404 | 6 | 178 | 45.56% |

## 1-6 അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതി

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 31,45,249 | 1,00,00,000 | 1,31,45,249 | 1,26,54,784 | 4,90,465 |

## 1-7 ക്ഷേമപദ്ധതികൾ

സംസ്ഥാന സർക്കാരിന്റെ ക്ഷേമപദ്ധതികളുമായി ബന്ധപ്പെട്ട് നഗരസഭയിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക |
|---|---|
| തൊഴിൽരഹിത വേതനം | 1,53,000 |
| കർഷകതൊഴിലാളി പെൻഷൻ | 33,58,800 |
| വിധവാ പെൻഷൻ | 4,07,79,000 |
| വാർദ്ധക്യകാല പെൻഷൻ | 9,96,73,300 |
| വികലാംഗ പെൻഷൻ | 1,50,68,649 |
| അവിവാഹിത പെൻഷൻ | 8,05,900 |

## 1-8 ക്യാഷ് പരിശോധന

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ വകുപ്പ് - 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08.02.23 തീയതിയിൽ 2.45-ന് സ്ഥാപനമേധാവിയുടെ സാന്നിധ്യത്തിൽ നടത്തി. പരിശോധനയിൽ 53,558/- രൂപയുടെ ക്യാഷ് ബാലൻസ് കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണ സംവിധാനം

നഗരസഭയുടെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിൽ ശ്രദ്ധയിൽപെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പുതിയ ഭരണസമിതി 2020 ൽ നിലവിൽവന്നെങ്കിലും ഇതേ വരെയും പൗരാവകാശ രേഖ തയ്യാറാക്കിയിട്ടില്ല.

2. തദ്ദേശഭരണ സ്ഥാപനം തയ്യാറാക്കുന്ന അവസ്ഥാ രേഖയിൽ പ്രതിപാദിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമായിട്ടാണ് പ്രോജക്ടുകൾക്ക് രൂപം നൽകേണ്ടത്. നഗരസഭയിൽ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടെങ്കിലും വിശദാംശങ്ങൾ ഉൾപ്പെടുത്തിയില്ല. വിവിധ പേജുകളിലായി വിവിധ ഫോർമാറ്റുകൾ പ്രിന്റ് ചെയ്ത് ബൈന്റ് ചെയ്തിരിക്കുന്നു. പദ്ധതി മാർഗ്ഗരേഖയിൽ സ്റ്റാറ്റസ് റിപ്പോർട്ടിന്റെ പ്രസക്തി വ്യക്തമാക്കിയിട്ടുണ്ടെങ്കിലും റിപ്പോർട്ട് തയ്യാറാക്കുന്നതിൽ ഗൗരവകരമായ സമീപനം സ്ഥാപനത്തിന്റെ ഭാഗത്ത് നിന്നും ഉണ്ടാകുന്നില്ല.

3. പഞ്ചായത്ത് കമ്മിറ്റി തീരുമാനങ്ങൾ നടപ്പാക്കുന്നതിലെ പുരോഗതി വിലയിരുത്തപ്പെടുന്നില്ല. ഇതിലേക്കായി വാച്ച് രജിസ്റ്റർ പരിപാലിയ്ക്കുന്നില്ല. കൂടാതെ മുൻ തീരുമാനങ്ങൾ യഥാസമയം നടപ്പാക്കപ്പെടുന്നുണ്ടോ എന്നതു സംബന്ധമായി മിനിട്ട്സിലും രേഖയില്ല. നഗരസഭയിൽ അജണ്ടാ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ആയതിനാൽ അജണ്ടയിൽ ഉൾപ്പെടുത്തുന്ന വിവരങ്ങളെല്ലാം കൗൺസിലിൽ ചർച്ച ചെയ്യുന്നുണ്ടോയെന്ന് പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല.

4. പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതിയും, ഫലപ്രാപ്തിയും യഥാസമയം വിലയിരുത്തപ്പെടുന്നതായി രേഖയില്ല. നഗരസഭയിൽ ദുരന്ത നിവാരണം ഉൾപ്പെടെ 13 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. എന്നാൽ വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം കാര്യക്ഷമമല്ല. ഒറ്റത്തവണ മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്. പലതിലും മിനിറ്റ്സ് ക്ലോസ് ചെയ്യുന്നില്ല. പദ്ധതി മാർഗ്ഗരേഖ പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള പ്രവർത്തനങ്ങൾ വർക്കിംഗ് ഗ്രൂപ്പുകൾ നടത്തിയിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്റ്റ് ഫയലുകളിലൊന്നും തന്നെ മോണിട്ടറിംഗ് റിപ്പോർട്ടുകൾ ഉൾപ്പെടുത്തിയിട്ടില്ല.

5. സർക്കാരിന്റെ തുടർച്ചയായുള്ള നിർദ്ദേശങ്ങൾ ഉണ്ടായിട്ടും നഗരസഭയുടെ മുഖ്യ വരവിനമായ വസ്തുനികുതി പരിഷ്കരണം പൂർത്തീകരിക്കുവാനും, പുതുക്കിയ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുവാനും നഗരസഭാ അധികൃതർക്ക് കഴിഞ്ഞിട്ടില്ല.

6. ആസ്തി രജിസ്റ്റർ കാലികമാക്കപ്പെട്ടിട്ടില്ല. സാംഖ്യാ സോഫ്റ്റ്‌വെയർ പ്രകാരമുള്ള സ്ഥിര ആസ്തികളുടെ മൂല്യം കൃത്യമല്ല.

7. നഗരസഭയിലെ അവശ്യ രജിസ്റ്ററുകളുടേയും രേഖകളുടേയും പരിപാലനത്തിൽ അധികൃതർ വീഴ്ച വരുത്തുന്നതായി ബോധ്യപ്പെട്ടിട്ടുണ്ട്. വിവിധ രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല. ലോൺ രജിസ്റ്റർ, തെരുവു വിളക്കുകളുടെ എണ്ണം, ഇനം എന്നിവ രേഖപ്പെടുത്തിയ രജിസ്റ്റർ, പരാതി രജിസ്റ്റർ, ഡപ്പോസിറ്റ് രജിസ്റ്റർ, ഡപ്പോസിറ്റ് പ്രവൃത്തികൾക്കായി

നിക്ഷേപിക്കുന്ന തുകകളുടെ വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ എന്നിവ തയ്യാറാക്കുന്നില്ല. കൂടാതെ തനത് വരുമാന ഇനങ്ങളുമായി ബന്ധപ്പെട്ട ലേല രജിസ്റ്റർ, ലൈസൻസ്, തൊഴിൽ നികുതി തുടങ്ങിയ രജിസ്റ്ററുകളിൽ സാമ്പത്തിക വർഷാവസാനം ഡി.സി.ബി തയ്യാറാക്കുകയും സാംഖ്യ വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണെന്ന നിർദ്ദേശങ്ങളും പാലിക്കപ്പെടുന്നില്ല.

8. 2021-22 കാലയളവിൽ പ്രൊക്യൂർമെന്റ് കമ്മറ്റി 3 തവണ കൂടിയിട്ടുണ്ടെങ്കിലും എല്ലാ വാങ്ങലുകളും പ്രക്യൂർമെന്റ് കമ്മറ്റി പരിശോധിച്ചിട്ടില്ല. തന്നെയുമല്ല മിനിറ്റ്സുകളൊന്നും തന്നെ ക്ലോസ് ചെയ്തിട്ടുമില്ല.

9. ഇൻകുംബൻസി മാസ്റ്റർ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല

10. മുൻവർഷങ്ങളിലേതുൾപ്പെടെയുള്ള ഡി.ഡി കൾ ക്യാഷ് ആക്കാതെ നഗരസഭയിൽ സൂക്ഷിച്ചിരിക്കുന്നു.

11. നഗരസഭയിലെ അനധികൃത കൈയ്യേറ്റങ്ങളും നിർമ്മാണ പ്രവൃത്തികളും തടയുന്നതിലേക്ക് ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതിനോ, U.A നമ്പരിട്ട കെട്ടിടങ്ങളുടെ ഉടമസ്ഥരിൽ നിന്നും കെട്ടിട നികുതി ചുമത്തുകയോ ചെയ്യുന്നില്ല.

12. നഗരസഭയുടെ നിയന്ത്രണത്തിലുള്ള വാഹനങ്ങളുടെ ലോഗ് ബുക്കുകൾ നിയമാനുസൃതം പരിപാലിക്കുന്നില്ല. നഗരസഭയുടെ നിയന്ത്രണത്തിലുള്ള വാഹനങ്ങളുടെ ലോഗ് ബുക്കുകൾ നിയമാനുസൃതം പരിപാലിക്കുന്നില്ല. ഇന്ധനം വാങ്ങൽ, അറ്റകുറ്റപ്പണി എന്നിവ സംബന്ധമായുള്ള സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തുന്നു. ജി ഒ (എം എസ്) 170/07 തസ്വഭവ 30.06.07 പ്രകാരം ആറു മാസത്തിലൊരിക്കൽ ഓരോ വാഹനത്തിന്റെയും ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് സർക്കാരിന്റെ മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിന്റെ ക്ഷമതയുള്ള ഉദ്യോഗസ്ഥനെക്കൊണ്ട് നടത്തിക്കേണ്ടതും ഇന്ധന ഉപയോഗത്തെ സംബന്ധിച്ച ഒരു സർട്ടിഫിക്കറ്റ് സൂക്ഷിക്കേണ്ടതും ആണ്. എന്നാൽ ഇപ്രകാരം ആറു മാസത്തിലൊരിക്കൽ വാഹനത്തിന്റെ ഇന്ധന ക്ഷമതാ ടെസ്റ്റ് നടത്തിയിട്ടില്ല.

13. നഗരസഭയെ അലട്ടുന്ന മുഖ്യവിഷയമായ മാലിന്യനിർമ്മാർജ്ജനത്തിന് ശാശ്വതപരിഹാരമെന്ന നിലയിൽ സ്ഥാപിക്കാൻ ഉദ്ദേശിച്ചിരുന്ന മാലിന്യസംസ്കരണ പ്ലാന്റ് ഇനിയും പൂർത്തിയാക്കാനായില്ല

14. ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ വർഷങ്ങളായി അടവു വരുത്തുന്നില്ല.

ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ 1997 ന ശേഷം അടവു വരുത്തിയിട്ടില്ല. ഇതുമൂലം പെൻഷൻ വിതരണത്തിനായി നഗരസഭയ്ക്ക് തനതുഫണ്ടിൽ നിന്നും അധിക ബാധ്യതയുണ്ടാകുന്ന സാഹചര്യം ഉണ്ടായിട്ടും പെൻഷൻ വിഹിതം അടയ്ക്കാൻ നടപടികളില്ല.

15. വിവിധ ആവശ്യങ്ങൾക്കായി തുക മുൻകൂറായി കൈപ്പറ്റിയ ഉദ്യോഗസ്ഥർ ചെലവുരേഖകൾ ഹാജരാക്കി മുൻകൂർ ക്രമീകരിക്കുകയോ അഡ്വാൻസ് തുക തിരിച്ചടക്കുകയോ ചെയ്യാതിരുന്നിട്ടും മുൻകൂർ തുക പലിശ സഹിതം ഈടാക്കുന്നതിലേക്ക് ഫലപ്രദമായ നടപടികൾ ഉണ്ടായിട്ടില്ല.

16. നഗരസഭയിലെ തെരുവുവിളക്കുകൾ എൽ.ഇ.ഡി ആക്കി മാറ്റിയെങ്കിലും കറണ്ടു ചാർജിനത്തിൽ ആനുപാതിക കുറവൊന്നും നഗരസഭക്കുണ്ടായിട്ടില്ല. തെരുവുവിളക്കുകളുടെ എണ്ണവും ഇനവും സംബന്ധിച്ച് കെ.എസ്.ഇ.ബി അധികൃതരുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയതിന്റെ കണക്ക് ലഭ്യമല്ല. തെരുവുവിളക്കിന് മീറ്റർ സ്ഥാപിയ്ക്കുവാൻ കെ.എസ്.ഇ.ബി യിൽ അടച്ചതുക നീക്കിയിരുപ്പായി ഇപ്പോഴും അവശേഷിക്കുന്നു.

17. നഗരസഭ കൗൺസിൽ ഹാൾ നവീകരണത്തിനായി 51.47 ലക്ഷം രൂപ ചെലവഴിച്ചെങ്കിലും ഓഡിറ്റ് തീയതിയിലും നവീകരിച്ച ഹാൾ ഉപയോഗിച്ച് തുടങ്ങിയിട്ടില്ല. കൗൺസിൽ ഹാളിലേക്ക് പോകുന്നതാനായി സ്ഥാപിച്ച ലിഫ്റ്റിന് ആവശ്യമായ ഇലക്ട്രിക് കണക്ഷൻ ഇതേ വരെയും സ്ഥാപിച്ചിട്ടില്ല.

18. KURDFC യിൽ നിന്ന് 6.4 കോടി രൂപ വായ്പയെടുത്ത് നിർമ്മിച്ച സസ്യ മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് ഉൾപ്പെടെ ഉദ്ഘാടനം നടത്തിയ കെട്ടിടങ്ങൾ/കടമുറികൾ ലേലം ചെയ്ത് വരുമാന വർദ്ധനവ് ഉണ്ടാക്കാൻ അധികൃതർക്ക് കഴിഞ്ഞിട്ടില്ല.

19. മുൻവർഷങ്ങളിൽ വൻതുക മുടക്കി നഗരസഭ സ്ഥാപിച്ച വാട്ടർ കിയോസ്ക്, അറവുശാലയിൽ സ്ഥാപിച്ചിട്ടുള്ള ETP, താലൂക്ക് ആശുപത്രയിൽ സ്ഥാപിച്ചിരുന്ന ബയോ സേഫ്റ്റി ക്യാബിൻ, എയ്റോബിക് കംപോസ്റ്റ് എന്നിവ പാതിവഴിയിൽ നിലച്ചിട്ടും പ്രവർത്തനക്ഷമമാക്കാൻ ഫലപ്രദമായ നടപടികൾ ഉണ്ടായിട്ടില്ല.

20. 2013-14, 2014-15 വർഷങ്ങളിൽ വികസന ഫണ്ടിൽ നിന്നും മുൻകൂറായി പിൻവലിച്ച് ജില്ലാ കളക്ടറുടെ റ്റി.എസ്സ്.ബി അക്കൗണ്ടിൽ നിക്ഷേപിച്ച 3.5 കോടി രൂപ നിലവിലും നിക്ഷേപമായി നിലനിൽക്കുന്നു.

21. സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾ യഥാസമയം കൗൺസിലിൽ ചർച്ചയ്ക്ക് വെച്ച് പരിഹാര നടപടികൾ സ്വീകരിച്ചിട്ടില്ല.

അപാകതകൾ പരിഹരിയ്ക്കുന്നതിനാവശ്യമായ സത്വര നടപടി സ്വീകരിയ്ക്കുവാൻ കൗൺസിലിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിയ്ക്കുന്നു.

## 1-10 പൗരാവകാശരേഖ പ്രസിദ്ധീകരിച്ചിട്ടില്ല

2000 ലെ കേരള മുനിസിപ്പാലിറ്റി (പൗരാവകാശരേഖ തയ്യാറാക്കൽ) ചട്ടങ്ങൾ പ്രകാരം പൊതുതിരഞ്ഞെടുപ്പ് കഴിഞ്ഞ് ഒരു കൗൺസിൽ രൂപീകരിക്കപ്പെട്ടതിനു ശേഷം കഴിയുന്നതും നേരത്തെ എന്നാൽ ആറുമാസത്തിൽ കവിയാത്ത കാലയളവിനുള്ളിൽ കൗൺസിൽ യോഗം ചേർന്ന് മുനിസിപ്പാലിറ്റിക്ക് മുനിസിപ്പൽ പ്രദേശത്ത് താമസിക്കുന്ന പൗരന്മാർക്ക് എന്തെല്ലാം സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കാൻ കഴിയുമെന്നും, അത്തരം ഒരു സേവനം ലഭ്യമാക്കുന്നതിന് ഒരു പൗരൻ എന്തെല്ലാം വ്യവസ്ഥകൾ പാലിക്കണമെന്നും പ്രസ്തുത സേവനം ലഭ്യമാക്കുന്നത് എന്തെല്ലാം വ്യവസ്ഥകൾക്ക് വിധേയമായിരിക്കണമെന്നും പ്രസ്തുത സേവനം ലഭ്യമാക്കുന്നതിനുള്ള സമയപരിധി എത്രയായിരിക്കണം എന്നത് സംബന്ധിച്ചും പൗരാവകാശരേഖ പ്രസിദ്ധീകരിക്കേണ്ടതും അത് പൊതുജനങ്ങളുടെ അറിവിലേക്ക് ലഭ്യമാക്കേണ്ടതുമാണ്. 2020 ൽ പുതിയ ഭരണസമിതി നിലവിൽ വന്നതിന് ശേഷം പൗരാവകാശരേഖ പ്രസിദ്ധീകരിച്ചിട്ടില്ല. ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-11 അവസ്ഥാരേഖ – നഗരസഭയുടെ അവസ്ഥ വിശദമാക്കുന്നില്ല

പതിന്നാലാം പദ്ധതിയുടെ ഭാഗമായി നഗരസഭ തയ്യാറാക്കിയിരിക്കുന്ന സ്റ്റാറ്റസ് റിപ്പോർട്ടിൽ നഗരസഭയുടെ അവസ്ഥ വിശകലനം ചെയ്യുന്നതിനാവശ്യമായ വിവരങ്ങളൊന്നും ഉൾപ്പെടുത്തിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പ് ചേർന്ന് സ്റ്റാറ്റസ് റിപ്പോർട്ട് അംഗീകരിച്ചതിന്റെ വിവരം റിപ്പോർട്ടിൽ ചേർത്തിട്ടില്ല. നഗരസഭയുടെ വികസനമേഖലയുടെ അവസ്ഥാ വിശേഷം, മുൻകാലങ്ങളിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ വിലയിരുത്തൽ, വികസന പരിപ്രേക്ഷ്യം, പ്രോജക്ട് ആശയങ്ങൾ എന്നിവ ഉൾപ്പെടുത്തേണ്ടതാണെങ്കിലും ഈ വിവരങ്ങളുടെയൊന്നും വിശകലനം റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടില്ല. ഫോർമാറ്റ് 5.1.1 പൊതുഭരണവും ധനകാര്യവും എന്ന ശീർഷകത്തിൽ വസ്തുനികുതി, കെട്ടിട വാടക, ലൈസൻസ് ഫീസ് എന്നീ വിവരങ്ങൾ ചേർത്തിട്ട് ജനറൽ വിഭാഗത്തിന് താഴെയായി സ്ത്രീ, പുരുഷൻ എന്ന് തിരിച്ച് ഏതാനും സംഖ്യകൾ രേഖപ്പെടുത്തിയിട്ടുണ്ട്. ഉൾപ്പെടുത്തിയ കണക്കുകൾ എന്തെന്ന് എന്നതിൽ യാതൊരു വ്യക്തതയുമില്ല. പല പേജുകളിലും പട്ടികകൾ തയ്യാറാക്കി ശീർഷകങ്ങൾ ചേർത്തിട്ടുണ്ടെങ്കിലും വിവരങ്ങളൊന്നും ഉൾപ്പെടുത്തിയിട്ടില്ല.

ഇത്തരത്തിൽ പ്രാദേശിക സാമ്പത്തിക വികസനം, മുൻ വർഷങ്ങളിലെ പദ്ധതികൾ, അവയുടെ വിലയിരുത്തൽ, വികസന ലക്ഷ്യങ്ങൾ തുടങ്ങി വിവിധ മേഖലകളിൽ നഗരസഭയുടെ അവസ്ഥ വിശകലനം ചെയ്യുന്നതിനാവശ്യമായ യാതൊരു വിവരങ്ങളും ഉൾപ്പെടുത്താതെയാണ് സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്.

## 1-12 ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് - 16 ലക്ഷം രൂപ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള കറന്റ് അക്കൗണ്ടിൽ നിലനിൽക്കുന്നു

ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഇനത്തിൽ 16,04,408/- രൂപ 20.02.2023-ൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിൽ(എസ്.ബി.ഐ-42061) നിലനിൽക്കുന്നു. തൻവർഷം ആകെ എത്ര പ്രവൃത്തികൾക്കാണ് ഇ-ടെണ്ടർ നടപടികൾ സ്വീകരിച്ചത് എന്നും ടെണ്ടർ ഫീസിനത്തിൽ ഈടാക്കിയ തുക എത്രയെന്നുമുള്ള വിവരം നഗരസഭയിൽ നിന്നും ലഭ്യമാക്കിയില്ല.

16.07.15-ലാണ് നഗരസഭയിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ ഇ-ടെണ്ടറിനായി അക്കൗണ്ട് തുടങ്ങിയതായി കാണുന്നത്. 2014-15 മുതൽ 16.07.15 വരെ ടെണ്ടർ ഫീസിനത്തിൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിലേക്ക് ഓൺലൈനായി ട്രാൻസ്ഫർ ചെയ്തിട്ടുള്ള തുകയിൽ തിരികെ ലഭിച്ച തുകയുടെ വിവരം, തുക ഈടാക്കുവാൻ സ്വീകരിച്ച നടപടികളുടെ വിശദാംശം എന്നിവ അറിയിക്കേണ്ടതാണ്. കൂടാതെ ടെണ്ടർ ഫീസിനത്തിൽ നഗരസഭയിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കറന്റ് അക്കൗണ്ടിലുള്ള തുക നഗരസഭയുടെ തനത് ഫണ്ടിൽ ഒടുക്കേണ്ടതാണ്. ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-13 ഡിമാൻഡ് ഡ്രാഫ്റ്റുകൾ യഥാസമയം പണമാക്കി മാറ്റിയില്ല

1) മരാമത്ത് വിഭാഗം ചെക്ക്/ഡിഡി യായി ലഭിച്ച തുകകൾ നഗരസഭ ഫണ്ടിലേക്ക് നിക്ഷേപിച്ചില്ല

മരാമത്ത് വിഭാഗം നടപ്പിലാക്കിയ വിവിധ പ്രോജക്ടുകളിൽ ഡിമാൻഡ് ഡ്രാഫ്റ്റായി ഇ.എം.ഡി സ്വീകരിക്കുന്നുണ്ട്. നിലവിൽ മരാമത്ത് വിഭാഗത്തിന്റെ കൈവശം പണമാക്കാതിരുന്ന ഡിമാൻഡ് ഡ്രാഫ്റ്റുകൾ ഉള്ളതായി കാണുന്നു. 2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം- 19 പ്രകാരം ഇപ്രകാരം മുനിസിപ്പാലിറ്റിയിലേക്ക് ലഭിക്കേണ്ടതായ തുകകൾ ചെക്കായോ ഡിമാൻഡ് ഡ്രാഫ്റ്റ് ആയോ ലഭിക്കുമ്പോൾ രസീത് നൽകേണ്ടതും ഡിമാൻഡ് ഡ്രാഫ്റ്റിന്റെ / ചെക്കിന്റെ വിവരങ്ങൾ നഗരസഭ സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ പ്രോജക്ട് നിർവ്വഹണത്തിന്റെ ഭാഗമായി സ്വീകരിച്ച ചില ഡിമാൻഡ് ഡ്രാഫ്റ്റുകൾ യഥാസമയം പണമാക്കി മാറ്റാതെ ഫയലിൽ സൂക്ഷിച്ചിരിക്കുന്നതായി കണ്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഡി.ഡി നം. | തുക | ബാങ്ക് | തുക ഒടുക്കിയ സ്ഥാപനം | പരാമർശം |
|---|---|---|---|---|
| 714752 29-01-2018 | 5,000 | TMB, കായംകുളം | IT Point Systems | ഡി.ഡി കാലഹരണപ്പെട്ടു |
| 714751 29-01-2018 | 7,500 | TMB, കായംകുളം | IT Point Systems | ഡി.ഡി കാലഹരണപ്പെട്ടു |
| 714749 29-01-2018 | 5,000 | TMB, കായംകുളം | Best IT INFO | ഡി.ഡി കാലഹരണപ്പെട്ടു |
| 31669241 FDR764 20-07-2015 | 10,000 | Union Bank, Kayamkulam | - | ഡി.ഡി കാലഹരണപ്പെട്ടു |

വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(നം.46 തീയതി 21.2.23) മറുപടി ലഭ്യമാക്കിയില്ല. സെക്രട്ടറിയും മറ്റുനിർവ്വഹണ ഉദ്യോഗസ്ഥരും തങ്ങളുടെ പ്രോജക്ട് ഫയലുകളിൽ ഡിമാൻഡ് ഡ്രാഫ്റ്റുകൾ പണമാക്കാതെ സൂക്ഷിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്. കാലഹരണപ്പെട്ട ഡിഡികൾ പണമാക്കി മാറ്റുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ സൂപ്രണ്ട് പ്രോജക്ട് നിർവ്വഹണത്തിന്റെ ഭാഗമായി ഡി.ഡിയായി സ്വീകരിച്ച ഇ.എം.ഡി തുക നിലവിലും ബാങ്കിൽ നിക്ഷേപിച്ചില്ല

താലൂക്ക് ആശുപത്രി സൂപ്രണ്ട് നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ പ്രോജക്ടുകളിൽ ഡിമാൻഡ് ഡ്രാഫ്റ്റായി ഇ.എം.ഡി തുക സ്വീകരിച്ചിരുന്നു. 2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൌണ്ട്സ് )ചട്ടങ്ങളിലെ ചട്ടം- 19 പ്രകാരം ഇപ്രകാരം മുനിസിപ്പാലിറ്റിയിലേക്ക് ലഭിക്കേണ്ടതായ തുകകൾ ചെക്കായോ ഡിമാൻഡ് ഡ്രാഫ്റ്റ് ആയോ ലഭിക്കുമ്പോൾ രസീത് നൽകേണ്ടതും ഡിമാൻഡ് ഡ്രാഫ്റ്റിന്റെ / ചെക്കിന്റെ വിവരങ്ങൾ നഗരസഭ സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ സൂപ്രണ്ട് പ്രോജക്ട് നിർവ്വഹണത്തിന്റെ ഭാഗമായി സ്വീകരിച്ച ചില ഡിമാൻഡ് ഡ്രാഫ്റ്റുകൾ യഥാസമയം പണമാക്കി മാറ്റാതെ ഫയലിൽ സൂക്ഷിച്ചിരിക്കുന്നതായി കണ്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | ഡി.ഡി നം. | തുക | ബാങ്ക് | തുക ഒടുക്കിയ സ്ഥാപനം | പരാമർശം |
|---|---|---|---|---|---|
| 54/22 | 414764/18-03-2022 | 4,000 | ഫെഡറൽ ബാങ്ക്, കരുനാഗപ്പള്ളി | ITIS ASIA | DDയുടെ കാലാവധി കഴിഞ്ഞു |
| 55/22 | 858878/25-03-2022 | 2,000 | SBI, കായംകുളം ടൌൺ ബ്രാഞ്ച് | സ്പെക്ട്രാ ELV സിസ്റ്റെസ് | DDയുടെ കാലാവധി കഴിഞ്ഞു |
| 55/22 | 077370/24-03-2022 | 2,000 | Indian Bank വെറ്റുക്കാവ് | ഡിജിടെക് കമ്പ്യൂട്ടേഴ്സ് ആൻഡ് മൊബൈൽസ് | DDയുടെ കാലാവധി കഴിഞ്ഞു |

| | | | | | |
|---|---|---|---|---|---|
| 55/22 | 414773/24-03-2022 | 2,000 | ഫെഡറൽ ബാങ്ക്, കരുനാഗപ്പള്ളി | ITIS ASIA | DDയുടെ കാലാവധി കഴിഞ്ഞു |
| | ആകെ | 10,000 | | | |

ടെണ്ടർ ലഭിക്കാത്ത ചിലരുടെ ഡി.ഡി പണമാക്കി മാറ്റാതെ അവർക്ക് തന്നെ കൈമാറിയിട്ടുണ്ട്. ഇതും ശരിയായ രീതിയല്ല. മുൻവർഷ ഫയലുകളിലും ഇപ്രകാരം അക്കൗണ്ട് ചെയ്യപ്പെടാതെ കാലഹരണപ്പെട്ട നിക്ഷേപങ്ങൾ ഉണ്ടാകുവാനിടയുണ്ട്. രസീത് നൽകി ലഭിച്ച ഡെപ്പോസിറ്റുകൾ പണമാക്കി മാറ്റാതിരുന്നതിന് വിശദീകരണം നൽകണമെന്ന് ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(നം.41/20.2.23) മറുപടി ലഭ്യമാക്കിയില്ല. കൂടാതെ സെക്യൂരിറ്റി നിക്ഷേപമായി സ്വീകരിക്കുന്ന തുകകൾ സംബന്ധിക്കുന്ന വാർഷിക സംക്ഷിപ്തം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. നിശ്ചിത തീയതിക്കകം പണമാക്കി മാറ്റാതെ സൂക്ഷിച്ച ചെക്ക്/ഡി.ഡി. റീ വാലിഡേറ്റ് ചെയ്ത് പണമാക്കി മാറ്റാനാകാത്ത പക്ഷം നഷ്ടമായ 10,000 രൂപ പലിശ സഹിതം നിർവ്വഹണ ഉദ്യോഗസ്ഥനായ താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ സൂപ്രണ്ടിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-14 അനധികൃത നിർമ്മാണങ്ങൾക്ക് മേൽ നടപടികൾ ശുഷ്കം - ചട്ടലംഘനങ്ങൾ വ്യാപകം, നികുതി ഈടാക്കപ്പെടുന്നില്ല

കായംകുളം നഗരസഭയിൽ അനധികൃത നിർമ്മാണങ്ങൾക്കെതിരെ കൃത്യമായ പരിശോധനയും തുടർനടപടികളും ഉണ്ടാകുന്നില്ല. നിലവിൽ വസ്തുനികുതി അടയ്ക്കുന്ന കെട്ടിടങ്ങളോട് അനധികൃതമായി കൂട്ടിച്ചേർക്കൽ നടത്തുക, റൂഫിന് മുകളിൽ ഗാൽവനൈസ്ഡ് അയൺ ഷീറ്റുകളും പൈപ്പുകളും ഉപയോഗിച്ച് ഒരു നിലതന്നെ നിർമ്മിച്ച് ഉപയോഗിക്കുക, പാർക്കിംഗ് ഏരിയ കെട്ടിമറച്ച് വാണിജ്യാവശ്യത്തിന് ഉപയോഗിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ വ്യാപകമായിട്ടും വിശദമായ ഒരു പരിശോധനയ്ക്ക് നഗരസഭ തയ്യാറായിട്ടില്ല. കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ചട്ടം 21 അനുസരിച്ച് നടത്തേണ്ട പോസ്റ്റ്ഒക്കുപ്പൻസി പരിശോധനകൾ നടത്തപ്പെടുന്നില്ല. എൻജിനീയറിംഗ് വിഭാഗം കണ്ടെത്തുന്ന അനധികൃത നിർമ്മാണങ്ങൾക്ക് നോട്ടീസ് നൽകുന്നുണ്ടെങ്കിലും തുടർനടപടികൾ ഉണ്ടാകുന്നില്ല. ഇതുമൂലം ഇത്തരം നിർമ്മിതികൾക്ക് വസ്തുനികുതി ഈടാക്കപ്പെടാതെ പോകുന്നു. കേരള മുനിസിപ്പാലിറ്റി നിയമം 1994 വകുപ്പ് 242 പ്രകാരം റഗുലറൈസ് ചെയ്യുന്ന അഥവാ പൊളിച്ച് നീക്കുന്ന തീയതി വരെ അനധികൃത നിർമ്മാണങ്ങൾക്ക് മൂന്നിരട്ടി വസ്തുനികുതി ഈടാക്കപ്പെടേണ്ടതാണ്. ഇത് ചെയ്യാത്തത് നിമിത്തം നഗരസഭയ്ക്ക് വരുമാന നഷ്ടം സംഭവിക്കുന്നു.

ഓഡിറ്റിന്റെ കൂടി സാന്നിദ്ധ്യത്തിൽ നഗരസഭ ഓവർസിയർ, ബിൽകളക്ടർ എന്നിവർ നടത്തിയ പരിശോധനയിൽ താഴെ പറയുന്ന അനധികൃത നിർമ്മാണങ്ങൾ ശ്രദ്ധയിൽപെട്ടു.

എ) വാർഡ് 39ൽ കീരിക്കാട് വില്ലേജ് 18/58/2-2.2, 18/74/2 തുടങ്ങിയ സർവ്വേ നമ്പരിൽപെട്ട ഭൂമിയിൽ കായംകുളം - പുല്ലുകുളങ്ങര റോഡിന്റെ ഇടത് പാർശ്വത്തിൽ (തെക്ക് വശം) സ്ഥിതിചെയ്യുന്ന ശ്രീ സുനീർ, ശ്രീമതി ഷാമില, പറമ്പിൽ വടക്കതിൽ, എന്നിവരുടെ ഉടമസ്ഥതയിൽ ഉള്ള 270.24 ച.മി വിസ്തീർണ്ണമുള്ള കെട്ടിടത്തിന് വാണിജ്യാവശ്യത്തിനായി ഒക്കുപ്പൻസി അനുവദിച്ച് വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്. എന്നാൽ 16.2.2023 ൽ നടത്തിയ പരിശോധനയിൽ പ്രസ്തുത 2 കെട്ടിടഭാഗങ്ങൾക്ക് ചുറ്റുമായി മേൽപ്പറഞ്ഞ കെട്ടിടം നിൽക്കുന്ന ഭൂമി ഏതാണ്ട് പൂർണ്ണമായി കവർചെയ്തുകൊണ്ട് ഏകദേശം 413.46 ച.മി വിസ്തൃതിയിൽ മേൽക്കൂര നിർമ്മിച്ചും പാർശ്വങ്ങൾ മറച്ചും വശങ്ങളിൽ റാക്കുകൾ സ്ഥാപിച്ച് കെട്ടിടനിർമ്മാണ സാമഗ്രികൾ വ്യാപാരത്തിനായി സ്റ്റോക്ക് ചെയ്തും ഉപയോഗപ്പെടുത്തി വരുന്നതായി ബോദ്ധ്യപ്പെട്ടു. ഈ നിർമ്മാണത്തിന് പെർമിറ്റ് എടുക്കുകയോ നികുതി നിർണ്ണയിക്കുകയോ ചെയ്തിട്ടില്ല. കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019, ചട്ടം 27, പട്ടിക 6 ൽ നിഷ്കർഷിക്കുന്ന കവറേജ്, ചട്ടം 29 പട്ടിക 10 നിഷ്കർഷിക്കുന്ന തെരുവ് വിട്ടുള്ള പാർക്കിംഗ്, ചട്ടം 26 പട്ടിക4, 4A പ്രതിപാദിക്കുന്ന മുൻവശം, പിന്നാംപുറം, പാർശ്വങ്ങൾ എന്നിവയിൽ ഭുവതിരിൽ നിന്ന് പാലിക്കേണ്ട അകലം എന്നീ നിബന്ധനകൾ പാലിക്കാതെയാണ് ഈ അനധികൃത നിർമ്മാണം നടന്നിട്ടുള്ളത്. പട്ടിക 6 പ്രകാരം പരമാവധി 65 ശതമാനം കവറേജ് അനുവദനീയമായ സ്ഥാനത്ത് എകദേശം നൂറ് ശതമാനം കവറേജിലാണ് നിലവിൽ കെട്ടിടം നിലനിൽക്കുന്നത്. ആവശ്യമായ അഗ്നിസുരക്ഷാ സംവിധാനങ്ങൾ ഒരുക്കിയതായും കാണുന്നില്ല. മേൽപ്പറഞ്ഞ നിർമ്മാണം വഴി കെട്ടിടം ആകെ തന്നെ അതായത് 683.7ച.മിയും (413.46+270.24) അനധികൃത നിർമ്മാണമായി മാറി.

അനധികൃത നിർമ്മാണം എന്ന നിലയിൽ ഇതിന് ബാധകമായ നികുതി ചുവടെ ചേർക്കുന്നു

വിസ്തീർണ്ണം - 683.7

വാണിജ്യാവശ്യ കൈവശ ഗണം എന്നനിലയിൽ വസ്തുനികുതി നിരക്ക് - 90 രൂപ/ച.മി

അടിസ്ഥാന വസ്തു നികുതി- 61,533 രൂപ

മേൽക്കൂരയുടെ അടിസ്ഥാനത്തിൽ കിഴിവ് - 10% = 6,153 രൂപ
വഴി സൗകര്യം വർദ്ധനവ് – 20% = 12,307 രൂപ
വസ്തുനികുതി – 61533-6153+12307 = 67,687 രൂപ
അനധികൃത നിർമ്മാണമാകയാൽ ഈടാക്കേണ്ട യഥാർത്ഥ വസ്തുനികുതി (പ്രതിവർഷം) – 67687 X 3 = 2,03,061 രൂപ
(കേരള മുനിസിപ്പാലിറ്റി നിയമം 1994 വകുപ്പ് 242 പ്രകാരം)
ഈടാക്കിയ വസ്തുനികുതി – 23,782 രൂപ
വസ്തുനികുതിയിൽ പ്രതിവർഷം ഉണ്ടായ കുറവ്- 1,79,279 രൂപ

ബി) വാർഡ് 30 ൽ ദേശീയപാതയ്ക്ക് കിഴക്ക് വശം ശ്രീ.വി.കെ.വർഗ്ഗീസിന്റെ ഉടമസ്ഥതയിൽ ഉള്ളതും ഇരുനിലകളിലായി 258ച.മി വിസ്തീർണ്ണമുള്ളതുമായ വാണിജ്യാവശ്യ കൈവശഗണത്തിൽപ്പെട്ട കെട്ടിടത്തിന്റെ ഇരു പാർശ്വങ്ങളിലും പിന്നിലുമായി 530.6ച.മി വിസ്തീർണ്ണത്തിൽ നഗരസഭയിൽ നിന്ന് നിർമ്മാണ പെർമിറ്റ് എടുക്കാതെ വശങ്ങളും മേൽക്കൂരയും ജി.ഐ ഷീറ്റിനാൽ മറച്ചും തൂണുകൾ ജി.ഐ പൈപ്പുകളാൽ നിർമ്മിച്ചും ഉപയോഗിച്ച് വരുന്നതായി 16.2.2023 ൽ നടത്തിയ പരിശോധനയിൽ ബോദ്ധ്യമായി. ഈ ഭാഗത്തിന് അനധികൃത നിർമ്മാണം എന്ന നിലയിൽ വരുന്ന നികുതി ചുവടെ ചേർക്കുന്നു.

വിസ്തീർണ്ണം – 530.6 ച.മി
വാണിജ്യാവശ്യ കൈവശ ഗണം എന്നനിലയിൽ വസ്തുനികുതി നിരക്ക് – 90 രൂപ/ച.മി
അടിസ്ഥാന വസ്തു നികുതി- 47,754 രൂപ
മേൽക്കൂരയുടെ അടിസ്ഥാനത്തിൽ കിഴിവ് - 10% = 4775 .4 രൂപ
വഴി സൗകര്യം വർദ്ധനവ് – 20% = 9550.8 രൂപ
വസ്തുനികുതി – 47754- 4775 .4 + 9550.8 = 52,529 രൂപ
അനധികൃത നിർമ്മാണമാകയാൽ ഈടാക്കേണ്ട യഥാർത്ഥ വസ്തുനികുതി (പ്രതിവർഷം) – 52529 X 3 = 1,57,587 രൂപ
(കേരള മുനിസിപ്പാലിറ്റി നിയമം 1994 വകുപ്പ് 242 പ്രകാരം)

മേൽപ്പറഞ്ഞവ കൂടാതെ വാർഡ് 38 ൽ ശ്രീ.സുബി എസ്. ചേലപ്പുറത്ത് വീട് ന്റെയും പിതാവ് ശ്രീ സുധാകരന്റേയും പേരിൽ ഉള്ളതും 1058/18-19 നം. പെർമിറ്റ് വഴി നിർമ്മാണാനുമതി നേടി പൂർത്തിയാക്കിയതും 38/461 നമ്പർ നൽകിയതുമായ കെട്ടിടത്തിൽ പാർപ്പിടാവിശ്യത്തിനായി ഒക്കുപ്പൻസി എടുത്ത 56.97 ച.മി ഭാഗം വാണിജ്യാവശ്യത്തിനായാണ് ഉപയോഗിച്ച് വരുന്നത്. ഇവിടെ അൽമെക് അലുമിനിയം ഫാബ്രിക്കേഷൻസ് എന്ന സ്ഥാപനം പ്രവർത്തിക്കുന്നു. ഇത് കൂടാതെ പ്രസ്തുത കെട്ടിടത്തോട് ചേർത്ത് തെക്ക് ഭാഗത്തും മുകൾ ഭാഗത്തും വർക്ക്ഷോപ്പുകളും അനധികൃതമായി നിർമ്മിച്ചിട്ടുണ്ട്.

ഇവ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ഈ നിർമ്മിതികൾക്ക് മേൽ സത്വര നടപടി സ്വീകരിക്കുന്നതാണ് എന്ന് മുനിസിപ്പൽ എൻജിനീയർ അറിയിച്ചിട്ടുണ്ട്.

അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുന്നതിനും അവക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതിനും കേരള മുനിസിപ്പാലിറ്റി നിയമം 1994 വകുപ്പ് 242 പ്രകാരം റഗുലറൈസ് ചെയ്യുന്ന അഥവ പൊളിച്ച് നീക്കുന്ന തീയതി വരെ അനധികൃത നിർമ്മാണങ്ങൾക്ക് ബാധകമായ വസ്തുനികുതി ഈടാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്. എൻജിനീയറിംഗ് വിഭാഗം കണ്ടെത്തുന്ന അനധികൃത നിർമ്മാണങ്ങളുടെ വിവരം റവന്യൂ വിഭാഗത്തിന് കൈമാറി നികുതി നിർണ്ണയത്തിനും വസൂലാക്കലിനും ഉള്ള നടപടികൾ സ്വീകരിക്കേണ്ടതും ഇരു വിഭാഗങ്ങളും ഇത് സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കേണ്ടതുമാണ്. അനധികൃത നിർമ്മാണങ്ങൾ കണ്ടെത്താനാവശ്യമായ പ്രാഥമിക പരിശീലനം ബിൽ കളക്ടർമാർക്ക് നൽകിക്കൊണ്ടും എൻജിനീയറിംഗ് വിഭാഗത്തിന്റെ കൂടി പൂർണ്ണ സഹകരണത്തോടെ പോസ്റ്റ്ഒക്കുപ്പൻസി പരിശോധന കാര്യക്ഷമമാക്കിക്കൊണ്ടും മുഴുവൻ അനധികൃത നിർമ്മാണങ്ങളും കണ്ടെത്തി നടപടി സ്വീകരിക്കേണ്ടതാണ്. ഇതിനായി ഒരു കർമ്മപദ്ധതിക്ക് സെക്രട്ടറി രൂപം നൽകേണ്ടതുമാണ്.

(ഓഡിറ്റ് അന്വേഷണം 29/17.02.2023)

## 1-15 വസ്തുനികുതി- എല്ലാ ഉപയോഗക്രമങ്ങൾക്കുമുള്ള അടിസ്ഥാന വസ്തുനികുതി നിരക്കിൽ നഗരസഭ തീരുമാനമെടുത്തില്ല

വസ്തുനികുതി ചുമത്തുന്നതിലേക്കായി നഗരസഭ സർക്കാർ നിർദ്ദേശിക്കുന്ന ഓരോ ഇനം കെട്ടിടങ്ങൾക്കും അതിന്റെ ഉപവിഭാഗങ്ങൾക്കും ഒരു ചതുരശ്ര മീറ്റർ തറവിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികൾ നിർദ്ദേശിക്കുന്നുണ്ട്. സർക്കാരിന്റെ ആദ്യ വിജ്ഞാപനത്തിനുശേഷം പുതിയ ഉപയോഗക്രമങ്ങളോ ഉപവിഭാഗങ്ങളോ നിർദ്ദേശിക്കപ്പെടുകയും നിരക്ക് നിർണ്ണയത്തിനുള്ള സൌകര്യം സഞ്ചയ സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ നഗരസഭ ഈ വിഷയങ്ങളിൽ തീരുമാനം എടുത്ത് പുതിയതായി ഉൾപ്പെടുത്തിയ ഉപയോഗക്രമങ്ങൾക്കുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക് സഞ്ചയ സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്തിയിട്ടില്ല. സഞ്ചയ സോഫ്റ്റ്വെയറിൽ അടിസ്ഥാന നികുതി വിവരങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള സ്ക്രീനിന്റെ ചിത്രം ചുവടെ ചേർക്കുന്നു.

SANCHAYA കായംകുളം മുനിസിപ്പാലിറ്റി L S G D, Govt. of Kerala

Home Logout SAJITHA KUMARI S

Back

നികുതി വിവരങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള സ്ക്രീൻ

| Sl.No | Function | Minimum Rate | Maximum Rate | Rate |
|---|---|---|---|---|
| 1 | പാർപ്പിടാവശ്യം | 6 | 15 | 12 |
| 2 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 40 | 70 | 60 |
| 3 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 70 | 90 | 80 |
| 4 | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 40 | 70 | 60 |
| 5 | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 90 | 140 | 120 |
| 6 | വാണിജ്യാവശ്യത്തിനുള്ളവ ബങ്കുകൾ , പെട്ടികടകൾ , കമ്പ്യൂട്ടർ സെന്റർ, ഫ്യൂവൽ സ്റ്റേഷൻ | 40 | 70 | 50 |
| 7 | ഓഫീസ് ആവശ്യത്തിനുള്ളവ (വ്യവസായ ശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പടെ) | 40 | 70 | 60 |
| 8 | വിദ്യാഭ്യാസാവശ്യം | 6 | 15 | 12 |
| 9 | ആശുപത്രികൾ | 6 | 15 | 15 |
| 10 | അസംബ്ലി കെട്ടിടം,കൺവെൻഷൻ സെൻറർ,ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ് , സിനിമ തിയേറ്റർ | 30 | 50 | 50 |
| 11 | വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറി ഷെഡ്, കയർ പിരി ഷെഡ് | 15 | 30 | 20 |
| 12 | ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ | 50 | 70 | 60 |
| 13 | റിസോർട്ടുകൾ | 80 | 90 | 90 |
| 14 | അമ്യൂസ്മെൻറ് പാർക്ക് | 30 | 50 | 45 |
| 15 | മൊബൈൽ ടെലഫോൺ ടവർ | 400 | 500 | 500 |
| 16 | കാർഷികാവശ്യത്തിനുള്ളവ | 0 | 0 | 0 |
| 17 | മൈക്രോ സ്മാൾ ആൻറ് മീഡിയം എൻറർപ്രൈസസ് ഡെവലപ് മെൻറ് ആക്റ്റ്,2006(2006 ലെ 27) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ | 30 | 45 | |
| 18 | റസിഡൻഷ്യൽ ഹോം സ്റ്റേ | 15 | 35 | |

Save

Better Viewed in Mozilla FireFox, Google Chrome and IE 8 & above

A Project of Information Kerala Mission under Local Self Government Department,Government of Kerala. Version:2.0.6

MSME -പ്രവർത്തിക്കുന്ന കെട്ടിടങ്ങൾ, റസിഡൻഷ്യൽ ഹോം സ്റ്റേ കെട്ടിടങ്ങൾ എന്നിവയുടെ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ച് സഞ്ചയ ഡേറ്റാ ബേസിൽ ഉൾപ്പെടുത്തിയിട്ടില്ല. കൌൺസിൽ തീരുമാനമെടുത്ത് അടിസ്ഥാനവസ്തുനികുതി നിരക്കുകൾ സഞ്ചയയിൽ ഉൾപ്പെടുത്തേണ്ടതും വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതുമാണ്.

## 1-15-1 സഞ്ചയ ഡേറ്റാ ബേസ് നിലവിലും അപൂർണ്ണം

1) വസ്തുനികുതി സംബന്ധിക്കുന്ന വിവരങ്ങൾ നിലവിലും അപൂർണ്ണമാണ്. പഴയ കെട്ടിടങ്ങളുടെ വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച് 2018-19 റിപ്പോർട്ടിൽ ഉൾപ്പെടുത്തിയ വിവരങ്ങൾ പ്രകാരം നിരവധി കെട്ടിടങ്ങളുടെ പരിഷ്കരണം കുടിശ്ശികയായിരുന്നു. ആ സ്ഥിതിയിൽ നിന്നും പുരോഗതിയുണ്ടായെങ്കിലും ഇപ്പോഴും പല കെട്ടിടങ്ങളുടെയും വിവരം സഞ്ചയയിൽ ഉൾപ്പെടുന്നില്ല. ഉൾപ്പെടുത്തിയവയുടെ വിവരങ്ങൾ തന്നെ പൂർണ്ണമാണോയെന്ന് പരിശോധിച്ചുറപ്പാക്കിയിട്ടുമില്ല.

2) ഫ്യൂവൽ സ്റ്റേഷനുകളുടെ വസ്തുനികുതി കൌൺസിൽ തീരുമാനപ്രകാരം ച.മീറ്ററിന് 70 രൂപയാണ്. എന്നാലിത് സഞ്ചയയിൽ 50 രൂപ എന്ന നിലയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. എന്നാൽ അസസ്മെന്റ് രജിസ്റ്റർ പ്രകാരം 70 രൂപ എന്ന നിലക്കാണ് ഫ്യൂവൽ സ്റ്റേഷനുകളുടെ വസ്തുനികുതി കാനോപ്പി വിസ്തീർണ്ണം ഉൾപ്പെടെ പരിഷ്കരിക്കുന്നത്. എന്നാൽ ഇത് സംബന്ധിക്കുന്ന വിവരങ്ങൾ സഞ്ചയയിൽ ഉൾപ്പെടുത്താനാവാത്ത സ്ഥിതിയാണുള്ളത്. ഐ.കെ.എം മായി ബന്ധപ്പെട്ട് നിരക്ക് തിരുത്തുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-16 കെട്ടിടങ്ങളുടെ ഘടനപരമായ മാറ്റം-തറവിസ്തൃതിയിൽ വരുത്തുന്നമാറ്റങ്ങൾ -സഞ്ചയവിവരങ്ങൾ അപൂർണ്ണം - പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തുന്നില്ല

വാണിജ്യാവശ്യങ്ങൾക്കുള്ള നിരവധി കെട്ടിടങ്ങളുള്ള കായംകുളം നഗരസഭയിൽ കെട്ടിട ഉടമ തറവിസ്തൃതിയിൽ വരുത്തുന്ന മാറ്റങ്ങളും ഘടനപരമായി വരുത്തുന്ന മാറ്റങ്ങളും യഥാസമയം നഗരസഭയെ അറിയിക്കപ്പെടാതെ പോകുന്ന സാഹചര്യം നിലവിലുണ്ട്. ഇപ്രകാരമുള്ള ചെയ്തികൾ നഗരസഭ തിരിച്ചറിയാതെ പോകുന്ന സാഹചര്യവും നിലനിൽക്കുന്നു. 2019ലെ കേരള നഗരസഭ കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 21 പ്രകാരം രണ്ട് നിലയിൽ കൂടുതലുള്ള പാർപ്പിടാവശ്യ കെട്ടിടങ്ങളും 50 ച.മീറ്ററിൽ കൂടുതലുള്ള വാണിജ്യാവശ്യകെട്ടിടങ്ങളും മതപരമായ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളും ഗ്രൂപ്പ് ജി1, ജി2, I എന്നീ ഗണങ്ങളിലുള്ള കെട്ടിടങ്ങളും ഒക്യൂപൻസി സർട്ടിഫിക്കറ്റ് അനുവദിച്ച് രണ്ട് വർഷത്തിനകം പോസ്റ്റ് ഒക്യൂപൻസി ഓഡിറ്റിന് വിധേയമാക്കേണ്ടതുണ്ട്. പോസ്റ്റ് ഒക്യൂപൻസി ഓഡിറ്റ് നടത്തി വസ്തുനികുതിയിലുണ്ടാകുന്ന നഷ്ടം കണ്ടെത്തി അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16-1 വലിയ വാണിജ്യസ്ഥാപനങ്ങളുടെ വസ്തുനികുതി- സ്പെഷ്യൽ ഡ്രൈവ് നടത്തി വസ്തുനികുതി പരിഷ്കരണം പുനപരിശോധിക്കണം

നഗരത്തിലെ പല വാണിജ്യസ്ഥാപനങ്ങളുടെയും തറവിസ്തൃതി സഞ്ചയ ഡേറ്റാബേസിൽ ഉൾപ്പെടുത്തിയതിൽ നിന്നും വളരെ വ്യത്യസ്തമാണെന്ന് ഓഡിറ്റ് ബാച്ചിന്റെ ആവശ്യപ്രകാരം മരാമത്ത് വിഭാഗം നടത്തിയ പരിശോധനയിൽ വ്യക്തമായി. പ്രമുഖ വാണിജ്യസ്ഥാപനങ്ങളുടെ കേന്ദ്രീകൃത ശീതീകരണ സംവിധാനമുള്ള ഷോറൂമുകളിൽ നടത്തിയ പരിശോധന റിപ്പോർട്ടിലേയും സഞ്ചയ ഡേറ്റാ ബേസിലെയും വിവരങ്ങളും ചുവടെ ചേർക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | സഞ്ചയ പ്രകാരമുള്ള തറവിസ്തൃതി | രജിസ്റ്റർ ആസ്പദമാക്കി നഗരസഭ ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം | പരിശോധന പ്രകാരമുള്ള വിസ്തൃതി (മരാമത്ത് വിഭാഗത്തിന്റെ റിപ്പോർട്ട് പ്രകാരം) |
|---|---|---|---|
| വി.ജി.സി ബീന ഹോം എക്സ്പീരിയൻസ് സെന്റർ 11/228 | 144.76 | 144.76 | ബിൽഡിംഗ് നം.1 562.52 ച.മീ ബിൽഡിംഗ് നം.2 119 ച.മീ. |
| HHYS ഇൻഫ്രാമാർട്ട് - ഹാർഡ് വേർ ഡിവിഷൻ 17/22A | 20 | 152.25 | 2028 ച.മീ |

നിലവിൽ ഈ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളെല്ലാം കേന്ദ്രീകൃത ശീതീകരണ സംവിധാനത്തോടെ ഘടനാപരമായ മാറ്റം വരുത്തിയ നിലയിലാണ്. കെട്ടിടങ്ങളുടെ വസ്തുനികുതി പുനരന്വേഷണം നടത്തി വസ്തുനികുതി പരിഷ്കരിച്ച് വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-17 വസ്തുനികുതി - കേന്ദ്രീകൃത ശീതീകരണ സംവിധാനം ഏർപ്പെടുത്തിയ വിവരം കെട്ടിടഉടമകൾ നഗരസഭയെ അറിയിക്കുന്നില്ല- സ്പെഷ്യൽ ഡ്രൈവ് നടത്തി നികുതി ചോർച്ച കണ്ടെത്തണം

ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ട ശേഷം കെട്ടിടത്തിന്റെ തറവിസ്തൃതിയിലോ ഉപയോഗക്രമത്തിലോ അടിസ്ഥാന വസ്തുനികുതിയിൽ വരുത്തേണ്ട ഇളവുകൾക്കും വർദ്ധനവുകൾക്കും ബാധകമാക്കേണ്ട ഏതെങ്കിലും ഘടകത്തിന്റെ കാര്യത്തിലോ കെട്ടിട ഉടമ വരുത്തുന്നതോ അല്ലെങ്കിൽ സ്വയം സംഭവിക്കുന്നതോ ആയ ഏതൊരുമാറ്റവും മുപ്പത് ദിവസത്തിനകം കെട്ടിട ഉടമ രേഖാമൂലം സെക്രട്ടറിയെ അറിയിക്കേണ്ടതും പുതുക്കിയ വസ്തുനികുതി നികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്.(കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും ചട്ടങ്ങളിലെ ചട്ടം-17(1)).കെട്ടിട ഉടമ പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കാതിരിക്കുന്ന സംഗതിയിലും വാസ്തവവിരുദ്ധമോ തെറ്റിദ്ധരിപ്പിക്കുന്നതോ ആയ റിട്ടേൺ സമർപ്പിക്കുന്ന സംഗതിയിലും ചട്ടം12(6) പ്രകാരം സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ സ്ഥലസന്ദർശനം നടത്തി കെട്ടിടത്തെ സംബന്ധിക്കുന്ന വിവരങ്ങൾ ശേഖരിച്ച് ചട്ടങ്ങൾ പ്രകാരം വസ്തുനികുതി നിർണ്ണയം നടത്തേണ്ടതാണ്.

കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും ചട്ടങ്ങളിലെ ചട്ടം 6 പട്ടിക 8 പ്രകാരം കേന്ദ്രീകൃത ശീതീകരണ സംവിധാനം ഉള്ള കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതിയിൽ 10 % വർദ്ധനവ് വരുത്തേണ്ടതാണ്. എന്നാൽ വസ്തുനികുതി നിർണ്ണയത്തിന് ശേഷം ഉൾപ്പെടുത്തുന്ന കേന്ദ്രീകൃത ശീതീകരണ സംവിധാനം സംബന്ധിക്കുന്ന വിവരം നഗരസഭ അറിയാതെ പോകുന്ന സാഹചര്യം നിലവിലുണ്ട്. നഗരത്തിലെ പല പ്രമുഖ സ്ഥാപനങ്ങളിലും കേന്ദ്രീകൃത ശീതീകരണ സംവിധാനങ്ങൾ ഉണ്ടെങ്കിലും സഞ്ചയ ഡേറ്റാ ബേസിൽ അവ ഉൾപ്പെടുന്നില്ല. സ്പെഷ്യൽ ഡ്രൈവ് നടത്തി മുഴുവൻ പുതിയ കെട്ടിടങ്ങളിലും ഘടനാപരമായ മാറ്റം വന്ന കെട്ടിടങ്ങളിലും കേന്ദ്രീകൃത ശീതീകരണ സംവിധാനങ്ങൾ ഉണ്ടോയെന്ന് പരിശോധിച്ചുറപ്പാക്കേണ്ടതാണ്. ഇത് സംബന്ധിക്കുന്ന റിപ്പോർട്ട് തയ്യാറാക്കി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-18 പാർക്കിംഗ് ഏരിയ എന്ന നിലക്ക് പൂർത്തീകരണ സാക്ഷ്യപത്രത്തിൽ ഉൾപ്പെടുത്തിയ ഭാഗത്ത് സൂപ്പർ മാർക്കറ്റ് പ്രവർത്തിക്കുന്നു-നടപടികളുടെ പുരോഗതി ഓഡിറ്റ് വകുപ്പിനെ അറിയിക്കണം

നഗരസഭയുടെ അറിവോടുകൂടിയല്ലാത്ത കെട്ടിടങ്ങളുടെ നിർമ്മാണം യഥാസമയം കണ്ടെത്തി നടപടിയെടുക്കുകയെന്നത് നഗരസഭയുടെ ചുമതലയാണ്. നഗരസഭയുടെ അംഗീകാരം ഇല്ലാതെയോ അംഗീകാരമുള്ള പ്ലാനിൽ നിന്നും വ്യതിചലിച്ചോ കെട്ടിടം നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ മാറ്റം വരുത്തുകയോ ചെയ്തിട്ടുണ്ടെങ്കിൽ അങ്ങനെയുള്ള

നിർമ്മാണമോ പുനർനിർമ്മാണമോ കേരള മുനിസിപ്പാലിറ്റി നിയമത്തിനോ നിയമത്തിന് കീഴിലുള്ള ചട്ടങ്ങളിലോ പറഞ്ഞിട്ടുള്ള മാനദണ്ഡങ്ങളോ നിർദ്ദേശങ്ങളോ ലംഘിക്കുന്നതല്ലെങ്കിൽ നഗരസഭക്ക് രാജിയാക്കൽ ഫീസ് ഈടാക്കിക്കൊണ്ട് നിർമ്മിതികളെ ക്രമവൽക്കരിക്കാവുന്നതാണ്. നഗരസഭക്ക് ക്രമവൽക്കരിക്കാൻ അധികാരമില്ലാത്ത അനധികൃത കെട്ടിടങ്ങളെ വകുപ്പ് 242 അനുസരിച്ച് അധിക നികുതി ചുമത്തുന്നതിനും (നിയമാനുസൃതമെങ്കിൽ ഈടാക്കാവുന്ന വസ്തുനികുതിയും അതിന്റെ രണ്ടിരട്ടി തുകയും ചേരുന്ന തുക) നഗരസഭകൾക്ക് അധികാരമുണ്ട്. മരാമത്ത് വിഭാഗത്തിൽ നിന്നും ഒക്യുപൻസി സർട്ടിഫിക്കറ്റ് വാങ്ങി വസ്തുനികുതി നിർണ്ണയത്തിന് ശേഷം പാർക്കിംഗ് ഏരിയായി ഉൾപ്പെടുത്തിയ ഭാഗം വാണിജ്യാവശ്യത്തിന് ഉപയോഗിക്കുകയും വിവരം നഗരസഭയെ അറിയിക്കാതിരിക്കുകയും ചെയ്യുസാഹചര്യം നഗരസഭയിലുണ്ട്.

ഗോപാലകൃഷ്ണൻ, ചെക്കാട്ട്, കൃഷ്ണപുരം എന്നയാളുടെ പേരിലുള്ള BA696/19-20 നമ്പരായി പെർമ്മിറ്റ് എടുത്ത് നിർമ്മാണം പൂർത്തീകരിച്ച കെട്ടിടത്തിന് ഒക്യുപെൻസിസാക്ഷ്യപത്രവും തുടർന്നുള്ള വസ്തുനികുതി നിർണ്ണയവും(10/673) കഴിഞ്ഞ് പാർക്കിംഗ് ഏരിയയായി ഉൾപ്പെടുത്തിയിരുന്ന സ്ഥലം വാണിജ്യാവശ്യത്തിനായി തരം മാറ്റി ഉപയോഗിക്കുന്നുണ്ട്.സഞ്ചയ രേഖകൾ പ്രകാരം കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ലോർ പാർക്കിംഗ് ഏരിയാ എന്ന നിലയിലാണ് രേഖപ്പെടുത്തിയിരിക്കുന്നത്. നിലവിൽ സെൻട്രിയൽ ബസാർ എന്ന സൂപ്പർ മാർക്കറ്റ് ഇവിടെ പ്രവർത്തിക്കുന്നു. നിലവിൽ നഗരസഭ കെട്ടിട ഉടമക്ക് നോട്ടീസ് നൽകുകയും റിവൈസ്ഡ് ഒക്യുപൻസിക്ക് കെട്ടിട ഉടമ അപേക്ഷിക്കുകയും ചെയ്തിട്ടുണ്ട്. നടപടികളുടെ പുരോഗതി അറിയിക്കേണ്ടതാണ്.

നഗരസഭയുടെ സഞ്ചയ ഡേറ്റാ ബേസിൽ ഉൾപ്പെടുന്ന വിസ്തൃതിയിൽ നിന്നും വ്യത്യസ്തമായി കൂട്ടി ചേർക്കലുകളും അധിക നിർമ്മാണങ്ങളും ഉണ്ടാകുന്ന നിരവധി സാഹചര്യങ്ങൾ നഗരസഭയിലുണ്ട്. അനധികൃത നിർമ്മാണം അതുവഴി ഉണ്ടാകുന്ന നികുതിവെട്ടിപ്പ് (Tax Evasion) എന്നിവക്കെതിരെ കർശനമായ പരിശോധനയും നടപടികളും സ്വീകരിക്കേണ്ടതാണ്.

## 1-19 മൊബൈൽ ടവറുകളെ വസ്തുനികുതി ചുമത്തുന്നതിൽ വീഴ്ച

നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളെ സംബന്ധിക്കുന്ന വിവരങ്ങൾ പൂർണ്ണമല്ല. സഞ്ചയ റവന്യൂ-മൊഡ്യൂൾ സോഫ്റ്റ്‌വെയറിലെ വിവരങ്ങൾ പ്രകാരം പത്ത് മൊബൈൽ ടവറുകൾ മാത്രമാണ് മുനിസിപ്പാലിറ്റി പരിധിയിലുള്ളത്. മുൻപുള്ള ഓഡിറ്റ് റിപ്പോർട്ടുകളിൽ ആവർത്തിച്ച് അപാകം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടും എല്ലാ മൊബൈൽ കമ്മ്യൂണിക്കേഷൻ ടവറുകളെയും കണ്ടെത്തുന്നതിനും വസ്തുനികുതി ചുമത്തുന്നതിനും നഗരസഭക്ക് കഴിഞ്ഞിട്ടില്ല.

. ദേശീയ പാത -നം.66, കായംകുളം-പത്തനാപുരം റോഡ് പോലെയുള്ള പ്രധാന റോഡുകൾ കടന്ന് പോകുന്ന നഗരസഭ പ്രദേശത്ത് നിരവധി ടെലികമ്മ്യൂണിക്കേഷൻ ടവറുകൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. ഇതിൽ പലതും അനധികൃതമാണ്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 19/10/2014 ൽ പുറപ്പെടുവിച്ച സർക്കുലർ നം-40395/RC2/2014/LSGD (വിജിലൻസ് ഡിപ്പാർട്ട്മെന്റിന്റെ ശുപാർശ) പ്രകാരം അനധികൃതമൊബൈൽ ടവറുകളെ കണ്ടെത്തി വസ്തുനികുതി ചുമത്തുന്നതിന് നഗരസഭ സ്പെഷ്യൽ ഡ്രൈവ് നടത്തിയിട്ടില്ല. കെട്ടിടങ്ങൾക്ക് മുകളിൽ സ്ഥാപിക്കപ്പെട്ട ടെലികമ്മ്യൂണിക്കേഷൻ ടവറുകളെ സംബന്ധിക്കുന്ന വിവരങ്ങൾ (ടവർ സ്ഥാപിച്ചിട്ടുള്ള ആൾ ഉപയോഗപ്പെടുത്തുന്ന വിസ്തീർണ്ണം, കെട്ടിട ഉടമയുടെ വിലാസം, കമ്പനിയുടെ പേര്), സ്വകാര്യ വസ്തുവിൽ സ്ഥാപിക്കപ്പെട്ട ടെലികമ്മ്യൂണിക്കേഷൻ ടവറുകളെ സംബന്ധിക്കുന്ന വിവരങ്ങൾ (വാടക ലഭിക്കുന്ന ഉടമയുടെ പേര്, ഉപയോഗപ്പെടുത്തുന്ന വിസ്തീർണ്ണം) എന്നിവയും നഗരസഭയുടെ പക്കലില്ല. മൊബൈൽ ടവറുകൾക്ക് വസ്തുനികുതി ചുമത്താത്തത് വലിയ തോതിലുള്ള വസ്തുനികുതി ചോർച്ചക്ക് വഴിവച്ചു. നിയമാനുസൃതമായി നികുതി ചുമത്താനാവാത്തവയെ അനധികൃത നിർമ്മിതി എന്ന നിലക്ക് വസ്തുനികുതി ചുമത്തേണ്ടതാണ്. ധനകാര്യ സ്ഥിരം സമിതിയുടെ ശ്രദ്ധ ഈ വിഷയത്തിലുണ്ടാകേണ്ടതുണ്ട്. നഗരസഭ സ്വീകരിക്കുന്ന നടപടികൾ ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-20 ജീവനക്കാരുടെ തൊഴിൽ നികുതി പൂർണ്ണമായും ഈടാക്കിയില്ല

സ്ഥാപനം സൂക്ഷിക്കുന്ന രജിസ്റ്റർ പ്രകാരം ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ലാത്ത/രസീത് പോസ്റ്റിംഗ് ഇല്ലാത്ത സ്ഥാപനങ്ങളുടെ പേരും തൊഴിൽനികുതി ഈടാക്കിയിട്ടില്ലാത്ത അർദ്ധവർഷവും ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | തൊഴിൽനികുതി ഈടാക്കിയിട്ടില്ലാത്ത അർദ്ധവർഷവും |
|---|---|---|
| 1 | കയർഫെഡ് ഷോറൂം | II |
| 2 | ഹാൻവീവ് ഷോറൂം | I & II |
| 3 | മൈനർ ഇറിഗേഷൻ | II |

| | | |
|---|---|---|
| 4 | പുല്ലുകുളങ്ങര സബ്പോസ്റ്റ് ഓഫീസ് | II |
| 5 | ട്രാവൻകൂർ ഭാരത് ഗ്യാസ് | I & II |
| 6 | വെയർ ഹൌസിംഗ് കോർപ്പറേഷൻ | II |
| 7 | പെരിങ്ങാല ഗവ.എൽ.പി.എസ് | II |
| 8 | SN കോളേജ് ഓഫ് മാനേജ്മെന്റ് ആൻഡ് ടെക്നോളജി | I & II |
| 9 | സെന്റ് മേരീസ് HSS | II |
| 10 | കായംകുളം വില്ലേജ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | I & II |
| 11 | കായംകുളം വ്യാപാരി വ്യവസായി കോ-ഓപ്പറേറ്റീവ് സൊസൈറ്റി (നം-1091) | I & II |
| 12 | ഗവ ഹോമിയോ ഡിസ്പെൻസറി | II |
| 13 | SAMASTHA HI TECH LAB | I & II |
| 14 | പട്ടുറുമാൽ ടെക്സ്റ്റൈൽസ് | I & II |
| 15 | KCT, കായംകുളം | I & II |
| 16 | ഹെർക്കുലീസ് ഓട്ടോമൊബൈൽസ് | I & II |
| 17 | ശബരി ഡിസ്ട്രിബ്യൂട്ടേഴ്സ് | I & II |
| 18 | റാവിസ്, മൊബൈൽ ഷോപ്പ് | I & II |
| 19 | വൈറ്റ് പ്ലാസ ടെക്സ്റ്റൈൽസ് | I & II |
| 20 | റ്റി.റ്റി സ്റ്റീൽസ് | I & II |
| 21 | വിൻടെക് കമ്പ്യൂട്ടേഴ്സ് | I & II |
| 22 | കിംഗ് ഫുഡ് ഹോട്ടൽ | I & II |
| 23 | ഷാലിമാർ ഫർണിച്ചർ | I & II |
| 24 | അസ്പെയർ ഡെന്റൽ | I & II |

തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ രസീതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-20-1 തൊഴിൽ നികുതി- നിരവധി സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കുവാൻ അവശേഷിക്കുന്നു

തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്റർ പ്രകാരം താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി ഈടാക്കുവാനുള്ള അർദ്ധവർഷം |
|---|---|---|
| 1 | കാത്തലിക്ക് സിറിയൻ ബാങ്ക് | I |
| 2 | സിൻഡിക്കേറ്റ് ബാങ്ക് | I |
| 3 | ചേരാവള്ളി ക്ഷീരോത്പാദക സഹകരണസംഘം | I&II |
| 4 | ഈസാഫ് ബാങ്ക് | II |
| 5 | ഫെഡറൽ ബാങ്ക്, കോളേജ് ജം | I&II |
| 6 | ജെന്റിൽ മാൻ ചിറ്റ്സ് ഫണ്ട് | I&II |

| | | |
|---|---|---|
| | പ്രൈ.ലിമിറ്റഡ് | |
| 7 | ഗവ.എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | I&II |
| 8 | HDFC ലൈഫ് | I&II |
| 9 | ICICI ബാങ്ക് | I&II |
| 10 | ICL ഫിൻകോർപ്പ് | I&II |
| 11 | ഇൻഡ്യൻ ബാങ്ക് | I&II |
| 12 | ഇൻഡസ് ഇൻഡ് ബാങ്ക് | I&II |
| 13 | കണ്ണാട്ട് ഫിൻ ഗോൾഡ് | I&II |
| 14 | കായംകുളം കോ-ഓപ്പറേറ്റീവ് ബാങ്ക്, കൃഷ്ണപുരം | I |
| 15 | കായംകുളം വില്ലേജ് കോ-ഓപ്പറേറ്റീവ് ബാങ്ക് | I&II |
| 16 | കായംകുളം വ്യാപാരി വ്യവസായി കോ-ഓപ്പറേറ്റീവ് സൊസൈറ്റി | I&II |
| 17 | കേച്ചേരി ചിറ്റ്സ് പ്രൈവറ്റ് ലിമിറ്റഡ് | I |
| 18 | കീരിക്കാട് ക്ഷീരോത്പാദക സഹകരണ സംഘം | I |
| 19 | കൊശമറ്റം ഫിനാൻസ് പുതിയിടം | II |
| 20 | കൊശമറ്റം ഫിനാൻസ് കുറ്റിതെരുവ് | I&II |
| 21 | KSFE പുതിയിടം | I |
| 22 | മധുര മൈക്രോഫിനാൻസ് | I |
| 23 | മണിമുറ്റം നിധി ലിമിറ്റഡ് | I&II |
| 24 | മിനി മുത്തൂറ്റ് നിധി ലിമിറ്റഡ് | I&II |
| 25 | മുത്തൂറ്റ് ഫിൻകോർപ്പ് കായംകുളം | I&II |
| 26 | നാഷണൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് | I&II |
| 27 | ന്യൂ ഇൻഡ്യ അഷ്വറൻസ് കമ്പനി ലിമിറ്റഡ് | I&II |
| 28 | പത്തിയൂർ ഫാർമേഴ്സ് കോ-ഓപ്പറേറ്റീവ് ബാങ്ക് | I&II |
| 29 | പുല്ലുകുളങ്ങര SCB | I&II |
| 30 | പഞ്ചാബാ നാഷണൽ ബാങ്ക് | II |
| 31 | റിലയൻസ് ജിയോ ഇൻഷ്വറൻസ് | I&II |
| 32 | റിലയൻസ് ജിയോ റീറ്റെയിൽ | I&II |
| 33 | IIFL | II |
| 34 | SBI കുറ്റിതെരുവ് | I |
| 35 | SBI കായംകുളം | II |
| 36 | SBI PBB കായംകുളം | I&II |
| 37 | ശ്രീ ഗോകുലം ചിട്ടി ഫണ്ട് | I&II |
| 38 | ശ്രീറാം ട്രാൻസ്പോർട്ട് ഫിനാൻസ് | II |
| 39 | TMB | I |
| 40 | യൂണിമണി ഫിനാൻഷ്യൽ സർവ്വീസസ് | I&II |

| | | |
|---|---|---|
| 41 | യുണൈറ്റഡ് ഇൻഡ്യ ഇൻഷുറൻസ് കമ്പനി | I&II |
| 42 | Spandana Sphoorty Financial LTD | I&II |
| 43 | ബെൽസ്റ്റാർ മൈക്രോഫിനാൻസ് കായംകുളം | II |
| 44 | ധനലക്ഷ്മി ഹയർ പർച്ചേസ് ആൻഡ് ലീസിംഗ് ലിമിറ്റഡ് | II |
| 45 | IOB | I& II |

തൊഴിൽ നികുതി ഈടാക്കിയിട്ടുള്ള പക്ഷം രസീതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം തൊഴിൽ നികുതി പിഴ പലിശ സഹിതം ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-20-2 പുതിയതായി ആരംഭിക്കുന്ന സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരെ തൊഴിൽ നികുതി ചുമത്തുന്നില്ല

1994 ലെ കേരള പഞ്ചയത്ത് രാജ് നിയമം വകുപ്പ് 204, 205 വകുപ്പുകൾ അവയുടെ കീഴിൽ ഉണ്ടാക്കിയ 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ അമ്പത് ദിവസത്തിൽ കുറയാതെ ബിസിനസ് നടത്തുന്നവരോ തൊഴിലിൽ ഏർപ്പെടുന്നവരോ ആയ ഏതൊരു സ്ഥാപനം/വ്യക്തിയിൽ നിന്നും ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം അവരുടെ ആദായം അല്ലെങ്കിൽ വിറ്റുവരവ് ആസ്പദമാക്കി ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ചുമത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് ഈ ഇനത്തിൽ ലഭിക്കാവുന്ന മുഴുവൻ തൊഴിൽ നികുതി വരുമാനവും ഈടാക്കുന്നതിന് ശ്രമിക്കുന്നില്ല. പുതിയതായി ആരംഭിച്ചിട്ടുള്ള നിരവധി സ്ഥാപനങ്ങളിലെ ജീവനക്കാരെ തൊഴിൽ നികുതി ചുമത്തുന്നതിന് ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. സ്ഥാപനങ്ങളുടെ പേരുകൾ ചുവടെ ചേർക്കുന്നു.

1) ഭാരത് ലജന മൾട്ടിസ്റ്റേറ്റ് ഹൌസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്

2) സെൻട്രൽ ഫിനാൻഷ്യൽ ക്രഡിറ്റ് ആന്റ് ഇൻവെസ്റ്റ്മെന്റ് കോ-ഓപ്പറേറ്റീവ് (ഇന്ത്യ)ലിമിറ്റഡ്

3) നെക്സ (സായി സർവ്വീസ്)

4) ട്രെൻഡ്സ്, കായംകുളം

5) എസ്.വി സിനിമാസ്, കായംകുളം

6) NCS ടാറ്റ, കായംകുളം

## 1-20-3 ആധാരം എഴുത്തുകാർക്ക് തൊഴിൽ നികുതി ചുമത്തുന്നില്ല

കായംകുളം സബ് രജിസ്ട്രാർ ഓഫീസിനോട് ചേർന്ന് നിരവധി ആധാരം എഴുത്ത് ഓഫീസുകൾ സ്ഥിതി ചെയ്യുന്നുണ്ട്. എന്നാൽ ഈ ആധാരം എഴുത്ത് ഓഫീസുകളിൽ ജോലി ചെയ്യുന്നവരെ (Document Writers & Staff)തൊഴിൽ നികുതി ചുമത്തുന്നതിന് നഗരസഭക്ക് കഴിഞ്ഞിട്ടില്ല. ആധാരം എഴുതുന്നതിന് രജിസ്ട്രേഷൻ നേടി ജോലി ചെയ്യുന്ന എല്ലാവരിൽ നിന്നും തൊഴിൽ നികുതി ഡിമാൻഡ് ചെയ്തീടാക്കേണ്ടതാണ്.

## 1-21 സ്വകാര്യമാർക്കറ്റുകളുടെ പ്രവർത്തനം സംബന്ധിച്ച്

നഗരസഭയിൽ കാക്കനാട് ഭാഗത്ത് കായംകുളം-തിരുവല്ല റോഡിന് സമീപത്തായി ഒരു സ്വകാര്യ മാർക്കറ്റ് പ്രവർത്തിച്ച് വരുന്നതായി കാണുന്നു. ഓഡിറ്റ് നടത്തിയ അന്വേഷണത്തിൽ നിന്നും ടി സ്വകാര്യമാർക്കറ്റ് ലൈസൻസ് കൂടാതെയാണ് പ്രവർത്തിയ്ക്കുന്നത് എന്ന് മനസ്സിലാക്കാൻ സാധിച്ചു. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം.25/16.02.23 നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല.കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 460 (1) പ്രകാരം മുനിസിപ്പാലിറ്റിയിൽ നിന്നും ലൈസൻസ് കൂടാതെ യാതൊരാളും ഒരു മാർക്കറ്റ് തുറക്കുകയോ തുടർന്ന് നടത്തുകയോ ചെയ്യാൻ പാടുള്ളതല്ല. ടി മാർക്കറ്റ് എത്ര കാലമായി പ്രവർത്തിയ്ക്കുന്നു എന്നത് വ്യക്തമല്ല. മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 462 പ്രകാരം ലൈസൻസില്ലാതെ യാതൊരാളും സ്വകാര്യമാർക്കറ്റിൽ യാതൊരു വിധ സാധനങ്ങളും വിൽക്കാനോ വിൽക്കാനായി തുറന്ന് വെയ്ക്കാനോ ചെയ്യാൻ പാടില്ലാത്തതാകുന്നു. എന്നാൽ നിരവധി പച്ചക്കറി കച്ചവടക്കാരും മത്സ്യ കച്ചവടക്കാരും, മറ്റനവധി കച്ചവടക്കാരും ഉള്ള ടി മാർക്കറ്റിൽ നിന്നും ആരും ലൈസൻസ് എടുത്തതായി കാണുന്നില്ല. സ്വകാര്യമാർക്കറ്റിന്റെ ലൈസൻസിനത്തിലും,അതിലെ കച്ചവടക്കാരുടെ ലൈസൻസിനത്തിലുമായി നഗരസഭയുടെ വരുമാനത്തിൽ വലിയ നഷ്ടമാണുണ്ടാവുന്നത്. മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 461,458,460 പ്രകാരം ലൈസൻസിന്

മുൻവർഷം ആ മാർക്കറ്റിൽ നിന്നും ഉടമസ്ഥന് കിട്ടിയ മൊത്തം ആദായത്തിന്റെ 33 1/3 ശതമാനത്തിൽ കവിയാതെയുള്ള ഫീസ് ചുമത്താവുന്നതോ സെക്ഷൻ 461 (1മുതൽ സി വരെ) പ്രകാരമോ ലൈസൻസ് ഫീസ് ഈടാക്കാവുന്നതാണ്. ടി യാളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കാനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്. ടി സ്വകാര്യമാർക്കറ്റിന്റെ ഉടമസ്ഥൻ/ഉടമസ്ഥർ ലൈസൻസെടുക്കാത്ത പക്ഷം മുനിസിപ്പാലിറ്റി ആക്ട് സെ.466 പ്രകാരം സെക്രട്ടറിയ്ക്കോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ ലൈസൻസിന് വേണ്ടി അപേക്ഷിയ്ക്കപ്പെടാത്തതോ, സസ്പെന്റ് ചെയ്യപ്പെട്ടതോ, ലൈസൻസ് നിഷേധിയ്ക്കപ്പെട്ടതോ ആയതും ടി ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രവർത്തിയ്ക്കുന്നതുമായ ഏതൊരു സ്വകാര്യമാർക്കറ്റും അടച്ചിടാവുന്നതുമാണ്. ടി മാർക്കറ്റ് ലൈസൻസെടുക്കാതെ തുടരുന്ന പക്ഷം ഉചിതമായ നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്. ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ഈ വിഷയത്തിലുണ്ടാവേണ്ടതാണ്.

2) നഗരസഭയിൽ റ്റി.എ.ആമിന, ആയിരത്ത് എന്നയാളുടെ ഉടമസ്ഥതയിൽ പ്രവർത്തിയ്ക്കുന്ന സ്വകാര്യമാർക്കറ്റിന്റെ 2020-21,2021-22 വർഷത്തെ ലൈസൻസ് ഫീസ് അടയ്ക്കാനും, 2022-23 വർഷത്തെ ലൈസൻസ് പുതുക്കാനും നഗരസഭാ സെക്രട്ടറി R4-4625/20/12-12-22 നം. നോട്ടീസ് നൽകിയിരുന്നു. എന്നാൽ ടി യാൾ ട്രൈബ്യൂണൽ ഫോർ ലോക്കൽ സെൽഫ് ഗവൺമെന്റ് ഇൻസ്റ്റിറ്റ്യൂഷൻസിൽ നിന്നും ടി നോട്ടീസിനെതിരെ സ്റ്റേ ഉത്തരവ് വാങ്ങിയിരുന്നു(I.A No 131/2023 IN APPEAL NO 50/2023). ടി ഉത്തരവിൻ മേൽ സ്വീകരിച്ച തുടർനടപടികളെന്തൊക്കെയെന്ന് വ്യക്തമാക്കാനും, ടി സ്ഥാപനം ലൈസൻസില്ലാതെയാണോ ഇപ്പോഴും പ്രവർത്തിയ്ക്കുന്നതെന്ന വിവരങ്ങളറിയാനും ആവശ്യപ്പെട്ട് നൽകിയ മേൽ ഓഡിറ്റ് അന്വേഷണം നം.25/16.02.23 ന് ലഭ്യമാക്കിയ മറുപടിയിൽ ടി യാൾ ഫയൽ ചെയ്ത കേസിന്റെ വിചാരണയ്ക്കായി സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സ് ഫയൽ ചെയ്തിട്ടുള്ളതാണെന്നും, ടി യാൾ ലൈസൻസ് പുതുക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണെന്നും അനുബന്ധ രേഖകൾ ഇല്ലാത്തതിനാൽ ലൈസൻസ് പുതുക്കി നൽകിയിട്ടില്ലെന്നും നിലവിൽ ലൈസൻസില്ലാതെയാണ് ടി സ്ഥാപനം പ്രവർത്തിയ്ക്കുന്നതെന്നുമാണ് അറിയിച്ചിരിയ്ക്കുന്നത്. കോടതി വിധി ലഭ്യമാകുന്നതനുസരിച്ച് ടി സ്ഥാപനത്തിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്

## 1-22 അനധികൃതമായി പ്രവർത്തിയ്ക്കുന്ന ടാക്സി സ്റ്റാൻഡുകളും-സ്വകാര്യ വണ്ടിതാവളങ്ങളും

മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 472 പ്രകാരം മുനിസിപ്പാലിറ്റിയ്ക്ക് സർക്കാർ മാർഗ്ഗനിർദ്ദേശാനുസരണം പൊതുവായ ഇറക്ക സ്ഥലങ്ങളോ വിരാമസ്ഥലങ്ങളോ വണ്ടിത്താവളങ്ങളോ ഉണ്ടാക്കിവെയ്ക്കുകയോ ഏർപ്പെടുത്തിവെയ്ക്കുകയോ അതിന് ഫീസ് ഈടാക്കുകയോ ചെയ്യാവുന്നതാണ്. എന്നാൽ മുനിസിപ്പൽ ഓഫീസിന് സമീപമുള്ള നഗരസഭാ ഷോപ്പിംഗ് കോംപ്ലക്സിൽ പ്രവർത്തിയ്ക്കുന്ന ടാക്സി സ്റ്റാൻഡ് ലേലം ചെയത് നൽകുകകയോ ഫീസ് ഈടാക്കുകയോ ചെയ്തതായി കാണുന്നില്ല. ടി ടാക്സി സ്റ്റാൻഡ് നഗരസഭയുടെ അംഗീകാരത്തോടെയാണോ പ്രവർത്തിയ്ക്കുന്നതെന്നും ടി ടാക്സി സ്റ്റാൻഡ് ലേലം ചെയ്ത് നൽകുകയോ ഫീസീടാക്കുകയോ ചെയ്യുന്നുണ്ടോ എന്നും നഗരസഭയുടെ അധീനതയിൽ പ്രവർത്തിയ്ക്കുന്ന ടാക്സി സ്റ്റാൻഡുകൾ ലേലം ചെയ്ത് നൽകിയിട്ടുണ്ട് എന്നുള്ള വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 26/17.02.23 ന് മറുപടി ലഭ്യമാക്കിയില്ല. നഗരസഭയുടെ അധീനതയിലുള്ള ടാക്സി സ്റ്റാൻഡുകൾ ലേലം ചെയ്ത് നൽകുകയോ അവയിൽ നിന്നും ഫീസിടാക്കാനുള്ള നടപടികളോ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഫീസിടാക്കാതെ അനധികൃതമായി പ്രവർത്തിയ്ക്കുന്ന ടാക്സി സ്റ്റാൻഡുകൾക്കെതിരെ നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 475 പ്രകാരം നഗരസഭയിൽ നിന്നുമുള്ള ലൈസൻസ് കൂടാതെ ഒരു സ്വകാര്യ വണ്ടി താവളവും പ്രവർത്തിയ്ക്കാൻ പാടുള്ളതല്ല. മാത്രമല്ല ടി ആക്ട് സെക്ഷൻ (5) പ്രകാരം ഏതൊരു ലൈസൻസിനും പ്രതിവർഷം 3,000 രൂപയിൽ കവിയാത്ത ഫീസ് ഈടാക്കാവുന്നതുമാണ്. ഇപ്രകാരം ഫീസീടാക്കി പ്രവർത്തിയ്ക്കുന്ന സ്വകാര്യ വണ്ടിത്താവളങ്ങളുടെ വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.26/17.02.23 ന് മറുപടി ലഭ്യമാക്കിയില്ല. അനധികൃതമായി പ്രവർത്തിയ്ക്കുന്ന വണ്ടിത്താവളങ്ങളിൽ നിന്നും ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-23 സസ്യമാർക്കറ്റ് കെട്ടിടം- ബാദ്ധ്യതയ്ക്ക് ശമനമില്ല, നിർമ്മാണത്തിലും ആസൂത്രണത്തിലും ജാഗ്രതാ രാഹിത്യം, നയതീരുമാനങ്ങളിൽ കാലവിളംബവും പാളിച്ചകളും

കായംകുളം നഗരസഭയിൽ പൊതുമാർക്കറ്റിന്റെ ഹൃദയഭാഗത്ത് സ്ഥിതി ചെയ്തിരുന്ന പഴയ സസ്യമാർക്കറ്റ് കെട്ടിടം പൊളിച്ച് പുതിയ കെട്ടിടം നിർമ്മിക്കാൻ നഗരസഭ ശ്രമമാരംഭിച്ചത് രണ്ട് പതിറ്റാണ്ടോളം മുൻപാണ്. നാശോൻമുഖമായ ആ പഴയകെട്ടിടത്തിൽ നിന്ന് വാടകകരാറുകാരെ ഒഴിപ്പിക്കുന്നത് മുതൽ പുതിയ കെട്ടിടനിർമ്മാണവും അതിലെ കടമുറികൾ വാടകയ്ക്ക് നൽകുന്നതും വരെ സമഗ്രമായ ആസൂത്രണത്തിന്റെ അഭാവവും ജാഗ്രതാരാഹിത്യവും നയതീരുമാനങ്ങൾ കൈക്കൊള്ളുന്നതിലെ മെല്ലെപ്പോക്കും പ്രകടമാണ്. 2018 ൽ സിവിൽവർക്കുകൾ പൂർത്തിയാക്കി ഒക്കുപ്പൻസി അനുവദിക്കപ്പെട്ട കെട്ടിടത്തിലെ ഭൂരിഭാഗം കടമുറികളും വാടകയ്ക്ക് നൽകാനാവാതെ തുടരുകയാണ്. വിവിധ കോടതി വ്യവഹാരങ്ങൾ നിമിത്തം വാടകയ്ക്ക് നൽകപ്പെട്ടവയുടെ പോലും വാടക ലഭിക്കാത്ത അവസ്ഥയിലുമാണ്.

സുദീർഘമായ ചർച്ചകൾക്കും കൂടിയാലോചനകൾക്കും ശേഷം 2009 ലാണ് വാടകക്കാരെ ഒഴിപ്പിച്ചതും 2010 ൽ പഴയകെട്ടിടം പൊളിച്ച് നീക്കിയതും . ജയിംസ് കാപ്പൻ & അസോസിയേറ്റ്സ് സമർപ്പിച്ച 5.49 കോടി എസ്റ്റിമേറ്റിട്ട പ്ലാൻ 2.7.2012 ലാണ് നഗരസഭാകൗൺസിൽ അംഗീകരിക്കുന്നത്. എന്നാൽ നടപടികൾ പുരോഗമിച്ചില്ല. തുടർന്ന് ഇതേസ്ഥാപനം തന്നെ 7.12 കോടി എസ്ററിമേറ്റിൽ തയ്യാറാക്കിയ പ്ലാൻ 9.6.2014 കൗൺസിൽ അംഗീകരിക്കുകയും ധ്രുതഗതിയിൽ തുടർനടപടികൾ ആരംഭിക്കുകയും ചെയ്തു. ചീഫ് എൻജിനീയറുടെ സാങ്കേതികാനുമതി 13.10.14ൽ ലഭിച്ച ഈ പ്രോജക്ടിനായി കേരള അർബൻ ആന്റ് റൂറൽ ഡവലപ്പ്മന്റ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്ന് 6.408 കോടി രൂപ വായ്പയെടുക്കുവാൻ 21.1.2015 ൽ നഗരസഭ തീരുമാനിച്ചു. ഇതിന് സ.ഉ.(സാധാ)നം.1232/2015തസ്വഭവ തീയതി 24.4.2015 വഴി സർക്കാരിന്റെ അംഗീകാരവും ലഭിച്ചു.

തുടർന്ന് വായ്പ ലഭ്യത ഉറപ്പിച്ചശേഷം 7.12 കോടിരൂപ അടങ്കൽ നിശ്ചയിച്ച് കൊണ്ട് ടെന്റർ നടപടികൾ ആരംഭിക്കാൻ നഗരസഭ കൗൺസിൽ 8.7.2015 ൽ തീരുമാനമെടുത്തു. ഇതിന്റെ ആദ്യടെന്റർ നടപടികൾ പൂർത്തിയാക്കി 13.8.2015 ൽ തുറന്നെങ്കിലും നടപടിക്രമത്തിലെ സാങ്കേതികപ്പിഴവുകൾ നിമിത്തം ടെന്റർ റദ്ദ് ചെയ്ത് പുനർടെന്റർ ക്ഷണിക്കുവാൻ നഗരസഭ 31.12.2015ൽ തീരുമാനിക്കുകയും തുടർന്ന് എസ്റ്റിമേറ്റിൽ നിന്ന് 3.1 ശതമാനം കുറവ് ക്വാട്ട് ചെയ്ത ശ്രീ . അബ്ദുൾവാഹിദിന്റെ ടെന്റർ 1.3.2016 ൽ കൗൺസിൽ അംഗീകരിക്കുകയും ചെയ്തു.

രണ്ട് വർഷത്തിനുള്ളിൽ പണി പൂർത്തിയാക്കാനാണ് കരാറിൽ വ്യവസ്ഥ ചെയ്തത്. വലിയ കാലതാമസം കൂടാതെ 2018 ഡിസംബറോടെ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയായി. കെട്ടിടത്തിന് ഒക്കുപ്പൻസി അനുവദിച്ച് കൊണ്ട് വാടകയ്ക്ക് നൽകുന്നതുൾപ്പടെയുള്ള നടപടികൾ തുടങ്ങാവുന്നതാണെന്ന് 16.12.2018 ൽ മുനിസിപ്പൽ എൻജിനീയർ ഫയലിൽ രേഖപ്പെടുത്തി.

കെട്ടിട നിർമ്മാണപ്രവൃത്തികൾക്ക് (സിവിൽ വർക്ക്) 5.95 കോടിരൂപയാണ് ചെലവായത്. ഇക്കാലയളവിൽ 3.94 കോടി രൂപ വായ്പയായി കെ.യു.ആർ.ഡി.എഫ്.സിയിൽ നിന്ന് ലഭിച്ചു. മേൽപ്പറഞ്ഞ ചെലവിന് പുറമേ 19.2.2019 ൽ ആരംഭിച്ച് 03.09.2019 ൽ പൂർത്തിയായതും പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗത്തിന്റെ മേൽനോട്ടത്തിൽ നടന്നതുമായ കെട്ടിടത്തിന്റെ ഇലക്ട്രിഫിക്കേഷനായി 30.35 ലക്ഷം രൂപയുടെ പ്രവൃത്തി കൂടി ഇതുവരെ നടത്തപ്പെട്ടിട്ടുണ്ട് ഇതിൽ 20.41ലക്ഷം രൂപ 2019-20 ൽ നൽകി 9.94 ലക്ഷം രൂപയുടെ നൽകാൻ ബാക്കിയാണ്. ഇപ്രകാരം ഇതുവരെ 6.15 കോടിരൂപ സസ്യമാർക്കറ്റ് കെട്ടിടത്തിനായി നഗരസഭ ചെലവഴിക്കപ്പെട്ടിട്ടുണ്ട്. 9.94 ലക്ഷം രൂപയുടെ ബാദ്ധ്യത നിൽക്കുന്നു. ഇതുവരെ (2023 ഫെബ്രുവരി) 4.74 കോടിരൂപ വായ്പയായും ലഭിച്ചു .

വാർഡ് 9 ൽ സ്ഥിതിചെയ്യുന്ന ഈ കെട്ടിടത്തിന്റെ താഴത്തെ നിലയിൽ (തറനില) 34മുറികളും ഒന്നാം നിലയിൽ 28 മുറികളും രണ്ടാം നിലയിൽ 3 ഹാളുകളും ആണ് ഉള്ളത്. ഇവയ്ക്ക് 766 മുതൽ 830 വരെ നമ്പർ നൽകിയിട്ടുണ്ട്. ഇത് കൂടാതെ രണ്ട് സ്റ്റെയറുകൾക്ക് താഴെയുള്ള ഭാഗം ചെറിയ മുറിയായി മാറ്റി 956,957 എന്നീ നമ്പരുകളും നൽകിയിരിക്കുന്നു. ഓരോനിലയ്ക്കും 923.22 ച.മി വീതം കെട്ടിടത്തിനാകെ 2769.66ച.മി തറവിസ്തീർണ്ണമുണ്ട്.

ഇതുവരെ (2023ഫെബ്രുവരി15)കെ.യു.ആർ.ഡി.എഫ്.സിയിൽ നിന്ന് ലഭിച്ച വായ്പയായ 47379015 രൂപയിൽ 2.94 കോടി രൂപ തിരിച്ചടച്ചിട്ടുണ്ട് 1.796 കോടി രൂപ തിരിച്ചടയ്ക്കാൻ ബാക്കി നിൽക്കുന്നു. ഇതുവരെ പലിശയിനത്തിൽ 1.57 കോടിരൂപയും കെ.യു.ആർ.ഡി.എഫ്.സിക്ക് അടച്ചു. പാദവാർഷികമായി 1692110രൂപയാണ് മുതലിനത്തിൽ ഒടുക്കിവരുന്നത്. 2021-22 ൽ പലിശ 27.93 ലക്ഷംരൂപയും മുതൽ 67.68 ലക്ഷം രൂപയും കെ.യു.ആർ.ഡി.എഫ്.സിയിൽ അടക്കുകയുണ്ടായി.

നിലവിലെ സ്ഥിതി

സസ്യമാർക്കറ്റ് കെട്ടിടത്തിൽ നിലവിലുള്ള 67 മുറികളിൽ താഴത്തെ നിലയിൽ 13 കടമുറികളും ഒന്നാം നിലയിൽ ഒരുകടമുറിയും മാത്രമാണ് വാടകക്കാർ ഏറ്റെടുത്തിട്ടുള്ളത് . ഇതിൽ തന്നെ സ്റ്റെയറിന് താഴെയായുള്ള രണ്ട് മുറികൾ ഒഴികെ ഒന്നിനും വാടക ലഭിക്കുന്നില്ല. വാടകയ്ക്ക് നൽകപ്പെട്ട പതിമൂന്നിൽ ഒൻപതെണ്ണം പഴയ സസ്യമാർക്കറ്റിൽ വ്യാപാരം ചെയ്തിരുന്നവരും അത് പൊളിച്ച് നീക്കിയപ്പോൾ നഗരസഭയുമായി കരാർ വച്ച് ഒഴിഞ്ഞ് പോയവരും ആയവർക്ക് പുനരധിവാസം എന്നനിലയിൽ അനുവദിക്കപ്പെട്ടതാണ്. ഇതിൽ കടമുറി നം.768 (20 ലക്ഷം രൂപ )776, 782 (11 ലക്ഷം രൂപ വീതം), 790, 800(10 ലക്ഷം രൂപ വീതം) എന്നിവയുടെ സെക്യൂരിറ്റി ഡപ്പോസിറ്റ് പൂർണ്ണമായി ലഭിച്ചിട്ടുണ്ട്. 769,773, 779, 781, കടമുറികളുടെ സെക്യൂരിറ്റി ഡപ്പോസിറ്റ് ഭാഗികമായി മാത്രമേ അടച്ചിട്ടുള്ളൂ. ലേലത്തിൽ പോയ 775, 788,789 നമ്പർ കടമുറികളിൽ 788 ന്റെസെക്യൂരിറ്റി ഡപ്പോസിറ്റായ 18.1 രൂപയിൽ 9.3 ലക്ഷം മാത്രമാണ് ഒടുക്കിയത്. പഴയ സസ്യമാർക്കറ്റ് കെട്ടിടത്തിലെ ലൈസൻസികൾ ആയിരുന്നവർക്ക് പുതിയ കെട്ടിടത്തിൽ മുറികൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് കായംകുളം മുനിസിഫ് കോടതിയിലും ബഹു. കേരള ഹൈക്കോടതിയിലും നിലനിൽക്കുന്ന വിവിധ കേസുകൾ നിമിത്തമാണ് വാടക പിരിച്ചെടുക്കാൻ കഴിയാത്തതെന്ന് നഗരസഭ വ്യക്തമാക്കി. സസ്യമാർക്കറ്റ് കെട്ടിടത്തിന്റെ വടക്ക് വശത്തുള്ള താൽക്കാലിക ഷെഡുകൾ പൊളിച്ച് നീക്കുന്നതിനും ഹൈക്കോടതിയുടെ സ്റ്റേ നിലവിലുണ്ട്.

കെട്ടിടത്തിന്റെ വൈദ്യുതീകരണത്തിനാവശ്യമായ സംവിധാനം കെട്ടിടത്തിൽ ഒരുക്കിയിട്ടുണ്ടെങ്കിലും പുതിയ

ട്രാൻസ്ഫോർമർ സ്ഥാപിച്ച് വൈദ്യുതി ബന്ധം സ്ഥാപിക്കുന്നതിനുള്ള നടപടികൾ കെ.എസ്.ഇ.ബിയുടെ ഭാഗത്ത് നിന്ന് പൂർത്തിയായിട്ടില്ല. ഇതിനായി പണമൊന്നും കെ.എസ്.ഇ.ബിക്ക് കൈമാറിയിട്ടുമില്ല.

നിലവിൽ കെട്ടിടത്തിന്റെ മുകൾഭാഗത്ത് ടൈലുകൾ ഇളകിയും ചെറുവൃക്ഷങ്ങൾ കിളിർത്തും ശൗചാലയങ്ങൾ മലീമസമായ അവസ്ഥയിലും സ്ഥിതിചെയ്യുന്നു. ഒന്നാം നിലയിൽ വൈദ്യുത മീറ്ററുകൾ അടക്കമുള്ളവയ്ക്കായി സ്ഥാപിച്ചിരിക്കുന്ന ഇലക്ട്രിക്കൽ സംവിധാനത്തിന് മുകളിലേക്ക് രണ്ടാം നിലയിൽ നിന്ന് വെള്ളം ഒലിച്ചിറങ്ങും വിധം ജലനിർഗ്ഗമന പൈപ്പുകൾ തകർന്നിട്ടുമുണ്ട്. തറനിലയിലെ മെയിൻസ്വിച്ച് അടക്കമുള്ള ഇലക്ട്രിക്കൽ സംവിധാനങ്ങൾ സ്ഥിതി ചെയ്യുന്നത് സ്റ്റെയറിന് താഴെയായാണ്. ഈ ഭാഗമാണ് പ്രത്യേകമുറിയായി തിരിച്ച് വാടകയ്ക്ക് നൽകിയിട്ടുള്ളത്. ഈ ഭാഗം അടഞ്ഞ് കിടക്കുന്ന അവസരത്തിൽ ഈ ഉപകരണങ്ങൾക്ക് അടുത്തേക്കുള്ള പ്രവേശനം അസാദ്ധ്യമായിമാറും. ഇത് അപകടസാദ്ധ്യത ഉയർത്തുന്നു.

ഫലത്തിൽ 4.74 കോടി രൂപ കടമെടുത്ത് നഗരസഭ നിർമ്മിച്ച ഈ കെട്ടിടം ഒരു വരുമാന സ്രോതസ്സായി മാറ്റാൻ സിവിൽ വർക്കുകൾ പൂർത്തിയായി നാല് വർഷത്തിന് ശേഷവും നഗരസഭക്ക് കഴിഞ്ഞിട്ടില്ല. നിലവിൽ പ്രതിവർഷം വലിയ സാമ്പത്തിക ബാദ്ധ്യതയാണ് ഇത് നഗരസഭയ്ക്ക് വരുത്തിക്കൊണ്ടിരിക്കുന്നത്. വായ്പയെടുത്ത് ആസ്തിരൂപീകരണം നടത്തുന്ന നഗരസഭകൾ വായ്പ തിരിച്ചടവിനുള്ള പണം പ്രസ്തുത നിർമ്മിതിയിൽ നിന്ന് സ്വരൂപിക്കണമെന്നുള്ള സർക്കാർ നിർദ്ദേശത്തിന്റെ (സ.ഉ.(അ) നം. 149/09 തസ്വഭവ തീയതി 29.07.2009 ഖ 2-4) അന്തസത്ത കൂടിയാണ് ഇവിടെ ചോദ്യം ചെയ്യപ്പെട്ടത്. വായ്പ പലിശ തിരിച്ചടക്കാനുള്ള വരുമാനം പോലും പ്രദാനം ചെയ്യാൻ സസ്യമാർക്കറ്റ് കെട്ടിടത്തിന് കഴിയാത്തത് തനത് ഫണ്ടിന്മേൽ ഏൽപ്പിക്കുന്ന ബാദ്ധ്യത കനത്തതാണ്. നിലവിൽ ചെറുതല്ലാത്ത അറ്റകുറ്റപ്പണികളും ഈ കെട്ടിടത്തിന് ആവശ്യമായി വന്നിട്ടുണ്ട്.

നിലവിലെ സ്ഥിതിയുടെ കാരണങ്ങൾ

സസ്യമാർക്കറ്റ് കെട്ടിടം നഗരസഭയ്ക്ക് വലിയ സാമ്പത്തിക ബാദ്ധ്യതയായി മാറിയതിൽ നിർമ്മാണത്തിലെ അപാകങ്ങൾ മുതൽ സമയബന്ധിത പ്രവർത്തനത്തിന്റെ അഭാവം വരെ നിരവധി കാരണങ്ങൾ ഉണ്ട്.

എ) നിർമ്മാണത്തിലെ പ്രശ്നങ്ങളും ദീർഘവീക്ഷണത്തിന്റെ അഭാവവും

സസ്യമാർക്കറ്റ് കെട്ടിടത്തിന്റെ ആകെ തറവിസ്തീർണ്ണം 2769.66ച.മി ആണ്. 1000 ച.മിൽ അധികം തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് അഗ്നി സുരക്ഷാ വകുപ്പിന്റെ നിരാക്ഷേപ സാക്ഷ്യപത്രം അനിവാര്യമാണെന്ന് കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങൾ 2019 ചട്ടം 5(12)വ്യവസ്ഥചെയ്യുന്നു. പുതിയ ചട്ടങ്ങൾ വരുംമുൻപ് നിലവിലുണ്ടായിരുന്ന ചട്ടങ്ങളിലും സമാനവ്യവസ്ഥകൾ ഉണ്ട്. കൂടാതെ ചട്ടം35(5) തറനിരപ്പിൽ നിന്ന് 2 നിലകളിൽ അധികം ഉയരമുള്ള കെട്ടിടത്തിന് അഗ്നിസുരക്ഷാ ഗോവണി ഉണ്ടായിരിക്കണം എന്ന് നിഷ്കർഷിക്കുന്നു. എന്നാൽ മൂന്ന് നിലകളുള്ള ഈ കെട്ടിടത്തിന് അഗ്നിസുരക്ഷാ ഗോവണിയുടെ മാനദണ്ഡങ്ങൾ പാലിക്കുന്ന ഒരു ഗോവണിപോലുമില്ല. ഇക്കാര്യം നഗരസഭ കൗൺസിലർമാരിൽ ചിലർ തന്നെ അഗ്നിസുരക്ഷ വകുപ്പിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നതായി ഫയലിൽ കാണുന്നു. അതായത് ഈ വിഷയം ശ്രദ്ധയിൽ വന്നശേഷവും അടിയന്തിര പരിഹാരം കാണാനുതകുന്ന നടപടികൾ നഗരസഭയിൽ നിന്ന് ഉണ്ടായില്ല.

സസ്യമാർക്കറ്റ് കെട്ടിടത്തിന്റെ സിവിൽ വർക്കുകൾ പൂർത്തിയായി ഒക്കുപ്പൻസി അനുവദിക്കപ്പെട്ട 16.12.2018 ന് ശേഷം വീണ്ടും രണ്ട് മാസങ്ങൾ കഴിഞ്ഞ് 19.2.2019 ൽ മാത്രമാണ് ഇലക്ട്രിക് സംവിധാനങ്ങളുടെ വർക്കുകൾ ആരംഭിക്കുന്നത്. ഇത് 3.9.19 ൽ പൂർത്തിയായതായും എം.ബുക്ക് നം. 238/2018-19 ൽ നിന്ന് വ്യക്തമാകുന്നു. എന്നാൽ ഇതുവരെ വൈദ്യുതി കണക്ഷൻ ലഭ്യമാക്കാനോ ജലലഭ്യത ഉറപ്പ് വരുത്തുവാനോ നഗരസഭക്ക് കഴിഞ്ഞിട്ടില്ല. രണ്ടാം നിലയിൽ മൂന്ന് ഹാളുകൾ മാത്രമാണ് ഉള്ളത്. ലിഫ്റ്റ് സംവിധാനമില്ലാത്ത ഈ കെട്ടിടത്തിൽ ഗോഡൗൺ പോലുള്ള ആവശ്യങ്ങൾക്ക് ഇത് ഉപയോഗിക്കാനാവില്ലെന്നിരിക്കെ, ഓഫീസുകളോ ധനകാര്യസ്ഥാപനങ്ങളോ നിരന്തരം ട്രാഫിക് തടസ്സം ഉണ്ടാകുന്നതും വലിയ ചരക്ക് വാഹനങ്ങൾ പാർക്കിംഗ് സ്ഥലം കൈയ്യടക്കുന്നതുമായ ഇവിടെ പ്രവർത്തിക്കുക സാദ്ധ്യമല്ലെന്നിരിക്കെ, ഈ നിലയുടെ നിർമ്മാണം കൊണ്ട് നഗരസഭ എന്താണ് അർത്ഥമാക്കുന്നത് എന്ന് വ്യക്തമല്ല. ഈ ഹാളുകൾക്ക് കതകുകളോ ജനൽപാളികളോ പിടിപ്പിച്ച് ബന്ദവസ്സാക്കിയിട്ടുമില്ല.

ദീർഘവീക്ഷണത്തിന്റേയും ആസൂത്രണത്തിന്റേയും അഭാവമാണ് ഇതിലെല്ലാം നിഴലിച്ച് നിൽക്കുന്നത്.

ബി) തീരുമാനമെടുക്കുന്നതിലെ കാലതാമസം

നഗരസഭകൗൺസിലും ധനകാര്യസ്ഥിരം സമിതിയും തീരുമാനങ്ങൾ എടുക്കുന്നതിൽ വരുത്തിയ കാലവിളംബം കെട്ടിടത്തിലെ കടമുറികളുടെ വാടകയ്ക്ക് നൽകലിനെ കാര്യമായി ബാധിച്ചു. 16.12.2018 ൽ ഒക്കുപ്പൻസി ലഭിച്ച കെട്ടിടത്തിന്റെ കടമുറികൾ ലേലം അഥവ പുനരധിവാസത്തിന് നൽകാൻ നഗരസഭ തീരുമാനിക്കുന്നത് 27.8.2020 ൽ മാത്രമാണ്. പഴയ കെട്ടിടത്തിലെ ലൈസൻസികളുമായി 2010 ൽ നഗരസഭ ഏർപ്പെട്ടിരുന്ന കരാറിന്റെ വിവരങ്ങൾ കൂടി പരിശോധിച്ച് പുനരധിവാസത്തിൽ ഒരു അഭിപ്രായഐക്യം ഉണ്ടാക്കാനാവശ്യമായ നടപടികൾ കൈക്കൊള്ളാൻപോലും ഈ രണ്ട് വർഷം കൊണ്ട് കഴിഞ്ഞതുമില്ല. 6.3.19 ൽ ധനകാര്യസ്ഥിരം സമിതിയും 24.5.19 നഗരസഭകൗൺസിലും ഈ വിഷയം പരിഗണിച്ചെങ്കിലും തുടർന്ന് അഞ്ച് തവണയാണ് ഇരു അധികാരസ്ഥാനങ്ങളും

ഇക്കാര്യം തീരുമാനമാകാതെ മാറ്റിവച്ചത്. ഒടുവിൽ കോവിഡ് 19 മഹാമാരി പിടിമുറുക്കി ആദ്യലോക്ഡൗണം കഴിഞ്ഞ് വാണിജ്യ-വ്യാപാരരംഗങ്ങൾ വലിയ പ്രതിസന്ധി നേരിട്ട ഘട്ടത്തിലാണ് സസ്യമാർക്കറ്റ് കെട്ടിടം വാടകയ്ക്ക് നൽകാൻ നഗരസഭ തീരുമാനിക്കുന്നത്. പുതിയ സംരംഭങ്ങൾക്ക് ഏറ്റവും പ്രതികൂലമായിരുന്ന ഈ സമയത്തിലേക്ക് തീരുമാനം നീണ്ടത് വാടകയ്ക്ക് നൽകൽ പ്രക്രിയയ്ക്ക് വിലങ്ങുതടിയായും വർത്തിച്ചു.

സി)ഭീമമായ സെക്യൂരിറ്റി ഡെപ്പോസിറ്റും മുൻലൈസൻസികളുമായുള്ള ധാരണാപത്രവും

ഇലക്ട്രിഫിക്കേഷൻ ഉൾപ്പെടെ 6.25 കോടി രൂപയുടെ പ്രവത്തികളാണ് ഇതുവരെ ഈ കെട്ടിടവുമായി ബന്ധപ്പെട്ട് നടന്നിട്ടുള്ളത്. എന്നാൽ ഇതിലെ എല്ലാ കടമുറികൾക്കുമായി നഗരസഭ നിശ്ചയിച്ച സെക്യൂരിറ്റി ഡപ്പോസിറ്റ് 6.55 കോടി രൂപയാണ്. ആകെ മൂല്യത്തിലധികമായി സെക്യൂരിറ്റി ഡെപ്പോസിറ്റ് നിശ്ചയിച്ചത് യുക്തിസഹമായിരുന്നില്ല. എന്ന് മാത്രവുമല്ല പുനരധിവാസത്തിനായി മാറ്റിയതൊഴികെ ഉള്ള കടമുറികളുടെ ഡെപ്പോസിറ്റ് തുകയിൻമേൽ ലേലം നടത്തി ഉയർന്ന ഡെപ്പോസിറ്റ് നൽകുന്നവർക്ക് കടമുറി നൽകാനായിരുന്നു തീരുമാനം. വാടക പൊതുമരാമത്ത് വകുപ്പ് നിഷ്കർഷിച്ച നിരക്കിൽ മാത്രം ഈടാക്കുവാനും തീരുമാനിച്ചു. എന്നാൽ പൊതുവിപണിയിൽ പണലഭ്യത ഏറ്റവും കുറഞ്ഞിരുന്ന ഒരവസരത്തിൽ ഇത്ര ഉയർന്ന സെക്യൂരിറ്റി തുക നിശ്ചയിച്ചത് കടമുറികളുടെ കൈയ്യൊഴിയലിനെ ബാധിച്ചു എന്ന് മാത്രവുമല്ല പ്രതിമാസ വരുമാനത്തിലെ വർദ്ധനവ് ലാക്കാക്കാതെ വാടകയ്ക്ക് പകരം ഡെപ്പോസിറ്റിൻ മേൽ ലേലം നടത്താനുള്ള തീരുമാനം നഗരസഭയുടെ ബാദ്ധ്യതയെ വർദ്ധിപ്പിക്കുന്നതുമായി.

പഴയ സസ്യമാർക്കറ്റ് പൊളിച്ച് നീക്കും മുൻപ് അതിലെ ലൈസൻസികളുമായി 31.12.2007 ൽ രൂപീകൃതമായ അന്നത്തെ നഗരസഭ ചെയർമാൻ ശ്രീ നസറുള്ള അദ്ധ്യക്ഷനായ കമ്മറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നഗരസഭ ഒരുകരാറിൽ എത്തിയിരുന്നു. 31.3.2010 ൽ ഓരോ ലൈസൻസിയോടുമായി വെവ്വേറെ ചമയ്ക്കപ്പെട്ട ഈ കരാറിൽ അന്ന് അവിടെ നിലനിന്ന ലൈസൻസികൾക്ക് പുതിയ കെട്ടിടത്തിലെ ഏത് നമ്പർ മുറി നൽകുമെന്നും അതിന് എത്രയായിരിക്കും സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നും വ്യക്തമാക്കിയിരുന്നു. എന്നാൽ ഇതിന് വിപരീതമായി വളരെ ഉയർന്ന സെക്യൂരിറ്റി തുകയാണ് പുതിയ കെട്ടിടത്തിന് നിശ്ചയിക്കപ്പെട്ടത്. ഉദാഹരണമായി പടിഞ്ഞാറ് ഭാഗത്തെകെട്ടിടത്തിന് ശ്രീ നസറുള്ള കമ്മറ്റി നിർദ്ദേശിച്ചതും കരാറിൽ ഉൾപ്പെടുത്തിയതുമായ ഡെപ്പോസിറ്റ് രണ്ട് ലക്ഷം രൂപയായിരുന്നത് പുതിയ തീരുമാനം വന്നപ്പോൾ ഇരുപത് ലക്ഷം രൂപയായി ഉയർന്നു. കരാറിൽ പറഞ്ഞ മുറിയുടെ നമ്പരും യഥാർത്ഥത്തിൽ അനുവദിച്ച മുറിനമ്പരും തമ്മിലും ചില അന്തരങ്ങൾ ഉണ്ടായി. ഇത് കോടതി വ്യവഹാരങ്ങൾക്ക് കാരണമാകുകയും മുറികൾ വാടകയ്ക്ക് നൽകുന്നതും നൽകിയതിന്റെ വാടക ഈടാക്കുന്നതും അടക്കമുള്ള പ്രവർത്തനത്തെ ബാധിക്കുകയും ചെയ്തു. മുൻലൈസൻസികളുമായി കൂടിയാലോചനകൾ നടത്തി അഭിപ്രായയൈക്യം സ്വരൂപിക്കുന്നതിൽ നഗരസഭ പരാജയപ്പെടുകയുമുണ്ടായി. നീതിയുക്തമായ നിരക്കിൽ സെക്യൂരിറ്റി ഡപ്പോസിറ്റ് തീരുമാനിക്കുകയും പുനരധിവാസത്തിന് മാറ്റിവച്ചതൊഴിച്ച് ബാക്കി കടമുറികൾ പ്രതിമാസ വാടകയുടെ ലേലം വഴി ഏൽപ്പിച്ച് നൽകുകയും ലേലാനന്തരം ആയതിന്റെ അടിസ്ഥാനത്തിൽ പുനരധിവാസത്തിന് നീക്കിവച്ച കടമുറികളുടെ വാടക നിശ്ചയിക്കുകയും ചെയ്തിരുന്നെങ്കിൽ കൂടുതൽ എളുപ്പത്തിലും വ്യവഹാരങ്ങളിൽ പെടാതെയും ഫലപ്രദമായും കെട്ടിടത്തിലെ കടമുറികളുടെ വാടകയ്ക്ക് നൽകൽ പൂർത്തിയാക്കാൻ നഗരസഭക്ക് കഴിയുമായിരുന്നു. പഴയ കെട്ടിടത്തിലെ ലൈസൻസികളുമായി ഉണ്ടാക്കിയ കരാറിൽ പുതിയകെട്ടിടത്തിലെ വാടക എത്രയായിരിക്കും എന്ന് രേഖപ്പെടുത്തലില്ലെന്ന് മാത്രമല്ല അത് തീരുമാനിക്കാനുള്ള അധികാരം നഗരസഭയ്ക്കായിരിക്കും എന്ന് വ്യക്തമാക്കുന്നുമുണ്ട്. ഇതിൽ ലൈസൻസികൾക്ക് എന്തെങ്കിലും പ്രിവിലേജ് ഉള്ളതായി അതിൽ എവിടെയും പറയുന്നില്ലെന്നിരിക്കെ കോടതി വ്യവഹാരങ്ങളിൽ പെടാതെ മെച്ചപ്പെട്ടപ്രതിമാസ വാടകയും പ്രതിവർഷമുള്ള വർദ്ധനവും ഉറപ്പാക്കി പുനരധിവാസം പൂർത്തിയാക്കാൻ നഗരസഭയ്ക്ക് ആകുമായിരുന്നു.

രണ്ടാം നിലയിലെ മൂന്ന് ഹാളുകൾക്ക് യഥാക്രമം 22, 15.8, 15 ലക്ഷം രൂപ വീതമാണ് സെക്യൂരിറ്റി നിശ്ചയിച്ചത്. ഇത് ഈ ഭാഗത്തിന്റെ ഉപയോഗക്ഷമതയുമായി ഒരു തരത്തിലും യോജിക്കാത്തതാണ്.

ഇപ്രകാരം ഉയർന്ന ഡിപ്പോസിറ്റ് ലേല പുനരധിവാസപ്രക്രീയയെ കാര്യമായി ബാധിക്കുകയും നഗരസഭയുടെ വരുമാനത്തിൽ ഫലത്തിൽ വൻചോർച്ച വരുത്തുകയും ചെയ്തു.

പുനരധിവാസത്തിന് മാറ്റിവയ്ക്കുന്ന കടമുറികളുടെ വാടക ലേലം ചെയ്യാൻ കഴിയാത്തത് വഴി വന്നേക്കാവുന്ന വരുമാനത്തിലെ കുറവ് പരിഹരിക്കുകയായിരുന്നു ഉയർന്ന ഡപ്പോസിറ്റ് നിശ്ചയിച്ചതിന്റെ ഉദ്ദേശ്യം എന്ന് വ്യക്തമാണ് . ഇത് നഗരസഭയുടെ ഉത്തമ താൽപ്പര്യം മുൻനിറുത്തി ആയിരുന്നുതാനും. എന്നാൽ കോവിഡ് വരുത്തിവച്ച സാമ്പത്തിക സാഹചര്യങ്ങളും മുൻപ് നഗരസഭ ഏർപ്പെട്ടകരാറിലെ വ്യവസ്ഥകളും കാര്യങ്ങൾ വിപരീത ദിശയിൽ എത്തിക്കുകയാണ് ചെയ്തത്.

ചുരുക്കത്തിൽ നയപരവും സാങ്കേതികവുമായ നിരവധി കാരണങ്ങളാൽ കടമുറികൾ വാടകയ്ക്ക് നൽകി വരുമാനം സമ്പാദിച്ച് വായ്പതിരിച്ചടവ് നടത്തിക്കൊണ്ട് ദീർഘകാലം നിലനിൽക്കുന്ന ആസ്തിസൃഷ്ടി എന്ന നഗരസഭയുടെ ലക്ഷ്യം ഇതുവരെ സാധ്യതപ്രായമായിട്ടില്ല.

നിവാരണ മാർഗ്ഗങ്ങൾ

എ) കെട്ടിടത്തിന്റെ അഗ്നി സുരക്ഷ സംവിധാനങ്ങൾ കൃത്യമാക്കി നിരാക്ഷേപസാക്ഷ്യപത്രം നേടിയെടുക്കാൻ അടിയന്തിര നടപടി സ്വീകരിക്കുക

ബി) കെട്ടിടത്തിലേക്ക് കെ.എസ്.ഇ.ബിയിൽ നിന്ന് വൈദ്യുത ബന്ധം ലഭിക്കുന്നതിനും ജലലഭ്യത ഉറപ്പുവരുത്തുന്നതിനും സത്വര നടപടി സ്വീകരിക്കുക.

സി) കൃത്യമായ ഒരു പ്ലാറ്റഫോം സൃഷ്ടിച്ച് കൊണ്ട് പഴയകെട്ടിടത്തിലെ ലൈസൻസികളുമായി ചർച്ചചെയ്ത് അഭിപ്രായയൈക്യം സാദ്ധ്യമാക്കി സെക്യൂരിറ്റി ഡെപ്പോസിറ്റ് യുക്തിസഹമായി നിശ്ചയിച്ച് പുനരധിവാസം സാദ്ധ്യമാക്കുകയും ലേലം വഴി മറ്റു മുറികളുടേയും അതിന്റെ അടിസ്ഥാനത്തിൽ പുനരധിവാസത്തിന് മാറ്റിവച്ച മുറികളുടേയും വാടകനിശ്ചയിക്കുകയും ചെയ്യുക

ഡി) കോടതി വ്യവഹാരങ്ങൾ എളുപ്പത്തിൽ തീർത്തുകൊണ്ട് താൽക്കാലിക ഷെഡ്ഡുകൾ പൊളിച്ച് നീക്കി പാർക്കിംഗ് സുഗമമാക്കുക.

ഇ) രണ്ടാം നില ഫലപ്രദമായി ഉപയോഗപ്പെടുത്തത്തക്കവിധം നയതീരുമാനം കൈക്കൊള്ളുക.

എഫ്) ഇക്കാര്യങ്ങൾ സമയബന്ധിതമായി നടപ്പാക്കുവാനും ഏറ്റവും വേഗത്തിൽ കടമുറികൾ വാടകയ്ക്ക് നൽകാനുമായി ഒരു കർമ്മപരിപാടിക്ക് രൂപം നൽകുക.
സസ്യമാർക്കറ്റിന്റെ ലേല പുനരധിവാസകാര്യത്തിൽ നഗരസഭകൗൺസിലും സെക്രട്ടറിയും വിശിഷ്യ ചെയർപേഴ്സണും സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

റഫറൻസ്

എ) ഫയൽ നം. പി.ഡബ്ള്യൂ.3/6374/15
ബി ) ഫയൽ നം. എ1/11205/14
സി) ഫയൽ നം. ആർ 4/ 24323/18
ഡി) ബഹു. കേരള ഹൈക്കോടതി റിട്ട് പെറ്റീഷൻ -WP(C) 22487/2020
ഇ) OS 147/2020 കായംകുളം മുനിസിഫ് കോടതി
എഫ്) എം ബുക്ക് നം. 238/18-19
ജി) ഓഡിറ്റ് അന്വേഷണം നം. 41/20.02.2023(മറുപടി ലഭ്യമായില്ല)

## 1-24 ലൈസൻസ് -അപാകതകൾ

കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് -447, 2011 ലെ കേരള മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നിവ പ്രകാരം നഗരസഭാ പരിധിയിൽ വരുന്ന സ്ഥാപനങ്ങൾക്ക് വ്യാപാരം നടത്തുവാൻ ലൈസൻസ് അനുവദിക്കുമ്പോൾ ചട്ടങ്ങളിൽ പറയുന്ന പ്രകാരം ഓരോ വ്യാപാരത്തിനും അനുബന്ധമായ ചുമതലകളും യോഗ്യതകളും പാലിക്കുന്നുണ്ടോ എന്ന് കൂടി പരിശോധിച്ച് ആവണം ലൈസൻസ് നൽകേണ്ടത്. ഓഡിറ്റ് കാലയളവിലെ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ ചുവടെ സൂചിപ്പിച്ചിരിക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു

1. ക്ലിനിക്കുകൾക്കും ലാബുകളും ലൈസൻസ് അനുവദിക്കുമ്പോൾ ഈ സ്ഥാപനങ്ങളിലെ ജൈവ അജൈവ മാലിന്യങ്ങൾ നീക്കം ചെയ്യാൻ സംവിധാനങ്ങൾ/ഏജൻസികളുടെ സാക്ഷ്യപത്രം അപേക്ഷയ്ക്കൊപ്പം ഉൾപ്പെടുത്തിയില്ല.
2. ഹോട്ടലുകൾ, ഫാസ്റ്റ്ഫുഡ് സ്റ്റോറുകൾ, ഹോംസ്റ്റേ, ഭക്ഷണം പാകം ചെയ്ത് വിതരണം നടത്തുന്ന കടകൾ, എന്നിവയ്ക്ക് ലൈസൻസ് നൽകുമ്പോൾ ജീവനക്കാരുടെ എണ്ണം, ഹെൽത്ത് കാർഡ്, മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് എന്നീ വിവരങ്ങൾ ഉൾപ്പെടുത്തിയില്ല.
3. ലോഡ്ജുകൾ, ഹോട്ടലുകൾ എന്നിവയ്ക്കുള്ള ലൈസൻസ് നൽകുമ്പോൾ അപേക്ഷയിൽ സ്ഥാപന സംബന്ധമായ വിവരങ്ങൾ ഉൾപ്പെടുത്തുന്നില്ല. സ്ഥാപനത്തിന്റെ അളവ്, മുറികളുടെ എണ്ണം, നൽകുന്ന സൗകര്യങ്ങൾ, സ്റ്റാർ റേറ്റിംഗ് ഉണ്ടെങ്കിൽ അതിന്റെ വിവരങ്ങൾ എന്നിവ രേഖപ്പെടുത്തുന്നില്ല.
4. മെഷീനുകളോ മില്ലുകളോ വർക്ക് ഷോപ്പുകളോ പ്രവർത്തിക്കുന്നതിനായി ലൈസൻസ് അനുവദിക്കുന്നതിന് മലിനീകരണ നിയന്ത്രണബോർഡ് അനുമതി പത്രം കാലികമായി നേടിയിട്ടുണ്ടോ എന്ന് പരിശോധിക്കാൻ ആവശ്യമായ രേഖകൾ അപേക്ഷയ്ക്ക് ഒപ്പം ഉൾപ്പെടുത്തുന്നില്ല. ലൈസൻസ് രജിസ്റ്ററിൽ മെഷീൻ ഫീസ്, ലേറ്റ് ഫീസ് തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല

ലൈസൻസ് പുതുക്കുന്നതിന് നൽകുന്ന അപേക്ഷയ്ക്ക് ഒപ്പം മേൽ സൂചിപ്പിച്ചവ പരിശോധിക്കാനാവശ്യമായ യാതൊരു രേഖകളും ഉള്ളടക്കം ചെയ്യുന്നില്ല (ഹോട്ടലുകൾ, ക്ലിനിക്കുകൾ, മില്ലുകൾ, പെട്രോൾ പമ്പുകൾ എന്നിവയ്ക്ക് പോലും കേവലം അപേക്ഷയും സമ്മതപത്രവും മാത്രമാണ് ഹാജരാക്കുന്നത്).

ലൈസൻസ് അനുവദിക്കുമ്പോൾ ചട്ടങ്ങളിൽ പറയുന്ന പ്രകാരം ഓരോ വ്യാപാരത്തിനും അനുബന്ധമായ ചുമതലകളും യോഗ്യതകളും പാലിക്കുന്നുണ്ടോ എന്ന് ഓഫീസ് തലവനും സെഷൻ മേധാവിയും പരിശോധിക്കേണ്ടതാണ്. ഈ

വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. - 33/2021-22, തീയതി-17.02.23) ലഭ്യമാക്കിയ മറുപടിയിൽ മേൽപ്പറഞ്ഞ രേഖകൾ അപേക്ഷയ്ക്കൊപ്പം വാങ്ങാറുണ്ടെന്നാണ് അറിയിച്ചതെങ്കിലും പരിശോധനയ്ക്ക് ഹാജരാക്കിയ അപേക്ഷകൾക്കൊപ്പം മേൽ രേഖകൾ ഉള്ളതായി കണ്ടില്ല. 2020-21 കാലയളവിൽ കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ പലപ്പോഴും രേഖകൾ പൂർണ്ണമല്ലാതെ അപേക്ഷകൾ സ്വീകരിക്കേണ്ടി വന്നിട്ടുണ്ട് എന്നും, നിലവിൽ ലൈസൻസ് അപേക്ഷകൾ ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറിയിട്ടുണ്ടെന്നും അപേക്ഷയോടൊപ്പം എല്ലാ രേഖകളും ചേർത്ത് വാങ്ങുന്നുണ്ടുമെന്നാണ് അറിയിച്ചിട്ടുള്ളത്.

തുടർ വർഷങ്ങളിൽ ലൈസൻസ് അപേക്ഷകൾക്കൊപ്പം മേൽ സൂചിപ്പിച്ച എല്ലാ രേഖകളും വിവരങ്ങളും ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ലൈസൻസ് രജിസ്റ്ററിൽ മെഷീൻ ഫീസ്, ലേറ്റ് ഫീസ് തുടങ്ങിയ വിവരങ്ങളും ഉൾപ്പെടുത്തി ലൈസൻസ് രജിസ്റ്റർ തയ്യാറാക്കാനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

## 1-25 ലൈസൻസെടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1)1994 ലെ മുനിസിപ്പാലിറ്റി നിയമം, 2011 ലെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നല്കൽ ചട്ടങ്ങൾ 447 മുതൽ 492 എന്നിവ പ്രകാരം ലൈസൻസ് കൂടാതെ ഒരു ആവശ്യത്തിനും നഗരസഭയിലെ സ്ഥലങ്ങൾ ഉപയോഗിക്കുവാൻ പാടില്ല. നഗരസഭയിലെ സഞ്ചയ സോഫ്റ്റ്‌വെയറിലെ ബിൽഡിംഗ് ഡീറ്റെയിൽസ് പ്രകാരം വാണിജ്യ/വ്യവസായാവശ്യങ്ങൾക്കായി ലിസ്റ്റ് ചെയ്ത സ്ഥാപനങ്ങളുടെ വിവരങ്ങളും, ലൈസൻസ് രജിസ്റ്ററും, ലൈസൻസ് അപേക്ഷകളും താരതമ്യം ചെയ്ത് പരിശോധിച്ചതിൽ നിന്നും നിരവധി സ്ഥാപനങ്ങൾ ലൈസൻസ് എടുത്തതായി കാണുന്നില്ല. ചില ഉദാഹരണങ്ങൾ ചുവടെ.

| ക്രമ നം. | വാർഡ് നം. | ലൈസൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം | സഞ്ചയിലെ ഉപയോഗക്രമം | | | | രജിസ്റ്ററും സഞ്ചയയുമായുള്ള വ്യത്യാസം |
|---|---|---|---|---|---|---|---|
| | | | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ | അസംബ്ളി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ തുടങ്ങിയവ | ആകെ | |
| 1 | 27 | 19 | 57 | 3 | 8 | 68 | 49 |
| 2 | 28 | 19 | 61 | 13 | 6 | 80 | 61 |
| 3 | 29 | 21 | 57 | 3 | 8 | 68 | 47 |
| 4 | 30 | 63 | 113 | 9 | 0 | 122 | 59 |
| 5 | 32 | 54 | 87 | 22 | 4 | 113 | 59 |
| | ആകെ | 176 | | | | | 275 |

നഗരസഭയിലെ 5 വാർഡുകളിലെ സഞ്ചയയിലെ ഉപയോഗക്രമത്തിലെ ചില ഹെഡുകൾ പ്രകാരമുള്ള സ്ഥാപനങ്ങൾ

മാത്രമാണ് മുകളിൽ സൂചിപ്പിച്ചിരിയ്ക്കുന്നത്. മുഴുവൻ ഹെഡുകളിലുമായുള്ള സ്ഥാപനങ്ങൾ ഇതിലും എത്രയോ അധികമായിരിയ്ക്കും. നഗരസഭയിലെ 5 വാർഡുകളിലെ വിവരങ്ങൾ മാത്രമാണ് ഇത്. ഇതിൽ 25% സ്ഥാപനങ്ങൾ പ്രവർത്തിയ്ക്കുന്നില്ല എന്ന് കണക്കാക്കിയാൽ പോലും ഒട്ടനവധി സ്ഥാപനങ്ങൾ ലൈസൻസെടുക്കാതെ പ്രവർത്തിയ്ക്കുകയാണെന്ന് മനസ്സിലാക്കാൻ സാധിയ്ക്കും. അനധികൃതമായി സ്ഥാപനങ്ങൾ പ്രവർത്തിയ്ക്കുന്നത് മൂലം നഗരസഭയുടെ വരുമാനത്തിൽ വലിയ നഷ്ടമാണ് ഉണ്ടാവുന്നത്. അനധികൃതമായി പ്രവർത്തിയ്ക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസിടാക്കാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിയ്ക്കേണ്ടതാണ്. ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ഈ വിഷയത്തിലുണ്ടാവേണ്ടതാണ്.

2) മുനിസിപ്പാലിറ്റി ആക്ട് ചട്ടം 447 മുതൽ 492 വകുപ്പ് ചട്ടം 11 പ്രകാരം ലൈസൻസ് അതിന്റെ കാലാവധി അവസാനിയ്ക്കുന്നതിന് 30 ദിവസത്തിൽ കുറയാതെയും 90 ദിവസത്തിൽ കവിയാതെയും സെക്രട്ടറിയ്ക്ക് അപേക്ഷ നൽകി പുതുക്കേണ്ടതാണ്. എന്നാൽ നഗരസഭയിൽ നിരവധി സ്ഥാപനങ്ങൾ 2021-22 വർഷം ലൈസൻസെടുത്തതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് /ഉടമയുടെ പേര് |
|---|---|
| 1 | എം ബാലകൃഷ്ണൻ,വാഴപ്പള്ളിൽ ഹൗസ്, 10/510 മുട്ട കച്ചവടം |
| 2 | പുഷ്പാംഗദൻ,എടവനത്തറ, കൃഷ്ണപുരം 30/498 |
| 3 | അഷറഫ്, വലയത്ത് ഹൗസ്, ടെക്സ്റ്റൈൽസ് 36/852 |
| 4 | ഷുക്കൂർ ഷിമിന മൻസിൽ, ചേരാവള്ളി 36/362 |
| 5 | സുരേഷ്കുമാർ, കുന്നിൽ ഹൗസ്, ആശ്വാസ് കമ്മ്യൂണിറ്റി ഫാർമസി 36/367,368 |
| 6 | ജെസീന, തോട്ടശ്ശേരിൽ, അർബൻ ട്രെൻഡ് 36/510 |

ചില ഉദാഹരണങ്ങൾ മാത്രമാണ് മുകളിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ലൈസൻസ് അപേക്ഷകളും രജിസ്റ്ററും തമ്മിൽ നമ്പറിട്ട് ക്രമപ്പെടുത്താത്തതിനാൽ മുഴുവൻ അപേക്ഷകളും ഒത്തു നോക്കി പരിശോധിയ്ക്കാൻ സാധിച്ചിട്ടില്ല. മുഴുവൻ വാർഡുകളിലെ ലൈസൻസ് രജിസ്റ്ററും ലൈസൻസ് അപേക്ഷകളും സീരിയൽ നമ്പറടിസ്ഥാനത്തിൽ ഒരേ പോലെ ക്രമപ്പെടുത്തി സൂക്ഷിയ്ക്കാനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്. ലൈസൻസ് പുതുക്കാതെ പ്രവർത്തിയ്ക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ലേറ്റ് ഫീസ് സഹിതം ലൈസൻസ് ഫീസ് ഈടാക്കാനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്. മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.35/19.02.23 ന് ലഭ്യമാക്കിയ മറുപടിയിൽ സഞ്ചയയിൽ വാണിജ്യ-വ്യവസായാവശ്യങ്ങൾക്കായി ലിസ്റ്റ് ചെയ്ത സ്ഥാപനങ്ങൾ പരിശോധിച്ച് ലൈസൻസെടുക്കാത്ത സ്ഥാപനങ്ങൾ കണ്ടെത്തി അവയ്ക്ക് നോട്ടീസ് നൽകി ലൈസൻസെടുക്കാനുള്ള നടപടികൾ സ്വീകരിയ്ക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. നഗരസഭയിൽ പ്രവർത്തിയ്ക്കുന്ന മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-26 പദ്ധതി നിർവ്വഹണത്തിൽ അനവധാനത – വിഭാവനം ചെയ്യുന്ന പ്രോജക്ടുകളിൽ ഏറിയ കൂറും നടപ്പാക്കാതെ പോകുന്നു, പദ്ധതിപ്പണം നഷ്ടം

വിവിധ നിർവ്വഹണോദ്യോഗസ്ഥർ വഴി നടപ്പാക്കാൻ നഗരസഭ വിഭാവനം ചെയ്ത് ഡി.പി.സി അംഗീകാരം വാങ്ങിയ പ്രോജക്ടുകളിൽ 54.6 ശതമാനം തൻവർഷം നടപ്പായില്ല. 326 പ്രോജക്ടുകൾ തൻവർഷം വിഭാവനം ചെയ്തതിൽ 143 എണ്ണം പൂർണ്ണമായും 5 എണ്ണം ഭാഗികമായും നടപ്പാക്കിയപ്പോൾ 178 പ്രോജക്ടുകൾ നടപ്പാക്കാനായില്ല. പൂർണ്ണമായും നടപ്പാക്കിയ പ്രോജക്ടുകളുടെ ശതമാനം 43.86 മാത്രമാണ്. 73 സ്പിൽ ഓവർ പ്രോജക്ടുകൾ തൻവർഷം നടപ്പായില്ല. പ്രാഥമികമേഖലയിൽ ആകെ വിഭാവനം ചെയ്ത എട്ട് പ്രോജക്ടുകളിൽ ഒരെണ്ണം മാത്രമാണ് പൂർണ്ണമായി നടപ്പായത്. രണ്ടെണ്ണം ഭാഗികമായി നടപ്പാക്കി, അഞ്ചെണ്ണം നടപ്പായില്ല.

നഗരസഭയുടെ 2021-22 ജനകീയാസൂത്രണ പദ്ധതി അടങ്കൽ 29.23 രൂപയും ചെലവ് 13.03 രൂപയുമാണ്. അതായത്

44.57 ശതമാനം മാത്രമാണ് ചെലവഴിക്കപ്പെട്ടത്. ഇതിൽ തന്നെ പ്രാഥമിക മേഖലയാണ് ഏറ്റവും ദുർബ്ബലമായ പ്രകടനം കാഴ്ചവച്ചത്. ഈ മേഖലയിൽ 1.62 കോടി നീക്കിവച്ചതിൽ 27.7 ലക്ഷം രൂപ മാത്രമാണ് ചെലവ്, 17.09 ശതമാനം. ഒരേ ഒരു പ്രോജക്ട് മാത്രം ഏറ്റെടുത്ത ഫിഷറീസ് സബ് ഇൻസ്പക്ടർ അത് നടപ്പാക്കിയതുമില്ല.

വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | ഏറ്റെടുത്ത പ്രോജക്ടുകൾ | പൂർണ്ണമായി നടപ്പാക്കിയവ | ഭാഗികമായി നടപ്പാക്കിയവ | നടപ്പാക്കാത്തവ | നടപ്പാക്കിയതിന്റെ ശതമാനം | ആകെ അടങ്കൽ (ലക്ഷം രൂപയിൽ) | ചെലവ് (ലക്ഷം രൂപയിൽ) | ചെലവിന്റെ ശതമാനം |
|---|---|---|---|---|---|---|---|---|
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | 1 | 0 | 0 | 1 | 0 | 13.8 | 0 | 0 |
| കൃഷി ഓഫീസർ | 3 | 0 | 2 | 1 | 0 | 49.3 | 18.5 | 37.5 |
| വെറ്ററിനറി സർജൻ | 5 | 1 | 1 | 3 | 20 | 98.9 | 9.2 | 9.2 |
| മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 3 | 3 | 0 | 0 | 100 | 23.5 | 23.4 | 99.5 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | 3 | 3 | 0 | 0 | 100 | 13.8 | 13.8 | 100 |
| മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി | 15 | 14 | 0 | 1 | 93 | 130.1 | 103.6 | 79.2 |
| പ്രോജക്ട് ഓഫീസർ പി.എ.യു | 22 | 20 | 1 | 1 | 90.9 | 448.2 | 412.4 | 91.4 |
| പ്രിൻസിപ്പൽ, ഗവ. എച്ച്. എസ്.എസ് | 3 | 2 | 0 | 1 | 67 | 21.1 | 19.1 | 90.1 |
| ഐ.സി. ഡി.എസ് സൂപ്പർവൈസർ | 8 | 5 | 0 | 3 | 62.5 | 138.9 | 96.1 | 69.2 |
| അസിസ്റ്റന്റ് എൻജിനീയർ | 215 | 68 | 1 | 147 | 31.6 | 1027.1 | 256.3 | 24.9 |
| സെക്രട്ടറി | 40 | 25 | 0 | 15 | 62.5 | 445.2 | 316.3 | 71.1 |
| മുനിസിപ്പൽ എൻജിനീയർ | 6 | 2 | 0 | 4 | 33.3 | 481.0 | 32.9 | 6.8 |
| വ്യവസായ വികസന ഓഫീസർ | 2 | 0 | 1 | 1 | 0 | 32.0 | 1.0 | 3.1 |

പതിമൂന്ന് നിർവ്വഹണോദ്യോഗസ്ഥരിൽ ഏഴ് പേർ മാത്രമാണ് 50 ശതമാനത്തിലധികം പദ്ധതിപ്പണം ചെലവഴിച്ചത്. നാല് നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവ് പത്ത് ശതമാനത്തിൽ താഴെയാണ്. ഇതിൽ തന്നെ ഫിഷറീസ് സബ്ഇൻസ്പെക്ടർ പണമൊന്നും ചെലവഴിച്ചില്ല.

നടപ്പാകാതെ പോയ സ്പിൽഓവർ പ്രോജക്ടുകൾ വഴി നഗരസഭയ്ക്ക് തൻവർഷം 70.58 ലക്ഷം രൂപയുടെ വികസനഫണ്ട് നഷ്ടമായി.

പ്രോജക്ടുകൾ നടപ്പാകാതെ പോകുന്നതിന്റെ കാരണം വിശദമായി പഠിച്ച് നിവാരണമാർഗ്ഗങ്ങൾ തേടുന്നതിനും പ്രോജക്ടുകളുടെ നടത്തിപ്പിൽ വിമുഖത കാട്ടുന്ന നിർവ്വഹണോദ്യോഗസ്ഥർക്കെതിരെ യുക്തനടപടികൾ

സ്വീകരിക്കുന്നതിനും ചെയർമാനും നഗരസഭകൗൺസിലും ശ്രദ്ധിക്കേണ്ടതാണ്.

## 1-27 ARTCO ലഭ്യമാക്കിയ വിൽചെയറുകളും സ്റ്റെച്ചറുകളും ഗുണമേന്മ ഇല്ലാത്തതിനാൽ ഉപയോഗരഹിതമായി- നഗരസഭ ഫണ്ടിന്റെ ചെലവ് പാഴ്ചെലവായി

| | |
|---|---|
| പ്രോജക്റ്റ് നം. | 60/22 |
| പ്രോജക്റ്റിന്റെ പേര് | താലൂക്ക് ഹോസ്പിറ്റൽ ഉപകരണങ്ങൾ വാങ്ങൽ |
| അടങ്കൽ | 400000(മെയിന്റനൻസ് ഗ്രാന്റ് -റോഡിതരം) |
| ആകെ ചെലവ് | 394984 |
| ബിൽ നം. | 642/26.03.2022 BRN 21070347001201473298 |

ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോ-ഓപ്പറേറ്റീവ് ലിമിറ്റഡിൽ നിന്നും (ആർട്ട്കോ) താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി സൂപ്രണ്ട് നിർവ്വഹണ ഉദ്യോഗസ്ഥനായി ചുവടെ ചേർക്കുന്ന ഹോസ്പിറ്റൽ ഫർണിച്ചറുകൾ നേരിട്ട് (ടെണ്ടർ കൂടാതെ) വാങ്ങിയിരുന്നു.

| ക്രമ നം. | ഫർണിച്ചറിന്റെ പേര് | എണ്ണം | വില |
|---|---|---|---|
| 1 | വീൽ ചെയർ | 12 | 10678 |
| 2 | സ്ട്രച്ചർ ട്രോളി | 8 | 18072 |
| 3 | എക്സാമിനേഷൻ ടേബിൾ | 3 | 10601 |
| 4 | പേഷ്യന്റ് ഷിഫ്റ്റർ | 1 | 15000 |
| 5 | മെഡിസിൻ ട്രോളി | 1 | 11334 |
| 6 | ലഗേജ് ട്രോളി | 1 | 18000 |

വീൽ ചെയറുകളുടെ ബാക്ക് സപ്പോർട്ടും ട്രോളിയുടെ വീലുകളും ഇളകിയതായി നേഴ്സിംഗ് സൂപ്രണ്ട് റിപ്പോർട്ട് ചെയ്തതിനെ തുടർന്ന് 22-06-2022 ൽ ARTCO ലഭ്യമാക്കിയ ഹോസ്പിറ്റൽ ഫർണിച്ചറുകൾക്ക് നിലവാരമില്ലായെന്നും മുഴുവൻ ഫർണിച്ചറുകളും മാറ്റി പുതിയവ തരണമെന്ന് സൂപ്രണ്ട് 1058/2022 നമ്പർ കത്ത് പ്രകാരം ARTCO യോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും നിലവിൽ ARTCO നടപടിയൊന്നും സ്വീകരിച്ചതായി ഫയലിൽ രേഖയില്ല. 17-02-2023 ൽ ഓഡിറ്റ് ബാച്ച് ഹോസ്പിറ്റൽ ജീവനക്കാർക്കൊപ്പം നടത്തിയ പ്രാദേശിക പരിശോധനയിൽ മിക്ക വീൽ ചെയറുകളും മിക്ക സ്റ്റെച്ചറുകളും മികച്ച ഗുണനിലവാരമില്ലാത്തതിനാൽ തകരാറിലായ നിലയിലാണെന്നും ഉപയോഗി ക്കാതെ സ്റ്റോറിൽ സൂക്ഷിച്ചിരിക്കുന്നതിന്റെയും ഗുണമേൻമ സംശയകരമാണെന്നും ബോധ്യപ്പെട്ടു. വാങ്ങേണ്ട ഉൽപ്പന്നത്തിന്റെ ഗുണമേൻമ പർച്ചേസ് ഉത്തരവ് നൽകുന്നതിന് മുൻപ് ഉറപ്പാക്കുന്നതിന് കഴിഞ്ഞിട്ടില്ലായെന്ന് വ്യക്തമാണ്. ഉൽപ്പന്നത്തിന്റെ സാമ്പിൾ നിർവ്വഹണ ഉദ്യോഗസ്ഥനോ അദ്ദേഹം ചുമതല നൽകിയ വിദഗ്ധനോ പരിശോധിച്ചുറപ്പാക്കാതെ സർക്കാർ ഉത്തരവിന്റെ മാത്രം അടിസ്ഥാനത്തിൽ വാങ്ങൽ നടത്തിയത് നഗരസഭയ്ക്ക് വലിയ നഷ്ടമുണ്ടാക്കി. നഗരസഭ ഫണ്ടിനുണ്ടായ നഷ്ടം ARTCO യുടെ നഷ്ടോത്തരവാദിത്തത്തിൽ നികത്തുവാൻ നിർവ്വഹണഉദ്യോഗസ്ഥൻ നടപടികൾ സ്വീകരിക്കാത്തപക്ഷം 394984/- രൂപയും നിർവ്വഹണ ഉദ്യോഗസ്ഥൻ നഗരസഭയിലേക്ക് തിരികെ ഒടുക്കേണ്ടതാണ്.

## 1-28 ആർട്ട്കോയിൽ നിന്നും ഗുണമേന്മ ഇല്ലാത്ത, നിശ്ചിത നിലവാരമില്ലാത്ത എയർപോർട്ട് ചെയർ വാങ്ങി-നഗരസഭ ഫണ്ടിന് 3,99,902/-രൂപയുടെ നഷ്ടം

| | |
|---|---|
| പ്രോജക്ട് നം. | 67/22 |
| പ്രോജക്ടിന്റെ പേര് | താലൂക്ക് ആശുപത്രി ഒ.പി ബ്ലോക്ക് കസേര വാങ്ങൽ |
| അടങ്കൽ | 400000(മെയിന്റനൻസ് ഗ്രാന്റ് -റോഡിതരം) |
| ആകെ ചെലവ് | 399902 |
| ബിൽ നം. | 676/30.03.2022 BRN-21070347001201520720 |

ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോ-ഓപ്പറേറ്റീവ് ലിമിറ്റഡിൽ നിന്നും (ആർട്ട്കോ)ഉൽപ്പന്നങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് വാങ്ങുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഫർണ്ണിഷിംഗ് പ്രവർത്തനങ്ങൾക്ക് ARTCO യെ നോഡൽ ഏജൻസിയായി അംഗീകരിച്ചും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.(സർക്കാർ ഉത്തരവ് 2092/2018 തസ്വഭവ) ഇതിന്റെ അടിസ്ഥാനത്തിൽ നഗരസഭ താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി സൂപ്രണ്ട് നിർവ്വഹണ ഉദ്യോഗസ്ഥനായി ARTCO യിൽ നിന്നും നേരിട്ട് നടത്തിയ പർച്ചേസുകൾ പൊതുപണത്തിന്റെ ദുർവ്യയമായി. പൊതുവിപണിയിലെ വിലയിലും അധികരിച്ച് വാങ്ങിയ എയർപോർട്ട് ചെയറുകൾ ഉപയോഗരഹിതമായി മാറി, മാത്രമല്ല ആശുപത്രിയിലെത്തുന്ന രോഗികൾക്കും കൂട്ടിരിപ്പുകാർക്കും അപകടകരമാകുന്ന രീതിയിൽ നേർത്ത തരം സ്റ്റീൽ കൊണ്ട് നിർമ്മിച്ചിട്ടുള്ളതാണെന്ന് 17.02.2022 ലെ പ്രാദേശിക പരിശോധനയിൽ വ്യക്തമായി. കസേരയുടെ മധ്യത്തിലും വശങ്ങളിലുമുള്ള ഹാൻഡ് റസ്റ്റുകൾ പെട്ടെന്ന് ഉപയോഗരഹിതമാകുന്ന രീതിയിലുള്ള കനം മാത്രമാണുള്ളത്. എയർപോർട്ട് ചെയറിന്റെ വാങ്ങൽ സംബന്ധിച്ച് പർച്ചേസ് കമ്മിറ്റി യാതൊരു തീരുമാനവും എടുത്തതായി രേഖയില്ല. ആയതിനാൽ വാങ്ങേണ്ട ഉൽപ്പന്നത്തിന്റെ ഗുണമേൻമ ഉറപ്പാക്കുന്നതിന് കഴിഞ്ഞിട്ടില്ലായെന്ന് വ്യക്തമാണ്. ഉൽപ്പന്നത്തിന്റെ സാമ്പിൾ നിർവ്വഹണ ഉദ്യോഗസ്ഥൻ പരിശോധിച്ചുറപ്പാക്കാതെ സർക്കാർ ഉത്തരവിന്റെ മാത്രം അടിസ്ഥാനത്തിൽ വാങ്ങൽ നടത്തിയത് നഗരസഭക്ക് വലിയ നഷ്ടമുണ്ടാക്കി. സർക്കാർ ഉത്തരവ് (സാധാ)1/2021/SPD തീയതി 05-01-2021 ഉത്തരവ് പ്രകാരമാണ് ARTCO ക്ക് ടെണ്ടർ ഇളവുകൾ രണ്ട് വർഷത്തേക്ക് കൂടി നീട്ടി നൽകി സർക്കാർ ഉത്തരവ് പുതുക്കിയിട്ടുള്ളത്. ഉത്തരവിന് അനുബന്ധമായി നൽകിയിട്ടുള്ള വിൽപ്പനവിലയിലാണ് ARTCO സാധനങ്ങൾ ലഭ്യമാക്കേണ്ടത്. ഈ ഉത്തരവ് ഹോസ്പിറ്റൽ ഇനങ്ങളിൽ ക്രമ നം. -71 ആയി ഉൾപ്പെടുത്തിയിട്ടുള്ള പെർഫറേറ്ററി ചെയറിന് (3 Seater) 17504/- രൂപയാണ് നികുതികൾ കൂടാതെയുള്ള വില. എന്നാൽ വാങ്ങിയത് 16945/- രൂപ വിലയുള്ള പെർഫറേറ്ററി ചെയറാണ് (3 Seater). പ്രൈസ് ലിസ്റ്റിൽ ഉൾപ്പെട്ട സാധനമാണോ ലഭ്യമാക്കിയതെന്ന് ഉറപ്പാക്കാനാകുന്നില്ല. പ്രൈസ് ലിസ്റ്റിന് പുറത്തുള്ള ഉൽപ്പന്നമാണെങ്കിൽ ARTCOക്ക് സാധാരണനിലക്ക് ടെണ്ടറിൽ പങ്കെടുക്കുവാൻ മാത്രമെ അവകാശമുള്ളൂ. നിലവിൽ വാങ്ങിയ PERFORATORY CHAIR FULL SS ARTCO നിർമ്മിക്കുന്നതാണെന്നും പുറത്തുനിന്നും വാങ്ങിയതല്ലെന്നും സ്ഥാപനത്തിന്റെ മാനേജിംഗ് ഡയറക്ടർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. സർക്കാർ ഉത്തരവിന്റെ മറവിൽ ഉപയോഗയോഗ്യമല്ലാത്ത നിശ്ചിത ഗുണനിലവാരമില്ലാത്ത എയർപോർട്ട് ചെയറുകൾ വാങ്ങിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് കൊണ്ട് നിർവ്വഹണ ഉദ്യോഗസ്ഥന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.40/20.02.2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല. നഗരസഭ ഫണ്ടിനുണ്ടായ നഷ്ടം ARTCO യുടെ നഷ്ടോത്തരവാദിത്തത്തിൽ നികത്തുവാൻ നിർവ്വഹണ ഉദ്യോഗസ്ഥൻ നടപടികൾ സ്വീകരിക്കാത്തപക്ഷം 3,99,902/- രൂപയും നിർവ്വഹണ ഉദ്യോഗസ്ഥൻ നഗരസഭയിലേക്ക് തിരികെ ഒടുക്കേണ്ടതാണ്.

## 1-29 സി.സി.ടി.വി നിരീക്ഷണക്യാമറകളുടെ വിന്യാസം- ബിൽ പ്രകാരമുള്ള മുഴുവൻ ക്യാമറകളുടെയും വിന്യാസം ഉറപ്പാക്കാനായില്ല-1,44,444/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം. | 55/22 |
| പ്രോജക്ടിന്റെ പേര് | താലൂക്ക് ആശുപത്രിയിൽ പുതിയ ലാബ് ഒ.പി എന്നിവിടങ്ങളിൽ സിസിടിവി സ്ഥാപിക്കൽ |
| അടങ്കൽ | 150000 (മെയിന്റനൻസ് ഫണ്ട്-റോഡിതരം) |
| ചെലവ് | 144444 |
| ബിൽ നം. | 681/30.03.2022 (BRN210703347001201527613) |

ഓപ്പൺ ടെണ്ടർ മുഖാന്തിരം നടപ്പിലാക്കിയ പ്രോജക്ടിന്റെ നടത്തിപ്പിനായി നാല് സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിച്ചിരുന്നു. കുറഞ്ഞ തുക ക്വോട്ട് ചെയ്ത ITIS@ASIA കരുനാഗപ്പള്ളി എന്ന സ്ഥാപനത്തിന് 25.03.2022 ൽ വർക്ക്

ഓഡർ നൽകുകയും 30-03-2022 ൽ പണം സ്ഥാപനത്തിന്റെ അക്കൌണ്ടിലേക്ക് (FDRL0001107-11070200010791) മാറി നൽകുകയും ചെയ്തു. പ്രോജക്റ്റിന്റെ ഭാഗമായി പതിമൂന്ന് ക്യാമറകൾ, 32 ചാനൽ നെറ്റ് വർക്ക് വീഡിയോ റെക്കോർഡർ തുടങ്ങിയ ഉപകരണങ്ങൾ സ്ഥാപിച്ചതായുള്ള ബിൽ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ 17-02-2022 ൽ സ്ഥാപനത്തിലെ ജീവനക്കാരനൊപ്പം നടത്തിയ സ്ഥലപരിശോധനയിൽ ആകെ 8 ക്യാമറകൾ മാത്രമാണ് കൺട്രോൾ യൂണിറ്റിൽ ഡിസ്പ്ലേ ലഭ്യമായ നിലയിലുള്ളുവെന്നും അതിൽ തന്നെ 2 എണ്ണം പ്രവർത്തന രഹിതമാണെന്നും ബോധ്യപ്പെട്ടു. നിലവിൽ അത്യാഹിതവിഭാഗത്തിലെ ഡ്യൂട്ടി ഡോക്ടറുടെ മുറിയിലാണ് സർവെയിലൻസ് സംവിധാനങ്ങൾ ഒരുക്കിയിട്ടുള്ളത്. ഇത് സംവിധാനം ഏർപ്പെടുത്തിയത് അലക്ഷ്യമായാണ് എന്നുള്ളതിന്റെ തെളിവാണ്. സ്ഥാപനത്തിൽ മറ്റു സിസിടിവി സംവിധാനങ്ങളുണ്ടായിരുന്നു. എന്നാലിത് പ്രവർത്തനക്ഷമമാണോ നിലവിലുള്ള സംവിധാനങ്ങളുമായി യോജിപ്പിക്കാവുന്നതാണോ എന്നുള്ള വിവരങ്ങളൊന്നും പരിഗണിച്ചില്ല.

നാലു ഡോം ക്യാമറകൾ ഉൾപ്പെടെ 13 ക്യാമറകൾ സ്ഥാപിച്ചതായുള്ള രേഖപ്പെടുത്തലുകൾ ശരിയാണെന്ന് അംഗീകരിച്ച് പണം മാറി നൽകിയ നടപടി അംഗീകരിക്കാനാവില്ല. പരിശോധനയിൽ 8 ക്യാമറകളിൽ നിന്നുള്ള ദൃശ്യങ്ങൾ മാത്രമാണ് മോണിട്ടറിൽ ദൃശ്യമായത്. കൂടാതെ ഹാളിൽ സ്ഥാപിച്ചിട്ടുള്ള മോണിട്ടർ പ്രവർത്തനരഹിതവുമായിരുന്നു. മറ്റ് 5 ക്യാമറകൾ സ്ഥാപിക്കാതിരുന്നതിന് വിശദീകരണം ആരാഞ്ഞുകൊണ്ട് നിർവ്വഹണ ഉദ്യോഗസ്ഥനോട് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ബിൽ പ്രകാരം പണം നൽകിയ ഉപകരണങ്ങൾ എല്ലാം ഉണ്ടെന്നും സംവിധാനം പ്രവർത്തനസജ്ജമാണോയെന്നും പരിശോധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്. 1,44,444/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-30 ചെലവ് രേഖകളില്ല - 30,16,176/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നഗരസഭയിലെ വിവിധ പ്രോജക്ടുകൾ പ്രകാരം താലൂക്ക് ആശുപത്രി സൂപ്രണ്ട് നിർവ്വഹണ ഉദ്യോഗസ്ഥനായി കായംകുളം സബ്ട്രഷറിയിൽ നിന്നും പിൻവലിച്ചിട്ടുള്ള താഴെ പറയുന്ന തുകകളുടെ ചെലവുകളുടെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ബില്ലിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ബില്ലുകൾ പ്രകാരം മാറിയ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.28/17.02.2023) നൽകിയെങ്കിലും രേഖകൾ ഹാജരാക്കിയില്ല. ആയതിനാൽ 1997 ലെ കേരള മുനിസിപ്പാലിറ്റി (ഓഡിറ്റ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം – 12(2) പ്രകാരം രേഖകൾ നിലവിലില്ലായെന്ന നിഗമനത്തിൽ 3016176/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| ക്രമ നം. | ബിൽ നം. | തീയതി | തുക |
|---|---|---|---|
| 1 | | 25.05.2021 | 26,464 |
| 2 | 2 | 17.06.2021 | 75,600 |
| 3 | 3 | 17.06.2021 | 1,38,741 |
| 4 | 4 | 21.06.2021 | 12,000 |
| 5 | 5 | 20.07.2021 | 97,405 |
| 6 | 6 | 16.08.2021 | 52,592 |
| 7 | 7 | 16.08.2021 | 2,63,225 |
| 8 | 8 | 18.08.2021 | 14,99,994 |
| 9 | 9 | 02.09.2021 | 2,68,128 |
| 10 | 10 | 09.09.2021 | 1,68,728 |
| 11 | 11 | 15.09.2021 | 39,310 |
| 12 | 12 | 12.10.2021 | 1,64,049 |
| 13 | 13 | 21.10.2021 | 38,190 |
| 14 | 14 | 20.11.2021 | 38,190 |
| 15 | 15 | 15.12.2021 | 38,350 |
| 16 | 16 | 18.01.2022 | 38,350 |
| 17 | 17 | 17.02.2022 | 38,830 |
| 18 | 19 | 23.03.2022 | 18,030 |
| | | ആകെ | 30,16,176 |

## 1-31 ഭവനപുനരുദ്ധാരണ പ്രോജക്ടുകൾ - നടത്തിപ്പിൽ മൗലികാവകാശ ലംഘനം,

## പക്ഷപാതപരമായി പണം വിതരണം ചെയ്തു

ഭവന അറ്റകുറ്റപ്പണിക്കായി ധനസഹായം നൽകുന്നതിന് ആറ് പ്രോജക്ടുകൾ 2021-22 ൽ പ്രോജക്ട് ഓഫീസർ, നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ നിർവ്വഹണോദ്യോഗസ്ഥനായി വിഭാവനം ചെയ്ത് നടപ്പാക്കിയിട്ടുണ്ട്. ഇതിനായി 79.54 ലക്ഷം രൂപ തൻവർഷം ചെലവഴിച്ചു. ഇതിൽ മൂന്ന് വീതം പ്രോജക്ടുകൾ പൊതു വിഭാഗത്തിനും പട്ടികജാതി വിഭാഗത്തിനും ആയി വിഭാവനം ചെയ്യപ്പെട്ടവയും അതിൽ തന്നെ ഓരോന്ന് സ്പിൽ ഓവർ പ്രോജക്ടുകളും ആണ്. ഈ പ്രോജക്ടുകൾ വിഭാവനം ചെയ്തപ്പോൾ അടങ്കൽ നിശ്ചയിച്ചതല്ലാതെ എത്ര ഗുണഭോക്താക്കൾക്ക് പരാമാവധി എത്ര തുക വിതരണം ചെയ്യണം എന്ന് വ്യവസ്ഥ ചെയ്തിട്ടില്ല. ഇതുമൂലം ആനുകൂല്യവിതരണത്തിൽ അസമത്വത്തിനുള്ള വഴി തുറന്ന് നൽകി.

വീട് അറ്റകുറ്റപ്പണിക്ക് അപേക്ഷിക്കുന്ന ഓരോ വ്യക്തിയുടേയും വീട് നഗരസഭ എൻജിനീയറിംഗ് വിഭാഗത്തിലെ ഓവർസിയർ സന്ദർശിച്ച് പരിശോധന നടത്തി, നടത്തേണ്ടുന്ന അറ്റകുറ്റപ്പണികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുകയും ഇതിന്റെ അടിസ്ഥാനത്തിൽ ആദ്യ ഗഡു മുൻകൂറായി അനുവദിക്കുകയും തുടർന്ന് പണി പൂർത്തിയാകുന്നമുറയ്ക്ക് ഓവർസിയർ വീണ്ടും പ്രസ്തുത ഭവനം പരിശോധിച്ച് ചെയ്ത പ്രവർത്തിയുടെ മൂല്യനിർണ്ണയം നടത്തി സാക്ഷ്യപത്രം നൽകുകയും അതിന് ശേഷം ധനസഹായത്തിന്റെ രണ്ടാം ഗഡു നൽകുകയും ആണ് ചെയ്ത് വരുന്നത്. എന്നാൽ ഇപ്രകാരം പണം അനുവദിക്കുമ്പോൾ മൂല്യനിർണ്ണയത്തെ അടിസ്ഥാനമാക്കാതെ പണം അനുവദിക്കുന്നതായി കാണുന്നു. ചില വ്യക്തികൾക്ക് മൂല്യനിർണ്ണയ സാക്ഷ്യപത്രത്തിൽ കാണിച്ച തുക തന്നെ നൽകുകയും മറ്റ് ചിലർക്ക് അത്രയും തുക നൽകാതിരിക്കുകയും വേറെ ചിലർക്ക് മൂല്യനിർണ്ണയത്തിൽ അധികമായി തുക അനുവദിക്കുകയും ചെയ്തു. പ്രോജക്ട് നം. 17 ൽ ആകെ 128 ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം നൽകിയത്. ഇവരുടെ ഫയലുകൾ ഓഡിറ്റിൽ പരിശോധിച്ചതിൽ 57 പേർക്ക് മൂല്യനിർണ്ണയപ്രകാരമുള്ള തുക നൽകിയപ്പോൾ 68 പേർക്ക് മൂല്യനിർണ്ണയത്തേക്കാൾ കുറഞ്ഞ തുകയും 3 പേർക്ക് മൂല്യനിർണ്ണയത്തേക്കാൾ കൂടിയ തുകയുമാണ് നൽകിയത്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

എ) വാർഡ് 24 ൽ ശ്രീ നാസർ, കോമളത്ത് എന്ന വ്യക്തിക്കാണ് ഈ പ്രോജക്ട് പ്രകാരം ഏറ്റവും ഉയർന്ന ധനസഹായം ലഭിച്ചത്. 85,000 രൂപ മൂല്യമുള്ള പ്രവൃത്തി പൂർത്തിയാക്കിയ ഇദ്ദേഹത്തിന് 85,000 രൂപ തന്നെ അനുവദിച്ചു. എന്നാൽ 1 ലക്ഷം രൂപ മൂല്യമുള്ള പ്രവൃത്തി പൂർത്തിയാക്കിയ ശ്രീ.ബാബു, മാമൂർതറയിൽ, വാർഡ് 14, ശ്രീമതി സ്വർണ്ണമ്മാൾ, കിഴക്കേവീട്, വാർഡ് 31, എന്നിവർക്ക് 50,000 രൂപ വീതം മാത്രമാണ് നൽകിയത്.

ബി) വാർഡ് 23 ൽ ശ്രീ.വിജയൻ, ചോതി നിവാസ്-ന് ആദ്യഗഡുവായി 15,000 രൂപ 24.3.22 ൽ നൽകി തുടർന്ന് 50,000 രൂപയുടെ മൂല്യനിർണ്ണയ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ബാക്കി 35,000 രൂപ 30.8.22 ൽ നൽകിയതായി രജിസ്റ്ററിൽ നിന്ന് വ്യക്തമാകുന്നു. അതായത് ഇദ്ദേഹത്തിന് മൂല്യനിർണ്ണയപ്രകാരമുള്ള തുകയായ 50,000 രൂപ തന്നെ അനുവദിച്ചപ്പോൾ വാർഡ് 33 ൽ 50,000 രൂപയുടെ പ്രവൃത്തി നിർവ്വഹിച്ച ശ്രീമതി ദീപ സി., മുളന്തല-ക്ക് 40,000 രൂപയും ഇതേ വാർഡിൽ തന്നെ 50,000 രൂപയുടെ പ്രവൃത്തി നിർവ്വഹിച്ച ശ്രീമതി ഷീല കുന്തോളിൽ-ന് 45,000 രൂപയുമാണ് അനുവദിച്ചത്. ഒരേ വാർഡിൽ തന്നെ മൂല്യനിർണ്ണയത്തിന് ശേഷം വ്യത്യസ്ഥ തുക അനുവദിച്ചു എന്നതും ശ്രദ്ധേയമാണ്. വാർഡ് പതിനാറിൽ 50,000 രൂപയുടെ പ്രവൃത്തി നിർവ്വഹിച്ച ശ്രീമതി ഷാജിത പൊക്കാട്ട് പറമ്പിൽ-ന് 35,000 രൂപ മാത്രമേ നൽകിയുള്ളൂ.

സി) വാർഡ് 18 ൽ 60,000 രൂപയുടെ മൂല്യനിർണ്ണയ സാക്ഷ്യപത്രം ഹാജരാക്കിയ ശ്രീ.സനലിനും വാർഡ് 34 ൽ 80,000 രൂപ എന്ന എസ്റ്റിമേറ്റ് പ്രകാരമുള്ള മുഴുവൻ പണിയും പൂർത്തിയാക്കി മൂല്യനിർണ്ണയ സാക്ഷ്യപത്രം ഹാജരാക്കിയ ശ്രീ. കെ.എൻ.ജയറാമിനും 40,000 രൂപ മാത്രമാണ് നൽകിയത്.

ഡി) വാർഡ് 12, 19 എന്നിവയിൽ ധനസഹായവിതരണത്തിലെ വിവേചനം സൂചിപ്പിക്കുന്ന പട്ടിക ചുവടെ ചേർക്കുന്നു.

വാർഡ് 12

| ഗുണഭോക്താവ് | മൂല്യനിർണ്ണയ സാക്ഷ്യപത്രപ്രകാരം തുക | അനുവദിച്ച ധനസഹായം |
|---|---|---|
| ശ്രീ.വാസുദേവൻ നായർ, കോട്ടയ്ക്കൽ വടക്കതിൽ | 50,000 | 40,000 |
| ശ്രീമതി സരസമ്മ, കാവുംകട | 60,000 | 32,000 |
| ശ്രീമതി ലീലാമണി, ലക്ഷ്മിഭവനം | 60,000 | 40,000 |
| ശ്രീമതി ജ്യോതിലക്ഷ്മി, ജഗത് ജ്യോതി | 40,000 | 40,000 |

വാർഡ്-19

| ഗുണഭോക്താവ് | മൂല്യനിർണ്ണയ സാക്ഷ്യപത്രപ്രകാരം തുക | അനുവദിച്ച ധനസഹായം |
|---|---|---|
| ശ്രീമതി സാജിത, പുത്തൻവീട്ടിൽ | 35,000 | 40,000 |
| ശ്രീമതി ബീന, കൊക്കാട്ട്തറ കിഴക്കതിൽ | 38,000 | 35,000 |
| ശ്രീമതി സെലീന, പ്ലാമൂട്ടിൽ കിഴക്കതിൽ | 63,000 | 40,000 |
| ശ്രീമതി ചിന്നമ്മ, മുളമൂട്ടിൽ | 50,000 | 40,000 |

ഇ) മൂല്യനിർണ്ണയത്തിൽ അധികമായി ധനസഹായം അനുവദിച്ചത്

1) വാർഡ് 39 ൽ ആരിഫ, കളീക്കൽ തെക്കതിൽ, കണ്ണമ്പള്ളി ഭാഗം എന്ന വ്യക്തി നടത്തിയ അറ്റകുറ്റപ്പണിയുടെ മൂല്യനിർണ്ണയം നടത്തിയ ശ്രീമതി കാർത്തിക സത്യൻ, ഓവർസിയർ, 26.04.2022 ൽ നൽകിയ മൂല്യനിർണ്ണയ സാക്ഷ്യപത്രപ്രകാരം പ്രവർത്തിയുടെമൂല്യം 35,000 രൂപയാണ്. എന്നാൽ പ്രസ്തുത വ്യക്തിക്ക് 45,000 രൂപ ധനസഹായം അനുവദിച്ചു (10.2.22 ൽ പേയ്മെന്റ് അഡ്വൈസ് നം. 733550, 585000 രൂപയിൽ 20,000 രൂപ, 30.8.22 ൽ 25,000 രൂപ).

2) ജമീല പുത്തൻ പുരയ്ക്കൽ (വാർഡ് ഒന്ന്) നടത്തിയ അറ്റകുറ്റപ്പണിയുടെ മൂല്യനിർണ്ണയം നടത്തിയ ഓവർസിയർ ശ്രീമതി ഫാത്തിമ എസ്. ആയതിന്റെ മൂല്യം 40,500 രൂപയായി നിർണ്ണയിച്ച് 4.4.2022 സർട്ടിഫിക്കറ്റ് നൽകുകയും നിർണ്ണയിച്ച മൂല്യം ഫയലിൽ രേഖപ്പെടുത്തുകയും ചെയ്ത ശേഷവും പ്രസ്തുത വ്യക്തിക്ക് 45,000 രൂപ ധനസഹായം അനുവദിച്ചു (10.2.22ൽ പേയ്മെന്റ് അഡ്വൈസ് നം. 733550, 585000 രൂപയിൽ 20,000 രൂപ, 30.8.22 ൽ 25,000 രൂപ).

3) ശ്രീമതി സാജിത, പുത്തൻവീട്ടിൽ, വാർഡ് 12 എന്ന വ്യക്തി 35,000 രൂപയുടെ പ്രവൃത്തി ചെയ്തതായാണ് 18.2.2022 ൽ ഓവർസിയർ ശ്രീ.ഗോപീകൃഷ്ണൻ സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്. 35,000 രൂപ ശ്രീമതി സാജിതക്ക് അനുവദിക്കാവുന്നതാണെന്ന് ഫയലിലും ഓവർസിയർ രേഖപ്പെടുത്തി. എന്നാൽ വീട് അറ്റകുറ്റപ്പണി ധനസഹായമായി 40,000 രൂപ ശ്രീമതി സാജിതക്ക് അനുവദിച്ചു. 10.1.22 ൽ മുൻകൂറായി നൽകിയ 20,000 രൂപയ്ക്ക് പുറമേ(10.2.22ൽ പേയ്മെന്റ് അഡ്വൈസ് നം. 733550, 585000 രൂപയിൽ 20000) 30.8.22 ൽ 20,000 രൂപ കൂടി നൽകി.

ഇപ്രകാരം മൂന്ന് ഗുണഭോക്താക്കൾക്ക് പ്രവൃത്തി മൂല്യത്തിൽ അധികമായി അനുവദിക്കുക വഴി 19,500 രൂപ(10000+4500+5000) നഗരസഭയ്ക്ക് നഷ്ടമായി. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നിർവ്വഹണോദ്യോഗസ്ഥ 17.2.2023 ൽ ലഭ്യമാക്കിയ മറുപടി "നഗരസഭ ജനകീയാസൂത്രണ വിഭാഗത്തിൽ നിന്നാണ് പ്രോജക്ടുകൾ തയ്യാറാക്കി ഡി.പി.സി അംഗീകാരത്തിന് സമർപ്പിക്കുന്നത് എന്നും നടപ്പാക്കൽ ഘട്ടമെത്തുമ്പോൾ മാത്രമാണ് നിർവ്വഹണ ഉദ്യോഗസ്ഥക്ക് വിവരങ്ങൾ ലഭിക്കുന്നത്" എന്നുമാണ്. നിർവ്വഹണ ഉദ്യോഗസ്ഥയുടെ അറിവും പങ്കാളിത്തവുമില്ലാതെ പ്രോജക്ടുകൾ വിഭാവനം ചെയ്യുന്നത് ശരിയായ നടപടിക്രമമല്ല.

വാർഡ് സഭകൾ തിരഞ്ഞെടുക്കുന്ന ഗുണഭോക്താക്കളെ നഗരസഭാടിസ്ഥാനത്തിൽ മുൻഗണനാക്രമം നിശ്ചയിച്ച് പട്ടിക തയ്യാറാക്കി ആ ക്രമത്തിലാണ് വ്യക്തിഗത ആനുകൂല്യങ്ങൾ അനുവദിക്കേണ്ടത്. എന്നാൽ ഇവിടെ വീട് മെയിന്റനൻസ് പ്രോജക്ടിൽ നിശ്ചയിച്ച അടങ്കൽ വാർഡടിസ്ഥാനത്തിൽ വീതിക്കുകയാണെന്നും പ്രസ്തുത വാർഡിലെ കൗൺസിലർ നിർദ്ദേശിക്കുന്ന അത്രയും ഗുണഭോക്താക്കൾക്ക് പ്രസ്തുത കൗൺസിലർ നിർദ്ദേശിക്കുന്ന അനുപാതത്തിൽ പണം അനുവദിക്കുകയാണെന്നുമാണ് മറുപടിയിൽ പറയുന്നത്. ഇത് കേരള മുനിസിപ്പാലിറ്റി നിയമം 1994 അദ്ധ്യായം നാല് മുന്നോട്ട് വയ്ക്കുന്ന വികസന കാഴ്ചപ്പാടിന് വിരുദ്ധമാണ്. ഇത് കൂടുതൽ സാധൂകരിക്കും വിധം ഉദാഹരണവും നിർവ്വഹണോദ്യോഗസ്ഥ ചൂണ്ടിക്കാട്ടുന്നു. ഇത്തരത്തിലുള്ള ഏതെങ്കിലും ഒരു പദ്ധതിക്കായി വകയിരുത്തിയ പണം വാർഡടിസ്ഥാനത്തിൽ വീതം വയ്ക്കുമ്പോൾ ഒരു വാർഡിന് 75,000 രൂപ ലഭിക്കുകയാണെങ്കിൽ ചില കൗൺസിലർമാർ മൂന്ന് ഗുണഭോക്താക്കൾക്കായി 25,000 രൂപ വീതം വീതിച്ച് നൽകാനാവശ്യപ്പെടുമെന്നും മറ്റൊരു വാർഡിൽ രണ്ട് ഗുണഭോക്താക്കൾക്ക് 40000, 35000 വീതം നൽകാനാകും ആവശ്യപ്പെടുകയെന്നും ഇവിടെ വാല്യുവേഷൻ പരിഗണിക്കാതെ അങ്ങനെ ചെയ്യേണ്ടിവരുന്ന എന്നുമാണ് നിർവ്വഹണോദ്യോഗസ്ഥ മറുപടിയായി എഴുതി നൽകിയിരിക്കുന്നത്. നഗരസഭയെ ഒറ്റഘടകമായി കണ്ട് ആസൂത്രണം ചെയ്യുന്നതിന് പകരം വ്യക്തിഗത ആനുകൂല്യങ്ങൾ ഉൾപ്പടെ വാർഡടിസ്ഥാനത്തിൽ വീതിച്ച് തുല്യതാ മാനദണ്ഡങ്ങൾ ലംഘിച്ച് വിതരണം ചെയ്യുന്നത് നീതീകരിക്കത്തക്കതല്ല. വ്യക്തമായി നിർവ്വചിക്കപ്പെട്ട നിയമങ്ങൾക്ക് മീതെ വാർഡ് കൗൺസിലറുടെ നിർദ്ദേശാനുസരണം പദ്ധതിപ്പണം വിനിയോഗിച്ചത് നിർവ്വഹണോദ്യോഗസ്ഥയുടെ ഭാഗത്ത് നിന്നുള്ള ഗുരുതരമായ കൃത്യവിലോപമാണ്.

വീട് അറ്റകുറ്റപ്പണിക്കായി വിഭാവനം ചെയ്ത് ധനസഹായം നൽകിയതിൽ മേൽപ്പറഞ്ഞ 6 പ്രോജക്ടിൽ പ്രോജക്ട് നം. 17

ലെ ഗുണഭോക്താക്കളുടെ അപേക്ഷ, എസ്റ്റിമേറ്റ്, മൂല്യനിർണ്ണയ സാക്ഷ്യപത്രം എന്നിവയാണ് ഓഡിറ്റിൽ സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കിയത്. മറ്റ് പ്രോജക്ടുകളിലും സമാന അപാകം നിലനിൽക്കുന്നുണ്ട്.

നഗരസഭ പദ്ധതികൾ നടപ്പാക്കുമ്പോൾ സാമാന്യനീതി പാലിക്കപ്പെടുന്നു എന്ന് ഭരണസമിതി ഉറപ്പാക്കേണ്ടതാണ്. നഗരസഭയെ ഒറ്റഘടകമായികണ്ട് പദ്ധതി ആസൂത്രണം ചെയ്യേണ്ടതും വാർഡ് അടിസ്ഥാനത്തിലുള്ള വീതം വയ്പ്പ് ഒഴിവാക്കേണ്ടതുമാണ്. വാർഡ് സഭ തെരഞ്ഞെടുക്കുന്ന ഗുണഭോക്താക്കളുടെ നഗരസഭാടിസ്ഥാനത്തിലുള്ള ഒറ്റ മുൻഗണനാപട്ടിക തയ്യാറാക്കി അതിൽ നിന്ന് മാത്രം വ്യക്തിഗത ആനുകൂല്യങ്ങൾ വിതരണം ചെയ്യേണ്ടതും വിതരണത്തിൽ മൂല്യത്തിലധിഷ്ഠിതമായ തുല്യത കാത്തുസൂക്ഷിക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ നഗരസഭാ ചെയർപേഴ്സണും സെക്രട്ടറിയും സവിശേഷശ്രദ്ധ പതിപ്പിക്കേണ്ടതുമാണ്.

ഉപഖണ്ഡിക ഇ യിൽ പ്രതിപാദിക്കുന്ന നഷ്ടം, 19500 രൂപ നിർവ്വഹണോദ്യോഗസ്ഥയിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

പ്രോജക്ട് വിവരങ്ങൾ

1) 17/22 ഭവന അറ്റകുറ്റപ്പണി ജനറൽ - അടങ്കൽ 2531812 രൂപ, ചെലവ് 2,49,000 രൂപ (വി.ഫണ്ട് 9.9 ലക്ഷം രൂപ, കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് 15 ലക്ഷം രൂപ)

2) 474/22 ഭവന അറ്റകുറ്റപ്പണി തുടർ ഗഡു നൽകൽ ജനറൽ – അടങ്കൽ – 5 ലക്ഷം രൂപ, ചെലവ് 4.1 ലക്ഷം രൂപ (വികസന ഫണ്ട് ജനറൽ)

3) 250/22 ഭവന അറ്റകുറ്റപ്പണി ജനറൽ (സ്പിൽ ഓവർ) അടങ്കൽ, ചെലവ് 1404000(വികസന ഫണ്ട് ജനറൽ)

4) 475/22 ഭവന അറ്റകുറ്റപ്പണി തുടർ ഗഡു നൽകൽ എസ്.സി – അടങ്കൽ, ചെലവ് 10 ലക്ഷം രൂപ (വികസന ഫണ്ട് എസ്.സി.പി)

5) 82/22 ഭവന അറ്റകുറ്റപ്പണി എസ്.സി – അടങ്കൽ, ചെലവ് 13 ലക്ഷം രൂപ (വികസന ഫണ്ട് എസ്.സി.പി )

6) 252/22 ഭവന അറ്റകുറ്റപ്പണി എസ്.സി – (സ്പിൽ ഓവർ) അടങ്കൽ, ചെലവ് 13.5 ലക്ഷം രൂപ (വികസന ഫണ്ട് എസ്.സി.പി)

ഓഡിറ്റ് അന്വേഷണം – 1/10.2.2023

## 1-32 ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ - വാങ്ങൽ നടപടിക്രമത്തിൽ അപാകം, ചരക്ക് സേവന നികുതി കുറവ് ചെയ്തില്ല

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം 2021-22 ൽ നിർവ്വഹണം നടത്തിയ അങ്കണവാടികൾക്ക് പാത്രങ്ങൾ വാങ്ങൽ, അങ്കണവാടികൾക്ക് കളി ഉപകരണങ്ങൾ വാങ്ങൽ എന്നീ പ്രോജക്ടുകൾ വഴി യഥാക്രമം 4,99,895 രൂപയുടെ പാത്രങ്ങൾ അഫ്സൽ മെറ്റൽസ്, സക്കറിയ ബസാർ, ആലപ്പുഴ എന്ന സ്ഥാപനത്തിൽ നിന്നും 4,73,665 രൂപയുടെ കളി ഉപകരണങ്ങൾ ഓർഡിനന്റ് എന്റർപ്രൈസസ്, മുണ്ട്പറമ്പ, മലപ്പുറം എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. ഇവ 61 അങ്കണവാടികൾക്കായി വിതരണം ചെയ്യാനാണ് വിഭാവനം ചെയ്തത്. ഈ പ്രോജക്ടിന്റെ നടത്തിപ്പിൽ താഴെപറയുന്ന അപാകങ്ങൾ കാണുന്നു.

1)പ്രസ്തുത പ്രോജക്ടുകളിലെ ഉപകരണങ്ങളുടെ വാങ്ങലിനായി ആദ്യം 29.8.21 ലെ നോട്ടീസ് പ്രകാരം 8.9.21 ൽ തുറക്കുന്നതായി കാണിച്ച് ടെന്റർ ക്ഷണിച്ചിട്ടുണ്ട്. എന്നാൽ തുടർന്ന് 18.10.21 ൽ റീടെന്റർ ക്ഷണിക്കുകയും ആയത് 30.10.21 ൽ തുറക്കുകയും ചെയ്തിട്ടുണ്ട്. ആദ്യ ടെന്റർ ഒഴിവാക്കി റീടെന്റർ ചെയ്തതിന്റെ കാരണം വ്യക്തമല്ല. ഇരു പ്രോജക്ടുകളിലും റീടെന്ററിൽ ഓരോ സ്ഥാപനങ്ങൾ മാത്രമാണ് ടെന്റർ സമർപ്പിച്ചത്. എന്നാൽ പാത്രങ്ങൾ സപ്ലേചെയ്യാനായി ടെന്റർ സമർപ്പിച്ച അഫ്സൽ മെറ്റൽസുമായി ചർച്ചനടത്തി വിലയിൽ കുറവ് വരുത്താൻ ശ്രമിച്ചതായി കാണുന്നില്ല.

2)ഇരു പ്രോജക്ടുകളിലും അടങ്കൽ അഞ്ച് ലക്ഷം രൂപയായിരുന്നു. എന്നാൽ ഇ-ടെന്റർ ചെയ്യാൻ നിർവ്വഹണോദ്യോഗസ്ഥ തയ്യാറായില്ല.

3)25,000 രൂപയിൽ അധികമായ ഏത് വാങ്ങലും ജെം പോർട്ടൽ വഴിയാകണം എന്നും നിർദ്ദേശമുണ്ടായി (GO(P)7/2019SPD Dated 26.4.2019). എന്നാൽ ഏതെങ്കിലും സാധനം ജം പോർട്ടലിൽ ലഭ്യമല്ലാത്തപക്ഷം അത് കൃത്യമായി പരിശോധിച്ച് ഉറപ്പിച്ചും വ്യക്തമാക്കിയും മറ്റ് മാർഗ്ഗത്തിലും വാങ്ങാം എന്ന ഇളവ് കൂടി വന്നു (GO(P)13/19SPD Dated 25.10.2019). എന്നാൽ ഇത്തരത്തിൽ ഒരു പരിശോധന നടത്താതെയാണ് പ്രസ്തുത പ്രോജക്ടുകളിൽ പാത്രങ്ങളും കളിഉപകരണങ്ങളും വാങ്ങിയിരിക്കുന്നത്.

4)പ്രസ്തുത പാത്രങ്ങളും കളിഉപകരണങ്ങളും 61 അങ്കണവാടികൾക്കായി വിതരണം ചെയ്യാനാണ് വിഭാവനം ചെയ്തിരുന്നതെങ്കിലും 51,53,64,72 നമ്പർ അങ്കണവാടികൾ പാത്രങ്ങളും 73,74,91,92 നമ്പർ അങ്കണവാടികൾ കളിഉപകരണങ്ങളും കൈപ്പറ്റിയില്ല എന്നാണ് സ്റ്റോക്ക് &ഡിസ്ട്രിബ്യൂഷൻ രജിസ്റ്ററിൽ നിന്ന് വ്യക്തമാകുന്നത്.

5) പാത്രങ്ങളും കളിഉപകരണങ്ങളും വാങ്ങിയ സ്ഥാപനങ്ങൾക്ക് അവയുടെ വില നൽകിയപ്പോൾ നിർബന്ധമായും കിഴിവ് വരുത്തി പ്രസ്തുത ശീർഷകങ്ങളിൽ ഒടുക്കേണ്ട രണ്ട് ശതമാനം ചരക്ക് സേവന നികുതി കുറവ് ചെയ്തില്ല. ഇതുമൂലം ഈ ഇനത്തിൽ വന്ന നഷ്ടം ചുവടെ ചേർക്കുന്നു.

പാത്രങ്ങളുടെ വില (അഫ്സൽ മെറ്റൽസ് ) -4,99,895 രൂപ
SGST, CGST ഒരു ശതമാനം വീതം – 4,999 രൂപ വീതം ആകെ 9,998 രൂപ
കളി ഉപകരണങ്ങളുടെ വില (ഓർഡിനന്റ് എന്റർപ്രൈസസ്) -4,73,665 രൂപയിൽ ബില്ലിലെ ചരക്ക് സേവന നികുതി 55,028 രൂപ കിഴിച്ച് 4,18,637 രൂപ
SGST, CGST ഒരു ശതമാനം വീതം – 4,186 രൂപ വീതം 8,372 രൂപ
ആകെ ബില്ലിൽ കുറവ് ചെയ്ത് സർക്കാരിലേക്ക് ഒടുക്കേണ്ടിയിരുന്ന തുക – 18,370 രൂപ (9998+8372)
അപാകങ്ങളുടെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ഇ-ടെണ്ടർ, ജംപോർട്ടൽ എന്നിവയിൽ ഉള്ള വ്യക്തമായ ധാരണ ഇല്ലായ്മയാണ് അപാകങ്ങൾക്ക് വഴിവച്ചത് എന്നും ആയതിൽ നഗരസഭാ ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്ന് ആവശ്യമായ ടെക്നിക്കൽ സപ്പോർട്ട് ലഭിച്ചില്ല എന്നും ജി.എസ്.റ്റി ഈടാക്കാൻ പ്രസ്തുത സ്ഥാപനങ്ങൾക്ക് കത്ത് നൽകിയിട്ടുണ്ടെന്നുമാണ് നിർവ്വഹണോദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയത്.
ചരക്ക് സേവന നികുതിയിനത്തിൽ നഷ്ടമായ തുക പ്രസ്തുത സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്. നിർവ്വഹണോദ്യോഗസ്ഥർക്ക് ആവശ്യമായ ടെക്നിക്കൽ സഹായം ലഭ്യമാക്കാൻ നഗരസഭ തയ്യാറാകേണ്ടതും ഇക്കാര്യത്തിൽ സെക്രട്ടറി സവിശേഷ ശ്രദ്ധ പതിപ്പിക്കേണ്ടതുമാണ്. നടപടി ക്രമങ്ങൾ ലംഘിച്ച് ഉപകരണങ്ങളും പാത്രങ്ങളും വാങ്ങിയ പ്രവൃത്തിവഴി നഗരസഭയുടെ ഉത്തമ താൽപ്പര്യങ്ങൾക്ക് ഹാനി സംഭവിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ച് യുക്ത നടപടി സ്വീകരിക്കേണ്ടതാണ്.

<u>പ്രോജക്ട് വിവരം</u>

പ്രോജക്ട് നം -108/22,അങ്കണവാടികൾക്ക് പാത്രങ്ങൾ വാങ്ങൽ
അടങ്കൽ -5 ലക്ഷം രൂപ, ചെലവ് -4,99,895 രൂപ
ട്രഷറി ബിൽ നം -16/21-22 തീയതി 14.3.22
പ്രോജക്ട് നം -72/22 അങ്കണവാടികൾക്ക് കളി ഉപകരണങ്ങൾ വാങ്ങൽ
അടങ്കൽ -5 ലക്ഷം രൂപ, ചെലവ് -4,73,665 രൂപ
ട്രഷറി ബിൽ നം -17/21-22 തീയതി 23.3.2022
ഓഡിറ്റ് അന്വേഷണം നം – 16/14.2.2022

## 1-33 മാലിന്യ സംസ്കരണപദ്ധതി നിലവിലും പൂർത്തീകരിച്ചില്ല - ശുചിത്വ മിഷൻ അക്കൗണ്ടിൽ 3.39 കോടിയുടെ നിക്ഷേപം

കായംകുളം നഗരസഭയുടെ 29.02.11 – ലെ 2(1)-ാം നമ്പർ തീരുമാനപ്രകാരം നഗരസഭയിലെ മാലിന്യനിർമ്മാർജ്ജന പദ്ധതികൾ നടപ്പാക്കുന്നതിനായി 2.65 കോടി രൂപയുടെ പ്രോജക്ട് അംഗീകരിക്കുകയുണ്ടായി. ശേഖരിക്കപ്പെടുന്ന മാലിന്യങ്ങൾ ഫലപ്രദമായി സംസ്കരിക്കാതെ നഗരസഭയുടെ ഡമ്പിങ് യാർഡിൽ (വാർഡ് – 22 ലുള്ള 1.87 ഏക്കർ സ്ഥലം) നിക്ഷേപിക്കുകയാണ് ചെയ്യുന്നത്. പ്രോജക്ട് റിപ്പോർട്ട് ശുചിത്വമിഷന് സമർപ്പിച്ചതനുസരിച്ച് 30.03.2012-ൽ 21185600/- രൂപ (0663304/28.03.12) മുൻകൂറായും 2012-13 വർഷം 28.144 ലക്ഷം രൂപയും അനുവദിക്കുകയുണ്ടായി. എന്നാൽ ഈ തുക ലഭിച്ച് 6 വർഷങ്ങൾക്ക് ശേഷവും യാതൊരു നിർമ്മാണ പ്രവർത്തനങ്ങളും നഗരസഭ ആരംഭിക്കാതിരുന്നതിനെ തുടർന്ന് ശുചിത്വമിഷൻ ഡയറക്ടർ നൽകിയ തുക മുതലും പലിശയും ഉൾപ്പെടെ 3,16,41,555/- രൂപ തിരിച്ചടയ്ക്കുവാൻ നിർദ്ദേശിക്കുകയും സെക്രട്ടറി ശുചിത്വമിഷൻ ഡയറക്ടറുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ അടിയന്തിരമായി തുക ചെലവഴിക്കാൻ നിർദ്ദേശിച്ച് 3,16,41,555/- രൂപ നഗരസഭയ്ക്ക് തിരികെ നൽകിയിട്ടുണ്ട്. ശുചിത്വ മിഷൻ പുതുതായി 2019 ൽ സാങ്കേതികാനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ ഇ-ടെണ്ടർ ക്ഷണിക്കുകയും 3 പേര് പങ്കെടുത്തതിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത M_way Communications ന്റെ (29501326.363) ടെണ്ടർ 25.03.20 ലെ അംഗീകരിക്കുകയും പിന്നീട് ഇവർ ഒഴികെ മറ്റ് രണ്ട് ഏജൻസികളും ശുചിത്വ മിഷന്റെ അംഗീകൃത ഏജൻസികളല്ല എന്ന കാരണത്താൽ ടെണ്ടർ അംഗീകരിച്ച കമ്മറ്റി തീരുമാനം റദ്ദ് ചെയ്തു.(11/05/20, 1-ാം നമ്പർ). പിന്നീട് 7/20 ൽ പ്രീക്വാളിഫിക്കേഷൻ ടെണ്ടർ ചെയ്തെങ്കിലും ആരും പങ്കെടുത്തില്ല എന്നതാണ് ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളത്. തുടർന്ന് സിവിൽ, മെക്കാനിക്കൽ പ്രവൃത്തികൾക്ക് പ്രത്യേകമായി ടെണ്ടർ ക്ഷണിക്കുകയും

സിവിൽ- 1491883.958(അബ്ദുൾ അസീസ്)

മെക്കാനിക്കൽ- 11548000(സോഷ്യോ എക്ലോമിക് യൂണിറ്റ് ഫൗണ്ടേഷൻ)

1)അബ്ദുൾ അസീസുമായി സിവിൽ പ്രവൃത്തികൾക്കായി 26.02.21 ൽ കരാർ (3/AEE/20-21/26/02/21) ചമച്ചെങ്കിലും നിലവിലും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ് 180 ദിവസമായിരുന്നു. പ്രാദേശിക പരിശോധന നടത്തിയതിൽ നിലവിൽ രണ്ട് കെട്ടിടങ്ങളുടെ കോളം വരെയുള്ള പ്രവർത്തനങ്ങൾ മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് കണ്ടു.
2)അബ്ദുൾ അസീസ്, സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയത് 19.10.20 ലാണെങ്കിലും കരാർ ചമച്ചത് 26.02.21 ൽ മാത്രമാണ്. കാലതാമസത്തിനുള്ള പിഴ ഈടാക്കിയിട്ടില്ല.

3)ആദ്യ പാർട്ട് ബില്ല് 871687 ലും രണ്ടാം പാർട്ട് ബിൽ 2070859 രൂപ 12.11.21 ലും ചെലവഴിച്ചിട്ടുണ്ട്. 12.11.21 ൽ പിൻവലിച്ച തുക 21-22 ലെ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

4)നിർമ്മാണത്തിന് ധനകാര്യ കമ്മീഷൻ ഗ്രാന്റും ശുചിത്വ മിഷൻ ഫണ്ടും വകയിരുത്തിയിരുന്നെങ്കിലും ശുചിത്വ മിഷൻ ഫണ്ടിൽ നിന്നുമാണ് ചെലവ് വന്നിട്ടുള്ളത്.

5)മെക്കാനിക്കൽ പ്രവൃത്തികൾക്കായി സോഷ്യോ എക്ണോമിക് യൂണിറ്റ് ഫൗണ്ടേഷനെയാണ് അംഗീകരിച്ചതെങ്കിലും ടി സ്ഥാപനവുമായി കരാർ ചമച്ചതായി കാണുന്നില്ല.
മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ (45/21-22) ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം നൽകിയെങ്കിലും മറുപടി ഹാജരാക്കിയില്ല.

നിലവിൽ ടി അക്കൗണ്ടിൽ 3.39 കോടി നിലനിൽക്കുന്നു. പ്രവൃത്തി അടിയന്തിരമായി പൂർത്തീകരിച്ച് നഗരത്തെ മാലിന്യ മുക്തമാക്കേണ്ടതാണ്.

## 1-34 കൗൺസിൽ ഹാൾ നവീകരണം -62.21 ലക്ഷം ചെലവഴിച്ചു - നാളിതുവരെയും ഹാൾ ഉപയോഗിച്ചിട്ടില്ല

നഗരസഭയുടെ നിലവിലുള്ള കെട്ടിടത്തിന്റ മൂന്നാമത്തെ നിലയിലെ ഷീറ്റിട്ട കെട്ടിടം ആവശ്യമായ ഫർണ്ണീഷിംഗ് ചെയ്താണ് പുതിയ കൗൺസിൽഹാളായി സജ്ജമാക്കിയിരിക്കുന്നത്. 2020-21 (പ്രോജക്റ്റ് നം.109/21), 2021-22 (പ്രോജക്റ്റ് നം.240/22) വർഷങ്ങളിലായാണ് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി പ്രോജക്റ്റ് നിർവഹിച്ചിരിക്കുന്നത്. മൂന്ന് അക്രഡിറ്റഡ് ഏജൻസികളിൽ നിന്നും എസ്റ്റിമേറ്റ് ലഭ്യമാക്കി കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സിഡ്കോ മുഖേനയാണ് (30.10.20 ലെ 11983/20 നമ്പർ വർക്ക് ഓർഡർ) പ്രോജക്റ്റ് നടപ്പാക്കിയത്. സിവിൽ വർക്കുകൾക്കായി 23,29,776/- (ബിൽ നം156/29.3.21) രൂപയും ഇലക്ട്രിക്കൽ വർക്കുകൾക്കായി 3,38,926/- രൂപയും (ബിൽ നം.155/29.3.21) 2020-21 വർഷവും 2021-22 ൽ ഹാളിന്റെ ഫർണ്ണീഷിംഗിനായി 24,78,731/-(ബിൽ നം30/21-22 /28.9.21) രൂപയും ചെലവഴിച്ചു. സിഡ്ക്കോ സെയിൽസ് മാനേജർ സമർപ്പിച്ച Sidco/SSETVM/Geenl-2021-22 /29.07.2021 നമ്പർ പ്രവർത്തി പൂർത്തീകരണ സർട്ടിഫിക്കറ്റ് പ്രകാരം സിഡ്ക്കോ കരാർ പ്രകാരമുള്ള പ്രവർത്തികൾ പൂർത്തീകരിച്ച് ഹാൾ നഗരസഭയ്ക്ക് കൈമാറിയിട്ടുണ്ട്.

29.7.21 ലെ .TVM/21-22/50നമ്പർ ഇൻവോയിസ് പ്രകാരം സിഡ്കോയിൽ നിന്നും വാങ്ങിയ എല്ലാ ഇനങ്ങളും ഹാളിൽ സജ്ജീകരിച്ചുണ്ടെന്നാണ് ഫയലിലെ ഓഫീസ് നോട്ടിൽ(22.9.21) ഓവർസിയർ സാക്ഷപ്പെടുത്തിയത്. സ്റ്റോക്ക് രജിസ്റ്ററിലും 29.7.21ലെ ഇൻവോയിസ് പ്രകാരമുള്ള എല്ലാ ഇനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സ്ഥല പരിശോധനയിൽ Table For Secretary (1), രണ്ട് Split AC കളിൽ ഒന്ന് എന്നിവ ഉണ്ടായിരുന്നില്ല. Split AC കളിൽ ഒന്ന് സെക്രട്ടറിയുടെ മുറിയിൽ സ്ഥാപിച്ചിട്ടുണ്ടെന്നാണ് അറിയിച്ചത്. കൗൺസിൽ ഹാളിനായി വാങ്ങിയ എസി അവിടെ സ്ഥാപിക്കാതിരുന്നതിൽ നിന്നും യഥാർത്ഥത്തിൽ ഹാളിലേക്ക് ഒരു എസി യുടെ മാത്രമായിരുന്നു ആവശ്യകത എന്നതാണ് വ്യക്തമാകുന്നത്. Table For Secretary ചെയർപേഴ്സണിന്റെ മുറിയിലുണ്ടെന്ന് അറിയിച്ചെങ്കിലും 29.7.21 ലെ സിഡ്കോ ഇൻവോയിസിൽ രേഖപ്പെടുത്തിയ സ്പെസിഫിക്കേഷനിലുള്ള ടേബിൾ (Table For Secretary) അവിടെ കണ്ടില്ല. ഡെലിഗേറ്റ് മൈക്കുകൾ അധികം വാങ്ങിയതിന്റെയും ഇൻവോയിസിൽ നിന്നും വ്യത്യസ്തമായി വാങ്ങിയ മേശകളുടെ അപാകതയും (ലെഗ് റെസ്റ്റില്ലാത്തത്) ഉൾപ്പെടെയുള്ള പദ്ധതിനിർവഹണത്തിലെ അപാകതകൾ മുൻ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ വിശദമാക്കിയിട്ടുണ്ട്. സ്ഥല പരിശോധനയിൽ കാണാതിരുന്ന Table For Secretary ക്കായി ചെലവഴിച്ച 16,900/- രൂപ തടസ്സപ്പെടുത്തുന്നു.

രണ്ടു വർഷങ്ങളിലായി കൗൺസിൽ ഹാൾ നവീകരണത്തിനായി 51,47,433/-രൂപ ചെലവഴിച്ചുവെങ്കിലും അവിടെ ഇത് വരെയും യോഗങ്ങൾ ചേർന്നിട്ടില്ല. കൗൺസിൽ ഹാളിലേക്ക് സൗകര്യം ഒരുക്കുക എന്ന ലക്ഷ്യത്തിൽ 10,74,034/- രൂപ ചെലവഴിച്ച് സ്ഥാപിച്ച ലിഫ്റ്റും നാളിതുവരെയും പ്രവർത്തന ക്ഷമമാക്കിയിട്ടില്ല. ഹാളും പരിസരവും പൊടിപടലം നിറഞ്ഞും സ്റ്റെയർ കേസ്, ടോയ്‌ലറ്റ് എന്നിവിടങ്ങളിൽ സിഗററ്റ് കുറ്റികൾ നിറഞ്ഞും ആകെ വൃത്തിഹീനമായ അവസ്ഥയിലാണ്. കൗൺസിൽ ഹാളിനോട് ചേർന്നുള്ള ടോയിലറ്റിന്റെ കതക് ഇപ്പോൾ തന്നെ ഇളകിയ നിലയിലാണ്.

ഏതാണ്ട് നൂറു വർഷം പഴക്കം ചെന്ന നഗരസഭാ കെട്ടിടത്തിന് മുകളിലായി അരക്കോടിയിലധികം രൂപ ചെലവഴിച്ച് പുതിയ കൗൺസിൽ ഹാൾ സജ്ജമാക്കിയതിന്റെ ലക്ഷ്യവും വ്യക്തമല്ല. തുക ചെലവഴിച്ചത് കൊണ്ട് മാത്രം പദ്ധതി പൂർണ്ണമാകുന്നില്ല. പദ്ധതി ആവിഷ്കരിച്ചത് എന്തിനുവേണ്ടിയാണോ അത് നടപ്പാകുമ്പോൾ മാത്രമാണ് പദ്ധതിയുടെ യഥാർത്ഥ ലക്ഷ്യം നിറവേറുന്നത്. നിർവഹണ ഏജൻസിക്ക് തുക ലഭിച്ചു എന്നതിലുപരിയായി കൗൺസിൽ ഹാൾ നവീകരണം കൊണ്ട് നഗരസഭക്ക് പ്രയോജനമൊന്നും ഉണ്ടായിട്ടില്ല.
ലിഫ്റ്റ് പ്രവർത്തനക്ഷമമാകാത്തതിനാലാണ് നവീകരിച്ച കൗൺസിൽ ഹാൾ ഉപയോഗിച്ച് തുടങ്ങാത്തതെന്നാണ് ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയത്. ലിഫ്റ്റ് പ്രവർത്തനക്ഷമമാകാത്തതിന്റെ സാങ്കേതിക തടസ്സം

വ്യക്തമാക്കിയിട്ടുമില്ല. നഗരസഭയുടെ നിഷ്ക്രീയആസ്തികളുടെ ഗണത്തിലേക്ക് കൗൺസിൽഹാളും മാറുന്നു. വിഷയത്തിൽ നഗരസഭാകൗൺസിലിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.
ഓഡിറ്റ് അന്വേഷണം നം.4/12.2.23

## 1-35 മരാമത്ത് പ്രവർത്തികളുടെ നിർവ്വഹണം - പൊതു അപാകതകൾ

2021-22 വർഷത്തെ മരാമത്ത് പ്രവർത്തികളുടെ നിർവ്വഹണം സംബന്ധിച്ച ഫയലുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

1) പൊതുമരാമത്ത് പ്രവൃത്തികൾ - ചെലവ് 32% ശതമാനം മാത്രം

തൻവർഷം അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ മുഖേന നടപ്പിലാക്കുന്നതിനായി അംഗീകാരം ലഭിച്ചതും നടപ്പിലാക്കിയതുമായ പദ്ധതികളുടെ വിശദാംശം താഴെ കൊടുക്കുന്നു.

| | അംഗീകാരം ലഭിച്ചത് | നടപ്പിലാക്കിയത് | ശതമാനം |
|---|---|---|---|
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയര് | 6(സ്പിൽ ഓവർ - 6) | 2 | 33% |
| അസിസ്റ്റന്റ് എഞ്ചിനീയർ | 215<br>സ്പിൽ ഓവർ - 68<br>ന്യൂ - 147 | 68<br>സ്പിൽ ഓവർ - 13<br>ന്യൂ - 55 | 32% |
| | 221 | 70 | 32% |

അസിസ്റ്റന്റ് എഞ്ചിനീയറുടെ പദ്ധതികൾക്കായി ആകെ വകയിരുത്തിയത് 10.27 കോടിയാണെങ്കിലും ചെലവഴിച്ചത് 2.56 കോടി മാത്രം. 25% മാത്രമാണ് പദ്ധതി ചെലവ്.

മുനിസിപ്പൽ എഞ്ചിനീയറുടെ പദ്ധതികൾക്കായി ആകെ വകയിരുത്തിയത് 4.81 കോടിയാണെങ്കിലും ചെലവഴിച്ചത് 32.90 ലക്ഷം മാത്രം. 6.8% മാത്രമാണ് പദ്ധതി ചെലവ്.

2) ഏറ്റെടുക്കുന്ന പദ്ധതികളിൽ കൂടുതലും 5 ലക്ഷത്തിൽ താഴെ പദ്ധതി അടങ്കൽ ഉള്ളവ.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തുന്നതിനായി ആകെ 216 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചതിൽ 5 ലക്ഷത്തിന് മുകളിൽ അടങ്കലുള്ള 71 പദ്ധതികളും 5 ലക്ഷത്തിൽ താഴെ അടങ്കലുള്ള 145 പദ്ധതികളുമാണുള്ളത്. 67% വും 5 ലക്ഷത്തിൽ താഴെ അടങ്കലുള്ള പദ്ധതികളാണ്. അതിൽ തന്നെ 2 ലക്ഷത്തിൽ താഴെയുള്ള പദ്ധതികളുടെ എണ്ണം വളരെ കൂടുതലാണ്. വാർഡ് അടിസ്ഥാനത്തിൽ തുക വിഭജിക്കുന്നത് കാരണമാണ് ഇപ്രകാരം സംഭവിക്കുന്നത്. അത് കാരണം ഒരു റോഡും പൂർണ്ണമായി നിർമ്മിക്കുവാൻ കഴിയില്ല. തന്നെയുമല്ല പ്രോജക്റ്റുകളുടെ എണ്ണത്തിലെ വർദ്ധനവ് കാരണം പ്രവൃത്തികൾ നടപ്പിലാക്കുന്നതിനും കഴിയുന്നില്ല.

3) ടെൻഡർ രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല. ആർക്കാണ് ടെണ്ടർ ഉറപ്പിച്ചതെന്ന് രജിസ്റ്ററിൽ രേഖപ്പെടുത്തി അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. പല കോളങ്ങളിലും ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. ലഭിച്ച EMD യുടെ വിവരങ്ങൾ, പങ്കെടുത്ത കരാറുകാരുടെ ഒപ്പ്, തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല.
4) 2019-20 മുതൽ എഗ്രിമെന്റ് രജിസ്റ്റർ കൃത്യമായി എഴുതി പോരുന്നില്ല. എസ്റ്റിമേറ്റ്, പി.എ.സി, സെക്യൂരിറ്റി തുക, കരാർ തീയതി, പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി എന്നിവയൊന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല.

5) വർക്ക് ബില്ലിന്റെ ഫയലിനോടൊപ്പം എസ്റ്റിമേറ്റ് റിപ്പോർട്ട് വെക്കുന്നില്ല

6) കേരള മുനിസിപ്പാലിറ്റീസ് ആക്ട് ഒന്നാം പട്ടിക പ്രകാരം മുനിസിപ്പാലിറ്റികളിലെ ദേശീയപാതയും സംസ്ഥാനപാതയും മേജർ ജില്ലാ റോഡുകളും ഒഴികെയുള്ള റോഡുകൾ നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്യുക എന്നത് മുനിസിപ്പാലിറ്റികളിൽ നിക്ഷിപ്തമായ ഉത്തരവാദിത്വമാണ്. എന്നാൽ ഇപ്രകാരം പ്രവൃത്തികൾ നടപ്പാക്കുന്നത് കണക്റ്റിവിറ്റി പ്ലാനിനെ അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ ആകണമെന്ന് 4.02.2011ലെ സ.ഉ(എം.എസ്) 31/2011

/തസ്വഭവ നമ്പർ ഉത്തരവിൽ സർക്കാർ വ്യക്തമായി നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിൽ ഓരോ തദ്ദേശഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണം എന്നും വ്യക്തമാക്കിയിട്ടുണ്ട്. നിയമം അനുശാസിക്കുന്ന രീതിയിൽ റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാൻ, റോഡ് രജിസ്റ്റർ എന്നിവ തയ്യാറാക്കിയിട്ടില്ല.

7) സമയബന്ധിതമായി പദ്ധതികൾ നടപ്പാക്കുന്നതിനും പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കുന്നതിനും മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമമല്ല.

8) തൻവർഷം ആർജ്ജിച്ച എല്ലാ ആസ്തികളെയും ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

അപാകതകൾ ഒഴിവാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-36 ചാലപ്പള്ളി പാലം നിർമ്മാണം - അപ്രോച്ച് റോഡ് നിർമ്മാണം നിലവിലും പൂർത്തീകരിച്ചില്ല

| | |
|---|---|
| പ്രോജക്ട് നം. | S0165/20 |
| അടങ്കൽ | 85,00,000 |
| എസ്റ്റിമേറ്റ് | 46,10,000 |
| കരാർ നം. | 2/AEE/LSGD/06.01.21 |
| കരാറുകാരൻ | അബ്ദുൽ ലത്തീഫ് |
| എഗ്രീഡ്. പി.എ.സി | 3779702.94 |
| ആകെ മൂല്യം(3പാർട്ട് ബിൽ) | 3732110.86+gst=4179964 |
| തുക | 1st And Part - 1504310 |
| | 2nd And Part -2643277/18 /12/21 |
| | 3rd And Part -32377/26.3.22 |
| എം ബുക്ക് നം. | 56/20-21 |

ഈ പദ്ധതിയിൽ, ഇനം 1 ആയി പാലം നിർമ്മാണവും ഇനം.2 ആയി അപ്രോച്ച് റോഡ് നിർമ്മാണത്തിനുമാണ് തുക വകയിരുത്തിയിരുന്നത്. എന്നാൽ അപ്രോച്ച് റോഡ് നിർമ്മാണം ഇതേ വരെയും പൂർത്തീകരിച്ച് റോഡ് ഗതാഗതയോഗ്യമാക്കിയില്ല. അപാകതകൾ,

1) അപ്രോച്ച് റോഡ് നിർമ്മാണം പൂർത്തീകരിച്ചില്ല

കരാർ കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ചില്ല. ഈ പ്രവൃത്തിയുടെ ഫൈനൽ ബില്ല് അനുവദിച്ചിട്ടുമില്ല. ടാർ റോഡിന്റെ നിർമ്മാണം ഒഴിവാക്കിയാണ് റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകരിച്ചിട്ടുള്ളത്. അപ്റോച്ച് റോഡ് നിർമ്മിക്കാത്തത് കാരണം നിലവിൽ 3rd And Part ആയാണ് തുക അനുവദിച്ചിട്ടുള്ളത്.

05.07.21 ൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്നു. എന്നാൽ നിലവിലും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. കരാർ ചമച്ച് ഒരു വർഷത്തിന് ശേഷമാണ് പ്രവൃത്തി പൂർത്തീകരിച്ചത്. എന്നാൽ PWD മാനുവൽ അനുശാസിക്കും പ്രകാരമുള്ള പിഴ ഈടാക്കി കാലയളവ് ദീർഘിപ്പിച്ചിട്ടുമില്ല.

കാലാവധി ദീർഘിപ്പിക്കുവാൻ കരാറുകാരൻ അപേക്ഷ നൽകിയിട്ടില്ല. എന്നാൽ ഫയലിൽ ഉൾപ്പെടുത്തിയ സപ്ലിമെന്ററി കരാറിൽ 06.01.22 വരെ കരാർ ദീർഘിപ്പിച്ചിട്ടുണ്ട്. നിയമാനുസൃത പിഴ ഈടാക്കാതെയാണ് കരാർ ദീർഘിപ്പിച്ചിട്ടുള്ളത്. PWD മാനുവൽ സെക്ഷൻ 2112 പ്രകാരം ആദ്യതവണ കാലാവധി ദീർഘിപ്പിക്കുന്നതിന് PAC യുടെ 1% എന്ന നിരക്കിലും (കുറഞ്ഞത് ₹.1000/-, പരമാവധി ₹.50000/-) രണ്ടാം തവണ PAC യുടെ 2% എന്ന നിരക്കിലും (കുറഞ്ഞത് ₹.2000/-, പരമാവധി ₹.100000/-) പരമാവധി 50% വരെ പിഴ ഈടാക്കി കാലാവധി ദീർഘിപ്പിക്കാവുന്നതാണ്. ലോക്ക് ഡൗണിന്റെ സാഹചര്യത്തിൽ പിഴ കൂടാതെ 6 മാസം കാലയളവ് ദീർഘിപ്പിക്കുവാൻ തദ്ദേശസ്വയംഭരണ വകുപ്പ് അനുവദിച്ചിട്ടുമുണ്ട്. എന്നാൽ ടി കാലയളവ് അനുവദിച്ചാൽ പോലും പൂർത്തീകരിക്കേണ്ടിയിരുന്ന തീയതിയും കഴിഞ്ഞാണ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത്. പ്രവൃത്തിയുടെ ദീർഘീകരണവുമായി ബന്ധപ്പെട്ട് കൗൺസിലിൽ തീരുമാനം എടുത്തിട്ടുമില്ല.

2) അപ്രോച്ച് റോഡിന്റെ രണ്ട് ഭാഗങ്ങളിലും 12x5.80 മീറ്ററിൽ താഴെ പറയും പ്രകാരം പ്രവൃത്തികൾ ചെയ്തതായി രേഖപ്പെടുത്തി തുക ചെലവഴിച്ചിട്ടുണ്ട്.

ഇനം.7.01 - Construction Of Embankment, 86.40 M3@420.929/m3 = 36368.27

ഇനം.7.04 - Construction Of Granular Sub Base By Providing Local Materials,

20.88 M3@1384.489/m3=28908.12

എന്നാൽ പ്രാദേശിക പരിശോധനയിൽ ഒര് സൈഡിൽ കോൺക്രീറ്റിംഗ് ചെയ്തിട്ടുണ്ട്. ടി പ്രവൃത്തിയും പൂർത്തീകരിച്ചിട്ടില്ല. മറ്റേ സൈഡിൽ നിലവിലുണ്ടായിരുന്ന ടാർ റോഡിന്റെ ഭാഗങ്ങൾ പൊളിഞ്ഞുകിടക്കുന്ന അവസ്ഥയിലുമാണ്.

3) അപ്രോച്ച് നിർമ്മാണം പൂർത്തീകരിക്കും മുൻപ് തന്നെ റിറ്റൻഷൻ അനുവദിച്ചിരിക്കുന്നു.

പാലം പണി പൂർത്തീകരിച്ച എന്നുള്ള ഓവർസീയറുടെ നോട്ടിന്റെ അടിസ്ഥാനത്തിലും അസിസ്റ്റന്റ് എഞ്ചിനീയറുടെ 20.12.21 ലെ വർക്ക് കമ്പ്ലീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും റിറ്റൻഷൻ ഇനത്തിലുള്ള 1,34,313 രൂപ വൗച്ചർ നം. 23 7/22 പ്രകാരം പിൻവലിച്ച് കരാറുകാരന് നൽകി. അപ്രോച്ച് റോഡിന്റെ നിർമ്മാണം കൂടി ഉൾപ്പെടുത്തിയ പ്രവൃത്തിക്കാണ് കരാർ ചമച്ചതെങ്കിലും ആയത് പരിഗണിച്ചില്ല.

4) 41.79 ലക്ഷം രൂപ ചെലവഴിച്ച് പാലം നിർമ്മാണം പൂർത്തീകരിച്ചുവെങ്കിലും ഒരു ബോർഡ് പോലും സ്ഥാപിച്ചിട്ടില്ല.

മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്, അപ്രോച്ച് റോഡ് നിർമ്മാണം, "റീ ബിൽഡ് കേരള" യിൽ ഉൾപ്പെടുത്തി ചെയ്തുവരുന്നതായും പ്രസ്തുത പാലം പണി 20.12.21 ന് പൂർത്തീകരിച്ചുവെന്ന അസിസ്റ്റന്റ് എഞ്ചിനീയറുടെ വർക്ക് കമ്പ്ലീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് റിറ്റൻഷൻ കരാറുകാരന് അനുവദിച്ചതെന്നും റോഡ്പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് നെയിം ബോർഡ് സ്ഥാപിക്കുവാൻ തുക വകയിരുത്തിയിട്ടുണ്ടെന്നുമാണ് ടി കാലയളവിലെ അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയിട്ടുള്ളത്. പാലം പണി പൂർത്തീകരിച്ചുവെങ്കിലും അപ്രോച്ച് റോഡ് നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

കോവിഡ് സാഹചര്യത്തിലാണെങ്കിൽ പോലും കൗൺസിലിന്റെ അംഗീകാരം ഇല്ലാതെ കാലയളവ് ദീർഘിപ്പിച്ച നടപടി ക്രമവിരുദ്ധമാണ്. അപ്രോച്ച് റോഡ് നിർമ്മാണം അടിയന്തിരമായി പൂർത്തീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-37 ടേക്ക് എ ബ്രേക്ക് - ടെർമിനൽ ബസ്സ്റ്റാന്റിൽ ടോയ്‌ലറ്റ് നിർമ്മാണം, 342/21-22 - പ്രവൃത്തി പൂർത്തീകരിക്കും മുൻപ് റിറ്റെൻഷൻ തിരികെ നൽകി

| | |
|---|---|
| അടങ്കൽ | 11,49,000 |
| കരാർ നം | 2A/AEE/LSGD/20-21/17/02/21 |
| കരാറുകാരൻ | ഇ.എം.അഷ്റഫ് |
| എഗ്രീഡ്. പി.എ.സി | 915045.16 |
| ആകെ മൂല്യം(2പാർട്ട് ബിൽ) | 910875 |
| തുക | 614585/ബിൽ നം.153/04.12.21 |
| | 405594/31.03.21(20-21) |
| എം ബുക്ക് നം. | 77/20-21, 90/20-21 |

സംസ്ഥാന സർക്കാരിന്റെ 12 ഇന പരിപാടിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ ടേക്ക് എ ബ്രേക്ക് എന്ന പദ്ധതിക്കായി 2 പാർട്ട് ബില്ലുകളായി 10,20,179 രൂപയാണ് അനുവദിച്ചിട്ടുള്ളത്. അപാകതകൾ താഴെ കൊടുക്കുന്നു.

1) ഇനം 55 ആയി, Providing And Fixing Incinerator @19745 രൂപ റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും സ്ഥാപിച്ചിട്ടില്ല.

2) എസ്റ്റിമേറ്റിൽ ഇലക്ട്രിഫിക്കേഷന് 59000 വകയിരുത്തിയിരുന്നുവെങ്കിലും റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഇത് ഒഴിവാക്കിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. പ്രാദേശിക പരിശോധന നടത്തിയതിൽ നിലവിലും ഇലക്ട്രിഫിക്കേഷൻ നടത്തിയിട്ടില്ല എന്ന് കണ്ടു.

3) E 5 ആയി Instalation Of Disabled W/c @ 25106.29

മാർക്കറ്റ് നിരക്കിലാണ് നിരീക്ഷണ ഡാറ്റാ തയ്യാറാക്കിയിട്ടുള്ളത്. എന്നാൽ ബില്ല് ഹാജരാക്കിയിട്ടില്ല. പ്രാദേശിക പരിശോധനയിൽ സാധാരണ ബാത്ത് റൂമുകളിൽ സ്ഥാപിക്കുന്ന തരത്തിലുള്ള ക്ലോസറ്റ്(pedestral Type Water Closet@6749.39) Item 37, 17.3.1 മാത്രമാണ് സ്ഥാപിച്ചിട്ടുള്ളതെന്ന് കണ്ടു.

4) Take A Break എന്നാണ് നാമകരണം എങ്കിലും യാത്രികർക്ക് വിശ്രമിക്കുവാൻ ഉതകുന്ന രീതിയിലുള്ള സൗകര്യങ്ങളൊന്നും നിലവിൽ ടി കെട്ടിടത്തിലില്ല. നഗരസഭാ ടെർമിനൽ ബസ്സ്റ്റാന്റിലുള്ള നഗരസഭയുടെ പേ ആന്റ് പാർക്കിലാണ് ടി കെട്ടിടം സ്ഥാപിച്ചിട്ടുള്ളത്. ചുറ്റിനും വാഹനമായതിനാൽ Take A Break എന്ന കെട്ടിടത്തിലേക്ക് കയറുവാൻ തന്നെ ബുദ്ധിമുട്ടാണ്.

5) ടെർമിനൽ ബസ് സ്റ്റാന്റിൽ നിലവിൽ ഒരു കംഫർട്ട് സ്റ്റേഷനുണ്ട്. ടി കെട്ടിടത്തിന് സമീപത്തായി തന്നെ വീണ്ടും ഒരു കംഫർട്ട് സ്റ്റേഷൻ സ്ഥാപിച്ചു എന്നതല്ലാതെ Take A Break ന്റെ നിർവചനത്തിലേക്ക് എത്തിയിട്ടില്ല.

6) ജന്റ്സ് ബാത്ത് റൂമിനോട് ചേർന്നുള്ള റെസ്റ്റ് റൂമിന്റെ ടൈലും ബാത്ത്റൂമിന്റെ ടൈലും ഒരേ നിരപ്പിലാണ് നിർമ്മിച്ചിട്ടുള്ളത്.

7) പാർട്ട് ബില്ലുകളിൽ നിന്നും യഥാക്രമം 9053, 13718 രൂപ വീതം റിറ്റെൻഷൻ ഇനത്തിൽ ഈടാക്കിയിരുന്നു. എന്നാൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് മുൻപ് തന്നെ കരാറുകാരന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ, പ്രവൃത്തി പൂർത്തീകരിച്ചുവെന്ന തെറ്റായ റിപ്പോർട്ട് തയ്യാറാക്കി വൗച്ചർ നം. 62 7/22 പ്രകാരം 22771 രൂപ അനുവദിച്ചു.

8) വർക്ക് ഓർഡറിൽ 6 മാസമാണ് പൂർത്തീകരണ കാലയളവ് രേഖപ്പെടുത്തിയതെങ്കിലും സെലക്ഷൻ നോട്ടീസിൽ 3 മാസമെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 17.02.21 ൽ കരാർ ചമച്ച പ്രവൃത്തി നിലവിലും (2/23) പൂർത്തീകരിച്ചിട്ടില്ല.

9) Take A Break എന്ന് നാമകരണം ചെയ്ത കംഫർട്ട് സ്റ്റേഷൻ ലേലം ചെയ്ത് നൽകിയിട്ടുണ്ടോ എന്ന് വ്യക്തമല്ല.

മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്, കരാറുകാരൻ ക്വോട്ട് ചെയ്ത നിരക്കും എം ബുക്ക് പ്രകാരം കരാറുകാരന് ആകെ അനുവദിച്ച തുകയും തമ്മിൽ 4170.16 രൂപയുടെ വ്യത്യാസമേയുള്ളൂ എന്നും ടി തുകയ്ക്ക് ഇൻസിനറേറ്റർ സ്ഥാപിക്കുവാൻ കഴിയില്ല എന്നതിനാലുമാണ് റിറ്റൻഷൻ അനുവദിച്ചതെന്നാണ് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയത്. റിവൈസ്ഡ് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലും ഐറ്റം റേറ്റിലുമാണ് പ്രവൃത്തി നടപ്പിലാക്കിയത് എന്നതിനാൽ മറുപടി അംഗീകരിക്കുന്നില്ല.

Take A Break എന്ന കെട്ടിടത്തിന്റെ ഒന്നാം ഘട്ടം മാത്രമാണ് പൂർത്തീകരിച്ചതെന്നും രണ്ടാംഘട്ടത്തിൽ റെസ്റ്റ് റൂം, സ്നാക്ക് ഷോപ്പ് എന്നിവ വിഭാവനം ചെയ്തിരുന്നുവെങ്കിലും കോവിഡ് കാലയളവിൽ റയിൽവേ സ്റ്റേഷൻ ടെർമിനൽ ബസ്സ്റ്റാന്റ് പ്രവർത്തിക്കാത്തതിനാലും ഫണ്ടിന്റെ അപര്യാപ്തത കാരണവും രണ്ടാം ഘട്ടം നടപ്പിലാക്കുവാൻ കഴിഞ്ഞില്ല എന്നും വൈദ്യുതി കണക്ഷൻ ലഭിക്കാത്തത് കാരണമാണ് ഇൻസിനറേറ്റർ സ്ഥാപിക്കാഞ്ഞത് എന്നും മറുപടി നൽകി.

ഭിന്നശേഷിക്കാരുടെ ശുചിമുറിയിൽ സ്ഥാപിച്ച ക്ലോസറ്റിന്റെ ബില്ല് ഹാജരാക്കിയിട്ടില്ലാത്ത സാഹചര്യത്തിലും പ്രാദേശിക പരിശോധനയിൽ ഈ ക്ലോസറ്റിന്റെ പല ഭാഗങ്ങളും ഇളക്കിമാറ്റപ്പെട്ട അവസ്ഥയിലുമായതിനാൽ ടി ചെലവ് അംഗീകരിക്കുന്നില്ല. പ്രവൃത്തി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-38 വേമ്പനാട് കോയിക്കൽ റോഡ് കോൺക്രീറ്റിംഗ് - കൗൺസിലിന്റെ അനുമതിയില്ലാതെ സെക്യൂരിറ്റി തിരികെ നൽകി

ഫയൽ നം.PW1-13212/18

കരാറുകാരൻ – നാസർ കെ.

കരാർ നം.16/AE/18-19/11/08/18

പി.എ.സി - 199957.87

വേമ്പനാട് കോയിക്കൽ റോഡ് കോൺക്രീറ്റിംഗ് എന്ന പ്രവൃത്തിക്ക് 11.08.18 ന് കരാർ ചമച്ചെങ്കിലും സൈറ്റിലെ പ്രശ്നം കാരണം ടി പ്രവൃത്തി നടന്നില്ല. എന്നാൽ പൂർത്തീകരിക്കാത്ത ഈ പ്രവൃത്തിയുടെ സെക്യൂരിറ്റി നഗരസഭാ

കൗൺസിലിന്റെ അനുമതിയില്ലാതെ കരാറുകാരന് തിരികെ നൽകിയതായുള്ള കൗൺസിലറുടെ പരാതിയെ തുടർന്ന് 25/10/22 ലെ 14(1) -ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം കരാർ ക്യാൻസൽ ചെയ്യാതെ അപ്രകാരം പ്രവർത്തിച്ച ബന്ധപ്പെട്ടവർക്കെതിരായി സി.ഇ യ്ക്ക് കത്ത് നൽകുവാൻ തീരുമാനിച്ചിരുന്നു. അസി.എഞ്ചിനീയർ, ജയരാജ്; എ.എക്സ്.ഇ, ശൈലജ എന്നിവർക്ക് വിശദീകരണം ആവശ്യപ്പെട്ട് 26.04.22 ൽ കത്ത് നൽകിയെങ്കിലും മറുപടി ലഭിച്ചിരുന്നില്ല. ഇതേ തുടർന്ന് 17.11.22 ൽ സി.ഇ ക്ക് കത്ത് അയച്ചതായും ഫയലിൽ കാണുന്നു. നിലവിലെ അവസ്ഥ വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ഹാജരാക്കിയില്ല. സ്വീകരിച്ച നടപടികളുടെ വിശദാംശം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-39 കൊച്ചുവീട്ടിൽ ഈഞ്ചക്കൽ ഓട, കവറിംഗ് സ്ലാബ് വാർഡ് 39 - നിർമ്മാണം പാതിവഴിയിൽ

| | |
|---|---|
| അടങ്കൽ | 7,59,000 |
| കരാർ നം | 93/AE/21-22/kylm/02/03/22 |
| കരാറുകാരൻ | കെ.സുരേഷ് |
| എഗ്രീഡ്. പി.എ.സി | 631912.80 |
| ആകെ മൂല്യം(പാർട്ട് ബിൽ) | 259454+31134(12% Gst)=290588/ബിൽ നം.682/30.3.22 |
| തുക | 2,73,722(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| എം ബുക്ക് നം. | 68/21-22 |

എസ്റ്റിമേറ്റ് റിപ്പോർട്ട് ഫയലിലില്ല. 26.03.22 ന ശേഷം എം ബുക്കിൽ അളവുകൾ രേഖപ്പെടുത്തിയിട്ടില്ല. 3 മാസമായിരുന്ന പൂർത്തീകരണ കാലയളവ്. പാർട്ട് പേയ്മെന്റിന് ശേഷം 11 മാസം കഴിഞ്ഞിട്ടും തുടർ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല എന്ന് കാണുന്നു. പൂർണ്ണ അളവിൽ ഓട നിർമ്മാണം നടത്തിയിട്ടില്ല. ഇനം 5,6 പ്രകാരമുള്ള കവറിംഗ് സ്ലാബ് നിർമ്മിച്ചിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (39/21-22) ആദ്യ ഭാഗത്തെ ഓട നിർമ്മാണം പൂർത്തീകരിച്ചെങ്കിലും ചില തർക്കങ്ങൾ നിലനിൽക്കുന്നതിനാൽ കവറിംഗ് സ്ലാബ് നിർമ്മാണം, രണ്ടാം ഭാഗത്തെ ഓട നിർമ്മാണവും കവറിംഗ് സ്ലാബ് നിർമ്മാണവും നടന്നിട്ടില്ല എന്നുമാണ് ടി കാലയളവിലെ അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയിട്ടുള്ളത്. പ്രവൃത്തി പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രവൃത്തി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ഭരണ സമിതിക്ക് ശുപാർശ ചെയ്യുന്നു.

## 1-40 നഗരസഭ സ്കൂളുകൾക്ക് സൌണ്ട് സിസ്റ്റം വാങ്ങി നൽകൽ -വിതരണരേഖകളില്ല- ചെലവ് തടസ്സപ്പെടുത്തുന്നു

2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രിൻസിപ്പൽ, ഗവ.ബോയിസ് എച്ച്.എസ്സ്.എസ്സ് കായംകുളം നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ടിൽ GEM പോർട്ടലിൽ നിന്നും താരതമ്യപത്രിക തയ്യാറാക്കി RJ എന്റർ പ്രൈസസിൽ നിന്നും 16 എണ്ണം "ALTOP AUDIO LECTERN AL-01" വാങ്ങിയിട്ടുണ്ട്. ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം. | 68 |
| പ്രോജക്ടിന്റെ പേര് | നഗരസഭ സ്കൂളുകൾക്ക് സൌണ്ട് സിസ്റ്റം |
| അടങ്കൽ | 6,10,000 |
| ഫണ്ട് | മെയിന്റനൻസ് ഗ്രാന്റ് -നോൺ റോഡ് |
| ചെലവ് | 6,08,004 |
| ടാക്സ് ഇൻവോയിസ് നം | RJE02690/2021-22 Dtd 25.03.2022 (1,57,977)<br>RJE02691/2021-22 Dtd 25.03.2022 (4,50,027) |
| എ.സി.ആർ ബിൽ നം. | 661/30.3.2022<br>662/30.3.2022 |

പ്രോജക്ട് സംബന്ധിക്കുന്ന ഫയലിൽ താഴെ പറയുന്ന രേഖകൾ സൂക്ഷിച്ചിരുന്നില്ല

1) പർച്ചേസ് കമ്മിറ്റി വാങ്ങൽ സംബന്ധിച്ച് തീരുമാനം എടുത്തതിന്റെ വിവരങ്ങൾ

2) പോഡിയത്തിന്റെ വിതരണ രേഖകൾ

3) പ്രോജക്ടിന്റെ ഭാഗമായി സ്വീകരിച്ച സെക്യൂരിറ്റി നിക്ഷേപത്തിന്റെ വിശദാംശങ്ങൾ
4) പ്രോജക്ട് മോണിട്ടറിംഗ് നടത്തിയതിന്റെ വിവരങ്ങൾ

രേഖകൾ ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് നിർവ്വഹണ ഉദ്യോഗസ്ഥന് അന്വേഷണക്കുറിപ്പ്(നം.34 തീയതി 20.2.23) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ഹാജരാക്കുന്നത് വരെ 6,08,004 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-41 വാട്ടർ കിയോസ്ക് - ആവശ്യകത കണക്കാക്കാതെയുള്ള വാങ്ങലുകൾ - ഒരെണ്ണം നിലവിലും സ്ഥാപിച്ചിട്ടില്ല

2018-19, 2019-20 വർഷങ്ങളിലായി '3' വാട്ടർ കിയോസ്കുകൾക്കായി 14,90,000 രൂപ ചെലവഴിച്ചെങ്കിലും ഒരെണ്ണം പോലും പ്രവർത്തിക്കുന്നില്ല.

നഗരസഭാ ഓഫീസ്, താലൂക്ക് ഹോസ്പിറ്റൽ, സസ്യ മാർക്കറ്റ് എന്നിവിടങ്ങളിലാണ് ഈ കിയോസ്കുകൾ സ്ഥാപിച്ചിട്ടുള്ളത്. നഗരസഭാ ഓഫീസ്, താലൂക്ക് ഹോസ്പിറ്റൽ എന്നിവിടങ്ങളിൽ സ്ഥാപിച്ചിട്ടുള്ളവ ഇപ്പോൾ പ്രവർത്തനക്ഷമമല്ല. പ്രാദേശിക പരിശോധന നടത്തിയതിൽ സസ്യ മാർക്കറ്റിൽ സ്ഥാപിച്ചിട്ടുള്ള വാട്ടർ കിയോസ്ക് ഇതേ വരെയും ഇൻസ്റ്റാൾ ചെയ്തിട്ടില്ല എന്ന് കാണുന്നു.



അതിന് ഇലക്ട്രിക് കണക്ഷൻ, വാട്ടർകണക്ഷൻ എന്നിവയൊന്നുമില്ല. ഇതേ വരെയും ഇൻസ്റ്റാൾ ചെയ്യാത്ത സാഹചര്യത്തിൽ അതിനുള്ളിലെ ഫ്രിഡ്ജ് തുടങ്ങിയ ഉപകരണങ്ങൾ നശിച്ച് പോയിട്ടുണ്ടാവും. വാട്ടർ കിയോസ്കുകൾക്കായി ചെലവഴിച്ച തുക നഷ്ടം തന്നെയാണ്. ആവശ്യകത കണക്കാക്കാതെയാണ് വാങ്ങലുകൾ നടത്തുന്നതെന്ന് വ്യക്തം. ഭരണസമിതിയുടെ അടിയന്തിര ഇടപെടലുകൾ ഉണ്ടാകേണ്ടതാണ്.

## 1-42 വിവിധ വികസന പദ്ധതികൾക്കായുള്ള സ്ഥലമെടുപ്പ് - 3.5 കോടി രൂപ ജില്ലാ കളക്ടറുടെ റ്റി.എസ്സ്.ബി അക്കൗണ്ടിൽ നിക്ഷേപമായി നിലനിൽക്കുന്നു

2013-14, 2014-15 വർഷങ്ങളിൽ വികസന ഫണ്ടിൽ നിന്നും മുൻകൂറായി പിൻവലിച്ച് ജില്ലാ കളക്ടറുടെ റ്റി.എസ്സ്.ബി അക്കൗണ്ടിൽ നിക്ഷേപിച്ച 3.5 കോടി രൂപ നിലവിലും നിക്ഷപമായി നിലനിൽക്കുന്നു.

താഴെപ്പറയുന്ന വിവിധ വികസന പദ്ധതികൾക്കായി തുക നിക്ഷേപിച്ച് 8 വർഷങ്ങൾ കഴിഞ്ഞിട്ടും ഇപ്പോഴും സ്ഥലമെടുപ്പ് നടന്നിട്ടില്ല.

| ക്രമ നം. | പദ്ധതിയുടെ പേര് | പ്രോജക്ട് നം. | 13-14 വർഷത്തെ ചെലവ് | 14-15 വർഷത്തെ ചെലവ് | ആകെ ചെലവ് |
|---|---|---|---|---|---|
| 1 | അറവുശാലയ്ക്ക് സ്ഥലമെടുപ്പ് | 131/14.<br>160/15. | 50,00,000<br>309955/31.03.14. | 25,00,000<br>792409/9.04.15. | 75,00,000 |
| 2 | സ്റ്റേഡിയം സ്ഥലമെടുപ്പ്. | 129/14.<br>069/15. | 75,00,000<br>309954/31.03.14. | 125,00,000<br>792411/9.04.15. | 2,00,00,000 |
| 3 | ഗവ.ഐ.ടി.ഐ ,, | 130/14<br>152/15. | 25,00,000<br>309953/31.03.14 | 50,00,000<br>792410/9.04.15. | 75,00,000 |
| | ആകെ | | 1,50,00,000 | 2,00,00,000 | 3,50,00,000 |

നഗരസഭയ്ക്കനുവദിച്ച് കിട്ടിയ വികസനഫണ്ടിൽ നിന്നും പിൻവലിച്ച ഭീമമായ ഈ തുക, ഭൂമി ഏറ്റെടുക്കലിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനുവേണ്ടി ബഹു.ആലപ്പുഴ ജില്ലാകളക്ടറുടെ പേരിലുള്ള റ്റി.എസ്സ്.ബി.അക്കൗണ്ട് നം.3568 ലേക്ക് മാറ്റിയിട്ടിട്ടുണ്ട്. നഗരസഭ വാങ്ങുവാൻ ഉദ്ദേശിച്ച 139.51 ആർസ് സ്ഥലം റവന്യൂ വകുപ്പിന്റെ രേഖകൾ പ്രകാരം നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008 ന്റെ പരിധിയിൽ വരുന്നതാണെന്ന് അഗ്രിക്കൾച്ചർ ഫീൽഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ ഈ സ്ഥലം നിർദ്ദിഷ്ട പദ്ധതികൾക്ക് ഉപയോഗപ്പെടുത്തുവാൻ ഇതേ വരെയും കഴിഞ്ഞിട്ടില്ല.

2010–11 സാമ്പത്തികവർഷം കായംകുളം നഗരത്തിൽ പരിമിതമായ സൗകര്യത്തിൽ പ്രവർത്തനമാരംഭിച്ച ഗവ : ഐ.ടി.ഐ ക്ക് ആവശ്യമായ സ്ഥല സൗകര്യം ലഭ്യമാക്കുവാൻ 2016–17 വർഷത്തിലും നഗരസഭയ്ക്ക് സാധിച്ചിട്ടില്ല. അടിസ്ഥാന സൗകര്യങ്ങളുടെ അഭാവത്താൽ ഈ സ്ഥാപനത്തിൽ പുതിയ വിദ്യാർത്ഥികളുടെ പ്രവേശനം നിർത്തിവെയ്ക്കുമെന്ന് ഓരോവർഷവും സാങ്കേതിക വിദ്യഭ്യാസ വകുപ്പ് നഗരസഭയെ അറിയിച്ചുവരുന്നുണ്ടെങ്കിലും സ്ഥലമെടുപ്പ് ഫലപ്രാപ്തിയിലെത്തിയിട്ടില്ല.

മുകളിൽ പരാമർശിച്ചിരിക്കുന്ന കാരണങ്ങളാൽ നഗരസഭ കണ്ടെത്തിയ പ്രദേശങ്ങൾ സമീപഭാവിയിൽ ഉദ്ദേശിച്ച ലക്ഷ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കുവാൻ സാധ്യമാകാത്ത സാഹചര്യമാണ് നിലവിലുള്ളത്. കളക്ടറുടെ സസ്പെൻസ് അക്കൗണ്ടിൽ തുക നൽകി വർഷങ്ങൾക്ക് ശേഷവും പദ്ധതികൾ നടപ്പാക്കാത്ത സാഹചര്യത്തിൽ വസ്തു ഏറ്റെടുക്കൽ നടപടികൾ ത്വരിതപ്പെടുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഈ ചെലവുമായി ബന്ധപ്പെട്ട ഓഡിറ്റിന്റെ നിരീക്ഷണങ്ങൾ 2014-15 ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരുന്നു.)

## 1-43 പൈപ്പ്ലൈൻ നീട്ടൽ- 87.36 ലക്ഷം ചെലവഴിച്ചു -വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രോജക്ടിന്റെ പേര് - പൈപ്പ്ലൈൻ നീട്ടൽ

വിവിധ വാർഡുകളിലെ പൈപ്പ്ലൈൻ നീട്ടലിനായി വിവിധ പ്രോജക്ടുകൾ പ്രകാരം വാട്ടർ അതോറിറ്റിക്ക് നൽകിയ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | ബിൽ നം./വൌച്ചർ നം., തീയതി | തുക |
|---|---|---|
| 146/22 | 645/26.3.22 | 2,36,000/- |
| | 694/31.3.22 | 28,40,000/- |
| | 692/31.3.22 | 30,60,000/- |
| 242/22 | 74/21-22/21.3.22 | 20,00,000/- |
| 244/22 | 75/21-22/21.3.22 | 6,00,000/- |
| ആകെ | | 87,36,000 |

വാട്ടർഅതോറിറ്റിയുമായുള്ള 3/21-22/23.3.22 (28,36,000/-) 4/21-22/31.3.22 (30,60,000/-) 5/21-22/31.3.22 (28,40,000/-) നമ്പർ കരാറുകൾ പ്രകാരമാണ് തുക നൽകിയത്. എഗ്രിമെന്റ് പ്രകാരം എസ്റ്റിമേറ്റ് പ്രകാരമുള്ള മുഴുവൻ തുകയും നൽകി ആറുമാസത്തിനകം പണി ആരംഭിച്ച് പൂർത്തീകരിക്കും എന്നാണുള്ളത്. പണികൾ പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ടെങ്കിൽ വിശദാംശം ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് പ്രവർത്തി പൂർത്തിയായിട്ടുണ്ടെന്നും വാട്ടർഅതോറിറ്റിയിൽ നിന്നും വിനിയോഗസാക്ഷ്യപത്രം ലഭിക്കുന്ന മുറക്ക് ഹാജരാക്കാമെന്നുമാണ് മറുപടി നൽകിയത്. വിനിയോഗസാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവഴിച്ച 87,36,000/- രൂപ തടസ്സപ്പെടുത്തുന്നു. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം.4 /21-22/13.2.23

## 1-44 ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ എന്ന പദ്ധതിക്കായി താഴെ പറയും പ്രകാരം തുകകൾ കെ.എസ്.ഇ.ബി യിൽ ഒടുക്കിയിട്ടുണ്ട്. വിശദാംശം ചുവടെ,

| പ്രോജക്റ്റ് നം | | | ബിൽ നം/ചെക്ക് നം. | |
|---|---|---|---|---|
| 344/21-22 ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 465458/- | 235386 | ബിൽ നം.4/24.11.21 – 155747 ബിൽ നം.7/25.1.22 – 99168 ബിൽ നം.20/11.3.22 – | വെസ്റ്റ് |
| | | 230072 | 81253 ബിൽ നം.26, | ഈസ്റ്റ് |

| | | | |
|---|---|---|---|
| | | 27/15.3.22 – 73575<br>ബിൽ നം.30,<br>31/21.3.22 – 55715 | |
| Vr 59 3/22<br>തനത് ഫണ്ട് | 38872 | 2113316/25/03/22 | ഈസ്റ്റ് |
| 60 3/22<br>തനത് ഫണ്ട് | 32954 | 2113317/25/03/22 | കൃഷ്ണപുരം |
| | 537284 | | |

4,65,458 രൂപ പദ്ധതിയിൽ ഉൾപ്പെടുത്തിയും 71,826 രൂപ പദ്ധതിയുടെ ഭാഗമല്ലാതെ തനത് ഫണ്ടിൽ ഉൾപ്പെടുത്തിയും ചെലവഴിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം, പദ്ധതിയുടെ ഭാഗമല്ലാതെ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കാനുണ്ടായ കാരണം എന്നിവ വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(37/21-22), അപകടമോ അടിയന്തിര സാഹചര്യമോ കണക്കിലെടുത്താണ് പദ്ധതിയുടെ ഭാഗമല്ലാതെ തുക ചെലവഴിച്ചതെന്ന മറുപടി അംഗീകരിക്കുന്നു. എന്നാൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ലാത്തതിനാൽ ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-45 തെരുവ് വിളക്കുകൾ-മീറ്ററിംഗ് ഏർപ്പെടുത്തിയിട്ടില്ല- ഉയർന്ന വൈദ്യുതി ഉപഭോഗമുള്ള തെരുവ് വിളക്കുകളുടെ നിരക്കിൽ വൈദ്യുതിബിൽ ഒടുക്കേണ്ടി വരുന്നു

നഗരസഭ തെരുവ് വിളക്കുകളുടെ വൈദ്യുതി ബിൽ ഇനത്തിൽ താരതമ്യേന വലിയ തുക ഒടുക്കുന്നുണ്ട്. തെരുവ് വിളക്കുകളുടെ വൈദ്യുതി ബിൽ അടക്കുന്നതിലേക്കായി 21-22 വർഷം 50,20,232 രൂപ ചെലവഴിച്ചു. (RP-12പട്ടിക / ഹെഡ് കോഡ്-230100100). തെരുവ് വിളക്കുകൾക്കുള്ള സ്പോട്ട് ബില്ലിംഗിനായി നഗരസഭ മീറ്ററിംഗ് ഏർപ്പെടുത്തുന്നതിനായി വർഷങ്ങൾക്ക് മുൻപ് തന്നെ പണം നിക്ഷേപിച്ചെങ്കിലും നാളിതുവരെയും കെ.എസ്.ഇ.ബി നടപടികൾ സ്വീകരിച്ചിട്ടില്ല.(പണം നൽകുന്നതിനായി ചെലവഴിച്ച തുക മുൻകൂർ എന്ന നിലക്ക് അക്കൌണ്ട് ചെയ്യാതെ തെറ്റായി അക്കൌണ്ട് ചെയ്തതിനാൽ വാർഷിക കണക്കുകളിൽ ഈ മുൻകൂർ പ്രതിഫലിക്കുന്നില്ല) കെ.എസ്.ഇ.ബി രണ്ട് ഇലക്ട്രിക്കൽ സെക്ഷൻ ലഭ്യമാക്കുന്ന പ്രതിമാസ ബില്ലുകളുടെ അടിസ്ഥാനത്തിലാണ് തെരുവ് വിളക്കുകളുടെ വൈദ്യുതി ബിൽ അടക്കുന്നത്. നഗരസഭ തെരുവ് വിളക്കുകളുടെ വൈദ്യുതി ബില്ലിലെ *കണക്റ്റ് ലോഡി* നെ സാധൂകരിക്കുന്ന തെരുവ് വിളക്കുകളുടെ തരം, എണ്ണം എന്നിവ സംബന്ധിക്കുന്ന വിവരങ്ങൾ സൂക്ഷിക്കുന്നില്ല. ഓഡിറ്റ് ബാച്ചിന്റെ നിർദ്ദേശത്തെ തുടർന്ന്(ഓഡിറ്റ് എൻക്വയറി നം-10/21-22/14.02.23) കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷനുകൾ ബില്ലിംഗിന് പരിഗണിക്കുന്ന തെരുവ് വിളക്കുകളുടെ എണ്ണം, തരം എന്നിവ ലഭ്യമാക്കി. ലഭ്യമാക്കിയ കണക്കിൽ കൂടുതൽ എണ്ണവും സാധാരണ ബൾബുകളും ഫ്ലൂറസെന്റ് ട്യൂബുകളും എന്ന് കാണാം. വിശദാംശം ചുവടെ ചേർക്കുന്നു.

കെ.എസ്.ഇ.ബി -കായംകുളം വെസ്റ്റ് (പട്ടിക-1)

| ക്രമ നം. | തരം | വാട്ട് | എണ്ണം |
|---|---|---|---|
| 1 | CFL Automatic | 1x18 | 15 |
| 2 | Mercury Vapour Lamp | 1x250 | 9 |
| 3 | Ordinary Bulb | 40 | 1047 |
| 4 | Ordinary Bulb | 60 | 521 |
| 5 | Ordinary Bulb | 100 | 50 |
| 6 | Sodium Vapour Lamp | 1x250 | 139 |
| 7 | Flourescent Tube | 2x40 | 1844 |
| 8 | LED | 1x30 | 19 |
| 9 | LED | 1x24 | 65 |
| 10 | LED | 1x40 | 440 |
| 11 | CFL Automatic | 1x36 | 25 |

| | | | |
|---|---|---|---|
| 12 | Flourescent Tube | 1x40 | 59 |

കൃഷ്ണപുരം ഇലക്ട്രിക്കൽ സെക്ഷൻ (പട്ടിക-1)

| ക്രമ നം. | തരം | വാട്ട് | എണ്ണം |
|---|---|---|---|
| 1 | Flourescent Tube | 1x40 | 42 |
| 2 | Flourescent Tube | 2x40 | 170 |
| 3 | Sodium Vapour Lamp | 1x250 | 16 |
| 4 | CFL Automatic | 1x18 | 19 |

കഴിഞ്ഞ കുറെ വർഷങ്ങളായി നഗരസഭ LED വിളക്കുകളാണ് കൂടുതലായും വാങ്ങി സ്ഥാപിക്കുന്നത്. നഗരസഭ പരിധിയിൽ സാധാരണ ഇൻകാൻഡസെന്റ് ബൾബുകളോ ഫ്ലൂറസെന്റ് ട്യൂബുകളോ ഉണ്ടായിരിക്കുവാൻ സാധ്യതയില്ല. എന്നാൽ കെ.എസ്.ഇ.ബി കായംകുളം വെസ്റ്റ്, കൃഷ്ണപുരം എന്നീ ഇലക്ട്രിക്കൽ സെക്ഷനുകൾ ബില്ലിംഗിനായി പരിഗണിക്കുന്ന തെരുവ് വിളക്കിന്റെ കണക്കുകളിൽ ഭൂരിഭാഗവും ഉയർന്ന വൈദ്യുത ഉപഭോഗവും ഉയർന്ന പ്രതിമാസ നിരക്കുമുള്ള ഇനം തെരുവ് വിളക്കുകളാണ് ഉൾപ്പെടുന്നത്. (പട്ടിക-1,2 എന്നിവ കാണുക)സംയുക്ത പരിശോധന നടത്താത്തതും നഗരസഭ മാറ്റി സ്ഥാപിക്കുന്നതോ മാറ്റി സ്ഥാപിക്കുന്നതോ ആയ തെരുവ് വിളക്കുകളുടെ എണ്ണം കൃത്യമായി അക്കൌണ്ട് ചെയ്യാത്തതുമൂലവും വളരെ ഉയർന്ന താരിഫ് നിരക്കോട് കൂടിയ പ്രതിമാസ വൈദ്യുത ബില്ലാണ് നഗരസഭക്ക് ഒടുക്കേണ്ടതായി വരുന്നത്. സംയുക്ത പരിശോധനയുടെ അഭാവം അയഥാർത്ഥമായ കണക്കുകളിലൂടെ കെ.എസ്.ഇ.ബി ബില്ലിംഗ് നടത്തുന്നതിനും നഗരസഭയുടെ തെരുവ് വിളക്കുകളുടെ ബിൽ തുക ഉയരുന്നതിനുമിടയാക്കി.

നിലവിലുള്ള വൈദ്യുതവിളക്കുകൾ ഊർജ്ജ ഉപഭോഗം കുറഞ്ഞവയിലേക്ക് മാറ്റുകയും പുതിയതായി സ്ഥാപിക്കുന്നവ ഊർജ്ജ ഉപഭോഗം കുറഞ്ഞവയാക്കിയിട്ടും വൈദ്യുതി വിളക്കുകളുടെ പ്രതിമാസ ബില്ലിലെ കണക്റ്റഡ് ലോഡ് വർദ്ധിച്ച് വരുന്ന അവസ്ഥയാണുള്ളത്. ഓരോ വൈദ്യുത പോസ്റ്റിലും നിലവിലുള്ള വൈദ്യുത വിളക്കിന്റെ തരം ഗ്രാമപഞ്ചായത്തിന്റെ കൈവശമില്ലാത്തത് കാരണം കെ.എസ്.ഇ.ബി അധികൃതർ നൽകുന്ന പ്രതിമാസ താരിഫ് നിരക്ക് കൂടിയ ഇൻകാൻഡസെന്റ്, ഫ്ലൂറസെന്റ്, സി.എഫ്.എൽ, സോഡിയം വേപ്പർ തെരുവ് വിളക്കുകൾ ഉൾപ്പെടുത്തിയുള്ള ഭാരിച്ച വൈദ്യുതി ബിൽ ഒടുക്കേണ്ട അവസ്ഥയാണ്.


തെരുവ് വിളക്കുകളുടെ 12 മണിക്കൂറുള്ള പ്രതി ദിന ഉപഭോഗത്തിനുള്ള പ്രതിമാസ നിരക്ക് ചുവടെ ചേർക്കുന്നു. (2020-21 ൽ ബാധകമായത്-കേരള സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ OP No.15/018 Dtd.08-07-19 കാണുക).

| Type Of Lamp | Watts | 12 മണിക്കൂർ ഉപഭോഗത്തിനുള്ള പ്രതിമാസ നിരക്ക് |
|---|---|---|
| Ordinary | 100 W | 406 |
| F.Tube | 2x 40 W | 326 |
| CFL | 15W | 46 |
| LED | 24 W | 41 |
| F.Tube | 1x 40 W | 159 |
| F.Tube | 2x 40 W | 326 |
| LED | 18 W | 27 |

(പട്ടിക പൂർണ്ണമല്ല)

ഊർജ്ജ ഉപഭോഗം കുറഞ്ഞ LED വിളക്കുകളുടെ ആറ് മടങ്ങ് വൈദ്യുതി നിരക്ക് ഓഡിനറി വിളക്കുകൾക്ക് KSEB ഈടാക്കുന്നുണ്ട്. ഈ നിരക്ക് വ്യത്യാസം വ്യക്തമാക്കുന്നതിനായി ഒരു 2x40 Watts ഫ്ലൂറസെന്റ്ട്യൂബും 18 Watts LED ബൾബും തമ്മിലുള്ള 12 മണിക്കൂർ പ്രതിമാസ നിരക്കിന്റെ താരതമ്യം മേൽ പരാമർശിച്ച താരിഫ് നിരക്കിനെ ആസ്പദമാക്കി ചുവടെ ചേർക്കുന്നു.

## *2x40 watts ഫ്ലൂറസെന്റ്ട്യൂബും 18 Watts LED ബൾബും തമ്മിലുള്ള 12 മണിക്കൂർ പ്രതിമാസ നിരക്കിന്റെ താരതമ്യം*




തെരുവ് വിളക്കുകളുടെ എണ്ണം, തരം എന്നിവ കൃത്യമാക്കി തെരുവ് വിളക്കുക വൈദ്യുത ബില്ലുകൾ ശ്രമങ്ങൾ നാളിതുവരെയുണ്ടായിട്ടില്ലായെന്നത് നഗരസഭയുടെ ഉത്തമതാൽപര്യങ്ങൾക്ക് വിരുദ്ധമാണ്. തെരുവ് വിളക്കുകളുടെ മീറ്ററിംഗ് പൂർണ്ണമാക്കുന്നതിലും നഗരസഭ ഊർജ്ജിത ശ്രമങ്ങൾ സ്വീകരിച്ചിട്ടില്ല.

കായംകുളം നഗരസഭയിലെ തെരുവ് വിളക്കുകളുടെ ബില്ലിംഗിന് ആധാരമാകുന്ന *തെരുവ് വിളക്കുകളുടെ തരം, വാട്ടേജ്, എണ്ണം (ട്യൂബ്, ഡബിൾ ട്യൂബ്, സോഡിയം വേപ്പർ ലാമ്പ്, സി.എഫ്.എൽ, സി.എഫ്.എൽ-ഡബിൾ, എൽ.ഇ.ഡി) എന്നീ വിവരങ്ങൾ* കെ.എസ്.ഇ.ബി അധികൃതരുമായുള്ള സംയുക്തപരിശോധന മുഖാന്തിരം സ്ഥിരീകരിച്ച് സ്ട്രീറ്റ്‌ലൈറ്റ് ബിൽതുക ക്രമീകരിക്കുന്നതിനുള്ള അടിയന്തിര ഇടപെടലുകൾ ഉണ്ടാകേണ്ടതാണ്. നഗരസഭ കൗൺസിലിന്റെ സത്വര ശ്രദ്ധ ഈ വിഷയത്തിലുണ്ടാകേണ്ടതും സ്വീകരിച്ച നടപടികളുടെ പുരോഗതി ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതുമാണ്.

## 1-46 ശുചീകരണ പ്രവർത്തികൾ - ചെലവ് രേഖകൾ ഹാജരാക്കിയില്ല

മഴക്കാലപൂർവ്വ ശുചീകരണത്തിനായി വാർഡ് ഒന്നിന് 10,000/- രൂപ വീതം 44 വാർഡുകളിലായി 4,40,000/- (വൌച്ചർ നം.11-11/21/1.11.21, ചെക്ക് നം.2122511/1.11.21) രൂപ തനതുഫണ്ടിൽ നിന്നും ആരോഗ്യജാഗ്രതാപ്രവർത്തനങ്ങൾക്കായി വാർഡ് ഒന്നിന് 10,000/- രൂപ വീതം വാർഡ്തല ശുചീകരണ കമ്മിറ്റികളുടെ സംയുക്ത അക്കൌണ്ടിലേക്ക് ശുചിത്വമിഷനിൽനിന്നും അനുവദിച്ചിട്ടുണ്ട് (വൌച്ചർ നം.69-2/222/8.2.22, ചെക്ക് നം.422143/8.2.22). ഒന്ന് മുതൽ ആറു വരെയുള്ള വാർഡുകളുടെ ലഭിച്ച തുക പൂർണ്ണമായും വിനിയോഗിച്ചതായുള്ള സ്റ്റേറ്റ്മെന്റ് ഒഴികെ രണ്ടു ഫണ്ടുകളിൽ നിന്നും അനുവദിച്ച തുകകളുടെ വിശദമായ വിനിയോഗരേഖകൾ ഓഡിറ്റിൽ ഹാജരാക്കിയില്ല. വിശദമായ ചെലവ് രേഖകളുടെ അഭാവത്തിൽ രണ്ടു ഫണ്ടുകളിലായി അനുവദിച്ച 8,80,000/- രൂപ തടസ്സപ്പെടുത്തുന്നു. തുകയുടെ വിശദമായ ചെലവ് രേഖകൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയില്ല. ചെലവ് രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം.21/15.2.23

## 1-47 കോവിഡ് 19-പ്രതിരോധപ്രവർത്തനങ്ങൾ -91,500/-രൂപയുടെ ചെലവ് രേഖകൾ ഹാജരാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രോജക്ടിന്റെ പേര് - കോവിഡ് 19-പ്രതിരോധപ്രവർത്തനങ്ങൾ

പ്രോജക്ട് നം.137/22

പ്രോജക്ടിന്റെ ഭാഗമായി 34,14,544/-രൂപ കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾക്കായി ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 33,23,044/- രൂപയുടെ ചെലവ് രേഖകളാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. ബാക്കിയുള്ള 91,500/- (ബിൽ നം.69/21-22

/16.2.22) രൂപയുടെ ചെലവ് രേഖകൾ ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(44/21.2.23) മറുപടി നൽകിയില്ല. ചെലവ് രേഖകളുടെ അഭാവത്തിൽ 91,500/-രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ്തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-48 പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കുന്നില്ല – 1,14,81,704/-രൂപ തനതുഫണ്ടിന് അധികബാധ്യത

1996-ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത് -കം -റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം രൂപീകൃതമായ സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് നഗരസഭയിലെ ജീവനക്കാരുടെ മൊത്ത ശമ്പളത്തിന്റെ 15% വീതം പ്രതിമാസം ഒടുക്കു വരുത്തേണ്ടതാണ്. ഈ ചട്ടത്തിലെ ചട്ടം 10 പ്രകാരം പെൻഷൻകാർക്ക് പെൻഷൻ ആനുകൂല്യം നല്കുന്നതിനായി നഗരസഭയിൽ മുനിസിപ്പൽ പെൻഷൻ ഫണ്ട് ആരംഭിച്ചിട്ടില്ല എന്നും പെൻഷൻ അലോട്ട്മെന്റ് ഇനത്തിൽ ലഭിക്കുന്ന തുക നിക്ഷേപിക്കുന്നതിനായി കാനറാബാങ്കിൽ അക്കൌണ്ട് (അക്കൌണ്ട് നം. 2320101071994)ഉണ്ടെന്നുമാണ് ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയത്.

31.03.22 ലെ കണക്ക് പ്രകാരം 58 റഗുലർ വിഭാഗം ജീവനക്കാരും 44 കണ്ടിജന്റ് ജീവനക്കാരും ഇവിടെ നിന്നും പെൻഷൻ കൈപ്പറ്റുന്നു.

2021-22 വർഷം പെൻഷൻ അലോട്ട്മെന്റ് ഇനത്തിൽ 34,14,175/- രൂപ ലഭിച്ചിട്ടുണ്ട്. ഈ വർഷം മാത്രം തനതുഫണ്ടിൽ നിന്നുള്ള പെൻഷൻ ചെലവ് 1,14,81,704/- രൂപയാണ്. തനതുഫണ്ടിലെ സാമ്പത്തിക പ്രതിസന്ധി കാരണമാണ് പെൻഷൻ വിഹിതം ഒടുക്കാൻ കഴിയാത്തത് എന്ന മറുപടിയാണ് ഓഡിറ്റ് അന്വേഷണത്തിന് നൽകിയത്. തനതുഫണ്ട് ലഭ്യത കുറവുള്ള സ്ഥാപനം ഇതേ ആവശ്യത്തിനായി അതേ ഫണ്ടിൽ നിന്നു തന്നെ ഒരു കോടിയിലധികം രൂപ ഒരു വർഷം ചെലവഴിച്ചിരിക്കുന്നു എന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ തുക അടക്കാത്തതിനാൽ അലോട്ട്മെന്റിനത്തിൽ കിട്ടാനുള്ള തുകയ്ക്ക് അവകാശമുന്നയിക്കാൻ സ്ഥാപനത്തിന് കഴിയുന്നില്ല. ഇതിന്റെ ഫലമായി കണ്ടിജന്റ് ജീവനക്കാരുടേതെന്ന പോലെ റഗുലർ വിഭാഗം ജീവനക്കാരുടെ പെൻഷൻ തുകയും നഗരസഭയുടെ തനതുഫണ്ടിന്റെ ബാധ്യതയായി മാറുന്നു.സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും തുക ലഭിക്കണമെങ്കിൽ പെൻഷൻ വിഹിതം കൃത്യമായി അടക്കണം. ആയതിനാൽ പെൻഷൻ വിഹിതം കൃത്യമായി ഒടുക്കേണ്ടതും ഈ ഇനത്തിൽ തനതുഫണ്ടിൽ നിന്നുള്ള അധിക ചെലവ് ഒഴിവാക്കേണ്ടതുമാണ്. വിഷയത്തിൽ നഗരസഭാ കൗൺസിലിന്റെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

ഓഡിറ്റ് അന്വേഷണം 20/15.2.23

## 1-49 സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ/ കുടുംബ പെൻഷൻ ലഭിയ്ക്കുന്നവർ അനർഹമായി സാമൂഹ്യസുരക്ഷാ പെൻഷൻ കൈപ്പറ്റി

സാമൂഹ്യസുരക്ഷാപെൻഷൻ സംബന്ധിച്ച വിതരണ രേഖകളും 'സേവന' പെൻഷൻ സോഫ്റ്റ്‌വെയറും പരിശോധിച്ചതിൽ നിന്നും സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ/കുടുംബ പെൻഷൻ ലഭിയ്ക്കുന്ന ഗുണഭോക്താക്കാളിൽ ചിലർ അനർഹമായി സാമൂഹ്യസുരക്ഷാപെൻഷൻ കൈപ്പറ്റിയതായി കാണുന്നു. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പെൻഷൻ ഐഡി നം./ കൈപ്പറ്റുന്ന പെൻഷൻ | പേര് മേൽവിലാസം | പി.പി.ഒ നം.& ട്രഷറി | പെൻഷൻ അനുവദിച്ച തീയതി മുതൽ സസ്പെൻഡ് ചെയ്യപ്പെട്ട തീയതി വരെ ഉള്ള തുക സേവന പ്രകാരം | തിരികെ അടവാക്കിയ തുക | ബാലൻസ് തുക | സാമൂഹ്യസുരക്ഷാ പെൻഷൻ ഇനം |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| 1 | 101840601618 ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | സരള, മുട്ടേൽ പുത്തുവൽ കീരിക്കാട് | Ptsb 5025 M\സബ്ബ് ട്രഷറി കായംകുളം | 47,200 | 0 | 47,200 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ |
| 2 | 10184020459 ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | ചന്ദ്രമതി ജി., ഗീതാലയം, കീരിയ്ക്കാട് | ലഭ്യമല്ല | 44,200 | 0 | 44,200 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ |
| 3 | 101840203919 ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | ആയ്യപ്പൻ, പനമൂട്ടിൽ വീട്, എരുവ, കായംകുളം | 1925444 സബ്ബ് ട്രഷറി കായംകുളം | 35,600 | 0 | 35,600 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ |
| 4 | 101840204741 ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | അരഞ്ഞാലിൽ കോവിലകം, കൃഷ്ണപുരം, കായംകുളം | PTSB1319 സബ്ബ് ട്രഷറി , കായംകുളം | 64,500 | 0 | 64,500 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ |
| 5 | 101840601842 ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | നദീറാ ബീവി ഷാ മൻസിൽ ചക്കാലയിൽ കായംകുളം | 79901040 0025389 സബ്ബ് ട്രഷറി ,കായംകുളം | 44,000 | 0 | 44,000 | ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ |
| 6 | 10840204325 ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | ഭാർഗ്ഗവി, ആതിരാഭവൻ, കല്ലുമൂട്, കായംകുളം | PTSB4425 സബ്ബ് ട്രഷറി കായംകുളം | 45,000 | 0 | 45,000 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ |
| 7 | 101840600251 ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ | ഷൈലജ, ദിവ്യകൃപ, ചേരാവള്ളി കായംകുളം | ലഭ്യമല്ല | 64,900 | 0 | 64,900 | ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ |
| 8 | 101840204503 ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | നബീസാബീവി പൂഴിക്കാട്ട് പുത്തൻവീട് വേരുവള്ളി ഭാഗം | ലഭ്യമല്ല | 33,600 | 0 | 33,600 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ |
| 9 | 101840204203 ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | തങ്കമ്മ,കുന്നയ്ക്കൽ തെക്കേവേലിയിൽ, ചിറക്കടവം, കായംകുളം | ലഭ്യമല്ല | 67,500 | 0 | 67,500 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ |

| | | | | | | | |
|---|---|---|---|---|---|---|---|
| 10 | 1010840602221 ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | ലത്തീഫാബീവി കിഴക്കേ വീട്ടിത്തറയിൽ, കൊറ്റുകുളങ്ങര | ലഭ്യമല്ല | 36,600 | 0 | 36,600 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ |
| 11 | 101840203682 ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | വാമാക്ഷിപണിക്കത്തി തയ്യത്തേരിൽ പടീറ്റതിൽ, പെരിങ്ങാല പി.ഒ., കായംകുളം | ലഭ്യമല്ല | 55,100 | 0 | 55,100 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ |
| ആകെ തുക | | | | 5,38,200 | 0 | 5,38,200 | |

ധനകാര്യവകുപ്പിന്റെ (എസ്.എഫ്.സി.സെൽ-ബി)23/01/2020 ലെ 07/2020 നം. സർക്കുലർ പ്രകാരം സാമൂഹ്യസുരക്ഷാപെൻഷൻ അനർഹമായി കൈപ്പറ്റി വരുന്ന സർക്കാർ ജീവനക്കാർ/സർവ്വീസ് പെൻഷണർമാർ/കുടുംബപെൻഷണർമാർ എന്നിവരിൽ നിന്നും അനർഹമായി കൈപ്പറ്റിയ തുക തിരികെ ഈടാക്കാൻ നിർദ്ദേശം നൽകിയിട്ടുള്ളതാണ്. മേൽ പെൻഷണർമാരിൽ നിന്നും അനർഹമായി കൈപ്പറ്റിയ തുക തിരികെ ഈടാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.23/16.02.23 ന് ലഭ്യമാക്കിയ മറുപടി ഇപ്രകാരമാണ്. " സരള മുട്ടേൽ; വാമാക്ഷി പണിക്കത്തി എന്നിവർക്ക് തുക തിരിച്ചടയ്ക്കാൻ നിർവ്വാഹമില്ലായെന്നും ചന്ദ്രമതി, ഇന്ദിരാഭായി എന്നിവർ വാർദ്ധക്യസഹജമായ അസുഖം മൂലം കിടപ്പിലാണെന്നും, ഭാർഗ്ഗവി ക്യാൻസർ ബാധിതയാണെന്നും അയ്യപ്പൻ മരണപ്പെട്ടിട്ടുള്ളതാണെന്ന് അറിയിച്ചുവെന്നും ടി വിവരം നഗരകാര്യ ജോയിന്റ് ഡയറക്ടറെ അറിയിച്ചിട്ടുള്ളതാണ് ". ഈ വിഷയത്തിൽ സ്വീകരിച്ച തുടർ നടപടികൾ വിശദീകരിക്കേണ്ടതും വ്യക്തികൾ അനധികൃതമായി കൈപ്പറ്റിയ തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-50 ആയുർവ്വേദ മരുന്നുകൾ ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ ആയുർവ്വേദം നടപ്പിലാക്കിയ ആയുർവ്വേദ സബ്ബ് സെന്ററിന് മരുന്ന വാങ്ങൽ എന്ന പദ്ധതിയ്ക്ക് വേണ്ടി ആകെ 22,00,000/- രൂപ ഔഷധി (ദി ഫാർമസ്യൂട്ടിയ്ക്കൽ കോർപ്പറേഷൻ (I.M) കേരള ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ അടവാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നം. | എസ്.0093/22 |
| പ്രോജക്റ്റ് | ആയുർവ്വേദ സബ്ബ് സെന്ററിന് മരുന്ന വാങ്ങൽ |
| അടങ്കൽ | 22,00,000(മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ചെലവ് | 22,00,000<br>ബിൽ ബിആർഎൻ നം.210703470011005572292/26-10-2021=2,00,000<br>ബിൽ ബിആർഎൻ നം.210703470011005572233/26-10-21=15,00,000<br>ബിൽ ബിആർഎൻ നം.21070347001100214076/09-07-21 =5,00,000 |

ടി തുക പൂർണ്ണമായും ദി ഫാർമസ്യൂട്ടിയ്ക്കൽ കോർപ്പറേഷൻ (I.M) കേരള ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് (അക്കൗണ്ട് നം.59130059000000) ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുള്ളതാണ്. എന്നാൽ ഇതു വരെയും 21,85,113/- -രൂപയുടെ മരുന്നുകൾ മാത്രമേ ലഭിച്ചിട്ടുള്ളൂ.

| ഇൻവോയിസ് നം. | തുക |
|---|---|
| 90232140/12.11.2021 | 1,00,255 |
| 90248189/26.02.22 | 26,633 |
| 90244121/31.01.2022 | 58,224 |

| | |
|---|---|
| 90232099/12.11.21 | 6,24,284 |
| 90239600/31.12.21 | 4,46,268 |
| 90244010/31.01.22 | 2,33,771 |
| 90248081/26.02.22 | 1,64,359 |
| 90251243/22.03.22 | 31,318 |
| 90218840/30.07.21 | 1,35,111 |
| 90220878/17.08.21 | 2,32,287 |
| 90229017/25.10.21 | 68,986 |
| 90226402/30.09.21 | 50,828 |
| 90239972/03.01.22 | 12,789 |
| ആകെ | 21,85,113 |

ബാക്കി തുകയുടെ(14887-) മരുന്നുകൾ ലഭ്യമാക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.6/13.02.22 ന് മറുപടി ലഭ്യമാക്കിയില്ല. മരുന്നുകൾ ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. മരുന്നുകൾ ലഭ്യമായ രേഖകൾ ഹാജരാക്കുന്നത് വരെയും മരുന്നുകൾ വാങ്ങാൻ ചെലവഴിച്ച 14,887/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-51 പ്രൊക്യൂർമെന്റ് കമ്മറ്റി കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിന് ഒരു സമാഹരണ പ്ലാൻ ഉണ്ടാകേണ്ടതുണ്ട്. സാധനങ്ങളുടെയും സേവനങ്ങളുടെയും വാങ്ങൽ നടത്തുന്ന പ്രൊക്യൂർമെന്റ് ടീമിന്റെ മേൽ നോട്ടം പ്രൊക്യൂർമെന്റ് കമ്മിറ്റി മുഖാന്തിരമാണ് നടത്തുന്നത്. തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ നിർവ്വഹണ അധികാരിയായ പ്രസിഡന്റ് ചെയർ പേഴ്സണായുള്ള സമിതിയാണ് നിർവ്വഹണ ഉദ്യോഗസ്ഥർ ഹാജരാക്കുന്ന രേഖകളുടെ സൂക്ഷ്മപരിശോധന നടത്തുന്നതും ഉചിതമായ തീരുമാനമെടുത്ത് ശുപാർശചെയ്യുന്നതും. മിക്കപ്പോഴും വാങ്ങൽ സമിതിയുടെ കൂടിയാലോചനകൾ പേരിനു മാത്രമാണ്.

2021-22 കാലയളവിൽ 3 തവണ മാത്രമാണ് പ്രക്യൂർമെന്റ് കമ്മറ്റി കൂടിയിട്ടുള്ളത്. 14.06.21 ൽ തീരുമാനങ്ങളൊന്നും രേഖപ്പെടുത്തിയിട്ടില്ല. 23.06.21 ലാവട്ടെ ഒരു തീരുമാനം മാത്രവും. 23.12.21 ൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ, വെറ്റിനറി സർജൻ, എച്ച്.എം എന്നീ നിർവ്വഹണ ഉദ്യോഗസ്ഥരുടെ വാങ്ങലുകൾ മാത്രമാണ് കമ്മറ്റിയുടെ പരിഗണനക്ക് വന്നിട്ടുള്ളത്. ഏറ്റവും കൂടുതൽ വാങ്ങലുകൾ നടത്തിയ താലൂക്ക് ആശുപത്രി സൂപ്രണ്ട്, സെക്രട്ടറി എന്നിവരുടെ വാങ്ങലുകളൊന്നും പ്രൊക്യൂർമെന്റ് കമ്മറ്റി പരിശോധിച്ചിട്ടില്ല. തന്നെയുമല്ല മിനിറ്റ്സുകളൊന്നും തന്നെ ക്ലോസ് ചെയ്തിട്ടുമില്ല. എല്ലാ വാങ്ങലുകളും പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി മാത്രം നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-52 വർക്കിങ്ങ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല

നഗരസഭകളിലെ പദ്ധതി ആസൂത്രണത്തിലും മോണിറ്ററിങ്ങിലും ഏറ്റവും പ്രധാനപ്പെട്ട ചുമതലകൾ നിർവ്വഹിക്കേണ്ട ഒന്നാണ് വർക്കിങ്ങ് ഗ്രൂപ്പുകൾ. 13-ാം പഞ്ചവൽസര പദ്ധതിയുടെ ഭാഗമായി വർക്കിങ്ങ് ഗ്രൂപ്പുകളുടെ സംഘാടനം, പ്രവർത്തനം എന്നിവ സംബന്ധിച്ച നിർദ്ദേശങ്ങൾ 02.02.2018 ലെ സ.ഉ(കൈ) 17/2018/ ത.സ്വ.ഭ.വ. നമ്പർ ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ട്. ദുരന്ത നിവാരണം ഉൾപ്പെടെ നിലവിൽ 16 വർക്കിങ്ങ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്.

വർക്കിങ്ങ് ഗ്രൂപ്പുകളുടെ മിനുട്ട്സ് പുസ്തകങ്ങളുടെ പരിശോധനയിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ല എന്ന് കാണുന്നു. വാർഷികപദ്ധതി രൂപീകരണ ഗ്രാമസഭാ യോഗങ്ങളുടെ മുന്നോടിയായി വർക്കിങ്ങ് ഗ്രൂപ്പുകൾ ഒര് തവണ മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്. മിനിറ്റ്സുകൾ അപൂർണ്ണമാണ്. പലതിലും ഹാജർ മാത്രം.

വാർഷിക പദ്ധതി അംഗീകാരം ലഭിച്ചശേഷമുള്ള പ്രോജക്ടുകളുടെ നിർവ്വഹണഘട്ടത്തിൽ, പ്രോജക്ടിന്റെ മോണിറ്ററിങ്ങ് സമിതിയായി ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പുകൾ പ്രവർത്തിക്കേണ്ടതും ആയിന്റെ റിപ്പോർട്ട് പഞ്ചായത്തിന് സമർപ്പിക്കുകയും ചെയ്യുക എന്ന പ്രധാന ഉത്തരവാദിത്ത്വവും വർക്കിങ്ങ് ഗ്രൂപ്പുകൾക്കാണുള്ളത്. വർക്കിംഗ് ഗ്രൂപ്പുകളൊന്നും തന്നെ മോണിട്ടറിംഗ് സമിതികളായി പ്രവർത്തിച്ചിട്ടില്ല. വർക്കിങ്ങ് ഗ്രൂപ്പുകൾ തങ്ങളുടെ അവകാശങ്ങളും ചുമതലകളും ഉൾക്കൊണ്ട് പ്രവർത്തനം നടത്തേണ്ടതാണ്.

## 1-53 4,72,052/-രൂപയുടെ മുൻകൂർ ക്രമീകരിച്ചില്ല

കേരള ഫിനാൻഷ്യൽ കോഡ് വാല്യം-1 ആർട്ടിക്കിൾ 99 പ്രകാരം അനുവദിക്കുന്ന താത്കാലിക മുൻകൂറുകൾ 3 മാസത്തിനുള്ളിൽ ക്രമീകരിക്കണമെന്ന് ധനകാര്യ വകുപ്പിന്റെ 4.10.2011-ലെ 419/11/ധനം നമ്പർ ഉത്തരവിലൂടെ വ്യക്തമാക്കിയിട്ടുണ്ട്. യഥാസമയം ക്രമീകരണ ബില്ലുകൾ ഹാജരാക്കാത്ത താത്കാലിക മുൻകൂറുകൾ അനുവദനീയമായ സമയ പരിധി കഴിഞ്ഞാലുടൻ തന്നെ മുൻകൂർ നല്കിയ തീയതി മുതൽ തിരികെ അടക്കുന്ന തീയതി വരെയുള്ള കാലയളവിന് 18% പലിശ സഹിതം തിരികെ ഈടാക്കണമെന്നും ഈ ഉത്തരവിൽ വ്യക്തമാക്കിയിരിക്കുന്നു. നഗരസഭയിൽ 2015-16 സാമ്പത്തിക വർഷം മുതൽ ക്രമീകരിക്കാനുള്ള മുൻകൂറുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| 2015-16 | | | | |
|---|---|---|---|---|
| ക്രമ നം. | ജീവനക്കാരന്റെ പേര് | തുക | വൌച്ചർ നം. | ആവശ്യം |
| 1 | റ്റി.കെ.രാജു. പിഡബ്ല്യൂഒ 2 | 12,000/- | 50-2/15 /5.10.15 | ഇലക്ട്രിക്കൽ മെയിന്റനൻസ്. |
| 2. | അനീസ് എച്ച്., ജെ എച്ച് ഐ | 25,000/- | 27-12/15 /11.12.15 | കേരളോത്സവം |
| 3. | റ്റി.കെ.രാജു, പിഡബ്ല്യൂഒ 2 | 25,000/- | 24-3/16 | ട്രാഫിക് സൈൻ ബോർഡ് സ്ഥാപിക്കൽ |
| 2016-17 | | | | |
| 1 | ശ്രീമതി ചിഞ്ചു എസ്., അസിസ്റ്റന്റ് എഞ്ചിനീയർ | 20,000/- | 62-2/17 | ഗവ.ഐറ്റിഐ -അലൈൻമെന്റ് സ്റ്റോൺസ്ഥാപിക്കൽ |
| | | | | |
| 2017-18 | | | | |
| 1 | T.S.ജയകുമാർ, പിഡബ്ല്യൂഒ 2 | 5000/- | 41-4/17 | ക്യാഷ് ചെസ്റ്റ് റൂം ഡോർ പണിയൽ |
| 2 | T.S.ജയകുമാർ, പിഡബ്ല്യൂഒ 2 | 10,000/- | 64-5/17 | പിഎംഎവൈ ജിയോ ടാഗിംഗ് |
| 3 | T.S.ജയകുമാർ, പിഡബ്ല്യൂഒ 2 | 5000/- | 62-6/17 | അനധികൃത നിർമ്മാണം പൊളിക്കൽ |
| 4 | T.S.ജയകുമാർ, പിഡബ്ല്യൂഒ 2 | 4500/- | 28-7/17 | ഓഫീസ്ജീപ്പ് റിപ്പയറിംഗ് |
| 5 | നാദിയ, പിഡബ്ല്യൂഒ | 2,000/- | 59-1/18 | ഓഫീസ്ജീപ്പ് ടെസ്റ്റിംഗ് |

| | | | | |
|---|---|---|---|---|
| 2018-19 | | | | |
| 1 | ഗോപകുമാർ, ജെഎച്ച്ഐ | 15,000/- | 16-8/18 | AEUGS ഉൽഘാടനം |
| 2 | T.S.ജയകുമാർ, പിഡബ്ല്യൂഒ 2 | 18125/- | 63-10/18 | ഓഫീസ്ജീപ്പ് സർവീസിംഗ് |
| 3 | ഗോപകുമാർ, ജെഎച്ച്ഐ 2 | 4500/- | 70-10/18 | ബെയിലംഗ് & ഷ്രെഡിംഗ് യൂണിറ്റ് അറ്റകുറ്റപ്പണി |
| 4 | എ.ശ്രീകുമാർ, സീനിയർക്ലാർക്ക് | 10,000/- | 62-11/18 | കേസ്ഫയൽ ഫോട്ടോകോപ്പി എടുക്കൽ |
| 5 | എ.ശ്രീകുമാർ, സീനിയർക്ലാർക്ക് | 10,000/- | 10-12/18 | റിക്കാർഡ് റൂം ഒരുക്കൽ |
| 6 | ഷമീറ, ജെഎച്ച്ഐ 2 | 4510/- | 60-1/19 | വിമുക്തി |
| 7 | T.S.ജയകുമാർ, പിഡബ്ല്യൂഒ 2 | 22722/- | 67-1/19 | ജീപ്പ് മെയിന്റനൻസ് |
| 8 | രാജേഷ് എസ്. | 15,000/- | 25-2/19 | ഇലക്ഷൻചെലവുകൾ |
| 9 | ജയകുമാർ, പിഡബ്ല്യൂഒ 2 | 6406/- | 57-2/19 | വാഹന ഇൻഷ്വറൻസ് |
| 2019-20 | | | | |
| 1 | ഗോപീകൃഷ്ണൻ, പിഡബ്ല്യൂഒ 3 | 4052/- | 56-6/19 | ആയുർവേദ ആശുപത്രിയുടെ ഇലക്ട്രിക്കൽ ഉപകരണങ്ങൾ |
| 2 | നിയാസ് എം. | 15,000/- | 76-6/19 | വാർഡ് 8 ഇലക്ട്രിക്കൽ ചെലവുകൾ |
| 3 | നിയാസ് എം. | 40,000/- | 48-8/19 | സ്വാതന്ത്ര്യദിന ചെലവുകൾ |
| 4 | ജയകുമാർ, പിഡബ്ല്യൂഒ 2 | 10,000/- | 58-8/19 | അനധികൃത നിർമ്മാണം പൊളിക്കൽ |
| 5 | ഷമീറ, ജെഎച്ച്ഐ 2 | 5000/- | 83-8/19 | മരംമുറിക്കൽ |
| 6 | ജയകുമാർ, പിഡബ്ല്യൂഒ 2 | 10,000/- | 75-9/19 | വാഹന സർവീസിംഗ് |
| 7 | ഗോപീകൃഷ്ണൻ, പിഡബ്ല്യൂഒ 3 | 4635/- | 18-12/19 | മോട്ടോർ വാങ്ങൽ |
| 8 | ജയകുമാർ, പിഡബ്ല്യൂഒ 2 | 10882 | 69-12/19 | വാഹന സർവീസിംഗ് |
| 9 | ഗോപകുമാർ, ജെഎച്ച്ഐ 2 | 5000 | 82-12/19 | പ്ലാസ്റ്റിക് നിരോധനം |
| 10 | ഷമീറ, ജെഎച്ച്ഐ 2 | 5000 | 85-3/20 | മോട്ടോർ റിപ്പയറിംഗ് |
| 11 | വി.കെ.ജയരാജ് | 1,30,000 | 44-3/20 | പഴയ കെട്ടിടങ്ങൾ പൊളിക്കൽ |

| 2020-21 | | | | |
|---|---|---|---|---|
| 1 | അനിൽ, ഡ്രൈവർ | 2720/- | 33-7/20 | വാർഷിക ടെസ്റ്റിംഗ് |

| 2021-22 | | | | |
|---|---|---|---|---|
| ക്രമ നം. | ജീവനക്കാരന്റെ പേര് | തുക | വൌച്ചർ നം. | ആവശ്യം |
| 1. | ഗോപകുമാർ, ജെ എച്ച് ഐ | 5,000/- | 33-8/21 | മരം മുറിക്കൽ |
| 2. | പത്മനാഭപിള്ള, ജെ എച്ച് ഐ | 10,000/- | 14-10/21 | അമൃത് മഹോത്സവം |
| | ആകെ | 4,72,052/- | | |

2021-22 ൽ മുൻകൂർ അനുവദിച്ച ജീവനക്കാരിൽ ക്രമ നം.2 ലെ ജീവനക്കാരന്റെ മുൻകൂർ ക്രമീകരിക്കുന്നതിന് 11.4.22 ൽ ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി തീരുമാനം എടുത്തിട്ടുണ്ടെന്നാണ് മറുപടി നൽകിയത്. പത്ത് മാസത്തിന് മുൻപ് തീരുമാനം ഉണ്ടായിട്ടും ഇതുവരെയും തുക ക്രമീകരിക്കാത്തതിന്റെ കാരണം വിശദമാക്കിയില്ല. 2015-16 മുതൽ 2020-21 വരെയുള്ള കാലയളവിൽ മുൻകൂർ എടുത്ത ജീവനക്കാർക്ക് ആയത് ക്രമീകരിക്കുന്നതിന് അറിയിപ്പ് നൽകിയെന്നും ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകി. യഥാസമയം ക്രമീകരിക്കാത്ത മുൻകൂറുകൾ കേരള ഫിനാൻഷ്യൽ കോഡ് വാല്യം-1 ആർട്ടിക്കിൾ 99 ൽ നിർദ്ദേശിക്കുന്ന പലിശ സഹിതം ഈടാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം 21/21-22/15.2.23, 31/21-22/17.2.23

## 1-54 വക്കീൽ ഫീസ് നൽകിയത് - ആദായനികുതി ഈടാക്കിയില്ല.

കായംകുളം നഗരസഭ കക്ഷിയായി ബഹു. ഹൈക്കോടതിയിൽ ഉള്ള കേസുകൾക്കായി ഹാജരായ വക്കീൽ അഡ്വ.അനിൽകുമാറിന് വക്കീൽ ഫീസായി 54500/- രൂപ (ചെക്ക് നം. 2122431/26.11.21, വൌച്ചർ നം.75-11/21/26.11.21) അനുവദിച്ചിട്ടുണ്ട്.

1961 ലെ ഇൻകം ടാക്സ് ആക്ട് സെക്ഷൻ 194 J പ്രകാരം ഒരു സാമ്പത്തിക വർഷത്തിൽ 30,000/- രൂപയിൽ അധികം പ്രഫഷണൽ സേവനങ്ങൾക്കുള്ള ഫീസ് നല്കുമ്പോൾ 10% തുക ടി.ഡി.എസ് ഈടാക്കേണ്ടതാണ്. വക്കീൽ ഫീസ് അനുവദിച്ചപ്പോൾ നിയമാനുസൃതമുള്ള ആദായ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ നികുതി ഈടാക്കിയിട്ടില്ല എന്നാണ് അറിയിച്ചത്. വാർഷിക വരുമാനം 2,00,000/- രൂപക്ക് താഴെ ആയതിനാൽ സീനിയർ സിറ്റിസണായ അഡ്വ.അനിൽകുമാറിന് ആദായനികുതി ഒടുക്കേണ്ടതില്ല എന്ന അദ്ദേഹത്തിന്റെ സ്വയം സാക്ഷ്യപ്പെടുത്തലാണ് നികുതി ഈടാക്കാതിരുന്നതിന് നൽകിയ വിശദീകരണം. ഈ മറുപടി അംഗീകരിക്കാവുന്നതല്ല. നികുതി ഇളവ്, വരുമാന പരിധി എന്നിവ സംബന്ധിച്ച് അഡ്വക്കേറ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തൽ മാത്രമാണ് ഹാജരാക്കിയത്.

അദ്ദേഹം സ്വയം സാക്ഷ്യപ്പെടുത്തിയത് പ്രകാരം നികുതി ഇളവിന് അർഹതയുണ്ടെങ്കിൽ ആദായനികുതി റിട്ടേൺ ഫയൽ ചെയ്യുമ്പോൾ തുക തിരികെ ലഭിക്കും എന്നതിനാൽ 1961 ലെ ഇൻകം ടാക്സ് ആക്ട് സെക്ഷൻ 194 J യിലെ വ്യവസ്ഥക്ക് വിധേയമായി തുക അനുവദിച്ചപ്പോൾ ടിയാളിൽ നിന്നും ആദായനികുതി ഈടാക്കാവുന്നതാണ്. അഡ്വ. അനിൽകുമാറിന്റെ മറുപടി സാധൂകരിക്കുന്ന ആധികാരിക രേഖകൾ ഹാജരാക്കാനായില്ലെങ്കിൽ ടി.ഡി.എസ്. ഇനത്തിൽ സർക്കാരിനു നഷ്ടമായ 5450/- രൂപ അഡ്വ.അനിൽകുമാറിൽ നിന്നും ഈടാക്കി ട്രഷറിയിൽ അടച്ച് ചെലാൻ ഹാജരാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നഷ്ടമായ തുക സെക്രട്ടറിയുടെ ബാധ്യതയായി കണക്കാക്കി തുടർ നടപടികൾ സ്വീകരിയ്ക്കുന്നതാണ്. ഓഡിറ്റ് അന്വേഷണം നം 2 /21-22/12.2.23

## 1-55 വെള്ളക്കരം കുടിശ്ശിക 8.20 കോടി - നഗരസഭയുടെ ബാധ്യതകൾ വർദ്ധിക്കുന്നു

വെള്ളക്കരം അടവ് (ഫയൽ നം.PW3 510/93) പരിശോധിച്ചതിൽ ഫയലിൽ സൂക്ഷിച്ചിരിക്കുന്ന ഡിമാന്റ് നോട്ടീസുകൾ പ്രകാരം വെള്ളക്കരം ഡിമാന്റിൽ ചുവടെ ചേർക്കും പ്രകാരം കുറവ് കാണുന്നു.

സെപ്തംബർ, 2021 (ടാപ്പുകളുടെ എണ്ണം 712)

31.8.21 ലെ നീക്കിയിരുപ്പ് -13,11,11,720/-

ഫൈൻ - 25,71,974/-

തൻമാസ ഡിമാന്റ് - 4,91,161/- (8278/year)

ആകെ - 13,41,74,855/-

സെപ്തംബർ, 2022 (ടാപ്പുകളുടെ എണ്ണം 712)

31.8.22 ലെ നീക്കിയിരുപ്പ് -7,39,65,211/-

ഫൈൻ - 14,13,231/-

തൻമാസ ഡിമാന്റ് - 5,15,725/- (8692/year)

ആകെ - 7,58,94,167/-

ഫയൽ പരിശോധിച്ചതിൽ 2021-22 വർഷം വെള്ളക്കരം ഇനത്തിൽ നഗരസഭ തുക ഒടുക്കിയിട്ടില്ല. വെള്ളക്കരം ഡിമാന്റ് കുറവ് വന്നത് എപ്രകാരം എന്നതിന് ആവശ്യമായ രേഖകൾ സഹിതം മറുപടി ആവശ്യപ്പെട്ടുവെങ്കിലും ഓഡിറ്റ് അന്വേഷണത്തിൽ പരാമർശിച്ച വിഷയത്തിൽ മറുപടി നൽകിയില്ല. ഡിസംബർ,2022 വരെയുള്ള വെള്ളക്കരം കുടിശ്ശിക 8,20,27,464/-രൂപയാണെന്നും ടി കുടിശ്ശിക തുകയിൽ നിന്നും പലിശയിൽ ഇളവ് നൽകി 6,17,49,603 രൂപ 15 ദിവസത്തിനകം അടക്കുന്ന പക്ഷം ബാക്കി തുക ആംനസ്റ്റി പദ്ധതിയിലുൾപ്പെടുത്തി ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് വാട്ടർ അതോറിറ്റി (24.1.23 ലെ KWA/PHC/ALP/A2/69/2013VOL.1V നം കത്ത്) അറിയിച്ചിട്ടുണ്ടെന്നാണ് മറുപടി നൽകിയത്.

വലിയ ഒരു ബാധ്യതയായ വെള്ളക്കരം കുടിശ്ശികയിൽ വാട്ടർഅതോറിറ്റിയുടെ ഭാഗത്ത് നിന്നുള്ള സമീപനങ്ങൾ നഗരസഭക്ക് അനുകൂലമാണ് എന്നതിന്റെ തെളിവാണ് നഗരസഭക്ക് ലഭിച്ച ആറുകോടിയിലധികം രൂപയുടെ ഇളവ് (ഫയലിൽ നിന്നും ലഭിച്ച രണ്ടു ഡിമാന്റ് നോട്ടീസുകളിലെ തുകകൾ താരതമ്യം ചെയ്തുള്ള വിവരം) 2021-22 വർഷത്തെ ഡിമാന്റ് നോട്ടീസുകൾ ഹാജരാക്കാനാവശ്യപ്പെട്ടുവെങ്കിലും ആയത് ഹാജരാക്കിയില്ല. ഡിമാന്റ് നോട്ടീസുകളുടെ അഭാവത്തിൽ ഏത് കാലയളവ് മുതലാണ് വെള്ളക്കരം കുടിശ്ശികയിൽ കുറവുണ്ടായത് എന്നതും കൃത്യമായ മറുപടിയുടെ അഭാവത്തിൽ എപ്രകാരമാണ് കുറവ് ലഭിച്ചത് എന്നതും വ്യക്തമല്ല. 24.1.23ലെ കത്തിൽ ഉചിതമായ തീരുമാനം സ്വീകരിച്ച് വെള്ളക്കരം കുടിശ്ശിക ഇനത്തിലെ ബാധ്യത ഒഴിവാക്കാനാവശ്യമായ നടപടികൾ സ്വീകരിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റ് അന്വേഷണം 42/20.2.23

## 1-56 ഗാർഹിക കുടിവെള്ള കണക്ഷൻ - ചെലവ് രേഖകൾ ഹാജരാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രോജക്ടിന്റെ പേര് - ഗാർഹിക കുടിവെള്ള കണക്ഷൻ

പ്രോജക്ട് നം. 239/22

പ്രോജക്ട് പ്രകാരമുള്ള ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ബിൽ നം., തീയതി | തുക |
|---|---|
| 51/16.11.21 | 1,70,000/- |
| 73/11.3.22 | 85,000/- |
| 78/26.3.22 | 25,000/- |
| 86/27.3.22 | 55,000/- |
| 97/31.3.22 | 25,000/- |
| 98/31.3.22 | 15,000/- |

| | |
|---|---|
| ആകെ | 3,75,000/- |

25,000/- (78/26.3.22) രൂപയുടെ ചെലവിനാസ്പദമായ ബില്ലുകൾ മാത്രമാണ് ഹാജരാക്കിയ ഫയലിൽ ഉണ്ടായിരുന്നത്. ഗുണഭോക്താക്കളുടെ അപേക്ഷകൾ ഹാജരാക്കിയെങ്കിലും ബന്ധപ്പെട്ട ബില്ലുകളുമായി പരിശോധിച്ച് കൃത്യത ഉറപ്പാക്കാനാവും വിധം ക്രമപ്രകാരം ആയിരുന്നില്ല. മറ്റുള്ള ബില്ലുകൾ, അർഹത സംബന്ധിച്ച രേഖകൾ, എന്നിവ ക്രമപ്രകാരം അടുക്കി ഹാജരാക്കാനാവശ്യപ്പെട്ടുവെങ്കിലും ഫയൽ ക്രമപ്രകാരം ഹാജരാക്കിയില്ല. ആയതിനാൽ 3,50,000/- രൂപയുടെ ബില്ലുകൾ പ്രകാരം ചെലവഴിച്ച തുകയുടെ കൃത്യത പരിശോധിക്കാനായില്ല. 3,50,000/- രൂപ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് അന്വേഷണം നം.4 /21-22/13.2.23

## 1-57 വാഹനപരിപാലനം കാര്യക്ഷമമല്ല

എഞ്ചിനീയറിംഗ് സെക്ഷൻ ലഭ്യമാക്കിയത് പ്രകാരം നഗരസഭയിൽ നിലവിൽ ഉപയോഗിക്കുന്ന വാഹനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

1.KL- 29 S- 3076 - Marazzo

2.KL-4-29L-1189 -ജീപ്പ്.

3.KL-29 Q-8563 - പിക്ക് അപ് ട്രക്ക്

4.KL-4-29F-6699- കാർ.

5.KL-29 P-1737- ലോറി

6.KL-29-J-4794 -ബൈക്ക്.

ക്രമ നമ്പർ 3, 5 വാഹനങ്ങൾ നഗരസഭയിലെ ശുചീകരണത്തിനായി ഉപയോഗിക്കുമ്പോൾ മറ്റുള്ളവ ഔദ്യോഗിക ആവശ്യത്തിനുപയോഗിക്കുന്നു.

വാഹനങ്ങളുടെ ലോഗ് ബുക്ക്, റിപ്പയർ രജിസ്റ്റർ, സ്പെയർ പാർട്ട് ഉപകരണങ്ങൾ മുതലായവയുടെ സ്റ്റോക്ക് രജിസ്റ്റർ നിശ്ചിത മാതൃകയിലുള്ള ഇന്ധന, ഓയിൽ രജിസ്റ്റർ എന്നിവ ഹാജരാക്കാനാവശ്യപ്പെട്ടുവെങ്കിലും ക്രമ നം.5 ഒഴികെയുള്ള വാഹനങ്ങളുടെ ലോഗ്ബുക്ക് ക്രമ നം.1,2 വാഹനങ്ങളുടെ 2022-23 വർഷത്തെ റിപ്പയർ സംബന്ധിച്ച ബില്ലുകളടങ്ങിയ രജിസ്റ്റർ എന്നിവ മാത്രമാണ് ഹാജരാക്കിയത്. KL-4-29F-6699 വാഹനത്തിന്റെ ഒഴികെ മറ്റ് ലോഗ്ബുക്കുകളിലൊന്നിലും കസ്റ്റോഡിയൻ ഓഫീസറായ സെക്രട്ടറിയോ അദ്ദേഹം ചുമതലപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഉദ്യോഗസ്ഥനോ പരിശോധിച്ച് ഉപയോഗം ക്രമപ്രകാരമാണെന്ന് ബോധ്യപ്പെട്ട് സാക്ഷ്യപ്പെടുത്തുന്നില്ല. ഹാജരാക്കിയ ലോഗ്ബുക്കുകളിൽ വാഹനം ആകെ സഞ്ചരിച്ച ദൂരം, ഉപയോഗിച്ച ഇന്ധനം എന്നിവയുടെ പ്രതിമാസ സംക്ഷിപ്തം തയ്യാറാക്കി സാക്ഷ്യപ്പെടുത്തുന്നില്ല. ആയതിനാൽ ഇന്ധനഉപഭോഗത്തിലെ കൃത്യത പരിശോധിച്ചുറപ്പാക്കാൻ കഴിയുന്നില്ല.

2000 - ലെ കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങൾ, ചട്ടം 8പ്രകാരം ആറുമാസത്തിലൊരിക്കൽ വാഹനത്തിന്റെ ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തി ഇന്ധന ഉപയോഗം സംബന്ധിച്ച സർട്ടിഫിക്കറ്റ് സൂക്ഷിക്കേണ്ടതാണ്. എന്നാൽ നഗരസഭയിലെ വാഹനങ്ങളുടെ ഇന്ധനഉപഭോഗം യഥാസമയം പരിശോധിക്കുന്നില്ല. വിശദാംശങ്ങൾ നൽകാത്തതിനാൽ വാഹനങ്ങളുടെ ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് അവസാനം ചെയ്തിട്ടുള്ളത് എന്നാണ് എന്നതിൽ വ്യക്തതയില്ല.

ചട്ടം 9 – ൽ നിഷ്കർഷിക്കും വിധം ഇന്ധന ഉപയോഗത്തിന്റെ കൃത്യതയും പരിശോധിക്കപ്പെടുന്നില്ല. ഇന്ധന ഉപയോഗത്തിൽ കാര്യമായ വ്യതിയാനം വരുന്നുണ്ടോ എന്നത് അറിയുന്നതിനും പരിഹാര നടപടികൾ സ്വീകരിക്കുന്നതിനും യഥാസമയം ഇന്ധന ഉപഭോഗം ടെസ്റ്റ് ചെയ്യുകയും ഇന്ധന ഉപയോഗത്തിന്റെ കൃത്യത പരിശോധിക്കുകയും ചെയ്യേണ്ടത് ആവശ്യമാണ്.

വാഹനങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതും വാഹന പരിപാലനത്തിലും രജിസ്റ്ററുകളുടെ സൂക്ഷിപ്പിലും 2000 - ലെ കേരള മുനിസിപ്പാലിറ്റി ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പാലിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതുമാണ്.

ഓഡിറ്റ് അന്വേഷണം നം.2 /21-22/12.2.23

## 1-58 ഉപയോഗയോഗ്യമല്ലാത്ത വാഹനങ്ങൾ ലേലം ചെയ്തിട്ടില്ല

എഞ്ചിനീയറിംഗ് സെക്ഷൻ നൽകിയ വിവരങ്ങൾ പ്രകാരം നഗരസഭയിലെ ഉപയോഗയോഗ്യമല്ലാത്ത വാഹനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാഹനം. |
|---|---|
| 1. | KL-29 -817 -ടിപ്പർ ലോറി |
| 2. | KL-04 -E -8107 - ടിപ്പർ ലോറി |
| 3. | KL-01-AJ-5724 -EISCHER LORRY |
| 4. | KL-U-3653 - ഓട്ടോറിക്ഷ |
| 5. | KL-04-R- 1395-മഹീന്ദ്രാജീപ്പ്. |
| 6. | KL-04-H-2881 -ലോറി. |
| 7. | KL-04-F-7968-റോഡ് റോളർ |

ഈ വാഹനങ്ങളുടെ ലേലനടപടികളുടെ വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ, ക്രമ നം.6 ഒഴികെയുള്ള വാഹനങ്ങളുടെ ലേലത്തിനായി വാല്യുവേഷൻ ലഭ്യമാക്കുന്നതിന് 20.1.22 ൽ പിഡബ്ല്യുഡി മെക്കാനിക്കൽ വിഭാഗത്തിന് കത്ത് നൽകിയെന്നും ഗവൺമെന്റ് അംഗീകൃത വർക്ക്ഷോപ്പിൽ നിന്നുള്ള സ്പെയർ പാർട്സ് ക്വട്ടേഷൻ, എസ്റ്റിമേറ്റ് എന്നിവ ലഭ്യമാക്കുന്നതിന് മെക്കാനിക്കൽ വിഭാഗം നിർദ്ദേശിച്ചിട്ടുള്ളതായും അറിയിച്ചു. ക്രമ നം.5 ലെ മഹീന്ദ്രാജീപ്പിന്റെ എസ്റ്റിമേറ്റ് മാത്രമാണ് ലഭിച്ചിട്ടുള്ളതെന്നും ആയതിൻ പ്രകാരം പിഡബ്ല്യുഡി യിൽ പരിശോധനാ ഫീസ് ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായും അറിയിച്ചു. KL-04-H-2881 -ലോറിയുടെ വാർഷിക ടെസ്റ്റ് നടത്തുന്നതിന് വാല്യുവേഷൻ നൽകുന്നതിന് പിഡബ്ല്യുഡി,മെക്കാനിക്കൽ വിഭാഗത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട് എന്നും മറുപടി നൽകിയിട്ടുണ്ട്.

വാഹനങ്ങളുടെ ലേലവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ഉപയോഗയോഗ്യമല്ലാത്ത വാഹനങ്ങളുടെ ലേലത്തിൽ ആവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കണമെന്ന് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി 8.11.21ൽ നിർദ്ദേശിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. അടിയന്തിര നിർദ്ദേശം ഉണ്ടായിരുന്നിട്ടും വാഹനങ്ങളുടെ വാല്യുവേഷൻ ആവശ്യപ്പെട്ട് പിഡബ്ല്യുഡി മെക്കാനിക്കൽ വിഭാഗത്തിന് കത്ത് നൽകിയത് രണ്ടു മാസത്തിന് ശേഷം 20.01.22 ലാണ്. 10.2.22 ൽ തന്നെ അംഗീകൃത വർക്ക്ഷോപ്പിൽ നിന്നുള്ള എസ്റ്റിമേറ്റ് ആവശ്യപ്പെട്ട് മെക്കാനിക്കൽ വിഭാഗം മറുപടി നൽകിയിട്ടുണ്ട്. നഗരസഭയിൽ നിന്നും അംഗീകൃത വർക്ക്ഷോപ്പിലേക്ക് എസ്റ്റിമേറ്റിനായി കത്ത് നൽകിയതാകട്ടെ അഞ്ചുമാസങ്ങൾക്ക് ശേഷം 26.7.22ലാണ്. വാഹന ലേലത്തിൽ യഥാസമയം നടപടികൾ സ്വീകരിക്കുന്നതിൽ നഗരസഭയുടെ ഭാഗത്ത് നിന്നുള്ള കുറ്റകരമായ അനാസ്ഥയാണ് ഫയലുകളിലെ നടപടി ക്രമങ്ങളിലെ കാലതാമസത്തിൽ നിന്നും വ്യക്തമാകുന്നത്.

മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലും വാഹനലേലം സംബന്ധിച്ച് പരാമർശങ്ങളുണ്ട്. അഞ്ചു വർഷങ്ങൾക്ക് മുൻപ് (2016-17) നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിലും മേൽ പരാമർശിച്ചിരിക്കുന്ന വാഹനങ്ങളുടെ മൂല്യനിർണ്ണയത്തിന് പി.ഡബ്ല്യു.ഡി, മെക്കാനിക്കൽ വിഭാഗത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട് എന്നാണ് മറുപടി നൽകിയത്. അന്ന് ഉണ്ടായിരുന്ന വാഹനങ്ങളിൽ KL-04-Q-9328- അംബാസിഡർ കാർ ഒഴികെയുള്ള വാഹനങ്ങളുടെ ലേലം ഇതുവരെയും നടന്നിട്ടില്ല.

കാലപ്പഴക്കം കൂടുന്തോറും വാഹനങ്ങൾ തുരുമ്പെടുത്ത് നശിച്ച് യാതൊരു മൂല്യവും ലഭിക്കാത്ത അവസ്ഥയിലാകും. അതിനാൽ ഈ വാഹനങ്ങളുടെ ലേല നടപടികൾ എത്രയും വേഗം പൂർത്തിയാക്കി മറുപടി ലഭ്യമാക്കേണ്ടതാണ്. വാഹനങ്ങളുടെ ലേലത്തിലെ കാലതാമസം കാരണം നഗരസഭക്കുണ്ടാകുന്ന നഷ്ടം കാലതാമസം വരുത്തിയതിന് ഉത്തരവാദികളായവരിൽ നിന്നും ഈടാക്കുന്നതുൾപ്പെയെയുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിനും ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

ഓഡിറ്റ് അന്വേഷണം നം.2 /21-22/12.2.23

## 1-59 എസ് എസ് എ വിഹിതം -വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ -സെക്രട്ടറി

പ്രോജക്ട് നമ്പർ 1/22

പ്രോജക്ടിന്റെ പേര് -എസ് എസ് എ വിഹിതം

ചെലവ് -7,00,000/-

ബിൽ നമ്പർ, തീയതി 9/21-22/14.6.21

എസ് എസ് എ വിഹിതം ഇനത്തിൽ 7,00,000/- രൂപ നൽകിയിട്ടുണ്ട്. പദ്ധതിയിലുൾപ്പെടുത്തി നഗരസഭാ പരിധിയിൽ എസ്.എസ്.എ. നടപ്പാക്കുവാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികളുടെ വിവരം ഉൾപ്പെടുത്തിയ വിശദമായ പ്ലാൻ, നഗരസഭ നൽകിയ തുകയിൽ നിന്ന് ഇവയിൽ ഓരോ ഇനത്തിനുമായി ചെലവഴിച്ച തുകയുടെ വിവരം കാണിക്കുന്ന വിശദമായ വിനിയോഗസാക്ഷ്യപത്രം എന്നിവ ഹാജരാക്കാനാവശ്യപ്പെട്ടുവെങ്കിലും ലഭ്യമാക്കിയില്ല. വിനിയോഗ വിവരങ്ങളുടെ അഭാവത്തിൽ ചെലവഴിച്ച 7,00,000/-രൂപ തടസ്സപ്പെടുത്തുന്നു. ചെലവ് രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം 44/21.2.23

## 1-60 ഇൻവെർട്ടർ വാങ്ങൽ അപാകതകൾ സംബന്ധിച്ച്

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.0096/22 |
| പ്രോജക്ട് | ആയുർവ്വേദ ആശുപത്രിയിലേയ്ക്ക് ഇൻവെർട്ടർ വാങ്ങൽ |
| അടങ്കൽ | 50000(മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ചെലവ് | 39000/ബിൽ ബി.ആർ.എൻ നമ്പർ 21070347001101212612/25-02-22 -39000 |
| സ്ഥാപനത്തിന്റെ പേര് | ലിയോടെക്ക് പവ്വർ സൊല്യൂഷൻസ്<br>ഇൻവോയിസ് നം. 218-21/10-02-22<br>ബിൽ തുക 39000 |

മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) നടപ്പിലാക്കിയ ഈ പദ്ധതിയുടെ നടത്തിപ്പിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1)കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും കേരള സർക്കാറിന്റെ ഓൺലൈൻ പോർട്ടലായ സി.പി.ആർ.സി.എസിൽ നിന്നും സമാഹരിയ്ക്കേണ്ടതാണെന്ന് സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 7.52 പ്രകാരം നിർദ്ദേശിച്ചിട്ടുള്ളതാണ്. സർക്കുലർ നം. 1/26/2019 ഐ.ടി സെൽ 1/26/2019 പ്രകാരം സർക്കാർ പ്രകാരം സർക്കാർ ആവിഷ്കരിച്ചിട്ടുള്ള സെൻട്രലൈസ്ഡ് സംവിധാനത്തിലൂടെ മാത്രമേ ഐ.ടി ഉപകരണങ്ങൾ വാങ്ങാവൂ എന്നും, C.p.r.c.s കൂടെയല്ലാതെ കമ്പ്യൂട്ടറുകളും മറ്റ് ഉപകരണങ്ങളും വാങ്ങുന്നതിന് മറ്റ് വാങ്ങൽ രീതികൾ അനുവദിയ്ക്കുന്നതല്ലെന്നും നിർദ്ദേശിച്ചിട്ടുള്ളതാണ്.

2)സ്റ്റോർ പർച്ചേസ് മാന്വൽ (ഖണ്ഡിക 9.4) പ്രകാരം ടെണ്ടറുകൾ/ക്വട്ടേഷനുകൾ തുറന്നതിന് ശേഷം നിരക്കുകളുടെ കൃത്യവും പൂർണ്ണവുമായ താരതമ്യ പട്ടിക തയ്യാറാക്കേണ്ടതും ഖണ്ഡിക 9.16 മുതൽ ഖണ്ഡിക 9.18 വരെ പ്രകാരം നിരക്കുകൾ താരതമ്യം ചെയ്യേണ്ടതും കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ അംഗീകരിയ്ക്കേണ്ടതുമാണ്. ടാബുലേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കി ലോവസ്റ്റ് ക്വട്ടേഷൻ ആരുടേതെന്ന് വിശദമാക്കിയിട്ടില്ല.

മേൽ ഉപകരണങ്ങൾ ടി നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി വാങ്ങിയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 8/13-02-22 ന് മറുപടി ലഭ്യമാക്കിയില്ല.

പൊതു സമാഹരണങ്ങൾ നടത്തുമ്പോൾ സർക്കാർ നിഷ്കർഷിയ്ക്കുന്ന മാനദണ്ഡങ്ങൾ പാലിച്ച് സമാഹരണം നടത്താൻ ശ്രദ്ധിയ്ക്കേണ്ടതാണ്.

## 1-61 കെൽട്രോൺ വഴി നടപ്പിലാക്കുന്നതിന് അംഗീകാരം വാങ്ങിയ ശേഷം ഓപ്പൺ ടെണ്ടർ മുഖാന്തിരം പ്രോജക്ട് നടപ്പിലാക്കി

കെൽട്രോൺ മുഖാന്തിരം നടപ്പിലാക്കുവാനായി ഡി.പി.സി അംഗീകാരം വാങ്ങിയ പ്രോജക്റ്റിൽ ഓപ്പൺ ടെണ്ടർ രീതിയിൽ പ്രോജക്റ്റ് നടപ്പിലാക്കി. പ്രോജക്റ്റ് നം- 554/22 ആയി താലൂക്ക് ആശുപത്രി പുതിയ ലാബ് ഒ.പി കമ്പ്യൂട്ടറൈസേഷനുവേണ്ടി കെൽട്രോൺ മുഖാന്തിരം നടപ്പിലാക്കുന്നതിനായിരുന്നു പ്രോജക്റ്റ് ആവിഷ്കരിച്ചിരുന്നത്. എന്നാൽ ടെണ്ടർ ക്ഷണിച്ച് കുറഞ്ഞ തുക ക്വോട്ട് ചെയ്ത ITIS ASIA കരുനാഗപ്പള്ളി എന്ന സ്ഥാപനം മുഖാന്തിരമാണ് പ്രോജക്റ്റ് നടപ്പിലാക്കിയത്. ചെലവ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ബിൽ നം. | 32/21-22 |
| അടങ്കൽ | 3,50,000 |
| ഫണ്ട് | മെയിന്റനൻസ് ഗ്രാന്റ് -നോൺ റോഡ് |
| ചെലവ് | 3,48,000 |

പ്രോജക്റ്റിൽ വിഭാവനം ചെയ്തതിൽ നിന്നും വ്യതിചലിച്ച് പ്രോജക്റ്റ് നടപ്പിലാക്കിയതിന്റെ കാരണം വിശദീകരിക്കപ്പെട്ടില്ല (ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.47/22/20.02.23) പ്രോജക്റ്റ് റിവൈസ് ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമല്ല. 3,48,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-62 KMSCL ൽ നിന്നും ലാബ് ഉപകരണങ്ങൾ പൂർണ്ണമായും ലഭിച്ചില്ല-അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്റ്റ് നം. | 61/22 |
| പ്രോജക്റ്റിന്റെ പേര് | താലൂക്ക് ആശുപത്രി ലാബ് ഉപകരണങ്ങൾ വാങ്ങൽ |
| അടങ്കൽ | 2500000 (മെയിന്റനൻസ് ഗ്രാന്റ് -റോഡിതരം) |
| ആകെ ചെലവ് | 2500000 |
| ബിൽ നം. | 22/21-22 (300000) BRN-21070347001201422285<br>UTR No-RBI0842273074207 |

ഉപകരണങ്ങളിൽ 2 എണ്ണം നിലവിലും ലാബിലേക്ക് ലഭിച്ചില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഉപകരണത്തിന്റെ പേര് | വില | എണ്ണം | ആകെ |
|---|---|---|---|---|
| 1 | ESR Analyser 10 Channel | 50000 | 2 | 100000 |
| 2 | Gel Card Centrifuge Incubator | 200000 | 1 | 200000 |

ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് 09.05.22 ൽ സൂപ്രണ്ട് KMSCL കത്ത് നൽകിയിരുന്നു. ഉപകരണങ്ങൾ ലഭ്യമാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-63 ഹരിതകർമ്മസേനയുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തേണ്ടതാണ്

കായംകുളം നഗരസഭയിൽ ഹരിതകർമ്മസേനയുടെ പ്രവർത്തനം ആരംഭിച്ചത് 5.5.2017 ലാണ്. ആരംഭത്തിൽ ഏഴ് അംഗങ്ങളായിരുന്നുവെങ്കിലും നിലവിൽ നാൽപത്തിനാല് വാർഡുകളിലേക്കായി 37 അംഗങ്ങളുണ്ട്. ആകെ അംഗങ്ങളെ മൂന്ന് യൂണിറ്റുകളായി (ഹരിതം, ലക്ഷ്യ, സമൃദ്ധി) തിരിച്ച് ഓരോ യൂണിറ്റിന്റെയും പ്രസിഡന്റ്, സെക്രട്ടറി എന്നിവരെ ഉൾപ്പെടുത്തി ഹരിതകർമ്മസേനാകൺസോർഷ്യം രൂപീകരിച്ചാണ് പ്രവർത്തനം നടക്കുന്നത്. സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യയുടെ കായംകുളം ശാഖയിലാണ് കൺസോർഷ്യത്തിന്റെ അക്കൌണ്ട്. (അക്കൌണ്ട് നം.3800418143) 31.3.22 ൽ ഈ അക്കൌണ്ടിലെ നീക്കിയിരുപ്പ് 1,58,432/-രൂപയാണ്.

5.5.2017 മുതലാണ് യൂസർഫീസ് ഈടാക്കാൻ തുടങ്ങിയത്. വീടുകളിൽ നിന്നും 40/- രൂപയും സ്ഥാപനങ്ങളിൽ നിന്നും പ്ലാസ്റ്റിക്കിന്റെ അളവ് അനുസരിച്ചുമാണ് യൂസർഫീ ഈടാക്കിയിരുന്നത്. 17.3.22 ലെ രണ്ടാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം വീടുകളിൽ നിന്ന് യൂസർഫീസ് 70/- രൂപയും വ്യാപാര സ്ഥാപനങ്ങളിൽ നിന്നും ചാക്കൊന്നിന് 100/-രൂപയും അധികം വരുന്ന അളവിന് 50/-രൂപ വീതം ഈടാക്കുവാനും തീരുമാനിച്ചു. യൂസർഫീസ്, പ്ലാസ്റ്റിക്ക് പൊടിച്ച് വിൽക്കുന്നതിന് ലഭിക്കുന്ന വില, ക്ലീൻ കേരളാ കമ്പനി ശേഖരിക്കുന്ന പ്ലാസ്റ്റിക്കിന് നൽകുന്ന വില എന്നിവയാണ് കൺസോർഷ്യത്തിന്റെ വരവിനങ്ങൾ.

ഡമ്പിംഗ് യാർഡിലാണ് നഗരസഭയുടെ എംസിഎഫ്, ആർ.ആർ.എഫ് എന്നിവ പ്രവർത്തിക്കുന്നത്. 06.07.2021 ൽ ക്ലീൻ കേരള കമ്പനിയുമായി കരാറിൽ ഏർപ്പെട്ട് 2021-22 വർഷം 4936 കിലോഗ്രാം പ്ലാസ്റ്റിക് മാലിന്യം കമ്പനിയ്ക്ക് കൈമാറിയിട്ടുണ്ട്. ശേഖരിച്ച പ്ലാസ്റ്റിക്കിന്റെ വിലയായി ക്ലീൻകേരള കമ്പനിയിൽ നിന്നും 10171/-രൂപ തൻവർഷം ലഭിച്ചിട്ടുണ്ട് എന്നാണ് അറിയിച്ചത്. ക്ലീൻ കേരളാ കമ്പനി ശേഖരിക്കുന്ന പ്ലാസ്റ്റിക്കിന് യഥാസമയം തുക നൽകാറില്ല എന്നാണ് ഹരിത കർമ്മസേനയിലെ അംഗങ്ങൾ അറിയിച്ചത്. സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ ഉത്തരവ് നം. 10394-ഡി-2017/കെ.എസ്.എച്ച്.ഒ തീയതി 23.4.2018 ഉത്തരവിന്റെ ഖണ്ഡിക 6.1 പ്രകാരം ഹരിതകർമ്മസേനയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ഫലപ്രാപ്തി യിലെത്തുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും സേനയുടെ പ്രവർത്തന മേഖലയിൽ വരുന്ന തടസ്സങ്ങൾ പരിഹരിക്കുക, സേനയുടെ പ്രവർത്തനം സുഗമമാക്കുന്നതിന് വേണ്ട നിയമപരമായ ഇടപെടലുകൾ നടത്തുക എന്നിവ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ചുമതലകളാണ്. അതിനാൽ ക്ലീൻകേരളാ കമ്പനിയിൽ നിന്നും കൃത്യമായി തുക ലഭിക്കുവാനാവശ്യമായ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്. 2021-22 വർഷം 2872.52 കി.ഗ്രാം പൊടിച്ച പ്ലാസ്റ്റിക് വിൽപന നടത്തി 72387/- രൂപയുടെ വരുമാനം ഹരിതകർമ്മസേനയ്ക്ക് ലഭിച്ചിട്ടുണ്ട്.

ഹരിതകർമ്മസേനയുടെ വിവരങ്ങൾ ആരാഞ്ഞ് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് നൽകിയ മറുപടിയിൽ യൂസർഫീ നൽകി സഹകരിയ്ക്കാൻ ഒരു വിഭാഗം ആൾക്കാർ വിമുഖത കാണിയ്ക്കുന്നുവെന്ന് അറിയിച്ചിട്ടുണ്ട്. പ്ലാസ്റ്റിക് കുഴിച്ചുമൂടുകയും കത്തിക്കുകയും ചെയ്യുന്നതിലൂടെയുള്ള പരിസ്ഥിതി പ്രശ്നങ്ങളും ആരോഗ്യപ്രശ്നങ്ങളും സംബന്ധിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി എല്ലാ വിഭാഗം ജനങ്ങളെയും പദ്ധതിയുമായി സഹകരിപ്പിക്കാൻ നഗരസഭയിലെ ആരോഗ്യവിഭാഗം മുന്നിട്ടിറങ്ങേണ്ടതാണ്.

നഗരസഭയിലെ ഹരിതകർമ്മസേന നല്ല രീതിയിൽ പ്രവർത്തനം നടത്തുന്നു എന്നതിന്റെ തെളിവാണ് കൺസോർഷ്യം അക്കൗണ്ടിലെ വരവിന്റെ വർദ്ധനവ്. (31.3.21 ൽ 51531/- രൂപ നീക്കിയിരുപ്പ് ആയിരുന്നത് 31.3.22ൽ 1,58,432/-രൂപയായത്) എല്ലാ മാസവും ഹരിത കർമ്മ സേനാംഗങ്ങളും വാർഡ് മെമ്പർമാരും ഉദ്യോഗസ്ഥരും കോ-ഓർഡിനേറ്റർമാരും പങ്കെടുത്തു കൊണ്ട് റിവ്യൂ മീറ്റിംഗുകൾ നടത്തുകയും പ്രവർത്തനം വിലയിരുത്തുകയും ചെയ്യേണ്ടതാണ്. റിവ്യൂമീറ്റിംഗുകളുടെ മിനുട്സ് പരിശോധിച്ചതിൽ നഗരസഭയുടെ ഭാഗമായി ജെ എച്ച് ഐ മാർ പങ്കെടുക്കാൻ തുടങ്ങിയത് 2022 ഡിസംബർ മുതലാണ്. ഹരിതകർമ്മസേനയുടെ വരവിന്റെ കൃത്യത, ശമ്പളം തുടങ്ങിയ ചെലവുകൾ എന്നിവ നഗരസഭയിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ പരിശോധിച്ച് ബോധ്യപ്പെടേണ്ടതും റിവ്യൂ മീറ്റിംഗുകളിൽ ചുമതലപ്പെട്ട ഉദ്യോഗസ്ഥർ കൃത്യമായി പങ്കെടുക്കേണ്ടതു മാണ്. 2021-22 വർഷം സെക്രട്ടറി നിർവഹണഉദ്യോഗസ്ഥനായി ഹരിതസഹായസ്ഥാപനത്തിന് തുക നൽകൽ എന്ന പദ്ധതി (പ്രോജക്ട് നം.256/22) യാണ് ഹരിതകർമ്മസേനയുമായി ബന്ധപ്പെട്ട് നടപ്പാക്കിയിട്ടുള്ളത്. ഓഡിറ്റ് കാലയളവിൽ നഗരസഭയിലെ ഹരിതസഹായസ്ഥാപനമായി പ്രവർത്തിച്ചത് സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൌണ്ടേഷനാണ്. ഹരിതസഹായ സ്ഥാപനത്തിന്റെ സേവനം പൂർണ്ണതോതിൽ പ്രയോജനപ്പെടുത്തി ഹരിതകർമ്മസേനയുടെ പ്രവർത്തകർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയാൽ നഗരശുചീകരണത്തിൽ മികച്ച നേട്ടം കൈവരിക്കാൻ സാധിക്കും. സമഗ്രമാലിന്യസംസ്കരണ പദ്ധതിയുടെ ഭാഗമായി അജൈവമാലിന്യ സംസ്കരണത്തിനും പൊതുജൈവമാലിന്യങ്ങളുടെ സംസ്കരണത്തിനുമായി ഒരു ഡിപിആർ തയ്യാറാക്കി അതിനനുസൃതമായി പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തി ഹരിതകർമ്മസേനയുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ ശ്രദ്ധിക്കാവുന്നതാണ്.
ഓഡിറ്റ് അന്വേഷണം നം.7/13.2.23

## 1-64 കോവിഡ് 19 -വാങ്ങിയ വസ്തുക്കളിൽ പുനരുപയോഗിക്കാവുന്ന വസ്തുക്കളുടെ ഡേറ്റാ തയ്യാറാക്കണം

നിരവധി പ്രോജക്ടുകളിലായി കോവിഡ് 19 പ്രതിരോധത്തിനായി നഗരസഭ നിരവധി സാധനങ്ങൾ വാങ്ങുകയും തങ്ങളുടെ അധികാരപരിധിയിലുള്ള താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിക്ക് കൈമാറി നൽകുകയും ചെയ്തിട്ടുണ്ട്. വാങ്ങിയ വസ്തുക്കളിൽ കട്ടിലുകൾ, തലയിണ, പ്ലേറ്റുകൾ, സ്പൂണുകൾ, ബെഡ് ഷീറ്റുകൾ, ഗ്ലൂക്കോമീറ്റർ, പൾസ് ഓക്സിമീറ്റർ എന്നിവയെല്ലാം ഉൾപ്പെടുന്നു. കൂടാതെ താലൂക്ക് ആശുപത്രി സൂപ്രണ്ടും നിരവധി വാങ്ങലുകൾ നടത്തിയിട്ടുണ്ട്. എന്നാൽ ഇവയുടെ നിലവിലെ സ്ഥിതി, ആരുടെ പക്കൽ സ്ഥിതി ചെയ്യുന്നു എന്നീ വിവരങ്ങളൊന്നും നഗരസഭയുടെ പക്കലില്ല. നിരവധി ഉപകരണങ്ങൾ താലൂക്ക് ആശുപത്രിയുടെ മുകൾ ഭാഗത്ത് ഉപേക്ഷിക്കപ്പെട്ട നിലയിലാണ്.

പുനരുപയോഗയോഗ്യമായ വസ്തുക്കളുടെ ഡേറ്റാ തയ്യാറാക്കി സൂക്ഷിക്കേണ്ടത് കോവിഡ് 19 പോലുള്ള മഹാമാരികളുടെ തുടർതരംഗങ്ങളെ പ്രതിരോധിക്കുന്നതിന് അത്യന്താപേക്ഷിതമായതിനാൽ ഇക്കാര്യത്തിൽ നഗരസഭാ കൌൺസിൽ പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-65 അങ്കണവാടികൾ - ഭൗതിക സൗകര്യങ്ങളുടെ അപര്യാപ്തത രൂക്ഷം

കായംകുളം നഗരസഭയിലെ അങ്കണവാടികളുടെ ഭൗതികസാഹചര്യങ്ങൾ ഒട്ടും പര്യാപ്തമല്ല. ആകെ 61 അങ്കണവാടികൾ ഉള്ളതിൽ 26 എണ്ണത്തിന് മാത്രമാണ് സ്വന്തം കെട്ടിടമുള്ളത്. 29 എണ്ണം വാടകക്കെട്ടിടത്തിലും 6 എണ്ണം നഗരസഭയുടെ ഉടമസ്ഥതയിൽ ഉള്ള മറ്റ് കെട്ടിടങ്ങളിലും പ്രവർത്തിക്കുന്നു. ഇവയിൽ 23 എണ്ണത്തിന് മാത്രമേ ചുറ്റുമതിലുള്ളൂ. അങ്കണവാടി നം. 100 ന് ശൗചാലയസൗകര്യം പോലുമില്ല. ഒരേ ഒരു അങ്കണവാടിയിൽ മാത്രമാണ് ശിശുസൗഹൃദ ശൗചാലയമുള്ളത്. നാല് അങ്കണവാടികളിൽ കുടിവെള്ളലഭ്യതയില്ല എന്നത് ഗൗരവതരമായ കാര്യമാണ്. 26 അങ്കണവാടികളിൽ ഫാൻ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളില്ല. 15 അങ്കണവാടികളിൽ മാത്രമേ അവശ്യ ഫർണീച്ചറുകൾ ഉള്ളൂ. ഒരങ്കണവാടിപോലും മാതൃക അങ്കണവാടിയായി ഉയർത്തപ്പെട്ടിട്ടുമില്ല.

അങ്കണവാടികളുടെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുവാനും മാതൃകാ അങ്കണവാടികളായി ഉയർത്തുവാനും സത്വര നടപടി സ്വീകരിക്കേണ്ടതാണ്. ശൗചാലയസൗകര്യം, കുടിവെള്ളം എന്നിവയ്ക്ക് പ്രഥമ പരിഗണന നൽകി കർമ്മപദ്ധതി തയ്യാറാക്കി നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-66 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി - ഒരവലോകനം

അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി വഴി 2021-22 ൽ 248 പ്രവൃത്തികൾ നടത്താൻ ലക്ഷ്യമിട്ടതിൽ 246 പ്രവൃത്തികൾ നടപ്പായി ഇതിൽ 202 പ്രവൃത്തികൾ ഓടകൾ ശുചിയാക്കി ജലനിർഗ്ഗമനം സുഗമമാക്കുന്നതുമായി ബന്ധപ്പെട്ടും 44 പ്രവൃത്തികൾ തരിശ്ശ് ഭൂമി കൃഷിക്ക് ഉപയുക്തമാക്കുന്നതുമായി ബന്ധപ്പെട്ടുമാണ്. വാർഡ് 24 ൽ നടപ്പാക്കാൻ നിശ്ചയിച്ച 2 പ്രവൃത്തികൾ തൻവർഷം നടത്താതെ മാറ്റിവച്ചത് 2022-23 ൽ പൂർത്തിയാക്കിയിട്ടുണ്ട്.

തൻവർഷം അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിക്കായി 12746647/-രൂപ ചെലവഴിച്ചതിൽ 11982797 രൂപയും കൂലിയായി തൊഴിലാളികൾക്ക് വിതരണം ചെയ്തതാണ്. 202410/- രൂപ സാധനങ്ങളുടെ വില, പണിയുപകരണങ്ങളുടെ വാടക എന്നീ ഇനങ്ങളിലും ചെലവഴിച്ചു.

അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിൽ പണം തെറ്റായി വിനിയോഗം ചെയ്യപ്പടാൻ ഇടയാകും വിധമുള്ള അപാകങ്ങളും മേൽനോട്ട രാഹിത്യവും നിലനിൽക്കുന്നു. മസ്റ്റർ റോളിൽ ഒരാൾ തന്നെ എല്ലാ തൊഴിലാളികളുടേയും ഹാജർ രേഖപ്പെടുത്തുന്നതായി ഏതാനം വാർഡുകളിലെ രേഖകൾ പരിശോധിച്ചതിൽ കാണുന്നു. ഇത്തരം കാര്യങ്ങൾ പരിശോധിക്കേണ്ട ജാഗ്രത മേൽനോട്ട കമ്മറ്റികൾ കൃത്യമായി പ്രവൃത്തി നടക്കുന്ന സൈറ്റ് പരിശോധിച്ച് വിവരം രേഖപ്പെടുത്തുന്നില്ല. പ്രവൃത്തി തൃപ്തികരമായി പൂർത്തിയാക്കി എന്ന് കാണിച്ച് ഈ കമ്മറ്റി അംഗങ്ങൾ ഒപ്പിട്ട് ഫയലിൽ സൂക്ഷിക്കുന്ന രേഖയിൽ പോലും സന്ദർശന വിവരങ്ങളോ തീയതി പോലുമോ ഇല്ല.

ഇത്തരം മേൽനോട്ടരാഹിത്യം മൂലം തൊഴിലിലേർപ്പെടാതിരുന്നവരുടെ പേരിൽ ജോലി ഡിമാന്റ് ചെയ്ത് തെറ്റായി ഹാജർ രേഖപ്പെടുത്തി പണാപഹരണം നടത്തിയ സംഭവം ഈ നഗരസഭയിൽ ഉണ്ടായിട്ടുണ്ട്. വാർഡ് 24 ൽ 2018-19 ൽ 4 പ്രവൃത്തികളിലും 2020-21 ൽ 2 പ്രവൃത്തികളിലുമായി 6 തൊഴിലാളികൾ ജോലിക്ക് ഹാജരാകാതെ മസ്റ്ററോളിൽ മേറ്റ് തെറ്റായി ഹാജർ രേഖപ്പെടുത്തി വേതനം തട്ടിയെടുത്തു. ഇത് സംബന്ധിച്ച് ശ്രീ ബിനു.പി.കുറ്റിയിൽ 15.2.2022 ൽ നഗരസഭയിൽ പരാതി തരും വരെ നഗരസഭയ്ക്ക് ഈ ക്രമക്കേട് കണ്ടെത്താനായിരുന്നില്ല. തുടർന്ന് നഗരസഭ നടത്തിയ അന്വേഷണത്തിൽ ക്രമക്കേട് ബോദ്ധ്യപ്പെടുകയും തെറ്റായി കൈപ്പറ്റിയ 57811/- രൂപ 18 ശതമാനം പലിശസഹിതം ഈടാക്കാൻ സെക്രട്ടറി ഉത്തരവാകുകയും ഒപ്പം പ്രസ്തുത മേറ്റിനെ തൽസ്ഥാനത്തുനിന്ന് മാറ്റുകയും ചെയ്തു. ഇതേ തുടർന്ന് 85707/-രൂപ 19.10.22, 20.10.22 തീയതികളിലായി നഗരസഭയുടെ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിക്കായുള്ള ബാങ്ക് അക്കൌണ്ടിൽ തിരിച്ചടയ്ക്കപ്പെട്ടു (കാനറ ബാങ്ക്, കായംകുളം ശാഖ അക്കൌണ്ട് നം.232010107275)

ഇത്തരം സംഭവം കണ്ടുപിടിക്കപ്പെട്ടശേഷവും ക്രമക്കേടുകൾ ആവർത്തിക്കാതിരിക്കാനുള്ള ഫലപ്രദമായ മുൻകരുതലുകൾ സ്വീകരിക്കാൻ നഗരസഭയ്ക്ക് കഴിഞ്ഞിട്ടില്ല എന്നാണ് മുൻപ് സൂചിപ്പിച്ച അപാകങ്ങളിൽ നിന്ന് ബോദ്ധ്യമാകുന്നത്.

അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിൽ ക്രമക്കേടുകൾ ഒഴിവാക്കാൻ ജാഗ്രത മേൽനോട്ട കമ്മറ്റികളും ചുമതലപ്പെട്ട നഗരസഭ ജീവനക്കാരും കൃത്യമായി പ്രവൃത്തികൾ പരിശോധിക്കുകയും മസ്റ്ററോളുകളുടെ കൃത്യത ഉറപ്പാക്കുകയും ചെയ്യേണ്ടതാണ്.

## 1-67 ഫർണിച്ചർ വാങ്ങൽ-വിതരണത്തിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല-ചെലവ് തടസ്സപ്പെടുത്തുന്നു

ഗവ ബോയ്സ് എച്ച്.എസ്.എസ്. പ്രിൻസിപ്പൽ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പ്രോജക്റ്റിൽ ഫർണ്ണിച്ചറുകൾ വാങ്ങിയിരുന്നു. എന്നാൽ ഫയൽ പരിശോധനയിൽ ഫർണിച്ചറുകളുടെ പർച്ചേസ് ബിൽ (ടാക്സ് ഇൻവോയിസ്), വിതരണ രേഖകൾ എന്നിവ പരിശോധനക്ക് ലഭ്യമായില്ല.

| | |
|---|---|
| പ്രോജക്റ്റ് നം. | 47 |
| പ്രോജക്റ്റിന്റെ പേര് | നഗരസഭ സ്കൂളുകൾക്ക് ഫർണിച്ചർ |
| അടങ്കൽ | 1300000 |
| ഫണ്ട് | മെയിന്റനൻസ് ഗ്രാന്റ് -നോൺ റോഡ് |
| ചെലവ് | 1300000 |
| ടാക്സ് ഇൻവോയിസ് നം. | ലഭ്യമല്ല<br>പ്രഫോർമ ഇൻവോയിസ്-നം-440/20-03-22 |
| എ.സി.ആർ ബിൽ നം. | 663/30.03.2022 |

<u>വാങ്ങിയ ഇനങ്ങൾ</u>

| | |
|---|---|
| Steel Cabinet With Locker-4 Shelves 78x36x19 20G | 14 Nos |
| Bench -CR Pipe Multicolour Prelaminated Board 120x30x45 | 82 Nos |
| Desk-book Rack 120X6X75 | 82 Nos |
| Desk-book Rack 180X6X75 | 10 Nos |
| Steel Bench -180x30x45 | 10 Nos |

വാങ്ങൽ സംബന്ധിക്കുന്ന ഫയലുകളിൽ താഴെ പറയുന്ന രേഖകൾ ഹാജരാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.35/20.02.2023) മറുപടി ലഭ്യമാക്കിയില്ല .

1)പർച്ചേസ് നടത്തിയതിന്റെ ടാക്സ് ഇൻവോയിസ് പകർപ്പ്

2)ഫർണിച്ചറിന്റെ വിതരണ രേഖകൾ

3)പ്രോജക്റ്റ് മോണിട്ടറിംഗ് നടത്തിയതിന്റെ വിവരങ്ങൾ

രേഖകൾ ഹാജരാക്കുന്നതുവരെ 13,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-68 ഓഡിറ്റ് റിക്കവറി തുക ട്രഷറിയിൽ ഒടുക്കിയില്ല

വാർഷിക കണക്കുകൾ പ്രകാരം 703038/- രൂപ നഗരസഭയ്ക്ക് ഓഡിറ്റ് റിക്കവറിയിനത്തിൽ ബാധ്യത ഹെഡ്ഡിൽ വരവുണ്ട്. (B-9 പട്ടിക, ഹെഡ് കോഡ്-350200125). വിവിധ വർഷങ്ങളിൽ ഓഡിറ്റ് റിക്കവറിയായി നഗരസഭയിൽ ലഭിച്ച തുകകൾ ഇതിൽ ഉൾപ്പെടുന്നുണ്ട്. റിക്കവറിയുടെ സ്രോതസ്സ് പരിഗണിച്ച് ഓഡിറ്റ് റിക്കവറി സർക്കാരിലേക്ക് ഒടുക്കുവാനുള്ള തുകയാണോയെന്ന് പരിശോധിച്ച്, ഗ്രാന്റുകളിൽ നിന്നുള്ള ഓഡിറ്റ് റിക്കവറിയാണെങ്കിൽ തുക ട്രഷറിയിൽ ഒടുക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-69 ലൈബ്രറി സെസ് ഒടുക്കുന്നതിൽ വീഴ്ച

വാർഷിക കണക്കുകൾ പ്രകാരം ലൈബ്രറി സെസ്സ് ഇനത്തിൽ നഗരസഭ പിരിച്ച 11,9,70,319/- രൂപ ലൈബ്രറി കൌൺസിലിന് അടക്കുവാൻ അവശേഷിക്കുന്നു. (പട്ടിക -B9 (ഹെഡ് കോഡ് -350300100). തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ ഓരോ വർഷവും ലൈബ്രറി സെസിനത്തിൽ പിരിക്കുന്ന തുക യഥാക്രമം ഏപ്രിൽ 30 നം നവംബർ 30 നം ഉള്ളിൽ രണ്ടു ഗഡുക്കളായി ലൈബ്രറി കൌൺസിലിൽ ഒടുക്കേണ്ടതാണെന്നും അല്ലാത്തപക്ഷം അത് തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയായി നിർണ്ണയിച്ച് പലിശ ഈടാക്കുന്നതിനും തദ്ദേശസ്വയംഭരണ വകുപ്പ് 10088/എൽ.3/05 തീയതി 20.09.2005 നം. സർക്കുലറിൽ നിർദ്ദേശിച്ചിട്ടുള്ളതാണ്. ആയതിനാൽ ലൈബ്രറി സെസായി പിരിച്ച തുക കാലവിളംബം കൂടാതെ അടക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ സൂപ്രണ്ട് പ്രോജക്ട് നിർവ്വഹണത്തിന്റെ ഭാഗമായി ഡി.ഡിയായി സ്വീകരിച്ച ഇ.എം.ഡി തുക നിലവിലും ബാങ്കിൽ നിക്ഷേപിച്ചില്ല

താലൂക്ക് ആശുപത്രി സൂപ്രണ്ട് നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ പ്രോജക്ടുകളിൽ ഡിമാൻഡ് ഡ്രാഫ്റ്റായി ഇ.എം.ഡി തുക സ്വീകരിച്ചിരുന്നു. 2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൌണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-19 പ്രകാരം ഇപ്രകാരം മുനിസിപ്പാലിറ്റിയിലേക്ക് ലഭിക്കേണ്ടതായ തുകകൾ ചെക്കായോ ഡിമാൻഡ് ഡ്രാഫ്റ്റ് ആയോ ലഭിക്കുമ്പോൾ രസീത് നൽകേണ്ടതും ഡിമാൻഡ് ഡ്രാഫ്റ്റിന്റെ/ചെക്കിന്റെ വിവരങ്ങൾ നഗരസഭ സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ സൂപ്രണ്ട് പ്രോജക്ട് നിർവ്വഹണത്തിന്റെ ഭാഗമായി സ്വീകരിച്ച ചില ഡിമാൻഡ് ഡ്രാഫ്റ്റുകൾ യഥാസമയം പണമാക്കി മാറ്റാതെ ഫയലിൽ സൂക്ഷിച്ചിരിക്കുന്നതായി കണ്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | ഡി.ഡി നം. | തുക | ബാങ്ക് | തുക ഒടുക്കിയ സ്ഥാപനം | പരാമർശം |
|---|---|---|---|---|---|
| 54/22 | 414764/18-03-2022 | 4,000 | ഫെഡറൽ ബാങ്ക്, കരുനാഗപ്പള്ളി | ITIS ASIA | DDയുടെ കാലാവധി കഴിഞ്ഞു |
| 55/22 | 858878/25-03-2022 | 2,000 | SBI, കായംകുളം ടൌൺ ബ്രാഞ്ച് | സ്പെക്ട്രാ ELV സിസ്റ്റെസ് | DDയുടെ കാലാവധി കഴിഞ്ഞു |
| 55/22 | 077370/24-03-2022 | 2,000 | Indian Bank വൌവ്വക്കാവ് | ഡിജിടെക് കമ്പ്യൂട്ടേഴ്സ് ആൻഡ് മൊബൈൽസ് | DDയുടെ കാലാവധി കഴിഞ്ഞു |
| 55/22 | 414773/24-03-2022 | 2,000 | ഫെഡറൽ ബാങ്ക്, കരുനാഗപ്പള്ളി | ITIS ASIA | DDയുടെ കാലാവധി കഴിഞ്ഞു |
| | ആകെ | 10,000 | | | |

ടെണ്ടർ ലഭിക്കാത്ത ചിലരുടെ ഡി.ഡി പണമാക്കി മാറ്റാതെ അവർക്ക് തന്നെ കൈമാറിയിട്ടുണ്ട്. ഇതും ശരിയായ രീതിയല്ല. മുൻവർഷ ഫയലുകളിലും ഇപ്രകാരം അക്കൌണ്ട് ചെയ്യപ്പെടാതെ കാലഹരണപ്പെട്ട നിക്ഷേപങ്ങൾ ഉണ്ടാകുവാനിടയുണ്ട്. രസീത് നൽകി ലഭിച്ച ഡെപ്പോസിറ്റുകൾ പണമാക്കി മാറ്റാതിരുന്നതിന് വിശദീകരണം നൽകണമെന്ന് ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.41/20.2.23) മറുപടി ലഭ്യമാക്കിയില്ല. കൂടാതെ സെക്യൂരിറ്റി നിക്ഷേപമായി സ്വീകരിക്കുന്ന തുകകൾ സംബന്ധിക്കുന്ന വാർഷിക സംക്ഷിപ്തം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. നിശ്ചിത തീയതിക്കകം പണമാക്കി മാറ്റാതെ സൂക്ഷിച്ച ചെക്ക്/ഡി.ഡി. റീ വാലിഡേറ്റ് ചെയ്ത് പണമാക്കി മാറ്റാനാകാത്ത പക്ഷം നഷ്ടമായ 10,000 രൂപ പലിശ സഹിതം നിർവ്വഹണ ഉദ്യോഗസ്ഥനായ താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ സൂപ്രണ്ടിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 ARTCO ലഭ്യമാക്കിയ വിൽചെയറുകളും സ്റ്റെച്ചറുകളും ഗുണമേന്മ ഇല്ലാത്തതിനാൽ ഉപയോഗരഹിതമായി- നഗരസഭ ഫണ്ടിന്റെ ചെലവ് പാഴ്ച്ചെലവായി

| | |
|---|---|
| പ്രോജക്റ്റ് നം. | 60/22 |
| പ്രോജക്റ്റിന്റെ പേര് | താലൂക്ക് ഹോസ്പിറ്റൽ ഉപകരണങ്ങൾ വാങ്ങൽ |
| അടങ്കൽ | 400000(മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ്) |
| ആകെ ചെലവ് | 394984 |
| ബിൽ നം. | 642/26.03.2022 BRN 21070347001201473298 |

ആർട്ടിസാൻസ് ഡെവലപ്മെന്റ് കോ-ഓപ്പറേറ്റീവ് ലിമിറ്റഡിൽ നിന്നും(ആർട്ട്കോ)താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി സൂപ്രണ്ട് നിർവ്വഹണ ഉദ്യോഗസ്ഥനായി ചുവടെ ചേർക്കുന്ന ഹോസ്പിറ്റൽ ഫർണിച്ചറുകൾ നേരിട്ട് (ടെണ്ടർ കൂടാതെ)വാങ്ങിയിരുന്നു.

| ക്രമ നം. | ഫർണിച്ചറിന്റെ പേര് | എണ്ണം | വില |
|---|---|---|---|
| 1 | വീൽ ചെയർ | 12 | 10678 |
| 2 | സ്ട്രച്ചർ ട്രോളി | 8 | 18072 |
| 3 | എക്സാമിനേഷൻ ടേബിൾ | 3 | 10601 |
| 4 | പേഷ്യന്റ് ഷിഫ്റ്റർ | 1 | 15000 |
| 5 | മെഡിസിൻ ട്രോളി | 1 | 11334 |
| 6 | ലഗേജ് ട്രോളി | 1 | 18000 |

വീൽ ചെയറുകളുടെ ബാക്ക് സപ്പോർട്ടും ട്രോളിയുടെ വീലുകളും ഇളകിയതായി നേഴ്സിംഗ് സൂപ്രണ്ട് റിപ്പോർട്ട് ചെയ്തതിനെ തുടർന്ന് 22.06.2022ൽ ARTCO ലഭ്യമാക്കിയ ഹോസ്പിറ്റൽ ഫർണിച്ചറുകൾക്ക് നിലവാരമില്ലായെന്നും മുഴുവൻ ഫർണിച്ചറുകളും മാറ്റി പുതിയവ തരണമെന്ന് സൂപ്രണ്ട് 1058/2022 നമ്പർ കത്ത് പ്രകാരം ARTCO യോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും നിലവിൽ ARTCO നടപടിയൊന്നും സ്വീകരിച്ചതായി ഫയലിൽ രേഖയില്ല. 17.02.2023 ൽ ഓഡിറ്റ് ബാച്ച് ഹോസ്പിറ്റൽ ജീവനക്കാർക്കൊപ്പം നടത്തിയ പ്രാദേശിക പരിശോധനയിൽ മിക്ക വീൽ ചെയറുകളും മിക്ക സ്റ്റെച്ചറുകളും മികച്ച ഗുണനിലവാരമില്ലാത്തതിനാൽ തകരാറിലായ നിലയിലാണെന്നും ഉപയോഗിക്കാതെ സ്റ്റോറിൽ സൂക്ഷിച്ചിരിക്കുന്നതിന്റെയും ഗുണമേൻമ സംശയകരമാണെന്നും ബോധ്യപ്പെട്ടു. വാങ്ങേണ്ട ഉൽപ്പന്നത്തിന്റെ ഗുണമേൻമ പർച്ചേസ് ഉത്തരവ് നൽകുന്നതിന് മുൻപ് ഉറപ്പാക്കുന്നതിന് കഴിഞ്ഞിട്ടില്ലായെന്ന് വ്യക്തമാണ്. ഉൽപ്പന്നത്തിന്റെ സാമ്പിൾ നിർവ്വഹണ ഉദ്യോഗസ്ഥനോ അദ്ദേഹം ചുമതല നൽകിയ വിദഗ്ധനോ പരിശോധിച്ചുറപ്പാക്കാതെ സർക്കാർ ഉത്തരവിന്റെ മാത്രം അടിസ്ഥാനത്തിൽ വാങ്ങൽ നടത്തിയത് നഗരസഭയ്ക്ക് വലിയ നഷ്ടമുണ്ടാക്കി. നഗരസഭ ഫണ്ടിനുണ്ടായ നഷ്ടം ARTCO യുടെ നഷ്ടോത്തരവാദിത്തത്തിൽ നികത്തുവാൻ നിർവ്വഹണഉദ്യോഗസ്ഥൻ നടപടികൾ സ്വീകരിക്കാത്തപക്ഷം 3,94,984 രൂപയും നിർവ്വഹണദ്യോഗസ്ഥൻ നഗരസഭയിലേക്ക് തിരികെ ഒടുക്കേണ്ടതാണ്.

## 3-2 ആർട്ട്കോയിൽ നിന്നും ഗുണമേന്മ ഇല്ലാത്ത, നിശ്ചിത നിലവാരമില്ലാത്ത എയർപോർട്ട് ചെയർ വാങ്ങി-നഗരസഭ ഫണ്ടിന് 3,99,902 രൂപയുടെ നഷ്ടം

| | |
|---|---|
| പ്രോജക്റ്റ് നം. | 67/22 |

| | |
|---|---|
| പ്രോജക്ടിന്റെ പേര് | താലൂക്ക് ആശുപത്രി ഒ പി ബ്ലോക്ക് കസേര വാങ്ങൽ |
| അടങ്കൽ | 4,00,000(മെയിന്റനൻസ് ഗ്രാന്റ് -റോഡിതരം) |
| ആകെ ചെലവ് | 3,99,902 |
| ബിൽ നം. | 676/30.03.2022 BRN-21070347001201520720 |

ആർട്ടിസാൻസ് ഡെവലപ്മെന്റ് കോ-ഓപ്പറേറ്റീവ് ലിമിറ്റഡിൽ നിന്നും(ആർട്ട്കോ) ഉൽപ്പന്നങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് വാങ്ങുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഫർണ്ണിഷിംഗ് പ്രവർത്തനങ്ങൾക്ക് ARTCO യെ നോഡൽ ഏജൻസിയായി അംഗീകരിച്ചും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.(സർക്കാർ ഉത്തരവ് 2092/2018 തസ്വഭവ) ഇതിന്റെ അടിസ്ഥാനത്തിൽ നഗരസഭ താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി സൂപ്രണ്ട് നിർവ്വഹണ ഉദ്യോഗസ്ഥനായി ARTCOയിൽ നിന്നും നഗരസഭ നേരിട്ട് നടത്തിയ പർച്ചേസുകൾ പൊതുപണത്തിന്റെ ദുർവ്യയമായി. പൊതുവിപണിയിലെ വിലയിലും അധികരിച്ച് വാങ്ങിയ എയർപോർട്ട് ചെയറുകൾ ഉപയോഗരഹിതമായി മാറി. മാത്രമല്ല ആശുപത്രിയിലെത്തുന്ന രോഗികൾക്കും കൂട്ടിരിപ്പുകാർക്കും അപകടകരമാകുന്ന രീതിയിൽ നേർത്ത തരം സ്റ്റീൽ കൊണ്ട് നിർമ്മിച്ചിട്ടുള്ളതാണെന്ന് 17.02.2022 ലെ പ്രാദേശിക പരിശോധനയിൽ വ്യക്തമായി. കസേരയുടെ മധ്യത്തിലും വശങ്ങളിലുമുള്ള ഹാൻഡ് റസ്റ്റുകൾ പെട്ടെന്ന് ഉപയോഗരഹിതമാകുന്ന രീതിയിലുള്ള കനം മാത്രമാണുള്ളത്. എയർപോർട്ട് ചെയറിന്റെ വാങ്ങൽ സംബന്ധിച്ച് പർച്ചേസ് കമ്മിറ്റി യാതോരു തീരുമാനവും എടുത്തതായി രേഖയില്ല. ആയതിനാൽ വാങ്ങേണ്ട ഉൽപ്പന്നത്തിന്റെ ഗുണമേൻമ ഉറപ്പാക്കുന്നതിന് കഴിഞ്ഞിട്ടില്ലായെന്ന് വ്യക്തമാണ്. ഉൽപ്പന്നത്തിന്റെ സാമ്പിൾ നിർവ്വഹണ ഉദ്യോഗസ്ഥൻ പരിശോധിച്ചുറപ്പാക്കാതെ സർക്കാർ ഉത്തരവിന്റെ മാത്രം അടിസ്ഥാനത്തിൽ വാങ്ങൽ നടത്തിയത് നഗരസഭക്ക് വലിയ നഷ്ടമുണ്ടാക്കി.സർക്കാർ ഉത്തരവ് (സാധാ)1/2021/SPD തീയതി 05.01.2021 ഉത്തരവ് പ്രകാരമാണ് ARTCO ക്ക് ടെണ്ടർ ഇളവുകൾ രണ്ട് വർഷത്തേക്ക് കൂടി നീട്ടിനൽകി സർക്കാർ ഉത്തരവ് പുതുക്കിയിട്ടുള്ളത്. ഉത്തരവിന് അനുബന്ധമായി നൽകിയിട്ടുള്ള വിൽപ്പനവിലയിലാണ് ARTCO സാധനങ്ങൾ ലഭ്യമാക്കേണ്ടത്. ഈ ഉത്തരവ് ഹോസ്പിറ്റൽ ഇനങ്ങളിൽ ക്രമ നം -71 ആയി ഉൾപ്പെടുത്തിയിട്ടുള്ള പെർഫറേറ്ററി ചെയറിന്(3 Seater)17,504 രൂപയാണ് നികുതികൾ കൂടാതെയുള്ള വില. എന്നാൽ വാങ്ങിയത് 16,945 രൂപ വിലയുള്ള പെർഫറേറ്ററി ചെയറാണ്(3 Seater)പ്രൈസ് ലിസ്റ്റിൽ ഉൾപ്പെട്ട സാധനമാണോ ലഭ്യമാക്കിയതെന്ന് ഉറപ്പാക്കാനാകുന്നില്ല. പ്രൈസ് ലിസ്റ്റിന് പുറത്തുള്ള ഉൽപ്പന്നമാണെങ്കിൽ ARTCOക്ക് സാധാരണനിലക്ക് ടെണ്ടറിൽ പങ്കെടുക്കുവാൻ മാത്രമെ അവകാശമുള്ളൂ. നിലവിൽ വാങ്ങിയ PERFORATORY CHAIR FULL SS ARTCO നിർമ്മിക്കുന്നതാണെന്നും പുറത്തുനിന്നും വാങ്ങിയതല്ലെന്നും സ്ഥാപനത്തിന്റെ മാനേജിംഗ് ഡയറക്ടർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. സർക്കാർ ഉത്തരവിന്റെ മറവിൽ ഉപയോഗയോഗ്യമല്ലാത്ത നിശ്ചിത ഗുണനിലവാരമില്ലാത്ത എയർപോർട്ട് ചെയറുകൾ വാങ്ങിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് കൊണ്ട് നിർവ്വഹണ ഉദ്യോഗസ്ഥന് ഓഡിറ്റ് അന്വേഷണക്കുറിപ്പ്(നം.40 തീയതി 20.2.23) നൽകിയെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല. നഗരസഭ ഫണ്ടിനുണ്ടായ നഷ്ടം ARTCO യുടെ നഷ്ടോത്തരവാദിത്തത്തിൽ നികത്തുവാൻ നിർവ്വഹണഉദ്യോഗസ്ഥൻ നടപടികൾ സ്വീകരിക്കാത്തപക്ഷം 3,99,902 രൂപയും നിർവ്വഹണദ്യോഗസ്ഥൻ നഗരസഭയിലേക്ക് തിരികെ ഒടുക്കേണ്ടതാണ്.

## 3-3 മൂല്യനിർണ്ണയത്തിൽ അധികമായി ധനസഹായം അനുവദിച്ചു

ഭവന അറ്റകുറ്റപ്പണിക്കായി ധനസഹായം നൽകുന്നതിന് ആറ് പ്രോജക്ടുകൾ 2021-22 ൽ പ്രോജക്ട് ഓഫീസർ, നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ നിർവ്വഹണോദ്യോഗസ്ഥനായി വിഭാവനം ചെയ്ത് നടപ്പാക്കിയിട്ടുണ്ട്. ഇതിനായി 79.54 ലക്ഷം രൂപ തൻവർഷം ചെലവഴിച്ചു. ഇതിൽ മൂന്ന് വീതം പ്രോജക്ടുകൾ പൊതു വിഭാഗത്തിനും പട്ടികജാതി വിഭാഗത്തിനും ആയി വിഭാവനം ചെയ്യപ്പെട്ടവയും അതിൽ തന്നെ ഓരോന്ന് സ്പിൽ ഓവർ പ്രോജക്ടുകളും ആണ്. ഈ പ്രോജക്ടുകൾ വിഭാവനം ചെയ്തപ്പോൾ അടങ്കൽ നിശ്ചയിച്ചതല്ലാതെ എത്ര ഗുണഭോക്താക്കൾക്ക് പരാമാവധി എത്ര തുക വിതരണം ചെയ്യണം എന്ന് വ്യവസ്ഥ ചെയ്തിട്ടില്ല. ഇതുമൂലം ആനുകൂല്യവിതരണത്തിൽ അസമത്വത്തിനുള്ള വഴി തുറന്ന് നൽകി.

വീട് അറ്റകുറ്റപ്പണിക്ക് അപേക്ഷിക്കുന്ന ഓരോ വ്യക്തിയുടേയും വീട് നഗരസഭ എൻജിനീയറിംഗ് വിഭാഗത്തിലെ ഓവർസിയർ സന്ദർശിച്ച് പരിശോധന നടത്തി, നടത്തേണ്ടുന്ന അറ്റകുറ്റപ്പണികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുകയും ഇതിന്റെ അടിസ്ഥാനത്തിൽ ആദ്യ ഗഡു മുൻകൂറായി അനുവദിക്കുകയും തുടർന്ന് പണി പൂർത്തിയാക്കുന്നമുറയ്ക്ക് ഓവർസിയർ വീണ്ടും പ്രസ്തുത ഭവനം പരിശോധിച്ച് ചെയ്ത പ്രവർത്തിയുടെ മൂല്യനിർണ്ണയം നടത്തി സാക്ഷ്യപത്രം നൽകുകയും അതിന് ശേഷം ധനസഹായത്തിന്റെ രണ്ടാം ഗഡു നൽകുകയും ആണ് ചെയ്ത് വരുന്നത്. എന്നാൽ ഇപ്രകാരം പണം അനുവദിക്കുമ്പോൾ മൂല്യനിർണ്ണയത്തെ അടിസ്ഥാനമാക്കാതെ പണം അനുവദിക്കുന്നതായി കാണുന്നു. ചില വ്യക്തികൾക്ക് മൂല്യനിർണ്ണയ സാക്ഷ്യപത്രത്തിൽ കാണിച്ച തുക തന്നെ നൽകുകയും മറ്റ് ചിലർക്ക് അത്രയും തുക നൽകാതിരിക്കുകയും വേറെ ചിലർക്ക് മൂല്യനിർണ്ണയത്തിൽ അധികമായി തുക അനുവദിക്കുകയും ചെയ്തു. പ്രോജക്ട് നം. 17 ൽ ആകെ 128 ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം നൽകിയത്. ഇവരുടെ ഫയലുകൾ ഓഡിറ്റിൽ പരിശോധിച്ചതിൽ 57 പേർക്ക് മൂല്യനിർണ്ണയപ്രകാരമുള്ള തുക നൽകിയപ്പോൾ 68 പേർക്ക് മൂല്യനിർണ്ണയത്തേക്കാൾ കുറഞ്ഞ തുകയും 3 പേർക്ക് മൂല്യനിർണ്ണയത്തേക്കാൾ കൂടിയ തുകയുമാണ് നൽകിയത്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

എ) വാർഡ് 24 ൽ ശ്രീ നാസർ, കോമളത്ത് എന്ന വ്യക്തിക്കാണ് ഈ പ്രോജക്ട് പ്രകാരം ഏറ്റവും ഉയർന്ന ധനസഹായം ലഭിച്ചത്. 85,000 രൂപ മൂല്യമുള്ള പ്രവൃത്തി പൂർത്തിയാക്കിയ ഇദ്ദേഹത്തിന് 85,000 രൂപ തന്നെ അനുവദിച്ചു. എന്നാൽ 1 ലക്ഷം രൂപ മൂല്യമുള്ള പ്രവൃത്തി പൂർത്തിയാക്കിയ ശ്രീ.ബാബു, മാമൂർതറയിൽ, വാർഡ് 14, ശ്രീമതി സ്വർണ്ണമ്മാൾ, കിഴക്കേവീട്, വാർഡ് 31, എന്നിവർക്ക് 50,000 രൂപ വീതം മാത്രമാണ് നൽകിയത്.

ബി) വാർഡ് 23 ൽ ശ്രീ.വിജയൻ, ചോതി നിവാസ്-ന് ആദ്യഗഡുവായി 15,000 രൂപ 24.3.22 ൽ നൽകി തുടർന്ന് 50,000 രൂപയുടെ മൂല്യനിർണ്ണയ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ബാക്കി 35,000 രൂപ 30.8.22 ൽ നൽകിയതായി രജിസ്റ്ററിൽ നിന്ന് വ്യക്തമാകുന്നു. അതായത് ഇദ്ദേഹത്തിന് മൂല്യനിർണ്ണയപ്രകാരമുള്ള തുകയായ 50,000 രൂപ തന്നെ അനുവദിച്ചപ്പോൾ വാർഡ് 33 ൽ 50,000 രൂപയുടെ പ്രവൃത്തി നിർവ്വഹിച്ച ശ്രീമതി ദീപ സി., മുളന്തല-ക്ക് 40,000 രൂപയും ഇതേ വാർഡിൽ തന്നെ 50,000 രൂപയുടെ പ്രവൃത്തി നിർവ്വഹിച്ച ശ്രീമതി ഷീല കുന്നോളിൽ-ന് 45,000 രൂപയുമാണ് അനുവദിച്ചത്. ഒരേ വാർഡിൽ തന്നെ മൂല്യനിർണ്ണയത്തിന് ശേഷം വ്യത്യസ്ഥ തുക അനുവദിച്ചു എന്നതും ശ്രദ്ധേയമാണ്. വാർഡ് പതിനാറിൽ 50,000 രൂപയുടെ പ്രവൃത്തി നിർവ്വഹിച്ച ശ്രീമതി ഷാജിത പൊക്കാട്ട് പറമ്പിൽ-ന് 35,000 രൂപ മാത്രമേ നൽകിയുള്ളൂ.

സി) വാർഡ് 18 ൽ 60,000 രൂപയുടെ മൂല്യനിർണ്ണയ സാക്ഷ്യപത്രം ഹാജരാക്കിയ ശ്രീ.സനലിനും വാർഡ് 34 ൽ 80,000 രൂപ എന്ന എസ്റ്റിമേറ്റ് പ്രകാരമുള്ള മുഴുവൻ പണിയും പൂർത്തിയാക്കി മൂല്യനിർണ്ണയ സാക്ഷ്യപത്രം ഹാജരാക്കിയ ശ്രീ. കെ.എൻ.ജയറാമിനും 40,000 രൂപ മാത്രമാണ് നൽകിയത്.

ഡി) വാർഡ് 12, 19 എന്നിവയിൽ ധനസഹായവിതരണത്തിലെ വിവേചനം സൂചിപ്പിക്കുന്ന പട്ടിക ചുവടെ ചേർക്കുന്നു.

വാർഡ് 12

| ഗുണഭോക്താവ് | മൂല്യനിർണ്ണയ സാക്ഷ്യപത്രപ്രകാരം തുക | അനുവദിച്ച ധനസഹായം |
|---|---|---|
| ശ്രീ.വാസുദേവൻ നായർ, കോട്ടയ്ക്കൽ വടക്കതിൽ | 50,000 | 40,000 |
| ശ്രീമതി സരസമ്മ, കാവുംകട | 60,000 | 32,000 |
| ശ്രീമതി ലീലാമണി, ലക്ഷ്മിഭവനം | 60,000 | 40,000 |
| ശ്രീമതി ജ്യോതിലക്ഷ്മി, ജഗത് ജ്യോതി | 40,000 | 40,000 |

വാർഡ്-19

| ഗുണഭോക്താവ് | മൂല്യനിർണ്ണയ സാക്ഷ്യപത്രപ്രകാരം തുക | അനുവദിച്ച ധനസഹായം |
|---|---|---|
| ശ്രീമതി സാജിത, പുത്തൻവീട്ടിൽ | 35,000 | 40,000 |
| ശ്രീമതി ബീന, കൊക്കാട്ട്തറ കിഴക്കതിൽ | 38,000 | 35,000 |

| | | |
|---|---|---|
| ശ്രീമതി സെലീന, പ്ലാമൂട്ടിൽ കിഴക്കതിൽ | 63,000 | 40,000 |
| ശ്രീമതി ചിന്നമ്മ, മുളമൂട്ടിൽ | 50,000 | 40,000 |

ഇ) മൂല്യനിർണ്ണയത്തിൽ അധികമായി ധനസഹായം അനുവദിച്ചത്

1) വാർഡ് 39 ൽ ആരിഫ, കളീക്കൽ തെക്കതിൽ, കണ്ണമ്പള്ളി ഭാഗം എന്ന വ്യക്തി നടത്തിയ അറ്റകുറ്റപ്പണിയുടെ മൂല്യനിർണ്ണയം നടത്തിയ ശ്രീമതി കാർത്തിക സത്യൻ, ഓവർസിയർ, 26.04.2022 ൽ നൽകിയ മൂല്യനിർണ്ണയ സാക്ഷ്യപത്രപ്രകാരം പ്രവർത്തിയുടെമൂല്യം 35,000 രൂപയാണ്. എന്നാൽ പ്രസ്തുത വ്യക്തിക്ക് 45,000 രൂപ ധനസഹായം അനുവദിച്ചു (10.2.22 ൽ പേയ്മെന്റ് അഡ്വൈസ് നം. 733550, 585000 രൂപയിൽ 20,000 രൂപ, 30.8.22 ൽ 25,000 രൂപ).

2) ജമീല പുത്തൻ പുരയ്ക്കൽ (വാർഡ് ഒന്ന്) നടത്തിയ അറ്റകുറ്റപ്പണിയുടെ മൂല്യനിർണ്ണയം നടത്തിയ ഓവർസിയർ ശ്രീമതി ഫാത്തിമ എസ്. ആയതിന്റെ മൂല്യം 40,500 രൂപയായി നിർണ്ണയിച്ച് 4.4.2022 സർട്ടിഫിക്കറ്റ് നൽകുകയും നിർണ്ണയിച്ച മൂല്യം ഫയലിൽ രേഖപ്പെടുത്തുകയും ചെയ്ത ശേഷവും പ്രസ്തുത വ്യക്തിക്ക് 45,000 രൂപ ധനസഹായം അനുവദിച്ചു (10.2.22ൽ പേയ്മെന്റ് അഡ്വൈസ് നം. 733550, 585000 രൂപയിൽ 20,000 രൂപ, 30.8.22 ൽ 25,000 രൂപ).

3) ശ്രീമതി സാജിത, പുത്തൻവീട്ടിൽ, വാർഡ് 12 എന്ന വ്യക്തി 35,000 രൂപയുടെ പ്രവൃത്തി ചെയ്തതായാണ് 18.2.2022 ൽ ഓവർസിയർ ശ്രീ.ഗോപീകൃഷ്ണൻ സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്. 35,000 രൂപ ശ്രീമതി സാജിതക്ക് അനുവദിക്കാവുന്നതാണെന്ന് ഫയലിലും ഓവർസിയർ രേഖപ്പെടുത്തി. എന്നാൽ വീട് അറ്റകുറ്റപ്പണി ധനസഹായമായി 40,000 രൂപ ശ്രീമതി സാജിതക്ക് അനുവദിച്ചു. 10.1.22 ൽ മുൻകൂറായി നൽകിയ 20,000 രൂപയ്ക്ക് പുറമേ(10.2.22ൽ പേയ്മെന്റ് അഡ്വൈസ് നം. 733550, 585000 രൂപയിൽ 20000) 30.8.22 ൽ 20,000 രൂപ കൂടി നൽകി.

ഇപ്രകാരം മൂന്ന് ഗുണഭോക്താക്കൾക്ക് പ്രവൃത്തി മൂല്യത്തിൽ അധികമായി അനുവദിക്കുക വഴി 19,500 രൂപ(10000+4500+5000) നഗരസഭയ്ക്ക് നഷ്ടമായി. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നിർവ്വഹണോദ്യോഗസ്ഥ 17.2.2023 ൽ ലഭ്യമാക്കിയ മറുപടി "നഗരസഭ ജനകീയാസൂത്രണ വിഭാഗത്തിൽ നിന്നാണ് പ്രോജക്റ്റുകൾ തയ്യാറാക്കി ഡി.പി.സി അംഗീകാരത്തിന് സമർപ്പിക്കുന്നത് എന്നും നടപ്പാക്കൽ ഘട്ടമെത്തുമ്പോൾ മാത്രമാണ് നിർവ്വഹണ ഉദ്യോഗസ്ഥക്ക് വിവരങ്ങൾ ലഭിക്കുന്നത്" എന്നുമാണ്. നിർവ്വഹണ ഉദ്യോഗസ്ഥയുടെ അറിവും പങ്കാളിത്തവുമില്ലാതെ പ്രോജക്റ്റുകൾ വിഭാവനം ചെയ്യുന്നത് ശരിയായ നടപടിക്രമമല്ല.

വാർഡ് സഭകൾ തിരഞ്ഞെടുക്കുന്ന ഗുണഭോക്താക്കളെ നഗരസഭാടിസ്ഥാനത്തിൽ മുൻഗണനാക്രമം നിശ്ചയിച്ച് പട്ടിക തയ്യാറാക്കി ആ ക്രമത്തിലാണ് വ്യക്തിഗത ആനുകൂല്യങ്ങൾ അനുവദിക്കേണ്ടത്. എന്നാൽ ഇവിടെ വീട് മെയിന്റനൻസ് പ്രോജക്റ്റിൽ നിശ്ചയിച്ച അടങ്കൽ വാർഡടിസ്ഥാനത്തിൽ വീതിക്കുകയാണെന്നും പ്രസ്തുത വാർഡിലെ കൗൺസിലർ നിർദ്ദേശിക്കുന്ന അത്രയും ഗുണഭോക്താക്കൾക്ക് പ്രസ്തുത കൗൺസിലർ നിർദ്ദേശിക്കുന്ന അനുപാതത്തിൽ പണം അനുവദിക്കുകയാണെന്നുമാണ് മറുപടിയിൽ പറയുന്നത്. ഇത് കേരള മുനിസിപ്പാലിറ്റി നിയമം 1994 അദ്ധ്യായം നാല് മുന്നോട്ട് വയ്ക്കുന്ന വികസന കാഴ്ചപ്പാടിന് വിരുദ്ധമാണ്. ഇത് കൂടുതൽ സാധൂകരിക്കും വിധം ഉദാഹരണവും നിർവ്വഹണോദ്യോഗസ്ഥ ചൂണ്ടിക്കാട്ടുന്നു. ഇത്തരത്തിലുള്ള ഏതെങ്കിലും ഒരു പദ്ധതിക്കായി വകയിരുത്തിയ പണം വാർഡടിസ്ഥാനത്തിൽ വീതം വയ്ക്കുമ്പോൾ ഒരു വാർഡിന് 75,000 രൂപ ലഭിക്കുകയാണെങ്കിൽ ചില കൗൺസിലർമാർ മൂന്ന് ഗുണഭോക്താക്കൾക്കായി 25,000 രൂപ വീതം വീതിച്ച് നൽകാനാവശ്യപ്പെടുമെന്നും മറ്റൊരു വാർഡിൽ രണ്ട് ഗുണഭോക്താക്കൾക്ക് 40000, 35000 വീതം നൽകാനാകും ആവശ്യപ്പെടുകയെന്നും ഇവിടെ വാല്യുവേഷൻ പരിഗണിക്കാതെ അങ്ങനെ ചെയ്യേണ്ടിവരുന്ന എന്നുമാണ് നിർവ്വഹണോദ്യോഗസ്ഥ മറുപടിയായി എഴുതി നൽകിയിരിക്കുന്നത്. നഗരസഭയെ ഒറ്റഘടകമായി കണ്ട് ആസൂത്രണം ചെയ്യുന്നതിന് പകരം വ്യക്തിഗത ആനുകൂല്യങ്ങൾ ഉൾപ്പടെ വാർഡടിസ്ഥാനത്തിൽ വീതിച്ച് തുല്യതാ മാനദണ്ഡങ്ങൾ ലംഘിച്ച് വിതരണം ചെയ്യുന്നത് നീതീകരിക്കത്തക്കതല്ല. വ്യക്തമായി നിർവ്വചിക്കപ്പെട്ട നിയമങ്ങൾക്ക് മീതെ വാർഡ് കൗൺസിലറുടെ നിർദ്ദേശാനുസരണം പദ്ധതിപ്പണം വിനിയോഗിച്ചത് നിർവ്വഹണോദ്യോഗസ്ഥയുടെ ഭാഗത്ത് നിന്നുള്ള ഗുരുതരമായ കൃത്യവിലോപമാണ്.

വീട് അറ്റകുറ്റപ്പണിക്കായി വിഭാവനം ചെയ്ത് ധനസഹായം നൽകിയതിൽ മേൽപ്പറഞ്ഞ 6 പ്രോജക്റ്റിൽ പ്രോജക്റ്റ് നം. 17 ലെ ഗുണഭോക്താക്കളുടെ അപേക്ഷ, എസ്റ്റിമേറ്റ്, മൂല്യനിർണ്ണയ സാക്ഷ്യപത്രം എന്നിവയാണ് ഓഡിറ്റിൽ സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കിയത്. മറ്റ് പ്രോജക്റ്റുകളിലും സമാന അപാകം നിലനിൽക്കുന്നുണ്ട്.

നഗരസഭ പദ്ധതികൾ നടപ്പാക്കുമ്പോൾ സാമാന്യനീതി പാലിക്കപ്പെടുന്നു എന്ന് ഭരണസമിതി ഉറപ്പാക്കേണ്ടതാണ്. നഗരസഭയെ ഒറ്റഘടകമായികണ്ട് പദ്ധതി ആസൂത്രണം ചെയ്യേണ്ടതും വാർഡ് അടിസ്ഥാനത്തിലുള്ള വീതം വയ്പ്പ് ഒഴിവാക്കേണ്ടതുമാണ്. വാർഡ് സഭ തെരഞ്ഞെടുക്കുന്ന ഗുണഭോക്താക്കളുടെ നഗരസഭാടിസ്ഥാനത്തിലുള്ള ഒറ്റ മുൻഗണനാപട്ടിക തയ്യാറാക്കി അതിൽ നിന്ന് മാത്രം വ്യക്തിഗത ആനുകൂല്യങ്ങൾ വിതരണം ചെയ്യേണ്ടതും വിതരണത്തിൽ മൂല്യത്തിലധിഷ്ഠിതമായ തുല്യത കാത്തുസൂക്ഷിക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ നഗരസഭാ

ചെയർപേഴ്സണും സെക്രട്ടറിയും സവിശേഷശ്രദ്ധ പതിപ്പിക്കേണ്ടതുമാണ്.

ഉപഖണ്ഡിക ഇ യിൽ പ്രതിപാദിക്കുന്ന നഷ്ടം, 19500 രൂപ നിർവ്വഹണോദ്യോഗസ്ഥയിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

പ്രോജക്ട് വിവരങ്ങൾ

1) 17/22 ഭവന അറ്റകുറ്റപ്പണി ജനറൽ - അടങ്കൽ 2531812 രൂപ, ചെലവ് 2,49,000 രൂപ (വി.ഫണ്ട് 9.9 ലക്ഷം രൂപ, കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് 15 ലക്ഷം രൂപ)

2) 474/22 ഭവന അറ്റകുറ്റപ്പണി തുടർ ഗഡു നൽകൽ ജനറൽ – അടങ്കൽ – 5 ലക്ഷം രൂപ, ചെലവ് 4.1 ലക്ഷം രൂപ (വികസന ഫണ്ട് ജനറൽ)

3) 250/22 ഭവന അറ്റകുറ്റപ്പണി ജനറൽ (സ്പിൽ ഓവർ) അടങ്കൽ, ചെലവ് 1404000(വികസന ഫണ്ട് ജനറൽ)

4) 475/22 ഭവന അറ്റകുറ്റപ്പണി തുടർ ഗഡു നൽകൽ എസ്.സി – അടങ്കൽ, ചെലവ് 10 ലക്ഷം രൂപ (വികസന ഫണ്ട് എസ്.സി.പി)

5) 82/22 ഭവന അറ്റകുറ്റപ്പണി എസ്.സി – അടങ്കൽ, ചെലവ് 13 ലക്ഷം രൂപ (വികസന ഫണ്ട് എസ്.സി.പി )

6) 252/22 ഭവന അറ്റകുറ്റപ്പണി എസ്.സി – (സ്പിൽ ഓവർ) അടങ്കൽ, ചെലവ് 13.5 ലക്ഷം രൂപ (വികസന ഫണ്ട് എസ്.സി.പി)

ഓഡിറ്റ് അന്വേഷണം – 1/10.2.2023

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര്/ പ്രോജക്റ്റ് നം. | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 146/22 | 645/26.3.22 | 2,36,000/- | 0 | 2,36,000 |
| കേരള വാട്ടർ അതോറിറ്റി | 146/22 | 694/31.3.22 | 28,40,000/- | 0 | 28,40,000 |
| കേരള വാട്ടർ അതോറിറ്റി | 146/22 | 692/31.3.22 | 30,60,000/- | 0 | 30,60,000 |
| കേരള വാട്ടർ അതോറിറ്റി | 242/22 | 74/21.3.22 | 20,00,000/- | 0 | 20,00,000 |
| കേരള വാട്ടർ അതോറിറ്റി | 244/22 | 75/21.3.22 | 6,00,000/- | 0 | 6,00,000 |
| കെ.എസ്.ഇ.ബി | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | വിവിധ ബില്ലുകൾ | 465458 | 0 | 465458 |
| കെ.എസ്.ഇ.ബി | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | വൗച്ചർ നം. 59 , 60 3/22 | 71826 | | 71826 |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഹഡ്കോ (ലൈഫ്/ PMAY) | 22/2/2019<br>20/4/2019<br>24/4/2021 | 4,16,00,000<br>1,38,00,000<br>26,00,000 | 47666667 * | 3866665 | | 43800002 |
| കെ.യു.ആർ.ഡി.എഫ്.സി (സസ്യ മാർക്കറ്റ്) | ലഭ്യമല്ല | ലഭ്യമല്ല | 29803557 | 6768440 | 2792988 | 23035117 |

* AFS പ്രകാരമുള്ള തുക

ലൈഫ് പദ്ധതിക്കായി നഗരസഭ വായ്പ എടുത്ത ലോണിന്റെ തിരിച്ചടവായി വികസനഫണ്ട് (പൊതുവിഭാഗം), വികസനഫണ്ട് (എസ്.സി.പി) എന്നീ വകുപ്പുകളിൽ നിന്നും ഉറവിടത്തിൽ കുറവ് ചെയ്ത തുക തെറ്റായി വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തി. ആയതിനാൽ വർഷാവസാനം നഗരസഭക്ക് ബാധ്യതയായി നിൽക്കുന്ന ലോൺ തുക തെറ്റാണ്.

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹ്യത ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2004-05 | 2-16 | 2006-07 | 4-12-1 | ലാടിൻ | നിയമസഭ സബ്ജക്ട് കമ്മറ്റി ബന്ധപ്പെട്ട വിഷയങ്ങളിൻമേൽ തെളിവെടുപ്പ് നടത്തിയിട്ടുള്ളതാണ് |
| 2004-05 | 2-17 | 2006-07 | 4-12-2 | വനിതാ ഇൻഡസ്ട്രിയൽ | നിയമസഭ സബ്ജക്ട് കമ്മറ്റി ബന്ധപ്പെട്ട |

| | | | | | |
|---|---|---|---|---|---|
| | | | | എസ്റ്റേറ്റ് | വിഷയങ്ങളിൻമേൽ തെളിവെടുപ്പ് നടത്തിയിട്ടുള്ളതാണ് |
| | 2-19 | 2006-07 | 4-12-3 | കൊതുക നിവാരണം | |
| 2006-08 | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മറ്റി റിപ്പോർട്ട് | | 2-17 | വാടക വർദ്ധനവ് ഈടാക്കിയിട്ടില്ല | സെക്രട്ടറിയുടെ ഡി.സി.ആർ.ജി യിൽ നിന്നും ഈടാക്കാൻ ശുപാർശ ചെയ്തിട്ടുണ്ട് |
| 2006-08 | “ | | 29,30 | വകമാറ്റി ചെലവഴിച്ചു | ഖണ്ഡിക നില നിൽക്കുന്നു. |
| 2006-08 | “ | | 31 | ടാർ വാങ്ങൽ | ഫയൽ ഹാജരാക്കിയിട്ടില്ല |
| 2006-08 | “ | | | അമ്പലപ്പാട്ട് റോഡ് ടാറിംഗ് | റവന്യൂ റിക്കവറിക്ക് കത്ത് നല്കി |
| 2006-08 | “ | | 43,44 | വ്യാജ രേഖ ചമയ്ക്കൽ | റവന്യൂ റിക്കവറിക്ക് കത്ത് നല്കി |
| 2006-08 | “ | | 45 | | സെക്രട്ടറിയെ കുറ്റവിമുക്തനാക്കി. |
| 2006-08 | “ | | 57,58,59,60 | | റവന്യൂ റിക്കവറിക്ക് കത്ത് നല്കി |
| 2016-17 | 2-1 | 2017-18 | | കാർഷിക വിപണന മേള നടത്തിപ്പിലെ അപാകതകൾ | തുക ഈടാക്കുന്നതിനായി തുടർ നടപടികൾ സ്വീകരിച്ച് വരുന്നു |
| | 2-6 | 2017-18 | | അനധികൃത കെട്ടിടങ്ങൾക്ക് നിയമാനുസൃത പിഴ ഈടാക്കുന്നില്ല | തുടർ നടപടികൾ സ്വീകരിച്ചുവരുന്നു |
| | 3-4 | 2017-18 | | രാജീവ് ദശലക്ഷ ഭവനപദ്ധതി കെ.യു.ആർ.ഡി. എഫ്.സി. വായ്പാ ഇനത്തിൽ നഗരസഭ തിരിച്ചടക്കാനുള്ള തുക | പ്രോജക്ടുകൾക്കായി ചെലവാകാതെ ഫെബ്രുവരി മാസത്തിൽ ശേഷിക്കുന്ന തുക ഈ പ്രോജക്ടിനായി വകയിരുത്തുകയും സർക്കാരിൽ നിന്ന് അനുകൂല ഉത്തരവ് ഉണ്ടാകുന്ന മുറയ്ക്ക് തുക ഒടുക്കുന്നതിനും കൗൺസിൽ തീരുമാനമായിട്ടുള്ള താണ്. |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | | 33,85,01,344 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 306831149 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 10,000 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 8,14,386 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1,66,95,195 |

(ബി) നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 10,000 | | ഡോ.മനോജ്, സൂപ്രണ്ട്, താലൂക്ക് ഹോസ്പിറ്റൽ |
| 3-1 | | 3,94,984 | ഡോ.മനോജ്, സൂപ്രണ്ട്, താലൂക്ക് ഹോസ്പിറ്റൽ |
| 3-2 | | 3,99,902 | ഡോ.മനോജ്, സൂപ്രണ്ട്, താലൂക്ക് ഹോസ്പിറ്റൽ |
| 3-3 | | 19,500 | ശ്രീമതി ബിന്ദു എസ്.നായർ, പ്രോജക്ട് ഓഫീസർ |
| ആകെ | 10,000 | 8,14,386 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-29 | 1,44,444 | ഡോ.മനോജ്, സൂപ്രണ്ട്, താലൂക്ക് ഹോസ്പിറ്റൽ |
| 1-30 | 30,16,176 | ഡോ.മനോജ്, സൂപ്രണ്ട്, താലൂക്ക് ഹോസ്പിറ്റൽ |
| 1-34 | 16,900 | ശ്രീ.ധീരജ് മാത്യൂ ജെ.ജെ., സെക്രട്ടറി |
| 1-40 | 6,08,004 | ശ്രീ.സജി, പ്രിൻസിപ്പൽ, ഗവ.ബോയ്സ് എച്ച്.എസ്.എസ് |
| 1-43 | 87,36,000 | ശ്രീമതി ഗിരിജാ കുമാരി എ., സെക്രട്ടറി-ഇൻ-ചാർജ്ജ് |
| 1-44 | 5,37,284 | ശ്രീമതി ഗിരിജാ കുമാരി എ., സെക്രട്ടറി-ഇൻ-ചാർജ്ജ് |
| 1-46 | 8,80,000 | ശ്രീ.ധീരജ് മാത്യൂ ജെ.ജെ., സെക്രട്ടറി |
| 1-47 | 91,500 | ശ്രീമതി ഗിരിജാ കുമാരി എ., സെക്രട്ടറി-ഇൻ-ചാർജ്ജ് |

| | | |
|---|---|---|
| 1-50 | 14,887 | ഡോ.പി.മാഗിൻ, മെഡിക്കൽ ഓഫീസർ, ആയുർവ്വേദം |
| 1-56 | 3,50,000 | ശ്രീ.ധീരജ് മാത്യൂ ജെ.ജെ., സെക്രട്ടറി 1,70,000<br>ശ്രീമതി ഗിരിജാ കുമാരി എ., സെക്രട്ടറി-ഇൻ-ചാർജ്ജ് 1,80,000 |
| 1-59 | 7,00,000 | ശ്രീ.ധീരജ് മാത്യൂ ജെ.ജെ., സെക്രട്ടറി |
| 1-62 | 3,00,000 | ഡോ.മനോജ്, സൂപ്രണ്ട്, താലൂക്ക് ഹോസ്പിറ്റൽ |
| 1-67 | 13,00,000 | ശ്രീ.സജി, പ്രിൻസിപ്പൽ, ഗവ.ബോയ്സ് എച്ച്.എസ്.എസ് |
| ആകെ | 1,66,95,195 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-32 | 18370(ജി.എസ്.റ്റി) | മോനി ഫിലിപ്പ്, ഐ.സി.ഡി.എസ്, സൂപ്പർവൈസർ |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ധീരജ് മാത്യൂ ജെ.ജെ., സെക്രട്ടറി | നഗരസഭാ ഓഫീസ്, കായംകുളം | പുലരി ഹൗസ്, തോട്ടവിളാകം, ബാലരാമപുരം, തിരുവനന്തപുരം |
| ഡോ.മനോജ് എൽ., താലൂക്ക് ആശുപത്രി സൂപ്രണ്ട് | സൂപ്രണ്ട്, താലൂക്ക് ആശുപത്രി, കായംകുളം | നന്ദനം, പടസൗത്ത്, കരുനാഗപ്പള്ളി |
| ശ്രീ.സജി, പ്രിൻസിപ്പൽ, ഗവ.ബോയ്സ് എച്ച്.എസ്.എസ്., കായംകുളം | വയലാർ രാമവർമ്മ മെമ്മോറിയൽ ഗവ.എച്ച്.എസ്.എസ്, ചേർത്തല | പായിക്കാട്ടേത്ത്, കരിമുളയ്ക്കൽ, കോമല്ലൂർ പി.ഒ. |
| ശ്രീമതി ബിന്ദു എസ്.നായർ, പ്രോജക്ട് ഓഫീസർ | പ്രോജക്ട് ഓഫീസർ, കായംകുളം നഗരസഭ | കൈലാസ്, മുതുകുളം നോർത്ത്, ചൂളത്തെരുവ് പി.ഒ. |
| ശ്രീമതി ഗിരിജാ കുമാരി എ., സെക്രട്ടറി-ഇൻ-ചാർജ്ജ് | സൂപ്രണ്ട്, കായംകുളം നഗരസഭ | വെള്ളാശ്ശേരിൽ, പടനോർത്ത്, കരുനാഗപ്പള്ളി പി.ഒ. |
| ഡോ.പി.മാഗിൻ, മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | വിരമിച്ചു | ഫ്രാൻസിസ് സദനം, കളീയ്ക്കൽ, കെറ്റമൂട്, |

| | | |
|---|---|---|
| | | നെല്ലിമൺ പി.ഒ., കൊല്ലം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1971-72 മുതൽ 1980-81 വരെ | എൽ.എഫ്.എ.5-266/83/13.02.1985 |
| 1981-82 | എൽ.എഫ്.എ.5-197/83/31.01.1985 |
| 1982-83 | എൽ.എഫ്.എ.5-686/85/12.01.1985 |
| 1983-84 | എൽ.എഫ്.എ.5-375/86/31.10.1986 |
| 1984-85 | എൽ.എഫ്.എ.5-402/85/31.10.1986 |
| 1985-86 | എൽ.എഫ്.എ.5-848/89/31.10.1990 |
| 1986-87 | എൽ.എഫ്.എ.5-1306/90/29.10.1990 |
| 1987-88 | എൽ.എഫ്.എ.5-എഫ്.744/91/21.11.1990 |
| 1988-89 | എൽ.എഫ്.എ.5-63/93/17.04.1993 |
| 1989-90 | എൽ.എഫ്.എ.5-63/93/ 17.04.1993 |
| 1990-91 | എൽ.എഫ്.എ.5-815/96/07.06.1996 |
| 1991-92 | എൽ.എഫ്.എ.5-816/95/11.06.1996 |
| 1992-93 | എൽ.എഫ്.എ.5-271/97/23.03.1998 |
| 1996-97 | എൽ.എഫ്.എ.5-769/99/14.03.00/07.09.2000 |
| 1997-98 (വരവ്)<br>1997-98(ചെലവ്) | എൽ.എഫ്.എ.4-169/09/30.06.09/01.10.09<br>എൽ.എഫ്.എ.11-896/00/08.02.01/12.06.01 |
| 1998-99(വരവ്)<br>1998-99 (ചെലവ്) | എൽ.എഫ്.എ.4-170/09/30.06.09/01.10.09<br>എൽ.എഫ്.എ.4-1275/01/17.05.02/07.06.02 |
| 1999-2000(വരവ്)<br>1999-2000 (ചെലവ്) | എൽ.എഫ്.എ.4-171/09/30.06.09/01.10.09<br>എൽ.എഫ്.എ.4-955/03/10.10.03/11.12.03 |
| 2000-01 (വരവ്)<br>2000-01 (പ്ലാൻ ഫണ്ട്)<br>2000-01 (തനത് ചെലവ്) | എൽ.എഫ്.എ.4-172/09/01.07.09/01.10.09<br>എൽ.എഫ്.എ.4-1030/03/11.12.03/09.02.04<br>എൽ.എഫ്.എ.4-പി.962/06/08.12.06/15.02.07 |
| 2001-02(വരവ്)<br>2001-02(ചെലവ്) | എൽ.എഫ്.എ.4/09/30.06.09/01.10.09<br>എൽ.എഫ്.എ.4-1030/03/11.12.03/09.02.04 |
| 2002-03(വരവ്)<br>2002-03(ചെലവ്) | എൽ.എഫ്.എ.4/09/30.06.09/01.10.09<br>എൽ.എഫ്.എ.4-1227/06/28.11.06/10.01.07 |
| 2003-04(വരവ്)<br>2003-04(ചെലവ്) | എൽ.എഫ്.എ.4/09/30.06.09/01.10.09<br>എൽ.എഫ്.എ.4-1227/06/28.11.06/10.01.07 |
| 2004-05 | എൽ.എഫ്.എ.4-168/09/01.07.09/01.10.09 |
| 2005-06 | എൽ.എഫ്.എ.4-332/09/13.07.09/01.10.09 |
| 2006-07 | എൽ.എഫ്.എ.4-368/09/17.08.09/06.02.2010 |
| 2007-08 To 2009-10 | എൽ.എഫ്.എ.എം1-1094/12/25.01.13 |
| 2010-11, 2011-12 | എൽ.എഫ്.എ.എം1-1306/2014/23.08.14/04.02.15 |
| 2012-13 | എൽ.എഫ്.എ.എം1-634/2015/08.05.15/05.06.15 |
| 2013-14 | കെ.എസ്.എ.എ.എൽ.പി.എം.1/1079/15/07.09.15 |

| | |
|---|---|
| 2014-15 | കെ.എസ്.എ.എ.എൽ.പി.എം.1/848/16/01.08.16 |
| 2015-16 | കെ.എസ്.എ.എ.എൽ.പി.ജി.എ5-169/17/14.02.17/17.02.17 |
| 2016-17 | കെ.എസ്.എ.എ.എൽ.പി.ജി.എ5-1262/17/24.10.2017 |
| 2017-18 | കെ.എസ്.എ-എ.എൽ.പി-ജി.എ5-266/24.05.2019 |
| 2018-19 | നം.കെ.എസ്.എ/എ.എൽ.പി/ജിഎ.8-15/2020/08.06.2020 |
| 2019-20 | നം.കെ.എസ്.എ/എ.എൽ.പി/ജിഎ8-369/ 2022/31.03.2022 |
| 2020-21 | നം.കെ.എസ്.എ/എ.എൽ.പി/ജിഎ8-370/ 2022/03.07.2022 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ കായംകുളം മുനിസിപ്പാലിറ്റിയുടെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ കായംകുളം മുനിസിപ്പാലിറ്റിയുടെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്